
അധികാരം ജനങ്ങളിലേക്ക്

തിരുവാണിയൂർ


ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

1996




തിരുവാണിയൂർ പഞ്ചായത്ത്



ട്രാൻസെക്ട് : 2 (2-11-1976)

(ട)ൻ സെക്ട് 1 (1-11-1996)



പഞ്ചായത്തിനെക്കുറിച്ചുള്ള പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്
രൂപീകരിക്കപ്പെട്ട വർഷം	:	1952
ഗ്രേഡ്	:	ഫസ്റ്റ് ഗ്രേഡ്
അതിരുകൾ	:	വടക്ക് വടവുകോട് - പുത്തൻകുരിശ് പഞ്ചായത്ത്, വടക്കുപടിഞ്ഞാറ് - തിരുവാങ്കുളം പഞ്ചായത്ത്, തെക്ക് - ചോറ്റാനിക്കര - മുളന്തുരുത്തി - പഞ്ചായത്ത്, കിഴക്ക് - മണീട് പഞ്ചായത്ത്.
ഉൾപ്പെടുന്ന വില്ലേജ്	:	തിരുവാണിയൂർ, പുത്തൻകുരിശ്
ബ്ലോക്ക് പഞ്ചായത്ത്	:	വടവുകോട്, പുത്തൻകുരിശ്
താലൂക്ക്	:	കുന്നത്തുനാട്
ജില്ല	:	എറണാകുളം
അസംബ്ലിമണ്ഡലം	:	കുന്നത്തുനാട്
പാർലിമെൻറ് മണ്ഡലം	:	മൂവാറ്റുപുഴ
വിസ്തീർണ്ണം	:	21.91 ച. കി. മീറ്റർ
ജനസംഖ്യ	:	21622 പുരുഷന്മാർ - 10750 സ്ത്രീകൾ - 10872
പട്ടികജാതി	:	2648
പട്ടികവർഗ്ഗം	:	5
വാർഡുകളുടെ എണ്ണം	:	10
പ്രസിഡൻറ്	:	ശ്രീമതി ഏലിയാമ്മ ചാക്കോ
വൈസ് പ്രസിഡൻറ്	:	ശ്രീമതി എലിസബത്ത് പൗലോസ്
രൂപീകരിക്കപ്പെട്ട കമ്മിറ്റി	:	സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ	:	ശ്രീമതി കെ.എ. ചെല്ലമ്മ.
ജനപ്രതിനിധികൾ		
ലോക്സഭ	:	അഡ്വ. പി.സി. തോമസ്
സംസ്ഥാന നിയമസഭ	:	ശ്രീ. എം.പി. വർഗ്ഗീസ്
ജില്ലാ പഞ്ചായത്ത്	:	ശ്രീ പ്രകാശ് തറയിൽ
ബ്ലോക്ക് പഞ്ചായത്ത്	:	ശാരദാമ്മ നാരായണൻ
മെമ്പർ	:	എം.എം. തങ്കച്ചൻ

നിലവിലുള്ള പഞ്ചായത്തു ഭരണസമിതി

വാർഡ്	1	ശ്രീമതി എലിസബത്ത് പൗലോസ്	വൈസ് പ്രസിഡൻറ്
,,	2	ശ്രീ. പി.വി. പൗലോസ്	മെമ്പർ
,,	3	അഡ്വ. ബിജു അബ്രാഹം	,,
,,	4	ശ്രീമതി ജോളി ജോൺ	,,
,,	5	ശ്രീമതി കെ.എ. ചെല്ലമ്മ	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
,,	6	ശ്രീ. ഇ.കെ. രവി	മെമ്പർ
,,	7	ശ്രീമതി മേരി ജോസഫ്	,,
,,	8	ശ്രീമതി ഏലിയാമ്മ ചാക്കോ	പ്രസിഡൻറ്
,,	9	ശ്രീ. കെ. സനൽകുമാർ	മെമ്പർ
,,	10	ശ്രീ. പി.ടി. കൃഷ്ണൻ	,,

പഞ്ചായത്ത് ജീവനക്കാരുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി	:	ശ്രീ. ടി.പി. മോഹനൻ
ഹെഡ്ക്ലാർക്ക്	:	ശ്രീ. എ. ചന്ദ്രശേഖരൻപിള്ള
യു.ഡി. ക്ലാർക്ക്	:	ശ്രീമതി. ടി.കെ. സുജാത
യു.ഡി. ക്ലാർക്ക്	:	ശ്രീമതി എൻ.ജി. ലീലാമ്മ
എൽ.ഡി. ക്ലാർക്ക്	:	ശ്രീമതി വി.ജി. വത്സല
എൽ.ഡി. ക്ലാർക്ക്	:	ശ്രീ. കെ. ഉണ്ണി
പ്യൂൺ	:	ശ്രീമതി എൻ.പി. രാഗിണി
ശുചീകരണം	:	ശ്രീ. സി.വി. ജോയി

1953 മുതൽ ഈ പഞ്ചായത്തിലെ വിവിധ കാലഘട്ടങ്ങളിലെ പ്രസിഡണ്ടുമാർ

1953 മുതൽ	62 വരെ	ശ്രീ. വർഗീസ് പറമ്പാൻ
1963 മുതൽ	73 വരെ	ശ്രീ. കെ. എ. വർഗ്ഗീസ്
1973 മുതൽ	77 വരെ	ശ്രീ. പി.ജി. കൃഷ്ണൻ നമ്പ്യാർ
1977 മുതൽ	79 വരെ	ശ്രീ. എ.ജി. തങ്കപ്പൻപിള്ള
1979 മുതൽ	84 വരെ	ശ്രീ. വർഗ്ഗീസ് പറമ്പാൻ
1984 മുതൽ	88 വരെ	അഡ്മിനിസ്ട്രേറ്റീവ് ഭരണം
1988 മുതൽ	95 വരെ	ശ്രീ. സി. എ. യോഹന്നാൻ

ജനകീയാസൂത്രണ പ്രസ്ഥാനം : ജില്ലാ പരിശീലകർ

1) ശ്രീ. ടി.കെ. പീറ്റർ (കൺവീനർ)
2) ശ്രീ. പി. ആർ. രാഘവൻ (ജോ. കൺവീനർ)
3) ശ്രീ. ശ്രീധരൻ മറ്റക്കുഴി
4) അഡ്വ. എ.സി. ചാക്കോ
5) ശ്രീ. എം.ജി. അരവിന്ദാക്ഷൻ
6) ശ്രീ. ടി.സി. യാക്കോബ്
7) ശ്രീ. സാബു വർഗ്ഗീസ്
8) ശ്രീ. കെ.എൻ. പരമേശ്വരൻ

ഉള്ളടക്കം

1)	ആമുഖം		9
	1.	കൃഷിയും ജലസേചനവും	24
	2.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	41
	3.	വിദ്യാഭ്യാസം	51
	4.	കുടിവെള്ളം, പൊതുജനാരോഗ്യം	69
	5.	വ്യവസായം	83
	6.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	88
	7.	ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം	107
	8.	സംസ്ക്കാരം	115
	9.	വനിതാ ക്ഷേമം	124
	10.	സഹകരണം	129
	11.	പട്ടികജാതി - പട്ടികവർഗ്ഗം	135
	12.	വിഭവസമാഹരണം	143

ആമുഖം

ആസൂത്രണ പ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ 'ആസൂത്ര ണപ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കംകുറിച്ചിരിക്കുകയാണ്. കേരളത്തിന്റെ ഒമ്പ താം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുവരുന്ന പ്രവർത്തനങ്ങളേയും, ശക്തിപ്പെട്ടുവരുന്ന മുന്നേറ്റ ത്തെയും ചേർത്താണ് ജനകീയാസൂത്രണത്തെ നാം കാണേണ്ടത്. പതിവ് ആസൂത്രണപരിപാടിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഈ പദ്ധതി. പദ്ധതി ക്കാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തന ങ്ങളിൽ വലിയൊരുഭാഗം സാധാരണക്കാ രായ നാട്ടിൻപുറത്തെ ജനങ്ങളുടെ ചർച്ചകളിലൂ ടെയും, നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടുവരുന്നു എന്നതും, അവ നടപ്പിലാക്കാനുള്ള അവകാശം സ്ഥല ത്തെ പഞ്ചായത്തുകൾക്ക് നൽകുന്നു എന്നതും ഈ പ്രക്രിയയുടെ ജനകീയ സ്വഭാവത്തെ വിളിച്ചറിയി ക്കുന്നു. അതുപോലെ വികസനം ജനങ്ങളുടെ രാ ഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമാണെന്നും ഇതിൽ ഞാനും എന്റെ പ്രസ്ഥാനവും ഒരുപടി മുന്നിലായി രിക്കും എന്നുമുള്ള വാശിയിൽ ജനങ്ങൾ അണിനി. രക്കുന്നു. ഒരു മുന്നേറ്റമായി ഈ പ്രവർത്തനത്തെ വി ഭാവനം ചെയ്യുന്നതിലൂടെ ഇതൊരു പ്രസ്ഥാനമാ യിത്തീരുന്നു. കഴിഞ്ഞ എട്ടുപദ്ധതികളിലുണ്ടായ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഗുണഫ ലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തി ലേക്കുള്ള ഒരു ചുണ്ടുപലകയാണ് ഒമ്പതാം പദ്ധതി. കേരളസർക്കാരും സംസ്ഥാന ആ സൂത്രണബോർഡും ഒമ്പതാം പദ്ധതിയുടെ നടത്തി പ്പിൽ കൈക്കൊണ്ടിട്ടുള്ള സമീപനം ഇന്നത്തെ കാ ലഘട്ടത്തിന്റെ സമീപനമാണ്.

ഇന്നു നാം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം കാ രണം ആസൂത്രണം നടപ്പാക്കിയതാണെന്ന വാദം ഉയർത്തപ്പെടുന്നുണ്ട്. സർക്കാർ ആസൂത്രിതമായി ഇടപെടുമ്പോൾ ജനങ്ങളുടെ മുൻകൈ നഷ്ടപ്പെടു മെന്നും അതാണ് മുരടിപ്പിനു കാരണമെന്നുംപറയു ന്നു. അതിനുപരിഹാരം എല്ലാം സ്വകാര്യവ്യക്തികളുടെ മുൻകൈക്കു വിട്ടുകൊടുക്കുകയാണെന്നുള്ള ധാരണയോടെയാണ് കഴിഞ്ഞ കുറേക്കാലമായി ഉദാ രവൽക്കരണം നടപ്പാക്കിവരുന്നത്. പക്ഷെ ഉദാരവൽ ക്കരണം ജനങ്ങളുടെയാകെ മുൻകൈ ഉറപ്പു വരുത്തുന്നില്ല. മറിച്ച് ഒരുപിടി ആളുകൾക്ക്, അതും ഏറ്റവും അധികം മൂലധനശേഷിയുള്ളവർക്കു മാത്രമാ

ണ് മുൻകൈ കിട്ടുക. ഉദാരവൽക്കരണം ആഗോളവൽക്കരണത്തിലേക്കു നയിക്കും. കാരണം ഏറ്റവുമധികം മൂലധനശേഷിയുള്ളത് ആഗോള കുത്തകകൾക്കാണ്. ജനങ്ങൾക്കും രാജ്യത്തിനും മുൻകൈ നഷ്ടപ്പെടുകയും ആഗോളകുത്തകകളുടെ പിടിയിൽ അമരുകയുമാണ് ഉദാരവൽക്കരണത്തിന്റെ ഫലം. അങ്ങനെ നാം നേടിയ സ്വാതന്ത്ര്യം നമുക്കുനഷ്ടപ്പെടുകയാണ്.

കഴിഞ്ഞകാലങ്ങളിൽ ജനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ പങ്കുണ്ടായിരുന്നില്ല. മുകൾത്തട്ടിൽ ഇരുന്നുകൊണ്ട് ഏതാനും വിദഗ്ദ്ധർ തീരുമാനിക്കുന്ന പദ്ധതികളായിരുന്നു അവ. ജനങ്ങൾക്ക് ഉപയോഗപ്രദമായിരിക്കുകയില്ല അവ എന്ന് അനുഭവം നമ്മെ പഠിപ്പിച്ചു. പരിപാടികളുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനങ്ങൾക്ക് ഒരുതരത്തിലുള്ള പങ്കാളിത്തവും ഉണ്ടായിരുന്നില്ല. ലഭ്യമായതും പരിമിതവുമായ വരുമാനം ഓരോ ഡിപ്പാർട്ടുമെൻറും വീതിച്ചെടുത്ത് അതിലെ ഉന്നത ഉദ്യോഗസ്ഥർ ഒന്നിച്ചിരുന്ന് മറ്റു വകുപ്പുകളുമായി പരസ്പരം ബന്ധപ്പെടാതെ പരിപാടികൾ തയ്യാറാക്കുകയും യാതൊരുവിധ മുൻഗണനാക്രമവും വിലയിരുത്തലുകളും ഇല്ലാതെ പണം ചെലവഴിക്കുകയായിരുന്നു ഇതുവരെ ചെയ്തത്. കുറെക്കാലമായി നടന്നുവരുന്നതും ആസൂത്രണത്തിന്റെ പേരിലുള്ളതുമായ ഇത്തരം കാട്ടിക്കൂട്ടലുകൾ നമ്മുടെ സംസ്ഥാനത്തെ വലിയൊരു ഊരാക്കുടുക്കിൽ എത്തിച്ചു. ഇതിന്റെ തിക്തഫലങ്ങൾജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെപഞ്ചായത്തുരാജ് സംവിധാനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്വവും വിളിച്ചറിയിക്കുന്നു. അധികാരവും വിഭവവും സംസ്ഥാനങ്ങളുടെ വിവേചനത്തിന് വിട്ടിരിക്കുകയാണ്. കേരള സർക്കാർ പഞ്ചായത്തുകൾക്ക് അധികാരവും പണവും നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. 9-ാം പദ്ധതി 1997ഏപ്രിൽ 1 മുതൽ 5 വർഷത്തേക്കാണ്. ഈ കാലയളവിൽ കഴിഞ്ഞ എട്ടുപദ്ധതികളിലും ചേർന്നു പദ്ധതിവിഹിതമായി സർക്കാർ ചെലവാക്കിയതിനേക്കാൾ കൂടുതൽ തുകയാണ് ചെലവിടുന്നത്. ഇതിന്റെ നാല്പതു ശതമാനത്തോളം തുക ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി വിവിധ പഞ്ചായത്തു സ്ഥാപനങ്ങളിലൂടെ ചെലവഴിക്കുന്നതാണ്. ഈ തുക പഞ്ചായത്തിൽ എങ്ങനെ ചെലവഴിക്കണം? ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തി ഇവിടെയാണ്.

പഞ്ചായത്തുസമിതികളുടെ നേതൃത്വത്തിലും ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ രൂപപ്പെടുത്തുക. അതായത് ജനപങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കിക്കൊണ്ടായിരിക്കണം കേരളത്തിന്റെ ഒമ്പതാം പദ്ധതി രൂപപ്പെടുത്തുന്നത്. പദ്ധതികളുടെ രൂപീകരണം മുതൽ നടത്തിപ്പുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകവഴി ജനങ്ങളിൽ ഒരു വികസന കാഴ്ചപ്പാട് വളർത്താൻ കഴിയുന്നു. അങ്ങനെ യാതൊരു മുൻഗണനാക്രമവും വിലയിരുത്തലുകളുമില്ലാതെ പണം ചെലവഴിച്ചിരുന്ന സമ്പ്രദായത്തിന് ഒരു പൂർണവിരാമമിടുന്നു.

ഉൽപ്പാദനത്തിലൂടെ സമ്പത്ത്, അതുവഴി വികസനം ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് താഴെത്തട്ടിൽനിന്നും ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ പോകുന്ന ഈ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചും, ജനകീയാസൂത്രണത്തിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണബോർഡിന്റെ നിർദ്ദേശമനുസരിച്ച് ഈ പഞ്ചായത്തിൽ നിന്നും എട്ടുപേരെ ജില്ലാതല പരിശീലനത്തിനയച്ചു. 1996 സെപ്തംബർ 10,11,12 തീയതികളിൽ പെരുമ്പാവൂർ സാഹിർ മെമ്മോറിയൽ ഹാളിൽ നടന്ന മൂന്നുദിവസത്തെ ജില്ലാതല ശില്പശാലയിൽ പഞ്ചായത്തു പ്രസിഡൻറ് ശ്രീമതി ഏലിയാമ്മ ചാക്കോ, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീമതി ശാരദാമ്മ നാരായണൻ ജില്ലാപഞ്ചായത്ത് മെമ്പർ പ്രകാശ് തറയിൽ എന്നിവർക്കു പുറമേ ശ്രീ. പീറ്റർ, ശ്രീ. പി. ആർ. രാഘവൻ, ശ്രീ. ശ്രീധരൻ മറ്റക്കുഴി, അഡ്വ. എ.സി. ചാക്കോ, ശ്രീ. ടി.സി. യാക്കോബ്, ശ്രീ. എം.ജി. അരവിന്ദാക്ഷൻ, ശ്രീ. സാബുവർഗീസ് എന്നിവരും പങ്കെടുത്തു. തുടർന്ന് വാർഡുക ളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എൽ.ആർ.പി.(ലോക്കൽ റിസോഴ്സ് പേഴ്സൺ) മാർക്ക് തിരുവാണിയൂർ സെൻറ് ഫിലോമിനാസ് ഹൈസ്ക്കൂളിൽവച്ച് 21.9.96-ൽ പരിശീലനം നൽകുകയുണ്ടായി. പ്രസിഡൻറ് ശ്രീമതി ഏലിയാമ്മ ചാക്കോയുടെ അദ്ധ്യക്ഷതയിൽകൂടിയ ഏകദിന പരിശീലനക്യാമ്പ് ബ്ലോക്ക് വൈസ്പ്രസിഡൻറ് ശ്രീമതി ശാരദാമ്മ നാരായണൻ ഉദ്ഘാടനംചെയ്തു. ജില്ലാ പഞ്ചായത്ത് അംഗം ശ്രീ പ്രകാശ് തറയിൽ എന്നിവർ സംസാരിച്ചു. ഡി.ആർ.പി. മാർ ക്ലാസ്സുകൾ എടുത്തു.

ഗ്രാമസഭാ സമ്മേളനത്തിനുവേണ്ടി വിവിധ രീതിയിലുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. എല്ലാ വാർഡുകളിലും സംഘാടക സമിതികൾ രൂപീകരിച്ചു. ഈ സമിതികളുടെ നേതൃത്വത്തിലാണ് പ്രചാരണങ്ങൾ നടത്തിയത്. പോസ്റ്ററുകൾ, നോട്ടീസ്, കലാജാഥകൾ വീടുകൾ തോറും സ്കാർഡുകൾ, മൈക്ക് പ്രചരണം എന്നിവ നടത്തി. ഗ്രാമസഭകളിൽ ശരാശരി 150 പേർ പങ്കെടുത്തു. 12 ഗ്രൂപ്പുകളിലായി പ്രശ്ന ങ്ങൾ ഉന്നയിച്ചും വിഭവങ്ങളെക്കുറിച്ച് വിവരം നൽകിയും പ്രശ്നപരിഹാരങ്ങൾക്ക് നിർദ്ദേശം മുന്നോട്ടുവച്ചും അവർ ഗ്രാമസഭകളിൽ പങ്കാളികളായി. 10 വാർഡുകളിലെ ഗ്രാമസഭകൾ നടത്തപ്പെട്ടതോടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായി പൂർത്തിയാക്കപ്പെട്ടു.

ഗ്രാമസഭകളിൽനിന്നുള്ള റിപ്പോർട്ടുകളുടെ ക്രോഡീകരണത്തോടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. അതേതുടർന്ന് ദ്വിതീയ വിവരശേഖരണവും ആരംഭിച്ചു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള പരിശീലന ക്യാമ്പ് നവംബർ 2, 3, 4 തീയതികളിൽ കോലഞ്ചേരി ടി.ടി.ഐ. യിൽ നടന്നു. ഈ പരിശീലന ക്യാമ്പിൽ പഞ്ചായത്തു പ്രസിഡൻറ് ശ്രീമതി ഏലിയാമ്മ ചാക്കോ, വൈസ്പ്രസിഡൻറ് ശ്രീമതി എലിസബത്ത് പൗലോസ് എന്നിവർക്കു പുറമേ ഡി.ആർ.പി. മാരായ ശ്രീ. ടി. കെ. പീറ്റർ, പി.ആർ. രാഘവൻ, ശ്രീ. ശ്രീധരൻ മറ്റക്കുഴി, അഡ്വ. എ.സി. ചാക്കോ, ശ്രീ. ടി.സി. യാക്കോബ്, ശ്രീ. എം.ജി. അരവിന്ദാക്ഷൻ, ശ്രീ. സാബുവർഗീസ്, ശ്രീ. കെ.എൻ. പരമേശ്വരൻ എന്നിവർ പങ്കെടു ത്തു.

5.11.96 ചൊവ്വാഴ്ച, നടപ്പു സ്കീമുകളെക്കുറിച്ച് അവലോകനം ചെയ്യുന്നതിനായി പഞ്ചായത്തുഭരണസമിതി അംഗങ്ങളോടൊപ്പം ഉദ്യോഗസ്ഥ മേധാവികളുടെയും ഡി.ആർ.പി. മാരുടെയും യോഗംചേർന്നു.

9.11.96 ശനിയാഴ്ച തിരുവാണിയൂർ സെൻറ് ഫിലോമിനാസ് ഹൈസ്ക്കൂളിൽ വച്ച് വികസന സെമിനാറിൻെറ വിജയകരമായ നടത്തിപ്പിനുവേണ്ടി യോഗംചേർന്ന് പഞ്ചായത്തുപ്രസിഡൻറിനെ ചെയർമാനായി സ്വാഗതസംഘം രൂപീകരിച്ചു. ഈ സ്വാഗതസംഘത്തിൻെറ നേതൃത്വത്തിലാണ് വികസന സെമിനാറിനായുള്ള പ്രവർത്തന ങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

എൽ.ആർ.പി. മാരേയും വിദഗ്ദ്ധന്മാരേയും ഉദ്യോഗസ്ഥന്മാരേയും പങ്കെടുപ്പിച്ച് രണ്ടാംഘട്ടം പരിശീലനം 16.11.96-ൽ വെണ്ണിക്കുളം ജൂനിയർ ബേസിക് സ്കൂളിൽ നടന്നു. പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന ശില്പശാല ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡൻറ് ശ്രീമതി ശാരദാമ്മ നാരായണൻ നായർ ഉദ്ഘാടനംചെയ്തു. ഡി.ആർ.പി. മാർ ക്ലാസ്സുകൾ എടുത്തു. അതിനുശേഷം പന്ത്രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രാമസഭയിൽനിന്നു ക്രോഡീകരിച്ച റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടത്തുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു. വികസന റിപ്പോർട്ടു തയ്യാറാക്കുന്ന വിധത്തെക്കുറിച്ചുള്ള വീഡിയോ കാസറ്റ് ഏറെ വിജ്ഞാനപ്രദമായിരുന്നു. പഞ്ചായത്തു സെക്രട്ടറി ശ്രീ മോഹനൻ എൽ. ഡി.സി. ശ്രീ. ഗോപാലകൃഷ്ണനും പങ്കെടുത്തു.

ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് ഗ്രാമസഭകളിൽനിന്നുള്ള വിവരങ്ങൾ, ദ്വിതീയ വിവരകണക്കുകൾ, പഠനപര്യടന റിപ്പോർട്ടുകൾ, വിവിധ വ്യക്തികളിൽനിന്നു ലഭിച്ച വിവരങ്ങൾ, ചരിത്രഗ്രന്ഥങ്ങൾ എന്നിവയെ ആധാരമാക്കിയാണ്. ഗ്രാമസഭകളിൽനിന്നും ആവശ്യങ്ങളുടെ ഒരു നീണ്ട പട്ടികതന്നെയുണ്ട്. എന്നാൽ വിഭവങ്ങൾ പരിമിതമാകും. അങ്ങനെവരുമ്പോൾ മുൻഗണനാക്രമത്തിൽ ചെയ്തുകൊടുക്കേണ്ടിവരും. ലഭ്യമായ വിഭവങ്ങൾ വച്ചുകൊണ്ടുള്ള ആസൂത്രണമാണല്ലോ നാം പ്രധാനമായും ചെയ്യേണ്ടത്. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങളെല്ലാം വിവിധ തട്ടുകളിലായി (പഞ്ചായത്ത് - ബ്ലോക്ക് - ജില്ല - സംസ്ഥാനം) പരിഹരിക്കപ്പെടേണ്ടവയാണ്.

1996 ഡിസംബർ 14 നു നടക്കുന്ന വികസന സെമിനാറിൽ വിവിധ മേഖലകളിലേക്കുള്ള കർമ്മസമിതികളെ തെരഞ്ഞെടുക്കുന്നു. വകുപ്പ് ഉദ്യോഗസ്ഥന്മാരേയും വിദഗ്ദ്ധരേയും ഉൾപ്പെടു ത്തിക്കൊണ്ടായിരിക്കും ഈ കർമ്മസമിതികൾ രൂപീകരിക്കുക. ഈ കർമ്മസമിതികളായിരിക്കും പ്രശ്നപരിഹാരത്തിനുള്ള ചെറിയ ചെറിയ സ്കീമുകൾ രൂപപ്പെടുത്തുന്നത്. അവ നടപ്പാക്കുവാൻ പഞ്ചായത്തുസമിതിയെ സഹായിക്കുന്നതും ആ കർമ്മസമിതികൾ തന്നെ.

ഈ റിപ്പോർട്ടു പൂർണമാണെന്ന് അവകാശപ്പെടുന്നില്ല. വകുപ്പ് ഉദ്യോഗസ്ഥന്മാർ, വിദഗ്ദ്ധർ എന്നിവരുടെ നിർദ്ദേശങ്ങളിലൂടെയും, വികസന സെമിനാറിലെ സജീവമായ ചർച്ചകളിലൂടെയും ഇത് പൂർണ്ണമാകേണ്ടിയിരിക്കുന്നു. ●

സാമൂഹ്യ സാംസ്കാരിക ചരിത്രം

വടവുകോട് - പുത്തൻകുരിശ് ബ്ലോക്കിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന പഞ്ചായത്താണ് തിരുവാണിയൂർ. സസ്യശ്യാമള കോമളവും സമ്പൽസമൃദ്ധവുമായിരുന്നു ഈ പ്രദേശം എന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ചരിത്രാന്വേഷണകുതുകികൾക്ക് എന്നും കൗതുകം ജനിപ്പിക്കുന്ന തിരുവാണിയൂർ ശ്രീ. വി.വി.കെ. വാലത്തിന്റെ കേരളത്തിലെ സ്ഥലചരിത്രങ്ങൾ എന്ന ഗ്രന്ഥത്തിലും സ്ഥലംപിടിച്ചിരിക്കുന്നു. തൃപ്പൂണിത്തുറ കിഴക്കുഭാഗത്ത് സമൃദ്ധസുന്ദരമായിരുന്ന 'കുരു'നാടിന്റെ പ്രധാന കേന്ദ്രമായിരുന്ന ഇപ്പോഴത്തെ 'കുന്നത്തുനാട്' താലൂക്കിലെ ചെമ്മനാട് വില്ലേജിൽപെടുന്നതാണ് തിരുവാണിയൂർ. ഇവിടം ജൈനരുടെ കേന്ദ്രമായിരുന്നു. അവരെ ഓടിച്ച് ബ്രാഹ്മണമേധാവികൾ 'ജൈനക്ഷേത്ര'ത്തെ ശിവക്ഷേത്രമാക്കി ആരാധന നടത്തി. ജൈനരുടെ ദേവസങ്കല്പമാണ് 'മാണിക്കൻ'. അപ്രകാരം 'മാണിക്കന്റെ ഊർ' 'മാണിയൂരായി'. ബഹുമാനസൂചകമായി 'മാണിയൂർ' 'തിരുമാണിയൂരും' കാലക്രമേണ 'മ'കാരം 'വ'കാരത്തിനു വഴിമാറി. അങ്ങനെ തിരുമാണിയൂർ, 'തിരുവാണിയൂരായി'. മൂവാറ്റുപുഴ താലൂക്കിനു പടിഞ്ഞാറും കണയന്നൂർ താലൂക്കിനു കിഴക്കും കിടക്കുന്ന കുന്നത്തുനാടു താലൂക്കിൽ പെട്ട തിരുവാണിയൂരിൽ പ്രസിദ്ധമായ ഒരു ശിവക്ഷേത്രവും വിഷ്ണുക്ഷേത്രവും, ക്രിസ്ത്യൻ ദേവാലയങ്ങളും, ആരാധനാലയങ്ങളായി തല ഉയർത്തിനിൽക്കുന്നു. ജാതിഭേദമോ മതദ്വേഷമോ കൂടാതെ ഇവിടെത്തെ ജനങ്ങൾ ഏകോദര സഹോദരങ്ങളായി വർത്തിക്കുന്നു.

ദേവാലയങ്ങൾ

ആരാധനാലയങ്ങളുടെ ഒരു നീണ്ടനിര തന്നെയാണുള്ളത്. ഹൈന്ദവ ദേവാലയങ്ങളിൽ എന്തുകൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന ഒരു ക്ഷേത്രമാണ് തിരുവാണിയൂർ മഹാദേവക്ഷേത്രം. ദൈവസങ്കല്പത്തിൽ 'ശിവൻ' തന്നെയാണല്ലോ ഒന്നാംസ്ഥാനത്ത്. ആ നിലയിൽ ഈ ക്ഷേത്രം ഈ നാടിന്റെ മഹത്വം വിളിച്ചറിയിക്കുന്നു. ചെമ്മനാട് വിഷ്ണുക്ഷേത്രം വൈഷ്ണവക്ഷേത്രങ്ങളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നു. ശാസ്താക്ഷേത്രങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് ശാസ്താംമുകൾ ധർമ്മശാസ്താ ക്ഷേത്രം തന്നെ.

മറ്റക്കുഴി ശിവക്ഷേത്രം, മുരിയമംഗലം നരസിംഹക്ഷേത്രം, പള്ളിപ്പാട്ട് ഭഗവതിക്ഷേത്രം, വെങ്കിട ഭഗവതിക്ഷേത്രം, പുലിയാപ്പിള്ളി ക്ഷേത്രം, മോനിപ്പിള്ളി ഭഗവതിക്ഷേത്രം, ഊന്നുകൽക്ഷേത്രം എന്നീ ഹൈന്ദവാരാധനാലയങ്ങൾ പുണ്യപുരാതന ക്ഷേത്രങ്ങൾ ഈ നാടിന്റെ ആത്മീയ ചൈതന്യത്തെ എടുത്തുകാണിക്കുന്നു.

കന്ന്യാട്ടുനിരപ്പ് സെൻറ് ജോൺസ് പള്ളി വളരെ പ്രസിദ്ധമായ ഒരു ക്രൈസ്തവാരാധനാലയമാണ്. വെണ്ണിക്കുളം സെൻറ് ജോർജ്ജ് പള്ളി, പഴുക്കാമറ്റം സെൻറ് മേരീസ് പള്ളി, കാട്ടുമങ്ങാട്ടു ബാവാമാർ ധ്യാനത്തിലിരുന്ന തേവനാൽ മാർ ബഹനാൻ പള്ളി, മലങ്കര യാക്കോബായ സുറിയാനി സഭയുടെ വൈദിക സെമിനാരി, ഇക്ടോഗിരി സെൻറ്മേരീസ് കത്തോലിക്കാപള്ളി, വെട്ടിക്കൽ കർമ്മേക്കുന്ന് സെൻറ് തോമസ് പള്ളി, ശാസ്താംമുകൾ മാർത്തോമ്മാ പള്ളി, അസംബ്ലീസ് ഓഫ് ഗോഡ്, മാമല ബ്രൗറൺ അസംബ്ലി എന്നീ ക്രൈസ്തവ ദേവാലയങ്ങളും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കു ന്നു.

പുത്തൻകുരിശ് വില്ലേജ് യൂണിയനിൽ നിന്നും വേർപെട്ട് 1952-ൽ ഈ പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചു. പരേതനായ ശ്രീ. എളക്കാട്ടിൽ യോഹന്നാന്റെ കെട്ടിടത്തിലാണു പഞ്ചായത്ത് ആദ്യം പ്രവർത്തിച്ചത്. തുടർന്ന് എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ അധീനതയിൽ ഇരുന്ന സ്ഥലവും കെട്ടിടവും പഞ്ചായത്തിന് കൈമാറി കിട്ടുകയും തുടർന്ന് ആ കെട്ടിടത്തിൽ സ്ഥിരമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തികച്ചും കാർഷികമേഖലയായ തിരുവാണിയൂരിലെ ഭൂപ്രദേശം മുഴുവനും തിരുവാണിയൂർ, മുരിയമംഗലം, ചെമ്മനാട്, മോനപ്പള്ളി എന്നീ ദേവസ്വങ്ങളുടെയും തുരുത്തിക്കാൽമന, മധുരത്തോടുമന, പെരുന്താനത്തുമന, പുറപ്പേർ മന, കോക്കര മന, കിഴക്കുംഭാഗത്തു മന, എന്നീ മനകളുടെയും അധീനതയിൽ ആയിരുന്നു. ഇവിടത്തെ കൃഷിക്കാരിൽ 90 ശതമാനവും ഇവരുടെ പാട്ടക്കാരും, കുടികിടപ്പുകാരും ആയിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വങ്ങളിലും മനകളിലും ഒതുങ്ങിനിന്നു. വെറുമ്പാട്ടം, കുത്തക പ്പാട്ടം, കാണം, വാക്കാൽ, പാട്ടം, വാരം, തുടങ്ങിയ വ്യവസ്ഥകൾക്കു വിധേയമായി കുടിയാന്മാർ കൃഷിചെയ്തുകൊണ്ടിരുന്നു.

കുടികിടപ്പുകാർ 'ഒഴിപ്പിക്കൽ' ഭീതിയിലായിരുന്നു. ഒഴിപ്പിക്കലിനെതിരെ കുടികിടപ്പുസംഘവും കർഷകസംഘവും രംഗത്തുവരുകയും ശക്തമായ ചെറുത്തുനിൽപ്പു സമരങ്ങൾ നടത്തുകയും ചെയ്തു.

സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഈ നാട്ടുകാർ വൈക്കോൽ പുരകളിലോ, ഓല പ്പുരകളിലോ താമസിച്ചിരുന്നു; ചുരുക്കം ഓടിട്ട പ്രമാണിമാരുടെ കെട്ടിടങ്ങളും. നായർ, ഈഴവർ, ക്രിസ്ത്യാനികൾ പട്ടികജാതി- പട്ടികവർഗക്കാർ മറ്റു പിന്നോക്ക വിഭാഗത്തിൽപെടുന്നവർ എന്നീ വിഭിന്നജാതിയിൽപെട്ടവർ ഇവിടെ വസിച്ചിരുന്നു. ക്ഷേത്രപ്രവേശന വിളംബരം വരെയുള്ള കാലങ്ങളിൽ അയിത്തം ഇവിടെയും ഒരു പ്രശ്നമായിരുന്നു.

രാഷ്ട്രീയ നവോത്ഥാനപ്രസ്ഥാനങ്ങൾ

1947-ൽ ഭാരതം സ്വതന്ത്രയായി. സ്വാതന്ത്ര്യ സമരത്തിൽ പങ്കുകൊള്ളാൻ ഇടവന്നിട്ടുള്ളവർ ഈ പഞ്ചായത്തിലും ഉണ്ട്. അവരിൽ യശഃശരീരനായ ശ്രീ. പി. മാണി, ശ്രീ. വർഗീസ് പറമ്പാൻ, എന്നിവരും വിശ്രമജീവിതം നയിക്കുന്ന ശ്രീ. പോൾ പി. മാണി, ശ്രീ കൃഷ്ണൻകുട്ടി വൈദ്യർ എന്നിവരും നമ്മുടെ ദേശീയപ്രസ്ഥാനത്തിൽ പ്രത്യേകം സ്മരണാർഹരാണ്.

ഈ പഞ്ചായത്തിൽ ജനിച്ചുവളർന്ന് മന്ത്രിപദവി അലങ്കരിച്ച ഒരു മഹത്വ്യക്തിയാണ് ശ്രീ. പോൾ പി. മാണി എന്നത് പ്രത്യേകം സ്മർത്തവ്യമത്രേ. കോട്ടയം ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് പ്രിൻസിപ്പൽ ജഡ്ജിയായി റിട്ടയർ ചെയ്ത ശ്രീ. വി.പി. യോഹന്നാൻ, കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാർ ഡോ. കെ.ജി. പൗലോസ് ,എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി റിട്ടയർ ചെയ്ത ശ്രീ. കെ. ഐ. മാത്യു, മൃഗസംരക്ഷണവകുപ്പ് ഡയറക്ടറായിരുന്ന ഡോ. കെ.എ. ശിവദാസ് എന്നിവർ ഈ പഞ്ചായത്ത് നിവാസികളാണ്.

തൊഴിലാളി കർഷകപ്രസ്ഥാനം

കർഷക തൊഴിലാളി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖരാണ് പരേതനായ ശ്രീ നാരായണൻ കർത്താവ്, ശ്രീ. ഇ.പി. മാത്യു, ശ്രീ. കെ.എ. വർഗീസ് എന്നിവർ. കർഷക സംഘം സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീമാൻ കെ. ശ്രീധരൻനായരേയും പ്രത്യേകം സ്മരിക്കേണ്ടതാണ്.

ഭൂ ഉടമസ്ഥത				ആളുകളുടെ എണ്ണം	അവലംബം ബി.റ്റി. രജിസ്റ്റർ
1	സെൻറു മുതൽ	10	സെൻറുവരെ	89	
10	സെൻറു മുതൽ	25	സെൻറുവരെ	152	
25	സെൻറു മുതൽ	50	സെൻറുവരെ	327	
50	സെൻറു മുതൽ	100	സെൻറുവരെ	829	
1	ഏക്കർ മുതൽ	2	ഏക്കർ വരെ	1519	
2	ഏക്കർ മുതൽ	5	ഏക്കർ വരെ	1450	
1	ഏക്കറിനുമേൽ			214	
				4580 പേർ	

കാർഷികരംഗം

തികച്ചും കാർഷികപ്രദേശമായ ഈ പഞ്ചായത്തിലെ പ്രധാനകൃഷി നെല്ലായിരുന്നു. അക്കാലത്ത് കൃഷി ചെയ്തിരുന്ന പ്രധാനപ്പെട്ട മൂപ്പുകൂടിയ വിത്തിനങ്ങളായിരുന്നു മുണ്ടകൻ, ചാര, ചെമ്പാവ്, ഇട്ടികണ്ടപ്പൻ, ജീരകച്ചെമ്പാവ്, പൊക്കാളി, ആര്യൻ, തവളക്കണ്ണൻ എന്നിവ. മൂപ്പുകുറഞ്ഞ ചേമ്പേനി ചെറുമണൽ, അതിക്കിരാഴി, ചിന്താർമണിയൻ ഏഴാം നമ്പർ എന്നിവയും പേരുകേട്ട നെൽവിത്തിനങ്ങളായിരുന്നു. കാള, പോത്ത്, ഞൗരിഎന്നിവ ഉപയോഗിച്ച് നിലം ഒരുക്കിയിരുന്നു. വയൽ ഒരുക്കുമ്പോൾ പാടുന്നപാട്ട് പ്രസിദ്ധമത്രേ.

തിത്തോതി തെയ്തോയി - പൂന്തോയിക്കണ്ടം
പൂന്തോയിക്കണ്ടത്തിലെന്തു പൊലിവോം
പൂന്തോയിക്കണ്ടത്തി കാളപൊലിവോം
പൂന്തോയിക്കണ്ടത്തിലെന്തു പൊലിവോം
പൂന്തോയിക്കണ്ടത്തി ഞാറു പൊലിവോം

നാടൻ വളങ്ങളായ ചാരം, ചാണകം, ചവറ് എന്നിവയാണ് അന്ന് ഉപയോഗിച്ചിരുന്നത്. ജലസേചനത്തിനായി തിലാവ്, ചക്രം, എന്നിവ ഉപയോഗിച്ചിരുന്നു. കൃഷിക്കാർക്ക് കൃഷി അന്ന് ഒരു ഹരം ആയിരുന്നു. മാരിമകൾ ചൊരിഞ്ഞേ - ചെറു വയലുകളൊക്കെ നനഞ്ഞേ എന്നിങ്ങനെയുള്ള വായ്ത്താരികളോടെ കൃഷിചെയ്തിരുന്ന അവർ കൃഷിയിറക്കലും, കൊയ്ത്തും ഒരുത്സവ പ്രതീതിയോടെ കൈകാര്യം ചെയ്തിരുന്നു. കഠിനാദ്ധ്വാനംചെയ്തിട്ടും വേണ്ടത്ര വിളവും, വിലയും കിട്ടാതിരുന്നതുകൊണ്ടു കർഷകർ പിന്നീടു നിരാശരായി. തെങ്ങ്, കമുക്, മരച്ചീനി, വാഴ എന്നിവയും ഇവിടത്തെ പ്രധാന കൃഷികളിൽ പെടുന്നു. തെരുവപ്പുല്ല്, ഇഞ്ചി എന്നിവ ഇവിടത്തെ മലയോരപ്രദേശങ്ങളിലെ പ്രധാന കൃഷികളിൽ പെടുന്നു. ഇവിടുത്തെ പുൽതൈലവും ചുക്കും പ്രസിദ്ധിപെറ്റവയത്രെ.

കാർഷികോൽപ്പന്നങ്ങൾ, തൃപ്പൂണിത്തുറ, പിറവം, ആലുവ, പെരുമ്പാവൂർ, എന്നിവിടങ്ങളിലാണ് വിറ്റഴിച്ചിരുന്നത്. യാത്രാസൗകര്യം തികച്ചും കുറവായിരുന്ന ആ കാലഘട്ടത്തിൽ തലച്ചുമടുകളായിട്ടാണ് കർഷകർ വിപണികളിൽ എത്തിയിരുന്നത്. മൂവാറ്റുപുഴ - എറണാകുളം മെയിൻ റോഡൊഴിച്ച് മറ്റുള്ളവയെല്ലാം മൺപാതകളായിരുന്നു. പ്രധാന വിപണനകേന്ദ്രമായിരുന്ന തൃപ്പൂണിത്തുറയെ തിരുവാണിയൂരുമായി ബന്ധിപ്പിക്കുന്ന 'കുംഭപ്പിള്ളിപ്പാലം' നിർമ്മിച്ചത് 1952 ലായിരുന്നു. ഇതൊരു പ്രധാനസംഭവമായി എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ പാലം പണികഴിപ്പിച്ചതോടെ കർഷകരുടെ യാത്രാസൗകര്യത്തിന് ഒരുപരിധിവരെ ആശ്വാസം ലഭിച്ചു എന്നുപറയാം. ഈ പ്രദേശം മുഴുവനും, ദേവസ്വങ്ങളുടെയും മനകളുടെയും അധീനതയിൽ ആയിരുന്നു. ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നതോടെ "കൃഷിഭൂമി കർഷകന്" എന്ന ആശയം പ്രാവർത്തികമായി. അതോടെ കൃഷിക്കാർ ഉൽപ്പാദനരംഗത്ത് കൂടുതൽ ഊർജ്ജസ്വലരായി.

വിദ്യാഭ്യാസം - സംസ്ക്കാരം - സഹകരണം

കുടിപ്പള്ളിക്കൂടങ്ങൾ അവിടവിടെ ഉണ്ടായിരു

ന്നെങ്കിലും അവയുടെ പ്രവർത്തനശൈലി വിദ്യാഭ്യാസരംഗത്തേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കത്തക്കവിധം ആയിരുന്നില്ല. ഔപചാരിക വിദ്യാഭ്യാസരംഗം കൂടുതൽ പ്രവർത്തനക്ഷമമായത് 1942-ൽ ആദ്യമായിതിരുവാണിയൂരിൽ നാട്ടുകാരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചതോടെയാണ്. അതിനുശേഷം 57-ൽ ആരംഭിച്ച വെണ്ണിക്കുളം സെൻറ്. ജോർജ് മിഡിൽ സ്കൂൾ, 75-ൽ ആരംഭിച്ച കണ്ണ്യാട്ടുനിരപ്പ് സ്കൂൾ എന്നീ പൊതുവിദ്യാലയങ്ങൾ ഉയർന്നുവന്നു. സർക്കാർ മേ ഖലയിൽ പ്രവർത്തനം ആരംഭിച്ച വെണ്ണിക്കുളം ജെ.ബി.എസ്. ഈ രംഗത്തെ ഒരു വഴിത്തിരിവാണ്. ഇപ്പോൾമൊത്തം 9 സ്കൂളുകൾ വിജയകരമായി പ്രവർത്തിച്ചുപോരുന്നു. ഗവ.ജെ.ബി. സ്കൂൾ നീറാം മുകൾ, ഗവ. എൽ.പി. സ്കൂൾ ആറ്റിനിക്കര, ജെ.ബി.എസ്. കണ്ണ്യാട്ടുനിരപ്പ്, ഗവ. ജെ.ബി. എസ്. വെണ്ണിക്കുളം., എസ്.എൻ.എൽ. പി.എസ്. മാമല, സെൻറ് ഫിലോമിനാസ് ഹൈസ്ക്കൂൾ തിരുവാണിയൂർ, സെൻറ് ജോർജ്ജസ് ഹൈ. സ്ക്കൂൾ വെണ്ണിക്കുളം, സെൻറ് ജോൺസ് ജെ.എസ്. ഹൈസ്ക്കൂൾ കണ്ണ്യാട്ടുനിരപ്പ്, എം.എ.എം.ഇ.എം. ഹൈസ്ക്കൂൾ പുത്തൻകുരിശ് എന്നിവയാണ് ഇപ്പോൾ നിലവിലിരിക്കുന്ന വിദ്യാലയങ്ങൾ. സാങ്കേതികവിദ്യ അഭ്യസിക്കുന്നതിനുള്ള ഒരു വിദ്യാലയമോ കലാലയമോ ഈ പഞ്ചായത്തിൽ ഇല്ല എന്നത് ഖേദകരമാണ്.

'മാമല സഹകരണസംഘം' സഹകരണ പ്രസ്ഥാനത്തിലെ ഒരു മുതൽകൂട്ടാണ്. 31.9.1123 ലാണ് ഇതിൻെറ പ്രവർത്തനം ആരംഭിച്ചത്. 29.10.1985ലാണ് ഇത് സർവ്വീസ് ബാങ്കായി പ്രവർത്തിച്ചുതുടങ്ങിയത്. 22.10.1993 ൽ തിരുവാണിയൂരിൽ ഇതിൻെറ ഒരു ശാഖ ആരംഭിക്കപ്പെട്ടു. ഈ സഹകരണസംഘം പ്രവർത്തനങ്ങളിൽആദ്യകാല പ്രവർത്തകരിൽ മുഖ്യരാണ് ശ്രീ. കെ. ശ്രീധരൻനായർ, ഡോ. എം.കെ. കുര്യാക്കോസ്, ശ്രീ. പി.വി. പൗലോസ്, ശ്രീ. കെ.കെ. വർക്കി എന്നിവർ. തുടർന്ന് റബ്ബർ സൊസൈറ്റികളും, പാൽ സൊസൈറ്റികളും, ഗ്രൂപ്പ് ഫാമിംഗുകളും പ്രവർത്തിച്ചുപോരുന്നു.

തിരുവാണിയൂർ പഞ്ചായത്ത് സാംസ്കാരിക രംഗത്ത് ഉയർന്നനിലവാരം പുലർത്തിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് 1942-ൽ തിരുവാണിയൂരിൽ ആരംഭിച്ച് ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാല ഈ രംഗത്തേക്കുള്ള ഒരു ചുവടുവയ്പായിരുന്നു എന്നു പറയാം. ഇവിടുത്തെ ജനങ്ങൾക്ക് പല ശാഖകളിലും ബോധവൽക്കരണം നടത്തുവാൻ ഉള്ള ഒരു മാധ്യമം കൂടിയായി ഈ വായനശാല പ്രവർത്തിച്ചുപോന്നു. അതേതുടർന്ന് പല വായനശാലകളും ഈ പഞ്ചായത്തിൽ ഉദയംകൊണ്ടു. കൊടുമ്പൂർ വായനശാല, വെണ്ണിക്കുളം ഗ്രാമീണവായനശാല, മറ്റക്കുഴി ഗ്രാമീണ വായനശാല എന്നിവ പ്രത്യേകം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യം, മൃഗസംരക്ഷണം, കാർഷികം, ഗ്രാമവികസനം, വൈദ്യുതി എന്നീ വകുപ്പുകളിലായി പത്തോളം സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുപോരുന്നു. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, പി.എച്ച്, സെൻറർ, ഹോമിയോ ആശുപത്രി, മൃഗാശുപത്രി, ഇലക്ട്രിക്കൽ സബ് ഓഫീസ്, വില്ലേജ് എക്സ്ടെൻഷൻ ഓഫീസ്, മിഡ് വൈഫറി സെൻറർ, മാവേലി സ്റ്റോർ, ഐ.സി.ഡി.പി. സബ് സെൻറർ, മാമല എക്സൈസ് ഓഫീസ്, പോസ്റ്റാഫീസുകൾ എന്നിവയാണ് ആ സ്ഥാപനങ്ങൾ. കൂടാതെ ഇരുപതു അംഗൻവാടികൾ ഈ പഞ്ചായത്തിന് ഒരു മുതൽ കൂട്ടാണ്. മാമല യിൽ പ്രവർത്തിക്കുന്ന കെ.ഇ.എൽ., കെ.ആർ. ആർ. വ്യവസായസ്ഥാപനങ്ങളുടെ പട്ടികയിൽ മുൻപന്തിയിൽ നിൽക്കുന്നു.

പഞ്ചായത്തിൻെറ ചരിത്രം

പുത്തൻകുരിശ് വില്ലേജ് യൂണിയനിൽ നിന്നും വേർപെട്ട് 1952 മുതൽ പഞ്ചായത്തു പ്രവർത്തനം ആരംഭിച്ചു. പരേതനായ ശ്രീ. എടക്കാട്ടിൽ യോഹന്നാൻെറ കെട്ടിടത്തിലാണ് പഞ്ചായത്ത് ആദ്യംപ്രവർത്തനം ആരഭിച്ചത്. തുടർന്ന് എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ ഇരുന്ന സ്ഥലവും കെട്ടിടവും പഞ്ചായത്തിന് കൈമാറി കിട്ടുകയും തുടർന്ന് ആ കെട്ടിടത്തിൽ സ്ഥിരം പ്രവർത്തനം ആരംഭിച്ചുപോരുകയും ചെയ്തു. ശ്രീ വർഗീസ് പറമ്പാൻ ആണ് ആദ്യത്തെ പഞ്ചായത്തു പ്രസിഡൻറ്. തുടർന്ന് ശ്രീ. കെ.എ. വർഗീസ്, ശ്രീ. കൃഷ്ണൻ നമ്പ്യാർ, ശ്രീ. എം.ജി. തങ്കപ്പൻപിള്ള, ശ്രീ. വർഗീസ് പറമ്പാൻ, ശ്രീ. സി.എ. യോഹന്നാൻ എന്നിവർ പ്രസിഡൻറു പദവി അലങ്കരിച്ചിട്ടുണ്ട്. ശ്രീമതി ഏലിയാമ്മ ചാക്കോയാണ് ഇപ്പോഴത്തെ പ്രസിഡൻറ്. പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 21622 ആണ്. സെൻസസ് റിപ്പോർട്ട് അനുസരിച്ച് സാക്ഷരരിൽ 9083 പേർ പുരുഷന്മാരും 8198 പേർ സ്ത്രീകളുമാണ്.

ഭൂപ്രകൃതി

തെക്കുകിഴക്കുനിന്നും വടക്കുപടിഞ്ഞാറോട്ടു ചരിഞ്ഞുകിടക്കുന്ന ഒരു ഭൂപ്രദേശമാണ് ഈ പഞ്ചായത്ത്. മലകളും പാടങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിന്റെ തെക്കു-കിഴക്കുഭാഗം ഉയർന്നതും വടക്കുപടിഞ്ഞാറുഭാഗം താഴ്ന്നതുമാണ്. നീറാംമുകൾ, വെട്ടിക്കൽപ്രദേശം ഉയർന്ന ചരിവുപ്രദേശമാണ്. കുംഭപ്പിള്ളി, മുരിയാമംഗലം എന്നീ സ്ഥലങ്ങൾ അടങ്ങുന്ന പാടപ്രദേശം നിരപ്പായ ഭൂപ്രദേശമാണ്. തുടർന്ന് തൊണ്ടൻപാറ, ശാസ്താംമുകൾ, വെണ്ണിക്കുളം, കക്കാട്, ഊന്നുകൽ നിരപ്പ് അല്പം ഉയർന്നും, മറ്റക്കുഴി, മരങ്ങാട്ടുള്ളി, അത്താണി എന്നീ സ്ഥലങ്ങൾ അല്പം നിരപ്പായും ഉള്ള പ്രദേശങ്ങൾ ആണ്. ഈ പ്രദേശത്തെ കൃഷിയിടങ്ങളെ ചെറിയ തുണ്ടുകളായി ഭാഗിച്ച് വ്യത്യസ്ത കൃഷിയിടങ്ങളാക്കേണ്ട അവസ്ഥയിൽ എത്തിയിരിക്കുന്നു. നിമ്നോന്നതമായ ഭൂപ്രദേശം അടങ്ങുന്നതാണ് ഈ പഞ്ചായത്ത്. ഉയർന്നുചരിഞ്ഞ മലയോരപ്രദേശങ്ങളിലെ പ്രധാന കൃഷി റബർ, കുരുമുളക്, തെങ്ങ്, എന്നിവയാണ്.

താഴ്ന്നഭാഗങ്ങളിൽ മണൽ കലർന്ന പശിമരാശിമണ്ണും പുരയിടങ്ങളിൽ ചരൽകലർന്ന മണ്ണുമാണ് ഉള്ളത്. മലയോരപ്രദേശങ്ങളിൽ ചെങ്കല്ലും ചരലും കലർന്ന ചെമ്മണ്ണാണ്. പാടശേഖരങ്ങളിലെ മണ്ണിനെ അപേക്ഷിച്ച് പുരയിടങ്ങളിലേ മണ്ണ് ഫലഭൂയിഷ്ഠമാണെന്ന് കാണുന്നു. ഉയർന്നപ്രദേശമായ നീറാംമുകൾ, വെട്ടിക്കൽ, ഇലക്ട്രോഗിരി, കണ്യാട്ടുനിരപ്പ്, ശാസ്താംമുകൾ, ഊന്നുകൽനിരപ്പ്, ചെറുകുന്ന്, മുതലായ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകളും ബണ്ടുകളും നിർമ്മിക്കേണ്ട അവസ്ഥയിലാണ്. മഴക്കാലത്ത് പെട്ടെന്ന് ചളിക്കുന്നതും, വേനൽക്കാലത്ത് പെട്ടെന്ന് ഉണങ്ങി വരണ്ടുപോകുന്നവിധത്തിലാണ് ഇവിടുത്തെ മണ്ണിന്റെ ഘടന. ഡിസംബർ, ജനുവരി, ഫെബ്രുവരി വരെ തണുപ്പ് അനുഭവപ്പെടുന്നു. ഫെബ്രുവരി പകുതി മുതൽ മെയ് അവസാനംവരെ വേനൽക്കാലമാണ്. ജൂൺ മുതൽ സെപ്തംബർ പകുതിവരെ കാലവർഷവും, സെപ്തംബർ പകുതി മുതൽ നവംബർ അവസാനം വരെ തുലാവർഷവും അനുഭവപ്പെടുന്നു. ജനുവരി മുതൽ, ഏപ്രിൽ വരെ ഇടമഴകൾ സാധാരണ കിട്ടുന്നു. എങ്കിൽപ്പോലും പഞ്ചായത്തിന്റെ പലയിടങ്ങളിലും കൃഷിചെയ്യുവാൻ പാകത്തിൽ ജലസൗകര്യം ലഭിക്കാറില്ല എന്നത് ഒരു ദുഃഖസത്യം മാത്രം. പെരിയാർവാലി പദ്ധതി വികസിപ്പിച്ച് ഈ പഞ്ചായത്തിനെ ധന്യമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അശാസ്ത്രീയമായി ഉയർന്ന പ്രദേശങ്ങളിൽനിന്നും മണ്ണെടുത്ത് പാടശേഖരങ്ങൾ നികത്തുന്നത് കർശന നിയമംമൂലം തടയേണ്ടിയിരിക്കുന്നു. പരിസ്ഥിതിയെ സാരമായി ബാധിക്കുന്ന പാടശേഖരം നികത്തൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മഹാവിപത്താണ്. ഉയർന്നപ്രദേശങ്ങളിൽനിന്നും മണ്ണെടുത്തു ലോറിയിൽ കയറ്റിക്കൊണ്ടുപോകുന്നത് അന്തരീക്ഷമലിനീകരണത്തിനു ഒരു പ്രധാന ഹേതുവായി വർത്തിക്കുന്നു. റോഡരികുകളിൽ താമസിക്കുന്നവർക്ക് ഏറ്റവും വലിയ വിന ഇതാണെന്നു പറയാതെവയ്യ. അശാസ്ത്രീയമായ മണ്ണെടുക്കലും, പാടശേഖരം നികത്തലും നിയമംമൂലം നിരോധിക്കണമെന്ന് ഒരിക്കൽ കൂടി ആമുഖത്തിൽ പ്രസ്താവിക്കുകയാണ്.

ജനശക്തി

21622 ആണ് ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ. അതിൽ 10750 പേർ പുരുഷന്മാർ. 10872 പേർ സ്ത്രീകളുമാണ്. പട്ടികജാതി 2648 പേരും പട്ടികവർഗം 5 പേരുമാണ്. സാക്ഷരതാ രംഗം പരിശോധിച്ചാൽ പുരുഷന്മാർ 9083 ഉം സ്ത്രീകൾ 8198ഉം ആണ്. തികച്ചും കാർഷികപ്രദേശമായ തിരുവാണിയൂരിൽ കാർഷികരംഗത്തെ പുരോഗതിക്കായി പല പരിഷ്കാരങ്ങളും ചെയ്യേണ്ടിയിരിക്കുന്നു.

പ്രധാനജോലിക്കാർ

കൃഷിക്കാർ, സ്വർണ്ണപ്പണിക്കാർ, കർഷകതൊഴിലാളികൾ, കരിങ്കൽ പണിക്കാർ, റബ്ബ ടാപ്പോഴ്സ്, വിശ്വകർമ്മജർ, കൈവേലക്കാർ മറ്റു തൊഴിലാളികൾ എന്നിവരാണ്.

ശാസ്താംമുകളിലെ കരിങ്കൽ വ്യവസായം വളരെ പ്രസിദ്ധമാണ്. നല്ലൊരുശതമാനം ആളുകൾ ഈ മടകളിൽ പണിയെടുക്കുന്നു. ഈ പഞ്ചായത്തിലേയും തിരുവാങ്കുളം പഞ്ചായത്തിലെയും ചോറ്റാനിക്കര പഞ്ചായത്തിലെയും തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നു. എറണാകുളം ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ കരിങ്കല്ലിന്റെ മുഖ്യ പങ്കും ഇവിടെനിന്നാണ് ലഭിക്കുന്നത്.

തിരുവാണിയൂർ പഞ്ചായത്ത് ഇന്ന് - വെല്ലുവിളികൾ

സാമൂഹ്യസാസ്കാരികരംഗത്ത് ഇന്ന് ഈ പഞ്ചായത്ത് മുൻനിരയിലേക്ക് എത്തിയിരിക്കുന്നു. പള്ളിക്കൂടങ്ങൾ, വായനശാലകൾ, അംഗൻവാടികൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ മുൻനിരയിലേക്ക് എത്തിയെങ്കിലും പല ശാഖകളിലും ഈ പഞ്ചായത്ത് വെല്ലുവിളികളിലൂടെ മുന്നേറുന്നു. വിദ്യാഭ്യാസം വ്യാപകമായെങ്കിലും സാക്ഷരതാരംഗം പൂർണ്ണമായും വിജയസോപാനത്തിലെത്തിക്കാൻ കഴിഞ്ഞില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥ ഇതിനൊരു കാരണമായി കാണുന്നു. '20-ാം നൂറ്റാണ്ടോടെ എല്ലാവർക്കും ആരോഗ്യം' എന്ന തത്വം പ്രായോഗികമാക്കാൻ ഇവിടെയുള്ളവർ ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നു. പത്തുവാർഡുകളെ കേന്ദ്രീകരിച്ചുള്ള പി.എച്ച്. സെൻററിന്റെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുന്ന കാലഘട്ടത്തിന്റെ സന്തതികളാണ് നാം. ഈ പഞ്ചായത്തിൽ ഒരു സാങ്കേതികവിദ്യാലയം (Technical Education) പോലുമില്ലെന്നതു ഒരു വാസ്തവം മാത്രമാണ്. കൃഷിയിടങ്ങൾ നികത്തുന്നത് ഒരു വലിയ വെല്ലുവിളിയായി കാണണം. നെൽപ്പാടങ്ങളിൽ നെല്ല് ഉൽപ്പാദിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കേണ്ടത് അവശ്യം ആവശ്യമാണ്. ജനസംഖ്യയിൽ സ്ത്രീകൾ അധികമുള്ള ഒരു പഞ്ചായത്താണ് തിരുവാണിയൂർ. അവർക്ക് തൊഴിൽകൊടുക്കുവാൻ ഒട്ടനവധി നിർദ്ദേശ ങ്ങൾ കാർഷികമേഖലയിലും വ്യവസായ മേഖ ലയിലും സൂചിപ്പിച്ചിട്ടുണ്ട്. 'അതുപോലെ എല്ലാവീടുകളിലും കക്കൂസ്' എന്ന ആശയം പ്രാബല്യത്തിൽ വരുത്തുവാൻ ഇനിയും കാലങ്ങൾവേണമോ?

'കുടിവെള്ളപ്രശ്നം' ഇനിയും രൂക്ഷമാകാതെ നോക്കണം. നിലവിലുള്ള സംവിധാനം തികച്ചും അപര്യാപ്തം. ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടുവേണം പദ്ധതി സാർവത്രികമാക്കാൻ ദീർഘവീക്ഷണത്തോടെയുള്ള ഒരു സമീപനം ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്. സ്കൂൾ കോംപ്ലക്സിലൂടെ വിദ്യാഭ്യാസം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയുമെന്ന പ്രത്യാശയിലാണ് ജനങ്ങൾ. എല്ലാ മേഖലകളിലും ഒരു ജനകീയഇടപെടൽ ആ വശ്യമാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ അ ദ്ധ്വാനശേഷിയും, വിഭവങ്ങളും ഈ പ്രദേശത്തിന്റെ ഉന്നമ നത്തിനുവേണ്ടി ലക്ഷ്യമിട്ടാൽ "തിരുവാണിയൂർ സമ്പൽസമൃദ്ധമായ ഒരു പഞ്ചായത്ത് എന്ന ശീർഷ കത്തിലേക്കുള്ള പ്രയാണത്തിന്" ആക്കംകൂട്ടും എന്ന തിൽ സംശയമില്ല.

ഒരു പുതിയ വികസനസംസ്ക്കാരവും പ്രവർത്തനശൈലിയും വളർത്തിയെടുക്കാൻ ഇവിടത്തെ ജനങ്ങൾ കൈകോർക്കുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ സ്വാശ്രയത്വത്തിൽ ഊന്നിയ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന സ്വപ്നം ഇവിടെ സാക്ഷാത്കരിക്കാം.

അനുബന്ധം - 1 തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

1.1 ഭരണം സംബന്ധിച്ച വിവരങ്ങൾ Ref. A.

1.	പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ	തിരുവാണിയൂർ വില്ലേജ്
2.	വിസ്തീർണ്ണം ജനസംഖ്യ	21.91 Sq. Km. 21622 (1991 Census)
3.	വാർഡുകൾ സംവരണ വാർഡുകൾ ഏതെല്ലാം 1. വനിത 2. പട്ടികജാതി/പട്ടികവർഗം	10 എണ്ണം I, IV, VI, VII, VIII I, IV, VII, VIII VI
4.	പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ? (ജോയിൻറ് കമ്മിറ്റി മുതലായവ)	പഞ്ചായത്ത് കമ്മിറ്റി, സ്റ്റാൻറിംഗ് കമ്മിറ്റി

5.	പഞ്ചായത്ത് വികസനപരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ ഏവ? (പഞ്ചായത്ത് വികസനസമിതി, വാർഡ് വികസന സമിതികൾ വിദ്യാഭ്യാസസമിതി, ആരോഗ്യസമിതി മുതലായവ)	-
6.	സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ? ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര?	ഉണ്ട്
7.	പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ Ref. A annexure XXXIV.	സെക്രട്ടറി - 1, ഹെഡ്ക്ലാർക്ക് - 1 യു.ഡി.ക്ലാർക്ക് - 2, എൽ.ഡി. ക്ലാർക്ക്-2 പ്യൂൺ - 1, പാർട്ട്ടൈം സ്വീപ്പർ-1
8.	ഭരണചെലവ് എത്ര?, വരുമാനത്തിന്റെ എത്രശതമാനം	435376.30 രൂപ 31%

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

1.2 ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. A II, H

റോഡിന്റെ സ്വഭാവം (നീളം)							
കച്ച	പക്ക	മെറ്റൽ	ടാർ			മറ്റുള്ളവ	ആകെ
			പഞ്ചായത്ത്	P.W.D.	N.H.		
1	2	3	4	5	6	7	8
65-00 km. (Earthen)	3.390 km. (gravelled)		7.110 km.	-	-		75.55 km.

1.17 പഞ്ചായത്തുരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q.

വകുപ്പ്	തുക		ആകെ
	പദ്ധതിവിഹിതം	പദ്ധതിയേതര വിഹിതം	
1	2	3	4
മൃഗസംരക്ഷണം	Rs. 3000	-	3000
ആരോഗ്യം	Rs. 157600	-	157600
കൃഷി	Rs. 31600	-	31600
PWD	Rs. 5801	-	5801
ഹരിജനക്ഷേമം	Rs. 4000	-	4000
മറ്റുള്ളവ			
ക്ഷീരവികസനം	Rs. 2150	-	2150
ആകെ	Rs. 2041501	-	2041501

1.15. ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

Ref. ലേല രജിസ്റ്റർ

ചന്ത	സ്റ്റാൾ	ചവറ്	പട്ടമരങ്ങൾ	ഫല വൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ് കടകൾ	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8
6100	-	-	-	-	66804	8740	81644.00

1.16 ഗ്രാൻറ് വിവരങ്ങൾ

Ref. ഗ്രാൻറ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്ററും

VRM രൂ	MI രൂ	VTC രൂ	അടിസ്ഥാനനികുതി 25% രൂ	അടിസ്ഥാനനികുതി 75% രൂ	Spl. Grand രൂ	JRY രൂ	അണ്ടർ ടൈഡ് ഫണ്ട് രൂ	ആകെ
1	2	3	4	5	6	7	8	9
തുക 25659	7040	228181		43103	Nil	277460	276700	858143

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. C.B.

ഇനം	ധന്യാഭ്യർഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി	248238.40	248238.40	-
സർവീസ് ചാർജ്	-	-	-
തൊഴിൽനികുതി	219535.00	219535.00	-
വാഹനനികുതി	-	-	-
വിനോദനികുതി	7547.97	754797	-
അഡീ. വിനോദനികുതി	4567.88	4567.88	-
പ്രദർശന നികുതി	1697.00	1697.00	-
പ്രദർശനികുതിയിന്മേലുള്ള സർചാർജ്	424.50	424.50	-
ചന്ത വരവ്	6400.00	6400.00	-
ലാൻറ് സെസ്സ്	-	-	-
ലൈസൻസ് ഫീസ്	10458.50	10458.50	-

ഇനം	ധന്യാഭ്യർഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി സർചാർജ്	-	-	-
വസ്തുകൈമാറ്റ നികുതി 75%	120778.00	120778.00	-
വസ്തുകൈമാറ്റ നികുതി 25%	-	-	-
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ (ഓൾ ഗ്രാൻറ്)	724146.00	724146.00	-
സംഭാവന	-	-	-
ഡെപ്പോസിറ്റ്	8312.00	8312.00	-
മറ്റുള്ളവ	105662.95	105662.95	-
ആകെ	1457768.20	1457768.20	-

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ

Ref. C, B (1995-96)

ഇനം	തുക
1	2
	രൂപ
ഭരണം	435376.30
പൊതുമരാമത്ത്	3955.00
വിദ്യാഭ്യാസം	4900.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	8901.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	69132.00
മറ്റുള്ളവ	49257.00
ആകെ	571521.30

1.25 പൊതു സാമ്പത്തികനില

Ref. B.

ഇനം	പൊതുകണക്ക്	മൂലധനകണക്ക്	കടംസംബന്ധിച്ച കണക്ക്
1	2	3	4
വരവ്	1433670.40	-	24097.80
ചെലവ്	522764.30	35229.00	13528.00

1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ
Ref. Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്	5000		3955	3955
ആകെ	5000		3955	3955

1.21. സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

വകവിവരം	വില്ലേജിൻെറ പേര്	വിസ്തീർണ്ണം	മതിപ്പുവില
1	2	3	4
1. പബ്ലിക്ക് മാർക്കറ്റ്	തിരുവാണിയൂർ	24 സെൻറ്	240000
2. ഷോപ്പിംഗ് സെൻറർ	,,	24 സെൻറ്	240000
3. പഞ്ചായത്താഫീസ്	,,	35-70 സെൻറ്	700000
4. ശ്മശാനം	,,	81 സെൻറ്	85000
5. കളിസ്ഥലം	,,	89 സെൻറ്	267000
ആകെ		229-750	1292000

1.22. ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ്
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	
1	2	3	4	5	6	7
I	4	-	4	-	8	209.00
II	4	-	1	-	5	255.00
III	24	4	16	8	52	1517.50
IV	7	-	2	1	10	285.00
V	18	2	5	3	28	1831.00
VI	16	3	-	-	19	2001.00
VII	18	-	5	-	23	1120.00
VIII	16	-	3	-	19	715.00
IX	6	-	1	-	7	490.00
X	19	-	10	6	35	2035.00
Total	132	9	47	18	206	10458.00

അനുബന്ധം - 7

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

7.1. സ്ഥാപനവിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനാപരമായ പ്രശ്നങ്ങൾ
1.	ഗ്രാമപഞ്ചായത്താഫീസ്, തിരുവാണിയൂർ	ത.സ്വയംഭരണ ഓഫീസ്	സ്വന്തം	8		
2.	വില്ലേജ് ഓഫീസ്, തിരുവാണിയൂർ	റവന്യൂ ഓഫീസ്	സ്വന്തം	5		
3.	കൃഷിഭവൻ, മരങ്ങാട്ടുള്ളി	കാർഷികവകുപ്പ്	വാടക	4		
4.	പി.എച്ച്. സെൻറർ, തിരുവാണിയൂർ	ഹെൽത്ത്സെൻറർ	സ്വന്തം	19		
5.	ഗവ. ഹോമിയോ.ഡിസ്പെൻസറി, മോനപ്പിള്ളി	ഡിസ്പൻസറി	വാടക	4		
6.	വെറ്റിനറി ഡിസ്പെൻസറി, വെണ്ണിക്കുളം	ഡിസ്പെൻസറി	വാടക	4		
7.	സെൻറ് ജോൺസ് ഹോസ്പിറ്റൽ, കണ്ണിയാട്ടുനിരപ്പ്	ഹോസ്പിറ്റൽ	സ്വന്തം	5		
8.	പോസ്റ്റാഫീസ്, തിരുവാണിയൂർ	പോസ്റ്റാഫീസ്	വാടക	4		
9.	പോസ്റ്റാഫീസ്, ഭക്താനന്ദപുരം	,,	,,	2		
10.	പോസ്റ്റാഫീസ്, കുഴിയറ	,,	,,	,,		
11.	പോസ്റ്റാഫീസ്, കോക്കാപ്പിള്ളി	,,	,,	,,		
12.	പോസ്റ്റാഫീസ്, മാമല	,,	,,	,,		
13.	എക്സൈസ് റേഞ്ച് ഓഫീസ്, മാമല	എക്സൈസ് ഓഫീസ്	സ്വന്തം	9		
14.	വി.ഇ.ഒ. ഓഫീസ്, തിരുവാണിയൂർ	വി.ഇ.ഒ. ഓഫീസ്	സ്വന്തം	2		
15	സബ് എൻജിനീയർ ഓഫീസ്, തിരുവാണിയൂർ	കെ.എസ്.ഇ.ബി.	വാടക	6		
16.	സെൻറ് ഫിലോമിനാസ് എച്ച്.എസ്. തിരുവാണിയൂർ	സ്കൂൾ	സ്വന്തം	25		
17.	എസ്.എൻ.എൽ.പി. സ്കൂൾ, മാമല	സ്കൂൾ	സ്വന്തം	4		
18.	സെൻറ് ജോൺസ് എച്ച്.എസ്. കണ്യാട്ടുനിരപ്പ്	സ്കൂൾ	സ്വന്തം	15		

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനാപരമായ പ്രശ്നങ്ങൾ
19.	സെൻറ് ജോർജസ് എച്ച്.എസ്. വെണ്ണിക്കുളം	സ്കൂൾ	സ്വന്തം	30		
20.	ജെ.ബി.എസ്. നീറാംമുകൾ	,,	സ്വന്തം	5		
21.	ഗവ. എൽ.പി.എസ്. ആറ്റിനിക്കര	,,	സ്വന്തം	9		
22.	ഗവ. ജെ.ബി.എസ്. വെണ്ണിക്കുളം	,,	സ്വന്തം	8		
23.	ഗവ. ജെ.ബി.എസ്. കണ്യാട്ടുനിരപ്പ്	,,	സ്വന്തം	5		
24.	എം.എ. എം.ഇ.എം. എച്ച്.എസ്. പുത്തൻകുരിശ്	,,	സ്വന്തം	29		
25.	കെ.ഇ.എൽ. മാമല	കമ്പനി	സ്വന്തം	396		
26.	കെ.ആർ.ആർ. മാമല	കമ്പനി	സ്വന്തം	65		
27.	ബഥേൽ മെറ്റൽ ലേബൽസ്, ശാസ്താംമുകൾ	ഇൻഡസ്ട്രീസ്	സ്വന്തം	6		
28.	യൂനിവിനയൻസ് പ്രൈവറ്റ് ലിമിറ്റഡ്, മറ്റക്കുഴി	,,	,,	9		
29.	യൂണിറ്റു പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, മറ്റക്കുഴി	,,	,,	,,		
30.	ഡയോൺ ആനോഗ്രാഫ്, കോക്കാപ്പിള്ളി	,,	,,	6		
31.	വെസ്റ്റേൺ പെയിൻറ്സ് ആൻറ് കെമിക്കത്സ്	,,	സ്വന്തം	5		
32.	സർവീസ് സഹകരണബാങ്ക്, മാമല, തിരുവാണിയൂർ	സർവ്വീസ് സൊസൈറ്റി	വാടക	11		
33.	ബാങ്ക് ഓഫ് ഇൻഡ്യ, തിരുവാണിയൂർ	ബാങ്ക്	വാടക	7		
34.	നെടുംപറമ്പിൽ സിൻഡിക്കേറ്റ്	ബാങ്ക്	സ്വന്തം	2		
35.	ക്ഷീരോല്പാദകസഹകരണസംഘം, തിരുവാണിയൂർ	സംഘം	സ്വന്തം	3		
36.	ക്ഷീരോല്പാദകസഹകരണസംഘം, പുത്തൻകുരിശ്	സംഘം	സ്വന്തം	4		
37.	ക്ഷീരോല്പാദകസഹകരണസംഘം, മാമല	സംഘം	വാടക	3		
38.	ക്ഷീരോല്പാദകസഹകരണസംഘം, മറ്റക്കുഴി	സംഘം	സ്വന്തം	2		
39.	ക്ഷീരോല്പാദകസഹകരണസംഘം, വണ്ടിപ്പേട്ട	സംഘം	വാടക	2		
40.	എറണാകുളം ജില്ലാ വികലാംഗ സഹകരണസംഘം, മാമല	വികലാംഗ ഓഫീസ്	വാടക	1		

ഗ്രാമപഞ്ചായത്ത്. 1.19 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

വാർഡ് / തരം		വിസ്തീർണ്ണം														
			II	III	IV	V	VI	VII	VIII	IX	X	XI	XII	XIII	XIV	'XV
1		2	3	4	5	6	7	8	9	10	11	12	13	14	15	16
റോഡ്		5.00.00	5.00.00	4.00.00	4.00.00	5.00.00	7.00	8.0.0	4.0.0	3.10	6.0.0					
ഇടവഴി		1.0.0	1.50	50.65	50.00	3.00.00	1.00.00	3.40.00	1.80.00	1.75.00	4.00.00					
തോട്		3.00.00	1.50.00	3.50.00	4.00.00	5.00.00	3.00.00	4.00.00	10.50.00	13.25.00	6.00.00					
കുളം	എണ്ണം	3	2	3	1	1	2	2	1	1	1					
	വിസ്തീർണ്ണം	0.50.00	0.40.00	0.25.00	0.85.00	0.60.00	0.40.00	0.30.00	0.60.00	0.50.00	0.60.00					
മറ്റുള്ളവ		3.00.00	1.50.00	4.00.00	2.50.00	4.00.00	5.00.00	6.30.00	5.00.00	4.00.00	8.00.00					
ആകെ (174-50-65) 12.50.00		9.90.00	13.25.65	13.85.00	17.60.00	16.40.00	22.00.00	21.00.00	22.50.00	24.60.00						

1.22. സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

എണ്ണം	വിദ്യാഭ്യാസം				ആരോഗ്യം				മറ്റ് സേവന മേഖലകൾ			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	4	-	5	9	2	-	1	3	13	7	8	28
ജീവനക്കാർ	27	-	103	130	20	-	5	25	446	26	109	581



കൃഷിയും ജലസേചനവും

ആമുഖം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പഞ്ചായത്തു പ്രദേശത്തെ തൊണ്ണൂറു ശതമാനം ഭൂപ്രദേശങ്ങളും വിവിധ ദേവസ്വങ്ങളുടെയും ജന്മിമാരുടെയും ഉടമസ്ഥതയിൽ ആയിരുന്നു. ആ കാലത്ത് ഈ നാട്ടിലെ ഭൂവുടമകളായ ദേവസ്വങ്ങൾ - തിരുവാണിയൂർ ദേവസ്വം, ചെമ്മനാട് ദേവസ്വം, മോനിപ്പിള്ളി ദേവസ്വം, മുരിയമംഗലം ദേവസ്വം, പുറപ്പേരിമന, കിഴക്കുംഭാഗത്തുമന, തുരുത്തിക്കാലമന, മതുരക്കാട്ടുമന, കോക്കരമന മുതലായ ജന്മികളുടേതായിരുന്നു. അതിനുശേഷം ഇടപ്രഭുക്കന്മാർ മേൽ ജന്മികളിൽ നിന്നും കുറഞ്ഞ പാട്ടത്തിന് എടുത്ത് അവ ചെറുകിട കൃഷിക്കാരന് അമിതപാട്ടത്തിനും വാരത്തിനും കൃഷിക്ക് ഏല്പിച്ചുകൊടുത്തു. ജന്മിവക പാട്ടം, കാണം, കാരായ്മ, പണ്ടാരപ്പാട്ടം, പുറവക എന്നീ നിലകളിലും ഭൂമിയുടെ ഉടമബന്ധം നിലവിലിരുന്നു. ആ കാലത്ത് കാളകളെയും പോത്തുകളെയും ഉപയോഗിച്ച് ഉഴുതും കിളച്ചും, ചവർ, ചാണകം, ചാരം മുതലായ ജൈവവളങ്ങൾ ഉപയോഗിച്ച് മൂപ്പു കുടിയ നെൽവിത്തുകളായ ചെമ്പാവ്, മുണ്ടകൻ, ഇട്ടിക്കണ്ണപ്പൻ തുടങ്ങിയവയും മൂപ്പു കുറഞ്ഞ ചെമ്പേതി, ചെരുമണൽ, ചീര, അണം ചെമ്പാവ് മുതലായ വിത്തിനങ്ങളും ഉപയോഗിച്ച് കൃഷി ചെയ്തിരുന്നു. ആ കാലഘട്ടങ്ങളിൽ വിളവ് തുലോം കുറവായിരുന്നു. കപ്പ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, ശീമക്കിഴങ്ങ്, മധുരക്കിഴങ്ങ്, വാഴ, പഞ്ചപ്പുല്ല്, വരക് മുതലായ ധാന്യങ്ങളും കൃഷി ചെയ്തിരുന്ന മഞ്ഞൾ, വെള്ളരി, പാവൽ, പടവലം, വഴുതനങ്ങ, പച്ചമുള്ളക്, പയർ, വെണ്ട, ചീര ഈ ഇനങ്ങളിൽപ്പെട്ട പച്ചക്കറികളും, സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, കച്ചോലം, ഇഞ്ചിപ്പുല്ല് (തെരുവപ്പുല്ല്) മുതലായയും കൃഷി ചെയ്തു പോന്നിരുന്നു. തരിശു ഭൂമികളിൽ കശുമാവ് കൃഷിയും നിലവിൽ ഉണ്ടായിരുന്നു. തരിശു ഭൂമികളിൽ മനുഷ്യൻ നട്ടുവളർത്താതെ മുളച്ചു വളർന്നുവന്നിരുന്ന കാഞ്ഞിരം, മരോട്ടി, പൂവം, എന്നീ മരങ്ങളുടെ കായ് പാകമാകുമ്പോൾ പറിച്ച് വിറ്റുപോന്നിരുന്നു. ഈ കാലത്ത് പട്ടിണിയും ദാരിദ്ര്യവും വർദ്ധിച്ചിരുന്നു. അതിനുശേഷം നമ്മുടെ രാജ്യം സ്വാതന്ത്ര്യ ലബ്ധിക്കുശേഷം "കൃഷിഭൂമി കർഷകന്" എന്ന യാഥാർത്ഥ്യം നടപ്പിലാക്കുവാൻ പ്രാദേശിക തലത്തിൽ ശ്രമങ്ങൾ വരുകയും യഥാർത്ഥമായ മാറ്റങ്ങൾ വരുകയും കൃഷിഭൂമി കർഷകന് എന്ന തത്ത്വം നടപ്പിലാവുകയും തങ്ങൾ കൃഷി ചെയ്യുന്ന നിലത്തിന്റെ ഉടമസ്ഥാവകാശം കൃഷിക്കാരന് കിട്ടിയതിനുശേഷം ഉയർന്ന സാങ്കേതി

കവിദ്യയും വളപ്രയോഗവും ജലസേചന സൗകര്യങ്ങളും വർദ്ധിക്കുകയും ചെയ്തപ്പോൾ ഉല്പാദന രംഗത്തു കാര്യമായ മാറ്റങ്ങളും വർദ്ധനവും ഉണ്ടായിട്ടുള്ള കാര്യം യഥാർത്ഥമാണ്.

1982 ലെ റവന്യൂ രേഖകൾ പ്രകാരം തിരുവാണിയൂർ പഞ്ചായത്തിൽ 700 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്തിരുന്നതായി കാണുന്നു. ഇന്നം അത് 500 ഹെക്ടർ ആയി കുറഞ്ഞു. കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടാൻ ഉള്ള ബുദ്ധിമുട്ടും. അമിതമായ രാസവളങ്ങളുടെ വിലവർദ്ധനവും ജൈവവളങ്ങളുടെ ദൗർലഭ്യവും പ്രധാനകാരണമാണ്. അതുപോലെ നാണ്യവിളകളിൽ റബ്ബർ കൃഷി നമ്മുടെ നാടിന്റെ സാമ്പത്തിക പുരോഗതിക്ക് ഒരു ഘടകമായി വന്നതിനാൽ ഭക്ഷ്യവിളകളിൽ നിന്ന് കൃഷിക്കാരൻ വ്യതിചലിച്ച് റബ്ബർ കൃഷിക്ക് കൂടുതൽ പ്രാധന്യം കൊടുക്കുകയും നെൽകൃഷി നടത്തിയിരുന്ന ഭാഗങ്ങളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കുകയും ചെയ്തതിനാൽ നെല്ല്, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വിളകളുടെ ഉല്പാദനം വളരെ കുറഞ്ഞിരിക്കുകയാണ്. ഇതിന് ഒരു മാറ്റം വരുത്തുന്നതിന് സമൂഹം ഉണരേണ്ട കാലഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കി കാർഷികരംഗത്ത് സമൂലമായ ഒരു മാറ്റം അനിവാര്യമാണ്.

ഭൂപ്രകൃതി

കിഴക്കുനിന്നും വടക്കുപടിഞ്ഞാറോട്ടു ചരിഞ്ഞ് മലകളും പാടങ്ങളും നിറഞ്ഞ ഭൂപ്രകൃതി കിഴക്കുഭാഗം ഉയർന്നതും പടിഞ്ഞാറുഭാഗം താഴ്ന്നതുമാണ്. നിലങ്ങളിൽ മണൽ കലർന്ന പശിമരാശിമണ്ണും പുരയിടങ്ങളിൽ ചരൽ കലർന്ന മണ്ണും മലകളിൽ ചെങ്കല്ലും ചരലും കലർന്ന ചെമ്മണ്ണുമാണ്. പാടശേഖരങ്ങളിലെ മണ്ണിനെ അപേക്ഷിച്ച് പുരയിടങ്ങളിലെ മണ്ണിനാണ് ഗുണം കൂടുതൽ. ഉയർന്ന പ്രദേശമായ നീറാംമുകൾ, തേറുകുഴി, വെട്ടിക്കൽ, ഇലക്ട്രോഗിരി, കണ്ണ്യാട്ടുനിരപ്പ്, ശാസ്താമുകൾ, ഊന്നുകൽനിരപ്പ്, ചെറുകുന്ന് മുതലായ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് കൊണ്ടൂർമോഡൽ കയ്യാലകളും ബണ്ടുകളും നിർമ്മിക്കേണ്ടതാണ്. മഴക്കാലത്ത് പെട്ടെന്ന് ചളിക്കുന്നതും വേനൽക്കാലത്ത് ഉണങ്ങിവരണ്ടുപോകുന്ന രീതിയിലാണ് മണ്ണിന്റെ ഘടന ഡിസംബർ, ജനുവരി, ഫെബ്രുവരി പകുതിവരെ. തണുപ്പുകാലവും ഫെബ്രുവരി പകുതിമുതൽ മെയ് അവസാനം വരെ വേനൽക്കാലവും ജൂൺ മുതൽ സെപ്തംബർ പകുതിവരെ കാലവർഷകാലവും സെപ്തംബർ പകുതി മുതൽ നവംബർ അവസാനം വരെ തുലാവർഷക്കാലവുമാണ്. ജനുവരി മുതൽ ഏപ്രിൽ വരെ ഇടമഴകൾ സാധാരണ പെയ്യാറുണ്ട്.

കാർഷികചരിത്രം

ഈ പ്രദേശത്ത് കഴിഞ്ഞ 50 വർഷങ്ങൾക്കു മുമ്പ് നെല്ല്, തെങ്ങ്, കപ്പ, ചേന, കാച്ചിൽ, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക, പഞ്ഞപ്പുല്ല്, വരക്, വാഴ, ചേമ്പ് എന്നീ ഭക്ഷ്യവിളകൾക്കായിരുന്നു പ്രാധാന്യം. അതോടൊപ്പം കുരുമുളക്, ഇഞ്ചി, കച്ചോലം, മഞ്ഞൾ, ഇഞ്ചിപ്പുല്ല്, അടയ്ക്കാ, വെറ്റിലക്കൊടി മുതലായ നാണ്യവിളകളും കൃഷിചെയ്തിരുന്നു. അക്കാലത്ത്, നെൽകൃഷി ഉദ്ദേശം 1000 -ത്തിനുമേൽ ഹെക്ടർ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. തിലാവ്, കയറ്റുകൊട്ട, മുതലായവ ഉപയോഗിച്ച് മനുഷ്യപ്രയത്നത്താൽ ജലസേചന സൗകര്യം ഏർപ്പെടുത്തിയും, മഴയെയും പ്രകൃതിയുടെ ജലസ്രോതസ്സുകളെയും ഉപയോഗിച്ചാണ് ജലസേചനം നടത്തിയിരുന്നത്. കൃഷിപ്പണികൾ കാള, പോത്ത് എന്നീ മൃഗങ്ങളെ ഉപയോഗിച്ച് ഉഴുതും, കിളച്ചും മനുഷ്യപ്രയത്നം കൊണ്ടുമാത്രമാണ് നടത്തിയിരുന്നത്. നാടൻ നെല്ലിനങ്ങളായിരുന്ന ചാര, മുണ്ടകൻ, ആര്യൻ, ചെമ്പാവ്, ഇട്ടിക്കണ്ണപ്പൻ എന്നിവയും മൂപ്പുകുറഞ്ഞ ചെമ്പേനി, ഞവര, ചീര, ചെറുമണൽ, അന്ന, ചെമ്പാവ് എന്നീ വിളകൾ ഉപയോഗിച്ചു രണ്ടുപൂവ് കൃഷിയാണ് നടത്തിയിരുന്നത്. ഏപ്രിൽ മാസത്തിൽ വിതച്ച് സെപ്തംബർ കൊയ്യുന്ന വിരിപ്പും, ആഗസ്റ്റു മാസത്തിൽ ഞാറുപാകി സെപ്തംബറിൽ പറിച്ചുനട്ട് ജനുവരിയിൽ കൊയ്യുന്ന മുണ്ടകനുമായിരുന്ന കൃഷികൾ - പ്രധാന പാടശേഖരങ്ങളായ ചെമ്മനാട്, കുംഭപ്പിള്ളി, പറമ്പാത്തുതാഴം, മനക്കത്താഴം, പെരുമ്പിള്ളിത്താഴം, കോക്കാളുതാഴം, അടിയാക്കപ്പാടം മുരിയമംഗലം പാടം, മറ്റക്കുഴി പാടം ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും മറ്റപ്പോക്കുകളിലും മാരികളിലും കൃഷി ചെയ്യുന്നുണ്ടായിരുന്നു. പാടശേഖരങ്ങളിൽ മൂന്നാം പൂപ്പായി എള്ള്, പയറുവർഗ്ഗങ്ങൾ എന്നിവയും കൃഷി ഉണ്ടായിരുന്നു. അക്കാലത്ത് എല്ലാ കൃഷികൾക്കും പുരുഷ തൊഴിലാളിക്ക് രണ്ടര ഇടങ്ങഴി മുതൽ മൂന്ന് ഇടങ്ങഴി വരെ നെല്ലും, സ്ത്രീ തൊഴിലാളിക്ക് ഒന്നര ഇടങ്ങഴി മുതൽ രണ്ട് ഇടങ്ങഴി വരെയും നെല്ലു കൂലി ഉണ്ടായിരുന്നു. ഉയർന്ന മലമ്പ്രദേശങ്ങൾ വെട്ടി ഉണക്കി തീയിട്ട് പുതുമഴ പെയ്യുമ്പോൾ കരിക്കൻ, മോഡൺ മുതലായ വിത്തുകൾ വിതച്ച് കർക്കടക മാസങ്ങളിൽ കൊയ്യുന്ന പതിവും ഉണ്ടായിരുന്നു. അക്കാലത്ത് 12 ഇടങ്ങഴി കൊള്ളുന്ന ഒരു തൂണിക്ക് രണ്ടു നാഴി കൊള്ളുന്ന അഴുവൻ ഇടങ്ങഴിക്ക് രണ്ടും മൂന്നും ഇടങ്ങഴി

അനുബന്ധം - 2

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്

2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (റഫ: എ രജിസ്റ്റർ, ബി.ടി. രജിസ്റ്റർ)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനുമേൽ
തിരുവാണിയൂർ	1718.94	74.7	174	---	264	84	152	327	829	1519	1450	214
	63	91.22	50.67		41.52							
ആകെ												

അവലംബം: കൃഷിഭവൻ - 1995

നെല്ലാണ് കൊയ്ത്തിന് പണം കൊടുത്തിരുന്നത്. എന്നിരുന്നാലും കൊയ്ത്തു കാലത്ത് കർഷകത്തൊഴിലാളികൾക്ക് ഉള്ള ആഹ്ലാദവും ഉത്സാഹവും ഒരു ഉത്സവത്തിന്റെ പ്രതീതിയാണ് കണ്ടുകൊണ്ടിരുന്നതെന്ന് ഇന്ന് ജീവിച്ചിരിക്കുന്ന പ്രായംചെന്ന കർഷകരും കർഷകത്തൊഴിലാളികളും പറയാറുണ്ട്.

ഈ കാലഘട്ടത്തിൽ നെൽകൃഷി ചെയ്യുന്ന പാടത്തിന്റെ മാനദണ്ഡം നിശ്ചയിക്കുന്നത് പറക്കണക്കിലായിരുന്നു. 1 പറ നിലത്തിന്റെ വിസ്തീർണ്ണം 14 സെന്റ് എന്ന തോതിലായിരുന്നു. ഒരു പറ നിലത്തിൽ നിന്നും 8 പറ നെല്ല് കൂടിയ വിളവായിരുന്നു. പുഴു, ചാഴി എന്നീ കൃമികളുടെ ഉപദ്രവം അക്കാലത്തും നേരിട്ടുകൊണ്ടിരുന്നു. ഇന്ന് അത്യുല്പാദന ശേഷിയുള്ള വിത്തുകളും, കൃഷി ഉപകരണങ്ങളും കീടനാശിനികളും ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകളുടെ ഫലമായി ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ളതു യാഥാർത്ഥ്യമാണെങ്കിലും കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം വളരെയേറെ കുറഞ്ഞിരിക്കുന്നു. കൃഷി ലാഭമല്ലാത്തതിനാൽ കൃഷിക്കാർ ഭക്ഷ്യവസ്തു കൃഷിയിൽ വ്യതിചലിച്ച് റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളിലും കൃഷിനിലം നികത്തി കെട്ടിടങ്ങൾ വച്ചും കൃഷിഭൂമി, കുറഞ്ഞു എന്നതു യാഥാർത്ഥ്യം.

രാസവള, കീടനാശിനികളുടെ ഉപയോഗം

രാസവളം					
സഹകരണമേഖല	1992-93		1993-94		1994-95
മാമല എസ്.സി.ബി	35.8 മെ.ടൺ		42.9 മെ.ടൺ		45.6 മെ.ടൺ
എഫ്.എസ്.സി.ബി വടവുകോട്					
സ്വകാര്യ മേഖല					
കെ.ഓ. ജോർജ്					
ഹേർ.ഏ.പൗലോസ്	52 മെ.ടൺ		56.9 മെ.ടൺ		65.8 മെ.ടൺ
സി.ഐ. പൗലോസ്					
കീടനാശിനി	Liquid	Solid	Liquid	Solid	Liquid
എസ്.സി.ബി. മാമല	128 ലി.	1.2 മെ.ടൺ	136 ലി.	1.6 മെ.ടൺ	139
					1.8
കെ.ഓ. ജോർജ്	68.8	0.58മെ.ടൺ	72 ലി.	0.62	82 ലി.
സി.ഐ. പൗലോസ്					0.96

അവലംബം : കൃഷിഭവൻ

നടപ്പുപദ്ധതികളുടെ അവലോകനം

1. സമഗ്രകേര വികസനം

കേരകൃഷിയുടെ വികസനം ലക്ഷ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ തെങ്ങ്കൃഷിക്ക് 66 ശതമാനം സബ്സിഡി നിരക്കിൽ വള: കൊടുക്കുന്നു. 33 ശതമാനം സബ്സിഡി നിരക്കിൽ 2560 രൂപവരെ കിണർ കുഴിക്കുന്നതിനും, പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും ഈ പദ്ധതിപ്രകാരം സഹായം നൽകുന്നു. ഈ ഘടകത്തിന് ബാങ്ക് വായ്പ അനിവാര്യമാണ്. 50 ശതമാനം സഹായധനത്തിൽ പരമാവധി 1000 രൂപ വരെ റോക്കർ സ്പെയർ വാങ്ങുന്നതിനും സബ്സിഡി അനുവദിക്കുന്നുണ്ട്. 1995-96 വർഷത്തിൽ കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 520 തെങ്ങിന് തെങ്ങൊന്നിന് 200 രൂപ സഹായധനം വിതരണം ചെയ്തിരുന്നു. ഈ പദ്ധതിയിൽ 100 ശതമാനം സബ്സിഡി നിരക്കിൽ പട്ടികജാതിയിൽപ്പെട്ട ഒരു കർഷകന് കിണർ കുഴിക്കുന്നതിന് സഹായം അനുവദിക്കുന്നതാണ്.

2. ഗ്രൂപ്പ് ഫാമിംഗ്

ഈ പദ്ധതിപ്രകാരം നെൽകൃഷിക്ക് ഉല്പാദനക്ഷമതയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിനായി നെല്ലുല്പാദക സമിതികൾക്ക് സീഡ് ഗ്രോവർ പദ്ധതിപ്രകാരം സഹായധനം അനുവദിക്കുന്നു. ഇതിനുപുറമേ സമിതികൾക്ക്, പവർട്രില്ലർ, മെതിയന്ത്രം തുടങ്ങിയ യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

3. സമഗ്ര സുഗന്ധവിള വികസന പദ്ധതി

ഈ പ്രദ്ധതിപ്രകാരം, നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, പുതിയ തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മൂന്നു വർഷത്തേക്ക് തുടർച്ചയായ സഹായധനം അനുവദിക്കുന്നതാണ്. കൂടാതെ ഇഞ്ചിക്കും, മഞ്ഞളിനും പ്രദർശന തോട്ടങ്ങൾ നടത്തുന്നതിനും, ജാതി സൃഷിക്കും സഹായധനം അനുവദിക്കുന്നു.

4. നാഷണൽ പ്രോഗ്രാം ഫോർ ബയോഗ്യാസ് ഡവലപ്പ്മെൻറ്

ഈ പദ്ധതിയിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സഹായധനം അനുവദിക്കുന്നു.

5. പ്രത്യേകഘടകപദ്ധതി

ഈ പദ്ധതിപ്രകാരം പട്ടികജാതി/വർഗ്ഗ കർഷകർക്ക് സ്വജന്യമായി നടീൽ വസ്തുക്കൾ, രാസവളം, കിണർ, കയ്യാല, ബയോഗ്യാസ് പ്ലാൻറുകൾ മുതലായവ ചെയ്തുകൊടുക്കുന്നു.

6. പാഡി പ്രൊഡക്ഷൻ ഇൻസെൻറീവ്

ഈ പദ്ധതിപ്രകാരം ഒരു ഹെക്ടർ നെൽകൃഷിക്ക് 250 രൂപപ്രകാരം ഉല്പാദന ബോണസ് അനുവദിക്കുന്നു.

7. സ്കൂൾ വെജിറ്റബിസ് കൾട്ടിവേഷൻ പദ്ധതി

ഈ പദ്ധതിപ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും നന്നായി കൃഷിചെയ്യുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ അനുവദിക്കുന്നതാണ്.

8. പബ്ലിക്ക് പാർട്ടിസിപ്പേഷൻ

ഈ പദ്ധതിപ്രകാരം, കാർഷിക മേളകൾ സെമിനാറുകൾ, കർഷകദിനാഘോഷങ്ങൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കുന്നു.

9. മണ്ണു പരിശോധന

ഈ പദ്ധതിയിൽ കർഷകരുടെ കൃഷിയിടഹ്ങളിൽ നിന്നുള്ള മണ്ണു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് മണ്ണിൻെറ ഫലഭൂയിഷ്ഠത ഉറപ്പാക്കി അതിന് അനുസൃതമായ വളപ്രയോഗങ്ങൾ നിർദ്ദേശിക്കുന്നു.

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (റഫ: എ രജിസ്റ്റർ, ബി.ടി. രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	747.91 ഹെക്ടർ
പുരയിടം	1718.99 ഹെക്ടർ
പുറമ്പോക്ക്	174.5 ഹെക്ടർ
കൃഷിയോഗ്യ തരിശ്	---
കൃഷിയോഗ്യമല്ലാത്ത തരിശ്	---
ആകെ	2641

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്
വിള വിസ്തീർണ്ണവും ഉൽപാദനവും (റഫ: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	610	1708 മെ.ടൺ	

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്
കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ					
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
I	--	2	3	12	16	52	--	--	152
II	--	3	12	16	20	100	--	--	148
III	--	2	10	13	18	82	--	--	129
IV	--	1	15	8	11	80	--	--	132
V	--	4	12	10	12	72	--	--	158
VI	--	2	15	8	9	62	--	--	136
VII	--	2	20	12	16	90	--	--	155
VIII	--	1	10	14	21	82	1	--	142
IX	--	2	9	12	17	70	--	--	138
X	--	1	12	14	18	83	--	--	146

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്
കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകർഷകർ (2 ഹെക്ടറിനു മുകളിൽ)
I	322	129	21
II	318	121	24
III	328	125	29
IV	314	132	25
V	336	126	16
VI	321	118	18
VII	319	123	32
VIII	317	134	14
IX	321	129	18
X	322	133	17

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്
നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	600	733	430
കശുമാവ്	---	---	---
കുരുമുളക്	2400	2400	9000
കവുങ്ങ്	---	480	---

അവലംബം: കൃഷിഭവൻ രജിസ്റ്റർ

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്
ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വർശച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1993-94	201.0 കി. വിത്ത്	--	--	--	71	33038
1994-95	510 കി. ജോതിവിത്ത്	--	--	--	--	--
1995-96	--	--	--	--	89	43725

അവലംബം: കൃഷിഭവൻ രജിസ്റ്റർ

വിളകൾ

നമ്പർ	വിള	വിസ്തീർണ്ണം	ഉൽപ്പാദനം (ഹെക്ടർ)	ഉൽപ്പാദനക്ഷമത (ഹെക്ടർ)	മൊത്തം ഉൽപ്പാദനം
1.	നെല്ല് ഒന്നാംവിള	610 ഹെ	2.8 മെ.ടൺ	3.5 മെ.ടൺ	1708 മെ.ടൺ
	രണ്ടാം വിള	610 ഹെ	2.7 മെ.ടൺ	3.3 മെ.ടൺ	1647 മെ.ടൺ
	മൂന്നാം വിള	328 ഹെ	2.32 മെ.ടൺ	3 മെ.ടൺ	760.9 മെ.ടൺ
2.	നാളികേരം	638 ഹെ	4800 എണ്ണം	9800 എണ്ണം	3062400 എണ്ണം
3.	കപ്പ	123 ഹെ	15 മെ.ടൺ	26 മെ.ടൺ	1845 മെ.ടൺ
4.	കുരുമുളക്	92 ഹെ	3.28 മെ.ടൺ	6.25 മെ.ടൺ	294.4 മെ.ടൺ
5.	ഗ്രാമ്പൂ	12 ഹെ	500 കിലോ	1.250 കിലോ	6 മെ.ടൺ
6.	ജാതിക്കാ	5 ഹെ	250 കിലോ	800 കിലോ	1.25 മെ.ടൺ
7.	മഞ്ഞൾ	12 ഹെ	3.7 മെ.ടൺ	7 മെ.ടൺ	44.4 മെ.ടൺ

നമ്പർ	വിള	വിസ്തീർണ്ണം	ഉൽപ്പാദനം (ഹെക്ടർ)	ഉൽപ്പാദനക്ഷമത (ഹെക്ടർ)	മൊത്തം ഉൽപ്പാദനം
8.	ഇഞ്ചി	18 ഹെ	3.48 മെ.ടൺ	7.5 മെ.ടൺ	62.64 മെ.ടൺ
9.	കൊക്കൊ	10 ഹെ	540 കിലോ	1200 കിലോ	5.4 മെ.ടൺ
10.	എള്ള്	4 ഹെ	450 കിലോ	800 കിലോ	1.8 മെ.ടൺ
11.	പയർ	48 ഹെ	13 മെ.ടൺ വെജി. പൾസ്	28 മെ.ടൺ വെജി.പൾസ്	624 മെ.ടൺ വെജി.പൾസ്
12.	പച്ചക്കറികൾ	138 ഹെ	12 മെ.ടൺ	20 മെ.ടൺ	1656 മെ.ടൺ
13.	ഏത്തക്കായ്	120 ഹെ	15 മെ.ടൺ	22 മെ.ടൺ	1800 മെ.ടൺ
14.	പൈനാപ്പിൾ	50 ഹെ	24 മെ.ടൺ	36 മെ.ടൺ	1200 മെ.ടൺ
15.	റബ്ബർ	1010 ഹെ	1.7 മെ.ടൺ	2.8 മെ.ടൺ	1717 മെ.ടൺ
16.	കശുവണ്ടി	4 ഹെ	700 കിലോ	1500 കിലോ	2.8 മെ.ടൺ
17.	അടയ്ക്ക	30 ഹെ	6.25 മെ.ടൺ	12.5 മെ.ടൺ	187.5 മെ.ടൺ
18.	വെറ്റില	1.5 ഹെ	1800 കാശി വെറ്റില	32000 കാശി വെറ്റില	27000 കാശി വെറ്റില
19.	ചെന, കാച്ചിൽ	12 ഹെ	7.5 മെ.ടൺ	16 മെ.ടൺ	90 മെ.ടൺ

തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
I	52.8 H	3696	5544	9240	1663	---	420	48	1312	3423
II	50.6 H	2430	5666	8096	1620	---	320	26	1470	3436
III	42.0 H	2352	4368	6720	1344	---	168	19	1180	2711
IV	46.5 H	2604	5236	7440	1448	---	126	14	1526	3114
V	62.4 H	3993	5991	9984	1497	---	208	12	1392	3109
VI	38.0 H	2128	3972	6080	1520	---	140	10	1290	2960
VII	65.0 H	4160	6230	10400	31200	---	216	17	1600	5353
VIII	62.8 H	3980	6068	10048	2480	---	120	25	1490	9115
IX	64.0 H	3584	6656	10240	2390	---	139	21	1518	4068
X	66.0 H	3680	6880	10560	2470	--	128	25	1680	4303

അവലംബം : കൃഷിഭവൻ 1995

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം	എസ്റ്റിമേറ്റ് തുക
1.	മറ്റക്കുഴി ക്രോസ് ബാർ	12 ഹെ	1,99,759.00
2.	പറമ്പാത്തു താഴം - ആറാട്ടിത്താഴം തോട്ടിൽ ക്രോസ്സ് ബാർ	6.5 ഹെ	51,903.00
3.	മണലോടി ക്രോസ്സ് ബാർ	20 ഹെ	2,00,000.00
4.	മങ്ങാട്ടുതാഴം - കവലീശ്വരം തോട്കെട്ട്	19 ഹെ	3,98,000.00
5.	കട്ടച്ചിറ ക്രോസ്സും ബാർ റിപ്പയർ	15 ഹെ	85,000.00
6.	ലിഫ്റ്റ് ഇറിഗേഷൻ നെടയികണ്ടം ഹരിജൻ കോളനി	14 ഹെ ആർ 45 ച: മീ	4,00,000.00
7.	മണമേൽ താഴം ചീപ്പ്, ക്രോസ്സ് ബാർ	15 ഹെ	3,50,000.00
8.	ചിങ്ങപുരത്തു താഴം - ചീപ്പ്, റാമ്പ്, നടപ്പാലം	---	---
9.	അജ്ഞനമേലിൽ താഴം ചീപ്പ്, റാമ്പ്	---	---
10.	ചാപ്പുരത്താഴം - റാമ്പ്, നടപ്പാലം		
11.	മുഴിപ്പാട് ചീപ്പ്, റാമ്പ്, നടപ്പാലം		
12.	ഇഞ്ചിപ്പറമ്പിൽ താഴം, ചീപ്പ്		
13.	അവുങ്ങാട് ചീപ്പ്, റാമ്പ്, നടപ്പാലം		
14.	തച്ചുകുളങ്ങര ചീപ്പ്, റാമ്പ്, നടപ്പാലം		
15.	കീളേത്തു താഴം - ചീപ്പ്, റാമ്പ് നടപ്പാലം		
16.	കളപ്പാമറ്റം ചീപ്പ്, റാമ്പ്, നടപ്പാലം		
17.	പെരുമ്പിള്ളിത്താഴം ചീപ്പ്, റാമ്പ് നടപ്പാലം		
18.	കട്ടേപ്പാടം ചീപ്പ്, റാമ്പ്, നടപ്പാലം		
19.	പിണ്യാലിമ്യാലിൽ താഴം ചീപ്പ്, റാമ്പ്, നടപ്പാലം		
20.	തേവേലിത്താഴം ചീപ്പ്, റാമ്പ്		
21.	പ്ലാക്കിച്ചിറ ചീപ്പ്		
22.	അടിച്ചിറ ചീപ്പ്, റാമ്പ് (ചെമ്മനാട്)		
23.	വെണ്മണി-പൈനാത്തുതാഴം ചീപ്പ്, റാമ്പ്		
24.	കാറുള്ളിത്താഴം ചീപ്പ്, റാമ്പ്		
25.	മുണ്ടേലി-മുക്കാലിത്താഴം ചീപ്പ്, റാമ്പ്		
26.	ഞാറക്കൽ താഴം നടപ്പാലം		
27.	എടത്താല താഴം ചീപ്പ്, റാമ്പ്		
28	പൊന്നേത്തുതാഴം ചീപ്പ്, റാമ്പ്		

നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം	എസ്റ്റിമേറ്റ് തുക
29.	പണിക്കരുപടി താഴം, ചീപ്പ്, റാമ്പ്		
30.	കൊമ്പനാൽ ചീപ്പ് (ചെമ്മനാട്)		
31.	മുത്തനാട്ടേൽ താഴം ചീപ്പ്		
32.	ശീമേലി, ചീപ്പ്, റാമ്പ് (ചെമ്മനാട്)		
33.	ആറാടിത്താഴം ചീപ്പ്, റാമ്പ്		
34.	കംഭപ്പിള്ളി ചീപ്പ്, റാമ്പ്		
35.	തട്ടുപാലം ചീപ്പ്, റാമ്പ്		
36.	കട്ടിച്ചിറ ചീപ്പ്, റാമ്പ്		
37.	മരങ്ങാട് ചീപ്പ്		
38.	ചുണ്ടാങ്കുഴി താഴം നടപ്പാലം		
39.	കട്ടോകരതാഴം നടപ്പാലം		
40.	മുക്കാലിത്താഴം നടപ്പാലം		
41.	മനക്കമൂല താഴം ക്രോസ്ബാർ		
42.	മ്യാലിൽപുര താഴം റാമ്പ്		
43.	മുരിയമംഗലം ചോറ്റാനിക്കര റോഡിൽ പാലവും, റാമ്പും		
44.	പുലയത്തു താഴം നടപ്പാലം		
45.	തയ്ക്കാട്ട് താഴം ചീപ്പ്		
46.	കോളുരത്തി താഴത്ത് റാമ്പ്		
47	കളപ്പാമറ്റം മുട്ടുങ്കൽ റാമ്പും പാലവും		
48.	തൊഴുള്ളപാട്ട് കോളനി താഴം		
49.	കോയിക്കരചിപ്പ്		

അവലംബം : ഗ്രാമസഭ റിപ്പോർട്ട്

പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

നമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം
1.	കോക്കാപ്പിള്ളി (തോടുകെട്ട്)	1995-96	1996-97	1,96,881.00	12 ഹെ 96 ആർ
2.	ക്രോസ്സ് ബാർ കുഭപ്പിള്ളി	1995-96	1996-97	4,68,680.00	102.22 ഹെ

അവലംബം : ചെറുകിട ജലസേചനം

നടപ്പാക്കാൻ ഉദ്ദേശിയ്ക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

നമ്പർ	പദ്ധതിയുടെ പേര്	വിസ്തീർണ്ണം	ഉദ്ദേശിക്കുന്ന ചിലവ്
1.	മനയ്ക്ക നിരപ്പ് ഹരിജൻ കോളനി (വാർഡ് 1)	25 ഹെ	5 ലക്ഷം
2.	വെട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (വാർഡ് 3) (ഐ.എച്ച്.ഡി.പി. കോളനി)	80 ഹെ	30 ലക്ഷം
3.	കുഴിയറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (വാർഡ് 4)	40 ഹെ	10 ലക്ഷം
4.	വല്ലുളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ	50 ഹെ.	10 ലക്ഷം

നമ്പർ	പദ്ധതിയുടെ പേര്	വിസ്തീർണ്ണം	ഉദ്ദേശിക്കുന്ന ചിലവ്
5.	മുരിയമംഗലം അമ്പലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (വാർഡ് 5)	50 ഹെ	20 ലക്ഷം
6.	പുത്തൻപുരയ്ക്കൽ ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി	20 ഹെ	4 ലക്ഷം
7.	പഴയിടത്തു ചിറ പദ്ധതി	20 ഹെ	4 ലക്ഷം
8.	മരുതനാമൂല ചിറ പദ്ധതി	40 ഹെ	8 ലക്ഷം
9.	ചെമ്മനാട് വലിയതോട് പദ്ധതി	50 ഹെ	10 ലക്ഷം
10.	മേപ്പാടത്തു ചിറ പദ്ധതി (വാർഡ് 1, 2)	20 ഹെ	4 ലക്ഷം
11.	ചീരംകുഴി ചിറ പദ്ധതി	40 ഹെ	8 ലക്ഷം
12.	ചിറക്കാമൂല	10 ഹെ	5 ലക്ഷം

അവലംബം : ഗ്രാമസഭ റിപ്പോർട്ട്

ചെറുകിട ജലസേചനതോടുകൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	തോടിന്റെ പേര്	ആകെ നീളം	വീതി (മീറ്ററിൽ)	സംരക്ഷിക്കപ്പെടേണ്ട തോടിന്റെ നീളം	തൻവർഷം ചിലവഴിച്ച തുക	
1.	വട്ടക്കുഴി-ചെമ്മനാട്-കുഞ്ഞിപ്പിള്ളി മാമല വലിയതോട്	10 കി.മീ.	25 മീ.	1 കി.മീ	ഇല്ല	വീതികൂട്ടി സൈഡ് കെട്ടി വെള്ളക്കെട്ട് ഒഴിവാക്കുക
2.	പറമ്പാത്തുതാഴം-കക്കുഴി-മൂന്നാം തോട്	5 കി.മീ	6 മീ	ഇല്ല	ഇല്ല	,,
3.	ഞാറക്കാട്-കക്കുഴി-മൂന്നാംതോട്	2 കി.മീ	3 മീ	ഇല്ല	ഇല്ല	,,
4.	വെട്ടിക്കൽ-കളകളപ്പാമറ്റം	3 കി.മീ	3 മീ	ഇല്ല	ഇല്ല	,,
5.	പെരുഹമറ്റം - കുപ്പേത്താഴം -	2 കി.മീ	3 മീ	ഇല്ല	ഇല്ല	,,
6.	മൂന്നാംതോട് - കട്ടേപാടം	2 കീ.മീ.	3 മീ.	ഇല്ല	ഇല്ല	,,
7.	ആയ്ക്കരം കുന്ന നിന്നും ആരംഭിച്ച് മുരിയമംഗലം-മങ്ങാട്ട് തോട് കൗലീശ്വരം വരെ	5 കി.മീ	5 മീ	ഇല്ല	ഇല്ല	,,
8.	മറ്റക്കുഴി-വെണ്മണി-ചിത്രപ്പുഴ തോട്	3 കി.മീ	3 മീ	ഇല്ല	ഇല്ല	,,
9.	കോക്കാപ്പിള്ളി-മുരിയമംഗലം-അരികുതോട് മാമല കൗലീശ്വരം വരെ	5 കി.മീ	5 മീ	ഇല്ല	ഇല്ല	,,
10.	മരതനാ മൂലത്തോട്	1 കി.മീ	3 മീ	ഇല്ല	ഇല്ല	,,
11.	മോനിപ്പിള്ളി-വെങ്കിട തോട്	1.5 കി.മീ	3 മീ	ഇല്ല	ഇല്ല	,,
12.	പാമ്പോട്ടിത്താഴം-കുഞ്ഞിപ്പിള്ളി	1 കി.മീ	2 മീ	ഇല്ല	ഇല്ല	,,
13.	തേരേടത്തു താഴത്തു നിന്നും	1 കി.മീ	2 മീ	ഇല്ല	ഇല്ല	,,

നമ്പർ	തോടിന്റെ പേര്	ആകെ നീളം	വീതി (മീറ്ററിൽ)	സംരക്ഷിക്കപ്പെടേണ്ട തോടിന്റെ നീളം	തൻവർഷം ചിലവഴിച്ച തുക	
14.	മോറ്റിപ്പാലത്തു നിന്നും മൂത്തനട്ടേൽ താഴം തോട്	3/4 കി.മീ	2 മീ	ഇല്ല	ഇല്ല	,,
15.	ചളക്കൽ താഴം - മങ്ങാട്ട് തോട്	3/4 കി.മീ	2 മീ	ഇല്ല	ഇല്ല	,,
16.	പുറവടിയ്ക്കൽ താഴം - കുരാപ്പിള്ളിത്താഴം തോട്	0.5 കി.മീ	2 മീ	ഇല്ല	ഇല്ല	,,
17.	പരപ്പനാട്ട് ചിറയിൽനിന്ന് മാലാച്ചിറ വഴി വലിയ തോട്ടിൽ ചേരുന്ന തോട്	1 കി.മീ	2 മീ	ഇല്ല	ഇല്ല	,,
18.	മുളക്കത്താഴത്ത്നിന്ന് മറ്റക്കുഴി പാടത്തു കൂടി പോകുന്ന തോട്	1 കി.മീ	2 മീ	ഇല്ല	ഇല്ല	,,
19.	മുണ്ടോക്കുഴി ചിറയിൽനിന്ന് വരുന്ന തോട്	1 കി.മീ	2 മീ	ഇല്ല	ഇല്ല	,,
20.	പെരുവാമറ്റം-കട്ടേപ്പാടം തോട്	1.5 കി.മീ	2 മീ	ഇല്ല	ഇല്ല	,,
21.	എളക്കാട്ടിത്താഴം - ചെത്തിക്കോട്ട് താഴം തോട്	1 കി.മീ	1.5 മീ	ഇല്ല	ഇല്ല	,,
22.	മൂന്നരതോട്-കുംഭപ്പിള്ളി വലിയതോട്	1.5 കി.മീ	10 മീ	ഇല്ല	ഇല്ല	,,
23.	അടിയാക്കൽ പുഞ്ചയുടെ അരികുതോട്	1.5 കി.മീ	5 മീ	ഇല്ല	ഇല്ല	,,
24.	ചെള്ളക്കുടി താഴം-തായ്ക്കാട്ട് കീളേത്തു താഴം വരെ	1 കി.മീ	3 മീ	ഇല്ല	ഇല്ല	,,
25.	പാട്ടുള്ളിത്താഴം-കുപ്പേത്താഴം	കി.മീ	2 മീ	ഇല്ല	ഇല്ല	,,

അവലംബം : ഗ്രാമസഭ റിപ്പോർട്ട്

ചിറകൾ

നമ്പർ	പേര്	വിസ്തീർണ്ണം
1.	ചേന്നനചിറ	4 ആർ
2.	കാവിക്കുളം ചിറ	10 ആർ
3.	കുത്തുകുളം ചിറ	3 ആർ
4.	മേപ്പാടത്തു ചിറ	10 ആർ
5.	വല്ല്യേലി ചിറ	8 ആർ
6.	കളരിക്കൽ ചിറ	15 ആർ
7.	ഈഷികാവ് ചിറ	8 ആർ
8.	കോതക്കുഴി ചിറ	15 ആർ
9.	പമ്പോട്ടി ചിറ	25 ആർ

നമ്പർ	പേര്	വിസ്തീർണ്ണം
10.	മുരിയമംഗലം അമ്പലച്ചിറ	25 ആർ
11.	തൊണ്ടിക്കുളം ചിറ	10 ആർ
12.	പുത്തൻപുര ചിറ	10 ആർ
13.	പഴയിടത്തു ചിറ	20 ആർ
14.	മുണ്ടോക്കുഴി ചിറ	15 ആർ
15.	മാലാച്ചിറ	20 ആർ
16.	ചിറക്കടമൂല ചിറ	15 ആർ
17.	പൊത്തനക്കുഴി ചിറ	15 ആർ
18.	മരുതനാമൂല ചിറ	30 ആർ
19.	നടുക്കുളം	5 ആർ

നമ്പർ	പേര്	വിസ്തീർണ്ണം
20.	ഭഗവതിക്കുളം	4 ആർ
21.	ഞാറേലിക്കുളം	8 ആർ
22.	ആനിക്കുളം	5 ആർ
23.	എത്തച്ചിറ	60 ആർ
24.	പുതയാണത്ത് ചിറ	15 ആർ

നമ്പർ	പേര്	വിസ്തീർണ്ണം
25.	വടക്കും കര ചിറ	3 ആർ
26.	നായ്ക്കാട്ടിക്കുളം	5 ആർ
27.	ചമ്പിലിക്കുളം	3 ആർ
28.	ചീരങ്കുഴിക്കുളം	10 ആർ
29.	അയനാൽ ചിറ	8 ആർ

പ്രശ്നങ്ങൾ

1. മണ്ണിന്റെ ഫലപുഷ്ടി പാടത്തെ അപേക്ഷിച്ച് പുരയിടങ്ങളിൽ കൂടുതലുണ്ട് എന്നാൽ മല പ്രദേശങ്ങളിൽ കുറവാണ്.

2. കൃഷി ചെയ്യാവുന്ന മുഴുവൻ ഭൂമിയും കൃഷി ചെയ്യുന്നില്ല. വിശേഷിച്ച് നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങൾ തരിശിട്ടും നികത്തി പുരയിടങ്ങളാക്കിയും കൃഷിസ്ഥലം കുറഞ്ഞുകൊണ്ടിരിക്കുന്നു.

3. മണ്ണൊലിപ്പ് മലകളിൽ നിന്നും ചരിഞ്ഞ പുരയിടങ്ങളിൽ നിന്നും മണ്ണൊലിപ്പ് ഏറെ ദോഷം ചെയ്യുന്നു.

4. ജലസേചന സൗകര്യം പെരിയാർ വാലി പദ്ധതി മൂലം കുറെ പരിഹരിച്ചിട്ടുണ്ട് എന്നു വരികിലും എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തുന്നില്ല. പ്രകൃതിയുടെ നീരുറവകളും ചിറകളും കുളങ്ങളും മണ്ണൊലിപ്പ് വന്നു നികന്നും സംരക്ഷണമില്ലാതെയും നശിച്ചുകൊണ്ടിരിക്കുന്നു.

5. കൃഷിതൊഴിലിന് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടും കൂലികൂടുതലും ഉല്പാദനക്കുറവും മൂലം കൃഷിക്കാർ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങൾ നികത്തി കെട്ടിടങ്ങൾ വയ്ക്കുകയും പുരയിടങ്ങളാക്കുകയും ചെയ്തുവരുന്നു.

6. സ്ഥിരമായി കൃഷിചെയ്യാറുണ്ടായിരുന്ന പാടശേഖരങ്ങൾ വെള്ളക്കെട്ട് മൂലവും തൊഴിലാളികളുടെ അപര്യാപ്തതമൂലവും പാടശ്ശേഖരങ്ങളിൽ ആധുനിക കൃഷി ഉപകരണങ്ങൾ എത്തിക്കാൻ കഴിയാഞ്ഞതു മൂലവും തിരിശിടുന്നു.

7. കീടബാധ, പുഴു, ചാഴി, തണ്ടുതുരപ്പൻ മുതലായവയുടെ ശല്യം മൂലം കൃഷിനാശം സാധാരണയായി ഉണ്ടാകാറുണ്ട്.

8. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഒരു പരിധി കഴിയുമ്പോൾ സങ്കര ഇനങ്ങളായി മാറുന്നതുകൊണ്ട് അതിന്റെ പ്രയോജനം കൃഷിക്കാർക്ക് കിട്ടുന്നില്ല. നല്ലയിനം വിത്തുകൾ സമയത്തു കിട്ടുന്നില്ല.

9. ജല നിർഗ്ഗമന സൗകര്യത്തിന്റെ അപര്യാപ്തത മൂലം നെൽകൃഷി പാടശ്ശേകരങ്ങളിൽ വെള്ളക്കെട്ട് മൂലം കൃഷിനാശം സംഭവിക്കുന്നതു സാധാരണയാണ്.

10. സഹകരണാടിസ്ഥാനത്തിലും ഓരോ സമയത്തും കൃഷി ഇറക്കലും പരിചരണങ്ങളും ചെല്ലാത്തതിനാൽ ഉല്പാദനം കുറവാണ്.

11. ജൈവവളങ്ങൾ ലഭ്യതക്കുറവും, അമിതമായ വർദ്ധനവും മൂലം ജൈവവളപ്രയോഗം കുറയുന്നതുകൊണ്ട് മണ്ണിന്റെ ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു.

12. കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്ന തിന് തൊഴിലാളികൾ തയ്യാറാകുന്നില്ല. പ്രത്യേകിച്ച് അഭ്യസ്ഥവിദ്യരായ യുവജനങ്ങൾ മണ്ണിനോട് പണി എടുക്കാൻ വിമുഖത കാട്ടുന്നതുകൊണ്ട് കാർഷികരംഗത്ത് തൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരുന്നു.

13. കൃഷി ആയി ബന്ധപ്പെട്ടുള്ള കൂലി നിലക്കല്ല കർഷകത്തൊഴിലാളികൾ ആവശ്യപ്പെടുന്നത്. പഴയകാലങ്ങളിൽ നെൽകൃഷിക്ക് കൂലി ഉല്പന്നം തന്നെ ആയിരുന്നു. കർഷക തൊഴിലാളിയും വ്യവസായ തൊഴിലാളിയുടെ നിലയിൽ ആനുകൂല്യത്തിനുവേണ്ടി ശ്രമിക്കുന്നു,

14. നെൽകൃഷിക്ക് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളുപയോഗിക്കുന്ന നടീൽ യന്ത്രവും കൊയ്ത്തു യന്ത്രവും ഈ പ്രദേശത്തു പ്രായോഗികമല്ല.

കൂടാതെ മെതിയന്ത്രം, ട്രില്ലർ, ട്രാക്ടർ, സ്പേയർ മുതലായ ഉപകരണങ്ങൾ കൃഷിക്കാലത്ത് സമയത്തു കിട്ടാനില്ല.

15. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചിലവുമായി താരതമ്യപ്പെടുത്താൻ കഴിയുന്ന ഒരു വില ഉല്പന്നങ്ങൾക്ക് ഒരിക്കലും കിട്ടുന്നില്ല. വിശേഷിച്ച് നെല്ല് ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക്.

16. കാർഷിക ഉല്പന്നങ്ങൾ ഉല്പാദന സമയത്ത് വാങ്ങുന്നതിനും സംഭരിക്കുന്നതിനും പൊതുമേഖല സംവിധാനമില്ലാതിനാൽ വിളവെടുപ്പ് കാലത്ത് വില വളരെ കുറയുകയും അതിനുശേഷം അമിതമായി വിലവർദ്ധിക്കുകയും ചെയ്യുന്നു.

17. കൃഷിഭവനിൽ നിന്നും കഴിഞ്ഞകാലത്ത് ലഭിച്ചു കൊണ്ടിരുന്ന, കൃഷി ഉദ്യോഗസ്ഥർ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുകയും കൃഷി രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും കൃഷിക്കാരനെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിരുന്ന പദ്ധതി ഇല്ല. ആയതു വളരെയേറെ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ കൃഷിഭവനിൽ നിന്നുള്ള സഹായങ്ങൾ വളരെ അപര്യാപ്തമാണ്.

18. നിലവിലുള്ള ജലസേചനപദ്ധതികൾ തന്നെ ഉദ്യോഗസ്ഥന്മാരുടെ സൗകര്യത്തിന് നടത്തുന്ന പദ്ധതി ആയതിനാൽ കൃഷിക്ക് പ്രയോജനം ലഭിക്കുന്നില്ല.

19. വായ്പാ സൗകര്യം ആവശ്യത്തിനും സമയത്തിനും കൃഷിക്കാരന് ലഭിക്കാത്തതിനാൽ സമയാസമയങ്ങളിൽ കൃഷി ഇറക്കാനും വള പ്രയോഗം നടത്താനും സാധിക്കുന്നില്ല.

20. ഉല്പാദന സംസ്ക്കരണത്തിന് സൗകര്യങ്ങളില്ലാത്തതിനാൽ വിളവെടുപ്പ് കാലത്ത് നശിച്ചുപോവുന്നതും സംസ്കരണത്തിന് സൗകര്യം ഉണ്ടായാൽ ലാഭകരമാക്കാവുന്നതുമായ വയ്ക്കോൽ, തേങ്ങാ, ചകിരി തുടങ്ങിയുള്ള അസംസ്കൃത സാധനങ്ങളായി വിനിയോഗിക്കാവുന്നതാണ്.

21. കൃഷിഭവൻ പഞ്ചായത്തുപ്രദേശത്തെ എല്ലാ ജനങ്ങൾക്കും എത്തിച്ചേരാൻ കഴിയുന്ന യാത്രാസൗകര്യമുള്ള പഞ്ചായത്ത് ആസ്ഥാനം സ്ഥിതിചെയ്യുന്ന തിരുവാണിയൂരിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

22. വാട്ടർ ഷെഡ് പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

23. കൃഷിക്കാർക്ക് പെൻഷൻ പദ്ധതി ഉദാരമാക്കുകയും അഭ്യസ്ഥവിദ്യരായ കൃഷിക്കാർക്ക് കൃഷിയുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിക്കുവാൻ ഉദാരമായി വായ്പ നല്കേണ്ടതുമാണ്.

സാദ്ധ്യതകൾ

ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലെയും ഏറ്റവും രൂക്ഷമായ കാർഷിക പ്രശ്നമാണ് കർഷകത്തൊഴിലാളികളുടെ അപര്യാപ്തത എന്ന കണ്ടെത്തി കാർഷികവൃത്തി ആദായകരവും ആകർഷണീയവും സമൂഹത്തിന്റെ മാന്യമായ അംഗീകാരവും സത്പ്രശ്രദ്ധയും പതിയേണ്ടതുമായ ഒരു മേഖലയാണ്. ആയതിലേക്ക് കർഷകത്തൊഴിലാളികളെ ആകർഷിക്കുന്നതിനുവേണ്ടി തൊഴിൽ സ്ഥിരതയും, പ്രാഥമിക ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വേതനവും, ഉറപ്പുവരുത്തുകയും വേണം. ആവശ്യമെങ്കിൽ കൂടുതൽ യുവതീയുവാക്കൾക്ക് പ്രാദേശികമായ ലഭ്യതയനുസരിച്ച് സാങ്കേതികപരിശീലനം നല്കി ഈ രംഗത്ത് ഒരു പുത്തൻ ഉണർവു സൃഷ്ടിക്കപ്പെടേണ്ടതാണ്.

ഈ വിഷയത്തിൽ ഓരോ വാർഡിലെയും പഞ്ചായത്തുമെമ്പർമാർ, കർഷകർ തുടങ്ങിയ ആളുകളുടെ നേതൃത്വത്തിൽ വൻപ്രചാരണവും ചർച്ചക്ലാസ്സുകളും സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

ലഭ്യമായ മുഴുവൻ കർഷകത്തൊഴിലാളികളുടെയും അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുകയും, അവരെ അതാതു വാർഡുകളിലെ കർഷകത്തൊഴിലാളി സേനയായി രജിസ്റ്റർ ചെയ്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ ചുരുങ്ങിയത് വർഷത്തിൽ 300 ദിവസം തൊഴിൽ ദിനങ്ങൾ ഒരു തൊഴിലാളിക്ക് ലഭിക്കത്തവിധം ഉള്ള ക്രമീകരണങ്ങൾ അതാതു പ്രദേശത്തെ കർഷക സിതികൾ ചെയ്തുകൊടുക്കേണ്ടതാണ്. ഇതിലേക്കായി പഞ്ചായത്തു തലത്തിൽ ഒരു കർഷകത്തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ കർഷകത്തൊഴിലാളികളെയും ഈ സൊസൈറ്റിയിൽ ഒരു നേരിയ അംഗത്വഫീസോടുകൂടി അംഗങ്ങളാക്കുകയും, അവരുടെ ജോലിസ്ഥിരത, വേതനം തുടങ്ങിയവ ഏകീകരിച്ച് തൊഴിലാളിക്ഷേമം ഉറപ്പുവരുത്തേണ്ടതുമാണ്.

ഇപ്പോൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്ന നെല്ലു ഉലംപാദനസമിതി, കേരവികസന സമിതി,കേരവികസന സമിതി, കുരുമുളകു സംരക്ഷണ സമിതി തുടങ്ങി ഈ രംഗത്തുള്ള എല്ലാ വികസന സമിതികളും ഏകോപിപ്പിക്കുകയും വാർഡിൽ ഒരു കർഷകസമിതിയായി രൂപീകരിക്കേണ്ടതുമാണ്. കാർഷിക മേഖലയിലുള്ള എല്ലാ സർക്കാർ ആനുകൂല്യങ്ങളും ഈ സമിതിയുടെ നിർദ്ദേശവും ഉപദേശവും അനുസരിച്ച് അതിൽ അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഇങ്ങനെ എല്ലാ അർത്ഥത്തിലും പ്രവർത്തിക്കുന്ന ഈ സമിതികൾ ആതാതു പ്രദേശത്തെ തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും തൊഴിലും, വേതനവും,'കർഷക തൊഴിലാളി സൊസൈറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഉറപ്പുവരുത്തേണ്ടതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് കൃഷി ഒരു വ്യവസായമായിക്കണ്ട് ഇ.എസ്.ഐ ആനുകൂല്യങ്ങൾ, ഇൻഷുറൻസ്, പെൻഷൻ മുതലായവ ഗവൺമെൻറ് ഉറപ്പു വരുത്തേണ്ടതുമാണ്.

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത

ഈ പഞ്ചായത്തിലെ പ്രമുഖജലസേചന സൗകര്യം പെരിയാർ വാലി ഇറിഗേഷൻ പ്രൊജക്ടാണ്. ഇറിഗേഷൻ കനാലുകളും മെയിൻ കനാലും സബ്ബ് കനാലും ഉൾപ്പെടെ സമയസമയങ്ങളിൽ വെള്ളം വിടാത്തതുകൊണ്ടും അനവസരങ്ങളിൽ വെള്ളംവിട്ടും കൃഷികൾ ഉണങ്ങിയും അനാവശ്യമായ വെള്ളക്കെട്ടുക്കൊണ്ടും ഉണ്ടാകുന്ന നാശത്തെയാണ് ഇപ്പോൾ കർഷകർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രവണത കർഷകർക്ക് കനത്ത നഷ്ടവും നിരാശയുമാണ് വരുത്തിവെക്കുന്നത്. അതുകൊണ്ട് ഇറിഗേഷൻ അധികാരികൾ അതാതു വാർഡുകളിലെ കർഷക സമിതികളുമായി കാലകാലങ്ങളിൽ ബന്ധപ്പെട്ടുകയും കൃഷിക്കാരുടെ ആവത്തിനും അഭിഷ്ടത്തിനും അനുസരിച്ച് കനാലിൻെറ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും വെള്ളം വിടുകയോ വിടാതിരിക്കുകയോ ചെയ്യേണ്ടതുമാണ്. ഈ രംഗത്തുണ്ടാകുന്ന പരാതികളും വിമർശനങ്ങളും പഞ്ചായത്തു കമ്മറ്റി ഗൗരവമായി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്തു പ്രശ്നപരിഹാരം ഉണ്ടാക്കേണ്ടതുമാണ്.

നിലവിൽ പണിപൂർത്തിയായതും നാളിതുവരെ വെള്ളം എത്താതുമായ പുത്തൻകുരിശു-കോക്കാപ്പിള്ളി ലോവൽ കനാൽ ഉടനടി കമ്മീഷൻ ചെയ്തു ആ പ്രദേശത്തു കൃഷിക്കാരുടെ പ്രശ്നം പരിക്കേണ്ടതുമാണ്.

പെരിയാർ വാലി കനാലിൻെറ ആയക്കെട്ട് ഏരിയായിൽ ഉൾപ്പെടാത്ത തിരുവാണിയൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾക്കും ഉദാഹരണമായ നീറാംമുകൾ, മനയ്ക്കനിരപ്പ്, മെമ്മേലി, തെക്കിൻ ചേരി, നെടിയകണ്ടം, അത്താണി, വെട്ടിക്കൽ, കമ്പനിമല, ഇലക്ട്രോഗിരി, കണ്ണ്യാട്ട് നിരപ്പ്, കക്കാട്, ശാസ്താംമുകൾ, മറ്റക്കുഴി, മുരുയമംഗലം, വെണ്മണി, കോക്കാപ്പിള്ളി,ഊന്നുകല്ല് നിരപ്പ്, മോനിപ്പിള്ളി ചെറുകുന്നു തുടങ്ങിയ പ്രദേശങ്ങളിൽ കമ്മ്യൂണറ്റി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കി കൃഷിക്കു ജലസേചനവും കുടിവെള്ളവും ലഭ്യമാക്കേണ്ടതാണ്.

അനധികൃതമായി നെൽപാടങ്ങൾ നികത്തൽ

നെൽവയലുകളിൽ മണ്ണിട്ട് നികത്തി, പറമ്പുകളാക്കിയും കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത ഈ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും കണ്ടുവരുന്നു. 1980 കാലഘട്ടത്തിൽ 700-ൽ അധികം ഹെക്ടർ നിലത്തു നെൽകൃഷി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് 600 ഹെക്ടറിൽ താഴെയാണ് എന്നുള്ളതാണ് യാഥാർത്ഥ്യം. തന്മൂലം നെല്ലുല്പാദനം കുറയുക മാത്രമല്ല കൃഷിക്കാരുടെ ഉപതൊഴിലായ മൃഗസംരക്ഷണത്തെയും ഇത് സാരമായി ബാധിച്ചു. അതുകൊണ്ട് ഇപ്പോൾ നിലവിലുള്ള നിയമം കർശനമായി നടപ്പാക്കി ഇനി അവ ശേഷിച്ചിട്ടുള്ള പാടശേഖരങ്ങളെങ്കിലും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിലേക്കായി നെൽകൃഷിയുടെ പ്രാധാന്യത്തെപ്പറ്റി കർഷകരെ അടിയന്തിരമായി ബോധവൽക്കരിക്കുകയും അതോടൊപ്പം ഇപ്പോൾ ഗവൺമെൻറ് നല്കിവരുന്ന നാമമാത്രമായ ആനുകൂല്യങ്ങൾ ഗണനീയമായി വർദ്ധിപ്പിക്കുകയും ആയത് യഥാർത്ഥ നെൽകൃഷിക്കാരന് യഥാസമയം എത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും വേണം.

തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലമൊരുക്കുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനും, കീടനാശിനികൾ തളിക്കുന്നതിനുമുള്ള യന്ത്രങ്ങൾ അതാതു പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ പൂർണ്ണമായും സൗജന്യമായി ഓരോ പാടശേഖരത്തിനും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ജലസേചനസ്വകര്യമുള്ള നെൽ വയലുകളിലും പുരയിടങ്ങളിലുമുള്ള റബ്ബർകൃഷി വ്യാപിപ്പിക്കൽ

ജലസേചനമുള്ള സ്ഥലങ്ങളിൽ റബ്ബർകൃഷി നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്നതു മൂലം ഭക്ഷ്യ ഉല്പാദനരംഗത്തു കാര്യമായ കുറവ് വന്നിടുൺണ്ട്. പ്രത്യേകിച്ച് നെല്ല് , തെങ്ങ്, വാഴ, കപ്പ, പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ സുഗന്ധ വ്യജ്ഞനങ്ങളായ, കുരുമുളക്, ഇഞ്ചി തുടങ്ങിയുള്ള വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഭീതിജനകമാം വണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.

മേൽ പറഞ്ഞ വിളകൾക്ക് ഗവൺമെൻറിന് നല്കിവരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ നാമമാത്രമാണ് ഭക്ഷ്യവസ്തുക്കളുടെ ആവശ്യം ക്രമാനുകൃതമായി വർദ്ധിച്ചുവരുകയും ഉല്പാദനം കുറഞ്ഞുവരികയും ചെയ്യുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഭക്ഷ്യവിളകൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ഗവൺമെൻറ് ആകർഷകമായ ആനുകൂല്യങ്ങൾ നല്കുകയും ഗവ. തലത്തിൽ തന്നെ വൻപ്രചാരണം സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിത്ത്, വളം, കീടനാശിനി, ഉല്പാദനോപകരണങ്ങൾ തുടങ്ങിയവ സമയാസമയങ്ങളിൽ കൃത്യമായി എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഈ രംഗത്തുണ്ടാകുന്ന നൂതന സാങ്കേതിക വിദ്യകൾ സമയാസമയങ്ങളിൽ കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിക്കാരെ പറഞ്ഞു മനസ്സിലാക്കി. പുതിയ കൃഷിരീതികൾ കർഷകർ നടപ്പിൽ വരുത്തേണ്ടതാണ്.

റബ്ബർ കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ മാത്രം കഴിവതും ഒതുക്കി നിറുത്തുകയും റബ്ബർ ബോർഡിന്റെ റബ്ബർ കൃഷിക്കുള്ള ആനുകൂല്യങ്ങൾ മേൽപറഞ്ഞ സ്ഥലത്തേക്കു മാത്രം പരിമിതപ്പെടുത്തുകയും ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ റബ്ബർ കൃഷിക്ക് ഈ ആനുകൂല്യങ്ങൾ നിറുത്തിവെച്ച് റബ്ബർ കൃഷി നിരത്സാഹപ്പെടുത്തേണ്ടതാണ്.

5. മലകളും കുന്നുകളും നിരത്തുന്നതുകൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

അനധികൃതമായ മണ്ണെടുക്കൽ മൂലം മലകളും കുന്നുകളും കുറഞ്ഞുവരികയും ഭൂമിയുടെ സ്വാഭാവികമായ സന്തുലിതത നഷ്ടപ്പെടുകയും ചെയ്യുന്നതുമൂലം വേനൽക്കാലങ്ങളിൽ ഭൂമിവറ്റിവരണ്ടു പോവുകയും എന്നാൽ മഴക്കാലത്ത് അനാവശ്യമായ വെള്ളക്കെട്ട് സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ഉദാഹരണത്തിന് പെരിയാർ വാലി ഇറിഗേഷൻ ലഭ്യമല്ലാതിരുന്ന സമയത്തുപോലും ഈ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും മഴകുറവായിരുന്നാൽ തന്നെയും രണ്ടാം വിളയ്ക്ക് ആവശ്യമായ വെള്ളം അതാതു പാടശേഖങ്ങളിൽ നീരുറവകളിലും തോടുകളിലും ചിറകളിലും കുളങ്ങളിലും യഥേഷ്ടം ലഭ്യമായിരുന്നു. എന്നാൽ പെരിയാർ വാലിപോലുള്ള വൻജലസേചന പദ്ധതികൾ ഉണ്ടായിയിട്ടും ഒരാഴ്ച കനാലിൽ വെള്ളം ഒഴുകാതിരുന്നാൽ നെൽവയലുകൾ ഉണങ്ങി നശിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ ഇത് പരഹരിക്കുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ടതയും ഘടനയും സംരക്ഷിക്കുന്നതിനും താഴെ പറയുന്ന നിരദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. അടിയന്തിര ഘട്ടത്തിലല്ലാതെ മലകളുംന്നുകളും നിരത്തുന്നതു നിയമം മൂലം നിരോധിക്കുക.

2. ചെരിഞ്ഞ പ്രദേശങ്ങളിൽ കാർഷിക ജോലികൾ മൂലം മണ്ണൊഴുകി നശിക്കുന്നതു തടയാൻ ചെരിവിനനുസൃതമായി ബണ്ടുകളും കയ്യാലകളും നിർമ്മിക്കുക ആയതിന് ആവശ്യമായ വായ്പകളും സഹായങ്ങളും ലഭ്യമാക്കുക.

3. ജലാംശം മഴക്കാലത്ത് കൂടുതലായി ഒഴുകി നഷ്ടപ്പെടാതിരിക്കുവാനും ജലം മണ്ണിലേക്കു വാർന്നിറങ്ങുവാനും ഒന്നര അടി വീതിയിൽ ഒന്നര അടി താഴ്ചയും സൗകര്യത്തിനുള്ള നീളവും ഉള്ള കാനകൾ ഓരോ തട്ടിലും നിർമ്മിണ്ടേതാണ്. ഈ പദ്ധതിക്ക് വൻപ്രചാരണം കൊടുത്തു കർഷകരെ ബോധവാന്മാരാക്കേണ്ടതും, ആനുകൂല്യങ്ങൾ നല്കേണ്ടതുമാകുന്നു.

4. ഇടവിള കൃഷികൾ സാധ്യമല്ലാത്ത ദീർഘകാല വിളകൾ നിൽക്കുന്ന ഭൂമി കഴിവതും ഇളക്കാതെ ഭൂമിയുടെ ആവരണം സംരക്ഷിക്കപ്പെടേണ്ടതാണ്.

5. നമ്മുടെ മണ്ണിനും കാലാവസ്ഥക്കും അനുയോജ്യമായ ഒരു കാർഷിക രീതി വികസിപ്പച്ചെടുക്കേണ്ടതാണ്.

6. ജൈവവളങ്ങളുടെ ദൗർലഭ്യവും ഉയർന്ന വിലയും

മണ്ണിന്റെ ഉല്പാദനക്ഷമത നിലനിറുത്തുന്നതിനും ജലാഗീരണ ശേഷിവർദ്ധിപ്പിക്കുന്നതിനും ഘടന സംരക്ഷിക്കുന്നതിനും രാസവളത്തെപ്പോലെ തന്നെയോ അതിലധികമോ പ്രാധാന്യം ജൈവവളങ്ങൾക്കുണ്ട് ഇപ്പോൾ നാമമാത്രമായി പോലും ജൈവവളങ്ങൾ ഉപയോഗിക്കുന്നില്ല. ഇതിനുള്ള പ്രധാനകാരണം ജൈവവളങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനയുമാണ്.

ഇതിലേക്കായി താഴെ പറയുന്ന നിരദ്ദേശങ്ങൾ.

1. പച്ചിലവളകൃഷിക്ക് പ്രോത്സാഹനവും ആനുകൂല്യങ്ങളും നല്കുക.

2. ജൈവവളങ്ങളുടെയും ജീവാണു വളങ്ങളുടെയും പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക.

3. പാരമ്പര്യേതര ഊർജ്ജോല്പാദന ഉപാധികളിലൊന്നായ ചാണക വാതക പ്ലാൻറുകളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും ഇപ്പോൾ അതിന് നല്കിവരുന്ന ആനുകൂല്യം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുക. (ഇതിൽ നിന്നും ലഭിക്കുന്ന ഗ്ലറിചാണകം. മറ്റേതൊരു ജൈവവളത്തേക്കാൾ സമീകൃതവും ചെടികൾ പെട്ടെന്നു തന്നെ ആകിരണം ചെയ്യുന്നതുമാണ്)

4. പച്ചിലവളങ്ങളുടെ വിത്ത് മൂലക ആഗീരണശേഷിയുള്ള ബാക്ടീരിയകൾ തുടങ്ങിയ ഉപാധികൾ സമയാസമത്തു കർഷകർക്ക് സൗന്ദര്യമായി ലഭ്യമാക്കേണ്ടതാണ്.

ഇപ്പോൾ പച്ചിലവളമായി നമ്മുക്കു ലഭിക്കുന്നത് മരചവറുകളാണ്. ഇത്തരത്തിലുള്ള വൃക്ഷങ്ങളെ നശിപ്പിക്കാതിരിക്കുകയും സംരക്ഷിക്കുകയും കഴിവതും വ്യാപിക്കുകയും ചെയ്യുക.

7. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ വിലവർദ്ദനവ്.

ജൈവവളങ്ങളുടെ അഭാവത്തിൽ ഇപ്പോൾ നാം കൃഷിക്കു ആശ്രയിച്ചു കൊണ്ടിരിക്കുന്നത് രാസവളങ്ങളെയാണ്. രാസവളങ്ങളുടെയും കീടനാശിനിയുടെയും വില അടിക്കടി ക്രമാതീതമായി വർദ്ധിച്ചു വരികയാണ് തന്മൂലം രാസവള പ്രയോഗത്തിൻെറ ഉപയോഗം വിളയുടെ ആവശ്യത്തിനു മാത്രം നലകുവാൻ കർഷകർക്കു സാധിക്കുന്നില്ല. കൂടാതെ രാസവളത്തിൻെറ അമിതമായ വിലവർദ്ധനവും മൂലമുള്ള ഉല്പാദനച്ചിലവിൻെറ അടുത്തെങ്ങും എത്താത്തവിളവും മൂലം ഉള്ള, വൻ നഷ്ടവും കർഷകൻ സഹിക്കേണ്ടിവരുന്നു. ഈപ്രശ്നം സർക്കാർ തലത്തിൽ ഗൗരവമായി എടുത്ത് വൻ ആനുകല്യൂങ്ങൾ കർഷകർക്ക് നല്കേണ്ടതാണ്. സമയാസമയങ്ങളിലുള്ള വളപ്രയോഗമാണ് കൃഷിയുടെ വിളവ് നിശ്ചയിക്കുന്നത് എന്നുള്ളതു കൊണ്ട് കൃഷി ഇറക്കുന്നതിനു മുമ്പും മേൽവളം ചേർക്കേണ്ട സമയത്തും അപ്പപ്പോൾ ആവശ്യമായ രാസവളങ്ങൾ കർഷകരുടെ ഏറ്റവും അടുത്ത വളഡിപ്പോകളിൽ സ്റ്റോക്ക് ഉണ്ട് എന്ന് ഉറപ്പുവരുത്തണ്ടതാണ്.

രാസവളത്തെപ്പോലെതന്നെ കൃഷിക്ക് ഒഴിച്ചു കൂടാനാവാത്ത ഒരു ഉല്പാദനോപാധിയാണ് കീടനാശിനി. കീടനാശിനികൾക്ക് കർഷകർക്കു വാങ്ങാൻ പറ്റാത്ത വിധത്തിലുള്ള വിലയാണ് പൊതുവിപണിയിൽ, എന്നു മാത്രമല്ല, ഇത് യഥാസമയങ്ങളിൽ കർഷകർക്കു ലഭിക്കുന്നുമില്ല. ഈ പ്രതിസന്ധി പരിഹരിക്കാൻ പൂർണ്ണമായി സൗജന്യമായി അതാതു സ്ഥലങ്ങളിൽ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള കീടാക്രമണത്തിന് അനുയോജ്യമായ കീട, രോഗ, കള, നാശിനികൾ അതാതു പാടശേഖര സമിതകളെ മുൻകൂട്ടി ഏല്പിക്കേണ്ടതും ആവശ്യമായ തോതിൽ മാത്രം സമിതികളുടെ നേതൃത്വത്തിൽ കർഷകർ കൂട്ടായി പ്രയോഗിക്കേണ്ടതുമാണ്.

8. നെൽകൃഷി ആദായകരമാക്കാൻ ഗ്രൂപ്പ് ഫാമിങ്ങ്

നെൽകൃഷി ആദായകരമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗം ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുണ്ട്. ഒരേ പാടശേഖരങ്ങളുള്ള എല്ലാ കർഷകരും ഒരേയിനാംവിത്ത് ഒരേ സമയത്ത് ശാസ്ത്രീയമായ രീതികളോടെ നടത്തുന്ന കൃഷിരീതിക്കാണ് ഗ്രൂപ്പ് ഫാമിംഗ് അഥവാ കൃഷി സമ്പ്രദായം എന്നു പറയുന്നത്. അതാത് പാടശേഖര സമിതികളുടെ നേതൃത്വത്തിലായിരിക്കണം ഈരീതി നടപ്പിലാക്കേണ്ടത്. കൃഷിയിറക്കുന്നതിനു മുമ്പായി പാടശേഖരത്തിലെ മണ്ണു സാമ്പിളുകൾ പരിശോധിച്ചു മണ്ണിലെ മൂലകങ്ങളുടെ അളവ് തിട്ടപ്പെടുത്തി അതിൻെറ അടിസ്ഥാനത്തിൽ ആയിരിക്കണം വളപ്രയോഗം നടത്തേണ്ടത്. മണ്ണ് സാമ്പിളുകൾ പരിശോധന ശാലകളിൽ എത്തിച്ച് കൊടുക്കുന്നതിനുള്ള ചുമതല കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെതായിരിക്കും പരിസ്ഥിതി സന്തുലനം നിലനിറുത്തി കീടനാശിനി പ്രയോഗം ഒരു സാങ്കേതിക വിദഗ്ധൻെറ സഹായത്തോടെ നിശ്ചിത അളവിൽ മാത്രമെ പ്രയോഗിക്കാൻ പാടുള്ളു. കഴിവതും പ്രകൃതിദത്തമായ മറ്റു കീട നിയന്ത്രണമാർഗ്ഗങ്ങൾ തേടാവുന്നതാണ്.

സംയുക്ത രാസവളങ്ങളെക്കാൾ വിലക്കുറവ് നേർവളങ്ങൾക്കാണ്. അതുകൊണ്ട് കഴിവതും നേർവളങ്ങൾ തന്നെ ഉപേയാഗിക്കാൻ ശ്രദ്ധിക്കുക.

9. കാർഷിക യന്ത്രവൽക്കരണം

കാർഷിക രംഗത്ത് രൂക്ഷമായിട്ടുള്ള തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് യന്ത്രവൽകൃത കൃഷിരീതി നടപ്പാക്കേണ്ടത് അനിവാര്യമാണ്. ആയതിലേക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള ടാക്ടർ, പവ്വർടില്ലർ, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവയ്ക്ക് പുറമെ പരീ

ക്ഷണത്തിലിരിക്കുന്ന അനുയോജ്യമായ കാർഷിക യന്ത്രോപകരണങ്ങൾ ഓരോപാടശേഖരസമിതിക്കും പൂർണ്ണമായി സൗജന്യനിരക്കിൽ ലഭ്യമാക്കി കൃഷി ആദായകുറവും ആയാസരഹിതവുമാക്കേണ്ടതാണ്.

10. കൃഷി അനുബന്ധം വ്യവസായങ്ങൾ

നമ്മുടെ കൃഷികളിൽ നിന്നും സുലഭമായി ലഭിക്കുന്ന കാർഷിക ഉല്പനങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ തുടങ്ങി തൊഴിൽ രഹിതരായ യുവതീയുവാക്കളെ ഈ രംഗത്തേക്ക് ആകർഷിച്ച് അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ വലിയ ഒരളവോളം പരിഹരിക്കാവുന്നതാണ്. ഉദാഹരണമായി ഈ പ്രദേശങ്ങത്തിന് ഒരനുയോജ്യമായ ചിലസംരംഭങ്ങൾ

1. കയർനിർമ്മാണം.

ഈ പ്രദേശത്ത് സുലഭമായി ലഭിക്കുന്നതും വിലകുറഞ്ഞതുമായ ചകിരി സംഭരിച്ച് തൊഴിലില്ലാത്ത ഇരുപതോ ഇരുപത്തിയഞ്ചോ ചെറുപ്പക്കാർ ചേർന്ന് സഹകരണാടിസംഥാനത്തിൽ കയർ ഉലപാദിപ്പിച്ചു വില്ക്കുക ഈ സംരംഭത്തിന് ആവശ്യമായ പണം ധനകാര്യ സംഥാപനങ്ങളിൽ നിന്നും വായ്പയായി സ്വരൂപിക്കേണ്ടതും ആയതിന് മാത്രമായി ആനുകൂല്യങ്ങൾ സർക്കാർ നല്കേണ്ടതുമാണ്.

2. റബ്ബർ പാൽ സംസ്കരണം

ഈ പ്രദേശത്തെ ഏറ്റവും വലിയ കാർഷികോല്പന്നമായ റബ്ബർപാൽതൊഴിലില്ലാത്ത ഒരു സംഘം ചെറുപ്പക്കാരുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് സംഭരിക്കുകയും അത് മേൽത്തരം റബ്ബർ ഷീറ്റുകളായി രൂപപ്പെടുത്തി വില്ക്കാവുന്നതാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ജോലി ഭാരം ലഘൂകരിക്കുന്നതിനു പുറമെ ഉയർന്നവ വിലയും ഡി.ആർ.സി. അനുസരിച്ചു ലഭിക്കുന്നുതുമാണ്. മേൽപറഞ്ഞ പ്രകാരം വായ്പയും ആനുകൂല്യങ്ങളും സംഭരിക്കാവുന്നതാണ്.

3. പഴം പച്ചക്കറി സംസ്കരണം

സീസണിലായി ലഭിക്കുന്ന പഴങ്ങളും പച്ചക്കറികളും വിവിധ ഭക്ഷ്യോല്പന്നങ്ങളായി രൂപാന്തരപ്പെടുത്ത കമ്പോളത്തിൽ ഇറക്കുക എന്നതാണ് ഈ വ്യവസായം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ രഹിതമായ യുവതികളെയും വീട്ടമ്മമാരുടെയും സേവനം ഇതിന് ഉപയോഗപ്പെടുത്താവുന്നതും തദ്വാരാ അവർക്ക് ഒരു പുതിയ വരുമാനമാർഗ്ഗം കണ്ടെത്താവുന്നതാണ് മേൽ വ്യവസായങ്ങൾക്കു പറഞ്ഞതുപോലെയുള്ള പണം സംഭരണത്തിനും ആനുകൂല്യത്തിനും മറ്റും മേൽ വ്യവസായങ്ങളെ പോലെ അവലംബിക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ കൃഷിക്കാരുടെ ഉല്പന്നം ശേഖരിച്ചു വിപണി കണ്ടെത്തി കർഷകന് അവന്റെ ഉല്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതനും ഉല്പന്നം വിറ്റഴിക്കുന്നതിനും ഉപകരിക്കുന്ന ഒരു പർച്ചെസിംഗ് സെൻറർ ആരംഭിണ്ടേതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ എല്ലാ വാർഡിലല ജനങ്ങൾക്കും എത്തിപ്പറ്റാൻ കഴിയുന്ന പഞ്ചായത്ത് ആസംഥാനത്ത് സ്ഥാപിക്കുക.

കാർഷിക രംഗത്തു പ്രവർത്തിക്കുന്ന കൃഷികാർക്ക് സർക്കാർ നടപ്പാക്കുന്ന പെൻഷൻ പദ്ധതി ഉദാരമാക്കുകയും യാഥാർത്ഥകൃഷിക്കാരന് അതിന്റെ പ്രയോജനം കിട്ടുന്ന എന്നു ഉറപ്പ് വരുത്തുകയും വേണം.

അപ്രകാരം തന്നെ കാർഷികോല്പന്ന സംസ്കരണ വ്യവസായങ്ങൾക്ക് സർക്കാരിൽ നിന്നും പ്രത്യേകം ആനുകൂല്യങ്ങൾ നല്കേണ്ടതാണ്.

പെരിയാർ വാലി ഇറിഗേഷൻ പദ്ധതിയുടെ താഴെ പറയുന്ന കനാലുകൾ നിർമ്മിക്കുക.

1. രണ്ടാം വാർഡിൽ പറമ്പത്തു പറയിൽ മെയിൽ കനാലിൽ നിന്നും ആരംഭിച്ചു കളരിക്കൽ തെക്കിൻചേരി കൂടി കരിക്കോട് പാടത്തേക്കു ഒരു സബ്ബ് കനാൽ നിർമ്മിക്കുക.

2. കുടകുത്തിയിൽ മെയിൻ കനാലിൽ നിന്നും ഒന്നാം വാർഡിൽ പുതനകുഴി, മനയ്ക്കനിരപ്പ് നടുകുരിശ്, അത്താണിവഴി ചെമ്മനാട് പാടത്തേക്ക് ഒരു സബ്ബ് കനാൽ നിർമ്മിക്കുക.


3. പുത്തൻകുരിശ് കോക്കാപ്പിള്ളി കനാലിൽ നിന്നും മുരിയമംഗലം പാടത്തേക്കു കനാൽ തുറന്നു വിടുക.

4. പുത്തൻകുരിശ് കോക്ക്പ്പിള്ളി കനാലിൽ നിന്നും മുറ്റക്കുഴി പാടത്തേക്കു കനാൽ മുറിച്ചു വിടുക.

5. വരിക്കോലിയിൽക്കൂടി പോകുന്ന പെരിയാർവാലി കനാൽ മറ്റക്കുഴി പാടത്തേക്ക് തുറന്നുവിടുക.

6. പുത്തൻകുരിശു കോക്കാപ്പിള്ളി കനാലിൽ നിന്നും 9,10 വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ സൂയിസ് ഇട്ട് കൃഷിക്കു വെള്ളം ഉപയുക്തമാക്കുക. ●

മൃഗസംരക്ഷണം മത്സ്യബന്ധനം



ആമുഖം

ആരോഗ്യ - സമ്പത്ത് മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യതയുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണം. ശാസ്ത്രീയവും, ദീർഘവീക്ഷണത്തോടുകൂടിയുമുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ ഒരു പരിധിവരെയുള്ള തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുവാനും സാധാരണ കർഷക കുടുംബത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിനും ഏറെ സഹായിക്കുന്ന ഒന്നാണ് മൃഗസംരക്ഷണം. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിനുള്ളിൽ തിരുവാണീയൂർ പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് ശ്രദ്ധേയമായ കാര്യമാണ്. മുൻപ് കന്നുകാലികളെ വളർത്തിയിരുന്നത് കാർഷികാവശ്യത്തിനും, വണ്ടി വലിക്കുന്നതിനും ജൈവവളശേഖരണത്തിനുമായിരുന്നു. കുടുംബവരുമാനത്തിലെ മുഖ്യവഴി എന്ന നിലയിൽ കാലികളെ വളർത്തിയിരുനനത് കുറവായിരുന്നു. ഇന്ന് കാളവണ്ടി - കലപ്പ ഉപയോഗം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരു കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിന്റെ കാർഷിക ഭൂപടം ഒട്ടേറെ മാറിയിരിക്കുന്നു. ആടു വളർത്തൽ മുൻപുണ്ടായിരുന്നതിനേക്കാൾ വളരെ കുറഞ്ഞിട്ടുണ്ട്. വയലുകളിൽ ഇടവേളകളിൽ കാലികളെ അഴിച്ച് വിട്ട് തീറ്റുന്ന സമ്പ്രദായം തിരുവാണീയൂർ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി ഇല്ലാതായിരിക്കുന്നു. കൂടാതെ കുറ്റിച്ചെടികൾ വളർന്നു നിൽക്കുന്നതും തരിശായികിടക്കുന്നതുമായ സ്ഥലങ്ങളിൽ കാലിമേയ്ക്കുന്ന സ്ഥിതിയും റബ്ബർ കൃഷിയുടെ പ്രചാരത്തോടുകൂടി ഇല്ലാതായി. കൂടാതെ വയലുകൾ നികത്തി വീടുകൾ വക്കുന്നത് കൊക്കോ, ജാതി തുടങ്ങിയവയുടെ കൃഷി എന്നിങ്ങനെയുള്ള കാര്യങ്ങൾ തീറ്റപുല്ലിന്റെ ദൗർലഭ്യതക്ക് കാരണമായി. പാലുൽപ്പാദന ശേഷി കുറഞ്ഞ നാടൻ പശുക്കൾ ധാരാളം ഉണ്ടായിരുന്ന തിരുവാണീയൂർ പഞ്ചായത്തിൽ ഇപ്പോൾ അവയുടെ എണ്ണം കുറഞ്ഞ് അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് - കന്നുകാലികളിലെ കൃത്രിമ ബീജസങ്കലനത്തെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരായതാണ് ഇതിന് കാരണം. പന്നിവളർത്തൽ, കോഴിവളർത്തൽ, മുയൽ വളർത്തൽ, എന്നിവയും കണക്കുകൂട്ടലുകളോടുകൂടി നടത്തിയാൽ വളരെ നേട്ടമുണ്ടാക്കാവുന്ന മേഖലയിലാണ്. കോഴികളുടെ കാര്യത്തിൽ, നാടൻ കോഴികളോടെപ്പം അത്യുൽപ്പാദന ശേഷിയുള്ള റോഡോവൈറ്റ്, ആസ്ട്രോവൈറ്റ്, ഗിരിരാജ തുടങ്ങിയ ഇനം കോഴികളേയും വീടുകളിൽ വളർത്തുന്നു.

കന്നുകാലി സെൻസസ്

കന്നുകാലി സെൻസസ് റിപ്പോർട്ട് ഇതോടൊപ്പം

വച്ചിട്ടുണ്ട്

ഗ്രാമസഭാ അവലോകനം

ചാർട്ട് നോക്കുക

പൊതു പ്രശ്നങ്ങൾ

1. മൃഗങ്ങളെ വാങ്ങുന്നതിനും, പരിപാലിക്കുന്നതിനും ഉള്ള സാമ്പത്തിക ബുദ്ധിമുട്ട്

2. മൃഗ ഡോക്ടറുടെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമാകാത്തത്.

3. ക്ഷീരോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

4. പഞ്ചായത്തിന്റെ എല്ലാ വാർഡിലും പാൽ സംഭരണശാലകൾ ഇപ്പോൾ ഇല്ല.

5.താഴ്ന്ന വരുമാനക്കാർക്കും ഹരിജനങ്ങൾക്കും കന്നുകാലികളെ വാങ്ങുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട്

നിർദ്ദേശങ്ങൾ

1. മൃഗഡോക്ടറുടെ സേവനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുക

2. ക്ഷീരകർഷകന് ന്യായവിലക്ക് കാലിതീറ്റ ലഭ്യമാക്കുക

3. പാലിന് ന്യായവില ലഭ്യമാക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക

4. കന്നുകാലികളെ സൗജന്യമായി ഇൻഷ്വർ ചെയ്യുവാൻ സൗകര്യം ഉണ്ടാക്കുക

5. താഴ്ന്ന വരുമാനക്കാർ സൗജന്യമായി മൃഗങ്ങളെ വിതരണം ചെയ്യുക

6. പേവിഷബാധയ്ക്ക് എതിരെ സൗജന്യകുത്തിവയ്പ് ലഭ്യമാക്കുക

7. സങ്കരയിനം പശുക്കളെ കുറഞ്ഞ പലിശനിരക്കിൽ വായ്പയായി കൊടുക്കുക

8. കന്നുകാലികളുടെ കുളമ്പ് രോഗം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക

9. നാലു പഞ്ചായത്തിന്റെ അതിർത്തിയായ വെട്ടിക്കൽ പ്രദേശത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കുക

10. ബയോഗ്യാസ്സ് പ്ലാൻറുകൾ കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക

11. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക

12. ഇറച്ചിക്കോഴി വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ചെയ്യുക.

13. അസുഖങ്ങൾ വരാതെയുള്ള പ്രതിരോധ കുത്തിവയ്പ് നടപ്പിലാക്കുക

14. പഞ്ചായത്ത് വക സ്ഥലങ്ങളിലും ആവശ്യമെങ്കിൽ സ്വകാര്യസ്ഥലങ്ങൾ വാടകക്ക് എടുത്തും തീറ്റപുൽകൃഷി ചെയ്ത് കർഷകർക്ക് മിതമായ വിലക്ക് വിതരണം ചെയ്യുക

15. ഉൽപ്പന്നങ്ങൾക്ക് ന്യായവിലക്ക് എടുക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുക

16. പേനായ്കകളുടെ ശല്യം ഒഴിവാക്കുന്നതിനായ് വളർത്തുവാൻ ഫീസ് ചുമത്തി ലൈസൻസ് ഏർപ്പെടുത്തുകയും, അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ കൊല്ലുകയും ചെയ്യുക

17. മൃഗപരിപാലന രംഗത്ത് കർഷകർക്ക് പരിശീലനം നൽകുക

നടപ്പു പദ്ധതികൾ

കേരള സംസ്ഥാനമൃഗ സംരക്ഷണ വകുപ്പ് സംസ്ഥാനത്തിൽ പൊതുവായി നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവാണിയൂർ പഞ്ചായത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി

2. പേവിഷനിയന്ത്രണം

3. ആടുവളർത്തൽ പ്രോത്സാഹനപദ്ധതീ

4. കുളമ്പുരോഗ പ്രതിരോധപദ്ധതി

5. പന്നിവളർത്തൽ പദ്ധതി

ഈ പദ്ധതികളെല്ലാം ഇപ്പോൾ നടപ്പായിക്കൊണ്ടിരിക്കുന്ന വിധത്തിൽ നടപ്പിലാക്കിയാൽ ഇവയുടെ പ്രയോജനം പൂർണ്ണമായും ജനങ്ങളിലെത്തണമെങ്കിൽ ഇനിയും വർഷങ്ങൾ കഴിയേണ്ടിവരും. ആയതുകൊണ്ട് ഇവയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

നടപ്പാക്കാവുന്ന പദ്ധതികൾ (സാധ്യതകൾ)

പശുപരിപാലനം ഒരു ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്നവർ ഈ പഞ്ചായത്തിൽ അനവധിയുണ്ട്. കർഷകന്റെ പറമ്പിൽ തന്നെ കയ്യാലയിലൊ, ഇടവിളയായോ തീറ്റപ്പുൽകൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം. ഇതിനാവശ്യമായ നല്ലയിനം പുൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കണം. രണ്ട് മൂന്ന് പശുക്കൾ അടങ്ങുന്ന മിനിഡയറി യൂണിറ്റുകൾ വാർഡ് തോറും സർക്കാർ ധനസഹായത്തോടെ ആരംഭിക്കാവുന്നതാണ്. ഇങ്ങിനെയുണ്ടായാൽ പാലുൽപ്പാദനവും ഉപഭോഗവും കൂട്ടാൻ സാധിക്കും. കാലിതതീറ്റയുടെ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അടിക്കടിയുള്ള വർദ്ധനവ് തടയുനനതിന് സർക്കാർ തലത്തിൽ നടപടിയുണ്ടാവേണ്ടതാണ്. കൃത്രിമബീജസങ്കലനം സാർവ്വത്രികമായ ഈ മേഖലയിൽ വംശവർദ്ധനവിനുവേണ്ടി വിത്തുകാളകളെ ഉപയോഗിക്കുന്ന സമ്പ്രദായം ഇപ്പോഴും തിരുവാണിയൂർ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിലവിലുണ്ട്. ഇതു തടയുന്നതിന് കർഷകരിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഇപ്പോഴുള്ള പശുക്കളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് വരുത്താതെ തന്നെ പശുക്കളുടെ ഉൽപ്പാദനക്ഷമത കൂട്ടുവാൻ വേണ്ട നടപടി സ്വീകരിക്കണം.

കോഴിവളർത്തൽ

അടുക്കളമുറ്റത്തെ കോഴിവളർത്തൽ സമ്പ്രദായം തിരുവാണിയൂർ പഞ്ചായത്തിൽ കാര്യമായി വ്യാപിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് ഭൂരിഭാഗം കർഷകർക്കും ഇപ്പോഴും ശരിയായ അറിവില്ലെന്നതാണ് വസ്തുത. ഇതിൽ താൽപര്യമുള്ളവർക്ക് 45 ദിവസം പ്രായമുള്ള 5 മുട്ടക്കോഴികുഞ്ഞുങ്ങളെ വീതം നൽകണം. അടുക്കളയിലെ ആഹാരവശിഷ്ടങ്ങൾ ആഹാരമായി നൽകി ഇവയെ വളർത്താം. ഇത്തരം പരമാവധി യൂണിറ്റുകൾ നടപ്പിലാക്കണം. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണീ രംഗത്തെ പ്രധാന പ്രശ്നം. ഇതിനൊരു പരിഹാരം കാണുവാനുള്ള പദ്ധതിയാണ് എഗ്ഗർ നഴ്സറികൾ. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 45 മുതൽ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണത്തിന് തയ്യാറാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 500 കുഞ്ഞുങ്ങൾ വീതമുള്ള ഒന്നോ രണ്ടോ യൂണിറ്റ് തിരുവാണിയൂർ പഞ്ചായത്തിൽ തുടങ്ങുക. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞിനെ യൂണിറ്റ് ഉടമക്ക് നൽകുക, കുറഞ്ഞ വിലക്ക് തീറ്റ നൽകുക, ഇവ പഞ്ചായത്ത് ചെയ്യുക. കോഴിക്കുഞ്ഞിന് 45 - 60 ദിവസം പ്രായമാവുമ്പോൾ കോഴികുഞ്ഞിന് വില നിശ്ചയിച്ച് പഞ്ചായത്തിന് തിരികെ നൽകുക. പഞ്ചായത്ത് ഈ കുഞ്ഞുങ്ങളെ 5 എണ്ണം വീതം ഓരോ കുടുംബത്തിന് വിതരണം ചെയ്യുക. യൂണിറ്റുകൾ തുടങ്ങുവാൻ അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമായ ചെറുപ്പക്കാരെ തെരഞ്ഞെടുക്കേണ്ടതാണ്.

ഇറച്ചിക്കോഴി വളർത്തൽ

ഇറച്ചിക്കോഴി വളർത്തലിന് തിരുവാണിയൂർ പഞ്ചായത്തിൽ വേണ്ടത്ര പ്രാമുഖ്യം നൽകിയിട്ടില്ല. ഇതിന് അനുയോജ്യമായ കാലാവസ്ഥയും, സാഹചര്യങ്ങളും ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. ഇറച്ചിയുടെ വിപണനമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. ഇതിനൊരു പരിഹാരമെന്ന നിലക്ക് ഇറച്ചി ഉൽപ്പാദക-വിപണന സഹകരണ സംഘം പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ വന്നാൽ മാത്രമേ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കാനാവൂ. കുടുംബത്തിലെ സ്ത്രീകളുടേയും , കുട്ടികളുടേയും ഉൾപ്പെടെ ഒഴിവുസമയം ഉപയൊഗപ്പെടുത്തി. രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വിൽപ്പനക്ക് സജ്ജമാക്കുന്ന ഒരു സമഗ്ര പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

പന്നിവളർത്തൽ

പന്നിവളർത്തൽ താൽപര്യമുള്ള കർഷകൻ ഏറെയുണ്ടെങ്കിലും ആവശ്യമുള്ള പന്നിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ലെന്നതാണ് പ്രധാനപ്രശ്നം. പന്നിക്കുഞ്ഞുങ്ങളെ പഞ്ചായത്ത് തലത്തിൽ കർഷകർക്ക് നൽകാൻ വേണ്ട സംവിധാനം നൽകണം.

പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന കർഷകരെക്കൊണ്ട് പ്രജനനയൂണിറ്റുകൾ തുടങ്ങിക്കുക എന്നത് ഇതിന് ഒരു പോംവഴി ആണ്. 5 പെൺപന്നിയും, 1 ആൺപന്നിയും ചേർന്നതാണൊരു യൂണിറ്റ്. കർഷകർക്ക് ആവശ്യമുള്ള പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുക എന്നതാണിതിന്റെ ലക്ഷ്യം. വലുതായി പന്നിയെ വിറ്റഴിക്കുവാനും കർഷകന് ന്യായമായ വില ലഭിക്കുവാനും പഞ്ചായത്തടിസ്ഥാനത്തിലോ, ബ്ലോക്കടിസ്ഥാനത്തിലോ സംഘങ്ങൾ രൂപീകരിക്കണം. കൂടാതെ പന്നിവളർത്തലിന്റെ ശാസ്ത്രീയരീതിയെ സംബന്ധിച്ച് കർഷകരെ ബോധവാൻമാരാക്കണം.

ആടുവളർത്തൽ

വളരെയധികം പ്രോത്സാഹിക്കപ്പെടേണ്ട ഒരു മേഖലയാണ് ആടു വളർത്തൽ. വളരെക്കുറഞ്ഞ ചിലവിലും, ചെറിയ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ടും നാനാവിധ പ്രയോജനങ്ങൾ ലഭിക്കുന്ന ആടു വളർത്തൽ മേഖല വിപുലികരീച്ചെടുക്കാവുന്നതാണ്. ആടിന്റെ പാൽ ആയുർവേദ വിധിപ്രകാരം പോലും വളരെ പ്രയോജനമുള്ളതാണ്. അതുപോലെ തന്നെ ഒന്നാണ് ആട്ടിറച്ചിയുടെ കുതിച്ചുയരുന്ന വില. ആട്ടിൻകാട്ടം നല്ല വളമാണ്. വളരെ കുറച്ചു സ്ഥലം ഉള്ളവർക്കുപോലും വീട്ടിൽ രണ്ടാടിനെയെങ്കിലും വളർത്താവുന്നതാണ്.

മുയൽവളർത്തൽ

മുയൽ വളർത്തൽ മറ്റ് പ്രയോജനങ്ങളോടൊപ്പം മനസ്സിന് ആഹ്ലാദം ലഭിക്കുന്ന ഒരു കാര്യമാണ്. മുയൽവളർത്തൽ കുട്ടികൾക്കുപോലും ചെയ്യാവുന്നതാണ്. വിവിധസ്ക്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുത്ത ഇരുപത്തിയഞ്ചോ, അൻപതോ കുട്ടികൾക്ക് ഒരോ യൂണിറ്റ് നൽകണം. 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും എത്തുമ്പോൾ ഇവർ ഓരോ ജോഡി മുയൽക്കുഞ്ഞുങ്ങളെ പഞ്ചായത്തിന് തിരികെ നൽകണം. അവയെ വീണ്ടും മേൽപ്പറഞ്ഞപോലെ വിതരണം ചെയ്യണം. ഇറച്ചിക്കോഴിക്ക് രൂപികരിക്കുന്ന ഇറച്ചി ഉൽപ്പാദക സഹകരണസംഘം വഴി മുയലിറച്ചിയുടേയും വിപണനം ഉറപ്പു വരുത്തുകയും വേണം.

മൃഗസംരക്ഷണമേഖലയിൽ നല്ല സാധ്യതകളുള്ള മറ്റു മേഖലകളാണ് താറാവു വളർത്തൽ, കാടവളർത്തൽ എന്നിവ.

സഹകരണസംഘങ്ങൾ

വണ്ടിപ്പേട്ട, മാമല, മറ്റക്കുഴി, മനാന്തടം, തിരുവാണീയൂർ, എന്നിങ്ങനെ 5 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളും തിരുവാണീയൂരിന്റെ സബ്സെന്ററായി നടുക്കുരുശിൽ ഒരു സബ്സെന്ററുമാണ് ഇപ്പോഴുള്ള സഹകരണസംഘങ്ങൾ. കർഷകനുൽപ്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാൻ സാധിക്കുമെന്നുറപ്പുണ്ടെങ്കിലേ കാലികളെ വളർത്താനും താൽപര്യമുണ്ടാവുകയുള്ളു.

ആയതുകൊണ്ട് കർഷകരുടെ ആവശ്യമനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ കളക്ടിംഗ് സെന്ററുകൾ സ്ഥാപിക്കണം. അതുപോലെ തന്നെ കോഴി, താറാവ്, മുയൽ എന്നിവയെ വളർത്തുന്നവർക്ക് ന്യായവിലക്ക് കിട്ടുവാനും വാങ്ങുന്നവർക്ക് ന്യായവിലക്ക് കിട്ടുവാനും പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ തുടങ്ങണം.

അറവുശാല

ഇറച്ചി ആവശ്യത്തിന് മൃഗങ്ങളെ കൊല്ലുന്നത് പലപ്പോഴും വീടുകളിലിട്ടും അതിനുശേഷം ഇറച്ചി നിരത്തുവക്കിലും മറ്റും കെട്ടിതൂക്കിയിട്ടുമാണം വിൽപ്പന നടത്തുന്നത്. വൃത്തിഹീനമായ ചുറ്റുപാടുകളിൽ നിന്ന് വരുന്ന ഇറച്ചി ഭക്ഷിച്ചാലുണ്ടാവുന്ന രോഗങ്ങൾ അനവധിയാണ്. കശാപ്പ് ചെയ്യുമ്പോഴുണ്ടാക്കുന്ന അവശിഷ്ടങ്ങൾ ഭക്ഷിച്ച് തെരുവുനായ്ക്കളുടെ ശല്യം കൂടുകയും ചെയ്യും. ഇതൊക്കെ ഒഴിവാക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ അറവുശാല നിർമ്മിക്കണം. നല്ല ഇറച്ചി ഉപഭോക്താവിന് കിട്ടുന്നു എന്ന് ഉറപ്പ് വരുത്തുവാൻ പഞ്ചായത്ത് അധികൃതർ കൊല്ലു

വാൻ അനുവാദം നൽകിയ ഉരുക്കളെ മാത്രമേ കശാപ്പു ചെയ്യുവാൻ പാടുള്ളു എന്ന് കൃത്യമായി നടപ്പാക്കണം. ഇങ്ങിനെ അനുവാദം കിട്ടിയ ഉരുവിനെയാണ് കശാപ്പ് ചെയ്തിരിക്കുന്നതെന്ന് ഇറച്ചി വാങ്ങുവാൻ വരുന്ന ആളിന് മനസ്സിലാക്കുവാൻ സീൽ പതിച്ച് പ്രദർശിപ്പിക്കണം.

ഉപസംഹാരം

ചുരുക്കത്തിൽ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായിട്ട് വികസനം മുരടിക്കാത്ത ഗ്രാമീണ സമ്പദ്ഘടനയ്ക്ക് കാതലായ സംഭാവന നൽകിയ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ച ഒരു മേഖലയാണ് മൃഗസംരക്ഷണ പാലുൽപ്പാദക മേഖല. ഇനിയും നമ്മുടെ ഗ്രാമീണ കർഷകരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ - ജീവിതനിലവാരം ഉയർത്തുവാൻ - മൃഗസംരക്ഷണ മേഖലക്ക് ചെറുതാല്ലാത്ത സംഭാവന നൽകുവാൻ കഴിയും. ഇതിന് ഒരു സമയബന്ധിതപരിപാടി തയ്യാറാക്കി നടപ്പാക്കാൻ നമ്മൾ തയ്യാറാവണം. അങ്ങിനെ നമ്മുടെ ജീവിതപ്രശ്നങ്ങളെ പരിഹരിക്കുവാൻ മൃഗസംരക്ഷണമേഖലയേയും ഉപയോഗപ്പെടുത്താം. നമ്മൾ അത് ഉപയോഗപ്പെടുത്തും, തീർച്ചയായും നമ്മൾ നമ്മുടെ പ്രശ്നങ്ങളെ അതിജീവിക്കും.

മത്സ്യബന്ധനം

തിരുവാണീയൂർ പഞ്ചായത്തിലെ പ്രധാന തോടായ കുംഭപ്പിള്ളി, മാമല വഴിപോകുന്ന വലിയ തോടിലും, ചിറകളിലും, കുളങ്ങളിലും പരമ്പരാഗതമായി മൽസ്യബന്ധനം ഒരു ഉപതൊഴിലായും , കർഷക കുടുംബങ്ങളുടെ ആവശ്യത്തിനു മൽസ്യബന്ധനം നിലവിലിരുന്നു. അതുപോലെ മാമലക്കു താഴെയുള്ള ചിത്രപ്പുഴയിൽ പോയി ഇന്നാട്ടുകാർ മൽസ്യം പിടിച്ചു വരികയും ഉപയോഗിക്കുകയും ചെയ്തിരുന്നു വന്നിരുന്നതാണ്. കൊച്ചിൻ റിഫൈനറി, FACT, HOC മുതലായ കമ്പനികളുടെ വരവോടുകൂടി ജലമലിനീകരണം മൂലം നാടൻ മത്സ്യങ്ങൾ നാട്ടിൽ കുറഞ്ഞിരിക്കുന്നു. അതുമൂലം ഒറാല്, വട്ടവല, വീശുവല, തുഞ്ചിത്താഴം, ചൂണ്ട, തെറ്റാലി, കൂട്, കുമ്പം മുതലായവ ഉപയോഗിച്ച് ഈ നാട്ടിൽ മൽസ്യങ്ങളുടെ കുറവ് മൂലം മൽസ്യബന്ധനം കുറഞ്ഞിരിക്കുകയാണ്.

തിരുവാണീയൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൽസ്യബന്ധനം ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾ കുറവാണ്. അവരവരുടെ ആവശ്യത്തിനും ചില്ലറ വരുമാനമാർഗ്ഗത്തിനും മൽസ്യബന്ധനം നടത്തുന്ന കൃഷിക്കാരുണ്ട്. കർഷകകുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന വിധത്തിൽ നല്ല ഇനം മൽസ്യങ്ങളും മറ്റു സാങ്കേതിക അറിവുകളും ഈ നാട്ടിലെ കൃഷിക്കാർക്കാവശ്യമാണ്. പെരിയാർ വാലി, ഇറിഗേഷൻ കമ്മീഷൻ ചെയ്തതിന്റെ ഫലമായി ഈ പഞ്ചായത്തിന്റെ പാടങ്ങളും അരികിലുള്ള കുളങ്ങളിലും തോടുകളിലും നിലങ്ങളിലും മൽസ്യ കൃഷി വളർത്താൻ ധാരാളം സാധ്യതകൾ കാണുന്നുണ്ട്. ആയതുകൊണ്ട് മൽസ്യക്കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകണം.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

4.3 രോഗവിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായവ Digestive disorders	66		35			85				
2.	ശ്വാസകോശസംബന്ധം Respiratory diseases	13		4							
3.	ഉപാപചയ സംബന്ധം Metabolic diseases										
4.	ത്വക് രോഗങ്ങൾ Skin diseases	11		1							
5.	ധാതുലവണങ്ങളുടെ അഭാവം. Deficiency diseases	14		1							
6.	പരാദരോഗങ്ങൾ Parasitic diseases	101		8							
7.	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	25		3							
8.	വന്ധ്യത Infertility	6									
9.	അകിടു വീക്കം Mastitis	4		1							
10.	മുടന്തൻ പനി Ephemeral Fever	6		1							
11.	പകർച്ച വ്യാധികൾ Contagion diseases										

തിരുവാണീയൂർ ഗ്രാമപഞ്ചായത്ത്

4.4 പേവിഷബാധയും - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ വിവരങ്ങൾ				150		
കടിയേറ്റതിനുശേഷം കുത്തിവെയ്പ്പു നടത്തിയവയുടെ എണ്ണം					.....	.....

തിരുവാണീയൂർ ഗ്രാമപഞ്ചായത്ത്

4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു		251	4
കിടാരി		90	3
എരുമ			

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

4.2. വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1 2 3 4 5 6 7 8 9 10		14432		238		


അനുബന്ധം - 4

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

4.1. വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആ ന
		മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്						
1	2	3	4	5	6	7	8	9	10	11	12	13	14	15
1 2 3 4 5 6 7 8 9 10		214		274	1559		2693		47		16	1862	1214	

വിദ്യാഭ്യാസം



ആമുഖം: വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനമാണ്. വ്യക്തി വികസനം മാത്രമല്ല ഇതു കൊണ്ടു ലക്ഷ്യമാക്കുന്നത്. വ്യക്തിയിലൂടെ പ്രദേശത്തിന്റെയും, വിവിധ പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെയും വികസനം ഈ സങ്കല്പനത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

ഏതൊരു സമൂഹവും ഇളം തലമുറയെ സമകാലീന സമൂഹത്തിന്റെ ബോധനിലവാരത്തിലേക്കെത്തിക്കാൻ ബോധപൂർവ്വമായി നടത്തുന്ന ഏതൊരു പ്രവർത്തനവും വിദ്യാഭ്യാസമാണ്.

സ്വതന്ത്രത്തിനു മുൻപുതന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുംടെ കാര്യത്തിലും ഇതര ഇന്ത്യൻ പ്രദേശങ്ങളെക്കാൾ മുൻപന്തിയിലായിരുന്നു.

സാമൂഹ്യപരിഷ്കർത്താക്കളും മിഷിണറിമാരും മറ്റു സ്വകാര്യസംരംഭകരും കേരളത്തിന്റെ വിദ്യാഭ്യാസചക്രവാളം വികസിപ്പിക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ചു. ഐക്യകേരള രൂപീകരണത്തിനു ശേഷം വിദ്യാഭ്യാസം ഒരു സാമൂഹികബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്തു. പൊതുവിദ്യാസന്ഥാപനങ്ങൾ വളർന്നു. ഫീസിളവ്, യാത്രാസൗജന്യം, അയൽപക്കത്ത് സ്ക്കൂളുകൾ എന്നി സൗകര്യങ്ങൾ ജനങ്ങളെ വിദ്യാലയങ്ങളുമായി കൂടുതൽ അടുപ്പിച്ചു. സർക്കാർ-സ്വകാര്യമേഖലയിലെ പൊതുവിദ്യാലയങ്ങൾ, സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക വളർച്ചക്കം ആക്കം കൂട്ടി. സ്വകാര്യമേഖലയിലും സർക്കാർ ചെലവു വഹിക്കാൻ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസരഗത്തും വളർച്ച ദൃഢമായി. കൂടുതൽ കോളേജുകൾ - സൗകര്യങ്ങൾ- ആനുകൂല്യങ്ങൾ- കൂടുതൽ ബിരുദധാരികൾ എന്നിങ്ങനെ. എന്നാൽ സംഖ്യാപരമായ ഈ വർദ്ധനവിനനുസൃതമായി ഗുണപരമായ വർദ്ധനവുണ്ടായില്ല.. അഖിലേന്ത്യാ മത്സരപരീക്ഷകളിൽ കേരളം പിന്തള്ളപ്പെടുന്നു. ദേശീയ ആസൂത്രണ കേന്ദ്രം (NIEPA) നടത്തിയ പഠനമനുസരിച്ച് കേരളം സാക്ഷരതയിൽ മുൻപന്തിയിലാണെങ്കിലും വിദ്യാഭ്യാസത്തിന്റെ സ്ഥാനം പതിനെട്ടാമതുമാത്രമാണ്. കേരളത്തിലെ വിദ്യാലയങ്ങളിലുള്ള 50 ലക്ഷം നിരക്ഷരരാണെന്നതും, ഒരു കുട്ടിക്ക് ശരാശരി 2000 രൂപ വീതം സർക്കാർ ചിലവഴിക്കുമ്പോൾ അതിഭീമമായ നഷ്ടം സർക്കാർ ഖജനാവിനു സംഭവിക്കുന്നുവെന്നതും വസ്തുതയാണ്.

ബഡ്ജറ്റിന്റെ 31% സർക്കാർ വിദ്യാഭ്യാസത്തിനായി ചിലവഴിക്കുമ്പോൾ, വിദ്യാലയങ്ങളുടെ അറ്റകുറ്റപണിപോലും സാധ്യമാകുന്നില്ല. ബഡ്ജറ്റ് വിഹിതം തന്നെ അദ്ധ്യാപകരുടേയും ഇതരജീവനക്കാരുടേയും പ്രതിഫലത്തിനായി നീക്കിവെയ്ക്കപ്പെടേണ്ടി വരുന്നു. ആസൗകര്യങ്ങളും ഇല്ലായ്മക

ളും അദ്ധ്യായന നിലവാരം കുറയാൻ ഇടയാക്കി.

ഇന്ന് പൊതുവിദ്യാഭ്യാസസ്ഥാപനങ്ങൾ ആർക്കും വേണ്ടാത്തവയായിരിക്കുന്നു. ഉയർന്ന റിസൽട്ടുള്ള വിദ്യാലയങ്ങളിലേക്കുള്ള നെട്ടോട്ടമാണിവിടെ. പക്ഷേ, നല്ലതും നല്ലതല്ലാത്തതുമായ വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്നവരുടെയെല്ലാം ഗുണനിലവാരം വളരെ കുറവാണെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. മുഴുവൻ അക്ഷരങ്ങൾ അറിയാത്തവരും, മിനിമം അക്കബോധമെങ്കിലും ഇല്ലാത്തവരും 30-35% എങ്കിലും ഉണ്ടെന്ന് പഠനങ്ങൾ കാണിക്കുന്നു.

ആംഗല- അംഗീകൃത വിദ്യാലയങ്ങൾ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമല്ല.

വിദ്യാഭ്യാസം സിദ്ധിച്ച് പുറത്തിറങ്ങുന്നവരിൽ ശരിയായ മൂല്യബോധവും, സാമൂഹ്യബോധവും ഊട്ടിയുറപ്പിക്കുന്നതിൽ നാം പരാജയപ്പെടുന്നു. നാടിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രതികരിക്കുന്നതിനും വിമുഖത കാണുന്നു. സ്വാതന്ത്ര്യ സമ്പാദനകാലത്ത് വിജ്ഞാനാർജ്ജനം ആവേശമായിരുന്നെങ്കിൽ, ഇന്നത് പരീക്ഷയെന്ന കടമ്പ കടക്കാൻ മാത്രമായിരിക്കുന്നു. നമ്മുടെ വിദ്യാലയങ്ങൾ പരീക്ഷാവിജയത്തിനുള്ള കോച്ചിങ്ങ് സെൻററുകളായി അധ:പതിച്ചിരിക്കുന്നു.

വിദ്യാലയങ്ങളിൽ നല്ല അദ്ധ്യായനാന്തരീക്ഷം ഉണ്ടാവുകയാണ് ആദ്യം വേണ്ടത്. ഇതിന് സമൂഹം വിദ്യാലയത്തെ ഏറ്റെടുത്തേ മതിയാവൂ.

പ്രൈമറി വിദ്യാലയങ്ങൾ ഗ്രാമപഞ്ചായത്തുകളുടേയും ഹയർസെക്കണ്ടറി അടക്കമുള്ള വിദ്യാലയങ്ങൾ ജില്ലാപഞ്ചായത്തുകളുടേയും നിയന്ത്രണത്തിലായിക്കഴിഞ്ഞിരിക്കുന്നു. ഇത് ജനകീയ ഇടപെടലിനുള്ള അവസരമൊരുക്കിയിരിക്കുകയാണ്. ജനകീയ വിദ്യാഭ്യാസ സമതികൾക്ക് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നതിന്റെ തെളിവാണ് ശിവപുരം, മടിക്കൈ, കല്യാശേരി വിദ്യാഭ്യാസ കോംപ്ലക്സുകൾ . ഓരോ വിദ്യാലയത്തിനും അതിന്റെ പരിസരവാസികളുടേതായ വിദ്യാലയ സമിതി - പഞ്ചായത്തിനു മൊത്തത്തിൽ ഒരു വിദ്യാഭ്യാസ സമിതി - ഓരോവിദ്യാലയത്തിനും P:T.A ക്കു പുറമേ സ്ക്കൂൾ വിദ്യാഭ്യാസ സമിതി - വാർഡു വിദ്യാഭ്യാസ സമിതി - 50 വീടുകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള അയൽക്കൂട്ടങ്ങൾ. ഈ ജനകീയ ഘടന വിദ്യാഭ്യാസത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു. പഠന പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. അദ്ധ്യാപകർക്കാവശ്യമായ പുനർപരിശീലനത്തിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു. ഇത്രയുമായാൽ അദ്ധ്യാപക സംഗമങ്ങളിൽ വിദ്വഗ്ദരുടെ സാന്നിദ്ധ്യത്തിൽ പാഠ്യപദ്ധതിയേയും ഉള്ളടക്കത്തെയും കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. നമ്മുടെ കുട്ടികൾ എന്ത് പഠിക്കുന്നു, എങ്ങിനെ പഠിക്കുന്നു എന്ന ശ്രദ്ധിക്കണം. പഠിക്കുന്നത് അവർ മനസ്സിലാക്കുന്നുണ്ടോ എന്നന്വേഷിക്കുന്നു. കാണാപാഠം പഠിക്കുന്ന കേമന്മാർക്കുപകരം കാര്യമറിഞ്ഞു പ്ടിക്കുന്ന മിടുക്കന്മാർ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാവുന്നു. ഇവർ നാടിനേയും നാട്ടാരേയും അറിയുന്നവരാകും. ഇവർ നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് കാരണക്കാരാകും. പരീക്ഷകളിലെ കൂട്ടക്കൊല ഒരു പഴങ്കഥയാകും. ഇതിനു പറ്റിയ രീതിയിൽ വിദ്യാഭ്യാസത്തിന്റെ ഗുണപരത വർദ്ധിപ്പിക്കാനാവശ്യമായ അക്കാദമിക്ക് പ്രവർത്തനങ്ങൾക്കും പാഠ്യനുബന്ധപ്രവർത്തനങ്ങൾക്കും വേണ്ട സാമൂഹ്യ ഇടപെടൽ ഉറപ്പാക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ ഘടനയുടെ ചരിത്രം പരിശോധിക്കുകയും പുതിയ ഭാവങ്ങൾ പ്രഗ്രഥിക്കുകയും പുതിയ നിർദ്ദേശങ്ങൾ ഉണ്ടാകുകയും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഔപചാരിക വിദ്യാഭ്യാസം

പുരാതനകാലം മുതൽ തന്നെ നമ്മുടെ നാട്ടിൽ എഴുത്തറിയാവുന്നവർ ധാരാളം ഉണ്ടായിരുന്നു. അക്കാലത്ത് നിലത്തെഴുത്ത്, ഓലയിലെഴുത്ത് എന്നിവയായിരുന്നു അക്ഷരാഭ്യാസനത്തിനുള്ള മാർഗ്ഗങ്ങൾ. മുഖ്യമായും ആശാൻ കളരികളായിരുന്നു അഭ്യസനകേന്ദ്രങ്ങൾ. മനകളും അവയോടു ചേർന്നുള്ള ജന്മികുടുബങ്ങളും തങ്ങളുടെ കുട്ടികളെ അവരവരുടെ ഭവനങ്ങളിൽ തന്നെ ഇരുത്തി പഠിപ്പിച്ചിരുന്നു. അദ്ധ്യാപകർ ജന്മിഗൃഹങ്ങളിലെത്തി പഠിപ്പിക്കുകയായിരുന്നു പതിവ്. കർഷക-കർഷകത്തൊഴിലാളികൾ, അധഃകൃതവർഗ്ഗക്കാർ എന്നിവൽക്ക് അക്കാലത്ത് വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല.

തീണ്ടലും തൊടീലും നിലവിലിരുന്നതിനാൽ അക്കാലത്ത് താണ ജാതിക്കാർക്ക് പഠിക്കാനുള്ള അവസരമുണ്ടായിരുന്നില്ല. സ്ത്രീകൾക്കും യഥാ യോഗ്യം വിദ്യാഭ്യാസത്തിനുള്ള അവസരം നൽകിയി രുന്നില്ല.

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കുടി പ്പള്ളിക്കൂടങ്ങൾ ആവർഭവിച്ചു. കുടുംബങ്ങൾ ഒത്തൊരുമിച്ച് നെടുമ്പുരകൾ കെട്ടി തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ ആരംഭിച്ചു. ജൻമികുടും ബത്തിൽ നിന്നും അദ്ധ്യാപകന് താമസ സൗകര്യ വും ഭക്ഷണവും നൽകിയിരുന്നു. കുട്ടികൾ അദ്ധ്യാ പകനെ എല്ലാക്കാര്യങ്ങളിലും സഹായിച്ചു പൊന്നു. അക്കാലത്ത് കടുത്ത ശിക്ഷാരീതികൾ നില വിലിരുന്നു. പ്രാഥമികാവിധ്യാഭ്യാസം മണലിൽ എഴുതി ആയിരുന്നു. പിന്നീട് ഓലയിലും എഴുതി ക്കുന്നു. പദ്യപാഠങ്ങളായിരുന്നു അധികവും, അവ മനഃപാഠമാക്കിയിരുന്നു. ഈ പഠന സമ്പ്രദായ ത്തിൽ അദ്ധ്യാപകന്റെ അറിവാണ് പ്രധാനം.

18-ാം നൂറ്റാണ്ട് അവസാനമായപ്പോൾ, ഈ കുടിപ്പള്ളിക്കൂടങ്ങൾ പലതും ബഥനി മിഷണറി മാർ ഏറ്റെടുത്ത് നവീകരിച്ചു. അതിന് ആ പ്രദേശ ത്തെ ആളുകൾ സഹകരിച്ചിരുന്നു. ഇക്കാലത്ത് അഭി ജാത കുടംബങ്ങളിലെ കുട്ടികൾ ദൂരസ്ഥലങ്ങളിൽ പോയി പഠിച്ചിരുന്നു.

ഇക്കാലഘട്ടത്തിൽ വെണ്ണിക്കുളം, ആറ്റിനിക്ക ര, കണ്ണാട്ടുനിരപ്പ്, എന്നിവിടങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ നിലവിൽ വന്നു. അത്താണിയിൽ അന്നുണ്ടായിരുന്ന ആശാൻ കളരി ഒരു വിദ്യാലയമാ യി ഉയർന്നില്ല.

ഇന്നത്തെ 9-ാം വാർഡ് 10-ാം വാർഡ് (ചെമ്മ നാട്, മോനിപ്പിള്ളി) പ്രദേശങ്ങളിലെ കുട്ടികൾ പുത്തൻകുരിശ് സ്ക്കൂളിലാണ് പോയി പഠിച്ചിരുന്ന ത്.

സ്വാതന്ത്യാനന്തരം കാലഘട്ടത്തിൽ സർക്കാർ, വിദ്യാലയങ്ങൾക്ക് സഹായം നൽകാൻ തുടങ്ങി. ഏന്നാൽ അദ്ധ്യാപകർക്ക് ഉചിതമായ ശമ്പളം നല്കിയിരുന്നില്ല. ഇക്കാലയളവിൽ ക്രിസ്തുമത വിശ്വാസികളും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെ ട്ടവരും അദ്ധ്യായനമാരംഭിച്ചു. മിഷണറിമാർ സാധുകുട്ടികൾക്ക് സഹായങ്ങൾ നല്കിപ്പോന്നു.

ഇക്കാലങ്ങളിൽ LPS നീറാമുകൾ, LPS സെൻ റ് ജോർജ്സ് H.S. വെണ്ണിക്കുളം, St. ഫിലോമിനാസ് H.S. തിരുവാണിയൂർ. S.N.L.P.S.മാമല, സെൻറ് ജോൺസ് J.S.H.S., കണ്ണ്യാട്ട്, നിരപ്പ് എന്നീ വിദ്യാല യങ്ങൾ ഉടലെടുത്തു പഞ്ചായത്തിൽ ഏറ്റവും ഒടു വിൽ പ്രവർത്തനമാരംഭിച്ച വിദ്യാലയം M.A.M.E.M. പുത്തൻകുരിശ് എന്ന അംഗീകൃതവി ദ്യാലയമാണ്.

പഞ്ചായത്തിൽ ഇപ്പോൾ, 20 അംഗൻവാടിക ളും, 2 നെഴ്സറികളും, മൂന്ന് ആശാൻകളരികളും 4 ഹൈസ്ക്കൂളുകളും, 5 എൽ. പി. സ്ക്കൂളുകളും, നാല് സമാന്തരവിദ്യാലയങ്ങളുമാണ് പ്രവർത്തിക്കു ന്നത്. ഉപരിപഠനത്തിനായി സാങ്കേതിക വിദ്യാലയ മൊന്നമില്ല.

അനുബന്ധം ചേർക്കുക

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതിയ വിദ്യാ ലയമൊന്നുമുണ്ടായിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തി നായി നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ കോലഞ്ചേ രി സെൻറം പീറ്റേഴ്സ് കോളേജ്, തൃപ്പൂണിത്തറ ഗവ. ആർട്ട്സ് കോളേജ്, ഗവ.സംസ്കൃത കോളേജ്, എറ ണാകുളം മഹാരാജാസ് കോളേജ്, സെൻറ് ആൽബർ ട്സ് കോളേജ്, തേവര SH കോളേജ്, മണിമല കുന്ന്, ഗവ.കോളേജ്, ഐരാപുരം SSV കോളേജ്, പെരു മ്പാവൂർ മർത്തോമാ കോളേജ്, മുവാറ്റുപുഴ നിർമ്മ ല കോളേജ്, കളമശ്ശേരി ഗവ. പോളിടേക്നിക്, ഗവ. ഐററി ഐ, മറ്റു സ്വകാര്യ ഐറ്റിസികൾ തുടങ്ങി യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 21622 (അവലംബം - 91 ലെ ലെൻസസ്) പുരുഷൻമാർ 10750, സ്ത്രീകൾ 10, 872 പട്ടികജാതി ജനസംഖ്യ 2648 പട്ടിക വർഗ്ഗ ജനസംഖ്യ 5

2. അനുബന്ധം ചേർക്കുക

നമ്മുടെ പഞ്ചായത്തിലെ 9 സ്ക്കൂളുകളിലായി 2994 കുട്ടികൾ പഠിക്കുന്നു. 1536 ആൺകുട്ടികളും 1458 പെൺകുട്ടികളും ഇവരിൽ L.P. വിഭാഗത്തിൽ 731 കുട്ടികളും U.P. വിഭാഗത്തിൽ 915 കുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 1348 കുട്ടികളുമാണു ള്ളത്. പട്ടികജാതി വിഭാഗത്തിൽ പെൺകുട്ടികൾ 384. ഇതിൽ ആൺകുട്ടികൾ 181, പെൺകുട്ടികൾ -

203, ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങളോടുള്ള അഭിനിവേശം മൂലവും പഞ്ചായത്തിലെ സ്ക്കൂളുകളുടെ നിലവാര തകർച്ചയും മൂലം ഏകദേശം 25% കുട്ടികൾ പഞ്ചായത്തിന് വെളിയിലുള്ള സ്ക്കൂളുകളിൽ പോകുന്നു.

അധ്യാപകരുടെ വിവരം

പഞ്ചായത്തിൽ മൊത്തം 101 അധ്യാപകരുണ്ട്.

ഇതിൽ പുരുഷൻമാർ - 31, സ്ത്രീകൾ - 70

59 പ്രൈമറി - അധ്യാപകരും 42 ഹൈസ്ക്കൂൾ - അധ്യാപകരുമാണുള്ളത്.

സ്ക്കൂളുകളുടെ ഭൗതികസാഹചര്യം

L.P. സ്ക്കൂളുകൾക്ക് കളിസ്ഥലമില്ല. ചുറ്റുമതിലുകളുണ്ട്. മൂത്രപ്പുര, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. എല്ലാ സ്ക്കൂളുകളിലും ലാബറട്ടറികളും ലൈബ്രറികളും പ്രവർത്തനക്ഷമമല്ല. (അവലംബം - ഗ്രാമസഭാറിപ്പോർട്ട്)

എല്ലാ സ്ക്കൂളികളിലും P.T.A. പ്രവർത്തിക്കുന്നു. ഭൗതിക സൗകര്യങ്ങളുണ്ടാക്കുന്നതിലും അക്കാദമിക പ്രവർത്തനങ്ങളിലും P.T.A. യുടെ ഇടപെടൽ ഉണ്ട്.

എങ്കിലും P.T.A. യുടെ പ്രവർത്തനങ്ങൾ വർഷം മുഴുവൻ നീണ്ടുനിൽക്കുന്നതും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്. എല്ലാ L.P. വിദ്യാലയങ്ങളിലും മാതൃസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ക്ലാസ്സ് P.T.A. ഒരിടത്തും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ

ദേശീയദിനാചരണങ്ങൾ, കലോത്സവങ്ങൾ, കായിക മത്സരങ്ങൾ, സ്ക്കൂൾ വാർഷികം, പഠനയാത്രകൾ, ശാസ്ത്രോത്സവങ്ങൾ, വിജ്ഞാനോത്സവങ്ങൾ, സാഹിത്യസമാജ പ്രവർത്തനങ്ങൾ, തുടങ്ങി ഒട്ടേറെ പാഠ്യാനുബന്ധവും പാഠ്യേതരവുമായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടക്കുന്നുണ്ടെങ്കിലും ഇവയൊക്കെ കുറേക്കൂടി ഫലപ്രദമായ രീതിയിൽ ആസൂത്രണം ചെയ്യുകയും മുഴുവൻ കുട്ടികളേയും പങ്കെടുപ്പിക്കാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

മുൻവർഷങ്ങളിലെ S.S.L.C. വിജയശതമാനം

ക്രമങ്ങൾ	സ്ക്കൂൾ വർഷം			
	92-93	93-94	94-95	95-96
1. സെൻറ് ജോർജസ് ഹൈസ്ക്കൂൾ വെണ്ണിക്കുളം	92%	76%	66%	60%
2. സെൻറ് ഫിലോമിനാസ് ഹൈസ്ക്കൂൾ, തിരുവാണിയൂർ	-	-	-	80%
3. സെൻറ് ജോൺസ് J.S ഹൈസ്ക്കൂൾ, കണ്യാട്ട് നിരപ്പ്	75%	93%	97%	80%
4. MAM ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ, പുത്തൻകുരിശ്	100%	100%	100%	100%

(അവലംബം - സ്ക്കൂൾ റെക്കാർഡുകൾ)

കലാകായിക മത്സരങ്ങളിലെ പങ്കാളിത്തം

നമ്മുടെ കുട്ടികൾ കാലാകായിക മത്രങ്ഹൾക്കായി സബ്ജില്ലാ - ജില്ലാ മത്രങ്ങഅഹളിൽ പങ്കെടുക്കാറുണ്ട്.

നടപ്പു വർഷത്തെ (1996 - 97) സബ്ജില്ലതല കായിക മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ ഉയർന്ന നിലവാരം പുലർത്തിയിട്ടുണ്ട്.

ക്രമ നമ്പർ	സ്ക്കൂൾ	ഇനം	നേടിയ പോയിൻറ

1) ഗവ J.B.S,

വെണ്ണിക്കുളം കഥാപ്രസംഗം 16
ഓട്ടൻതുള്ളൽ
കായികമത്സരങ്ങൾ: ചാമ്പൻഷിപ്പ് 2) ഗ വ ഗവ J.B.S,

കണ്വട്ട്നിരപ്പ് കഥാപ്രസംഗം 20

മോണോആക്ട്

100മീ., 50മീ ഓട്ടം: -

ക്രമ സ്ക്കൂൾ ഇനം നേടിയ

നമ്പർ പോയിൻറ്

3) സെൻജോർജസ്

ഹൈസ്ക്കൂൾ

വെണ്ണിക്കുളം സംസ്കൃതം പദ്യം ചൊല്ലൽ 20

ഭരതനാട്യം

സംഘനൃത്തം

മലയാളം -പദ്യം ചൊല്ലൽ

കായികമത്സരങ്ങൾ: -

4) സെൻജോൺസ്

J..S,ഹൈസ്ക്കൂൾ

കണ്വട്ട്നിരപ്പ് മോണോആക്ട 10

കായികമത്സരങ്ങൾ: -

5) M.A.M ,ഇംഗ്ളീഷ് മീഡിയം ഹൈസ്ക്കൂൾ മോഹിനിയാട്ടം 10

50മീ., 100മീ., ഓട്ടം First

പൊട്ടറ്റോ ഗ്യാതറിങ്ങ് First

ബ്രോഡ് ജംബ് second

വിജ്ഞാനോത്സവം

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിൻെറ സഹകരണത്തോടെ കേരള ശാസ്ത്രസാഹിത്യപരിഷത്ത് സംഘടിപ്പിക്കുന്ന സ്ക്കൂൾ തല വിജ്ഞാനോത്സവം പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും സംഘടിപ്പിച്ചു. പഞ്ചായത്ത് തല വിജ്ഞാനോത്സവം വെണ്ണിക്കുളം സെൻറ് ജോർജസ് ഹൈസ്ക്കൂളിൽ നടന്നു.

അനൗപചാരിക വിദ്യാഭ്യാസം

വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്ന വൈയക്തികവും സാമൂഹികവുമായ വികസനം സാധ്യമാകുമാറ് പഞ്ചായത്തിലെ എല്ലാവർക്കും വായനശാലകളോ കലാകായിക ക്ലബുകളോ, മഹിളാസാമാജങ്ങളോ പ്രവർത്തിക്കുന്നണ്ട്. സാമ്പത്തിക പരാധീനത, ഭൗതികസഹായങ്ങളുടെ അപര്യാപ്ത, ശരിയായ മോണിട്ടറിംഗിൻെറ കുറവ് എന്നിവ മൂലം ഇവയിൽ പലതിൻേറയും പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കാതെ പോകുന്നു. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമായി കാണുന്നില്ല.

നമ്മുടെ നാട്ടിലെ വിവിധ പ്രസ്ഥാനങ്ങളുടെ ആഘോഷങ്ങൾ, ക്ഷേത്രോത്സവങ്ങൾ, പള്ളിപ്പെരുന്നാളുകൾ, ഓണക്കാലപരിപാടികൾ, തുടങ്ങിയവ സാമൂഹ്യ വിദ്യാഭ്യാസ പ്രക്രിയയെ സഹായിച്ചു വരുന്നു.

കുടുംബബന്ധങ്ങളിൽ വന്ന മാറ്റം (കൂട്ടുകുടുംബങ്ങളിൽ നിന്ന് അണു കുടുംബങ്ങൾ എന്ന രീതിയിലേക്ക് വന്ന മാറ്റം) കുട്ടികളുടെ സ്വഭാവരൂപികരണത്തേയും പ്രാഥമിക വിദ്യാഭ്യാസത്തേയും ബാധിച്ചിട്ടുണ്ട്.

മാധ്യമങ്ങളുടെ വർധനവ് ജനങ്ങൾക്ക് പുത്തൻ അറിവുകൾ യഥാസമയം എത്തിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു.

വായന ശാലകൾ

ദേശീയ പ്രസ്ഥാനത്തിൻെറ കാലഘട്ടത്തിൽ രൂപികരിക്കപ്പെട്ട നമ്മുടെ ഗ്രന്ഥശാലപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിലും അതിൻെറ അനുരണനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ 4 വായനശാലകളാണ് പ്രവർത്തിക്കുന്നത്. വെണ്ണിക്കുളം യുവജന സാംസ്ക്കാരികവായനശാല, കൊടാമ്പൂർയൂണിയൻ ലൈബ്രറി, തിരുവാണിയൂർ ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാല, മറ്റക്കുഴി ഗ്രാമീണ വായനശാല. ഇവയിൽ മറ്റക്കുഴി ഗ്രാമീണനായനശാലയൊഴികെ മറ്റ് മൂന്ന് വായനശാലകളും കേരള ഗ്രന്ഥശാലാസംഘത്തിൽ രജിസ്ട്രേഷൻ ഉള്ളവയാണ്.

വായനാശീലം പൊതുവെ കുറഞ്ഞുവരുന്നതായി കാണുന്നു. T.V. മാധ്യമത്തിൻെറ അതിപ്രസരം ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്. ഫലപ്രദമായ ബഹുജന വി

ദ്യാഭ്യാസപരിപാടികൾ സംഘടിപ്പിക്കുന്നതിനും കുട്ടികളെ അവരുടെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനൊ ഒന്നും വായനശാലകൾക്ക് കഴിയുന്നില്ല. ഫലപ്രദമായി വാർഷികാഘോഷ പരിപാടികൾപോലും സംഘടിപ്പിക്കുവാൻ മിക്ക വായനശാലകൾക്കും കഴിയുന്നില്ല.

അനുബന്ധം - 3

സാക്ഷരതാപ്രവർത്തനം

എറണാകുളം ജില്ലാ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി നല്ല രീതിയിൽ സാക്ഷരതാപ്രവർത്തനം സംഘടിപ്പിക്കപ്പെട്ട പഞ്ചായത്താണ് നമ്മുടേത്. അതിന് മുൻപ് തന്നെ RFLP പ്രോഗ്രാമിൽ പെട്ട് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും സാക്ഷരതാക്ലാസ്സുകൾ നടന്നിരുന്നു.

പക്ഷെ തുടർന്ന തുടർ സാക്ഷരതാപരിപാടി ഏതാണ്ട് നിർജീവാവസ്ഥയിലാണ്.

ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീരണം

പ്രശ്നങ്ങൾ

വാർഡ് - 1

സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യമില്ല. ഉള്ള സ്ക്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. തുടർ സാക്ഷരതാപരിപാടി ഫലപ്രദമല്ല. P.T.A. പ്രവർത്തനം ഫലപ്രദമല്ല.

വാർഡ് - 2

1. കുട്ടികളുടെ പഠനനിലവാരം തൃപ്തികരമല്ല. സ്ക്കൂൾ കെട്ടിടം പഴകിയതാണ്. കളിസ്ഥലം അപര്യാപ്തമാണ്. അംഗൻവാടി കുട്ടികൾക്ക് കളിക്കോപ്പുകൾ ഇല്ല.

വാൽഡ് - 3

P.T.A. യുടെ പ്രവർത്തനം കാര്യക്ഷമമല്ല. ലാബറട്ടറി സൗകര്യങ്ങൾ അപര്യാപ്തമാണ്. അംഗൻവാടികളിൽ വൈദ്യുതി എത്തിയിട്ടില്ല. O.E.N ന് സമീപമുള്ള അംഗൻവാടികൾ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

വാർഡ് - 4

അംഗൻവാടി കുട്ടികൾക്ക് മതിയായ കളിസ്ഥലവും കളിക്കോപ്പുകളും ഇല്ല. അംഗൻവാടിയിൽ വൈദ്യുതി എത്തിയിട്ടില്ല. L.P. സ്ക്കൂളിലെ കുട്ടികൾക്ക് വച്ചെഴുതാനുള്ള ഡസ്ക്ക് ഇല്ല. കുട്ടികൾക്ക് ഉച്ചഭക്ഷം വേണ്ടരീതിയിൽ നൽകാൻ സംവിധാനമില്ല.

വാർഡ് - 5

അംഗൻവാടിയുടെ കെട്ടിടസൗകര്യങ്ങൾ അപര്യാപ്തമാണ്. ഉച്ചഭക്ഷണം തയ്യാറാക്കാൻ വേണ്ടത്ര സൗകര്യം ഇല്ല. അംഗൻവാടി വൈദ്യുതികരിക്കേണ്ടതുണ്ട്.

വാർഡ് - 6

അംഗൻവാടികളുടെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തമാണം.

വാർഡ് - 7

അംഗൻവാടികളുടെ പ്രവർത്തനം ആശാവഹമല്ല. ജനവിദ്യാ കേന്ദ്രം പ്രവർത്തനക്ഷമമല്ല.

വെണ്ണിക്കുളം ഗവ. J.B.S. ന്റെ സ്റ്റേറേജ് പണി പൂർത്തിയായിട്ടില്ല. പാഠപുസ്തകങ്ങൾ സമയത്തത്ത് ലഭ്യമാകുന്നില്ല.

വാർഡ് - 8

നേഴ്സറി, അംഗൻവാടി, ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സാക്ഷരതാ തുടർപ്രവർത്തനം നിലച്ചുപോയി. ഹൈസ്ക്കൂളിലെ കളിസ്ഥലം നന്നാക്കിയിട്ടില്ല. ലാബറട്ടറി സൗകര്യങ്ങൾ അപര്യാപ്തമാം.

വാർഡ് - 9

വാർഡിൽ കുട്ടികൾക്ക് പഠിക്കാൻ L.P. സ്ക്കൂൾ ഇല്ല.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്
7.2 ആരോഗ്യ സ്ഥിതിവിവരങ്ങൾ

1. ആകെ വീടുകൾ			6816
a)	കോൺക്രീറ്റ്	:	2517
b)	ഓടിട്ടത്	:	3834
c)	ഓലമേഞ്ഞത്	:	280
d)	കുടിൽ	:	185
2. കക്കൂസുകളുള്ള വീടുകളുടെ എണ്ണം			3816
a)	സെപ്റ്റിക് ടാങ്ക്	:	1616
b)	ഇ.എസ്.പി	:	500
c)	മറ്റുള്ളവ	:	1500
3. തൊഴുത്ത്			
a)	വീടിനോട് ചേർന്ന്	:	1200
b)	പ്രത്യേകിച്ച്	:	2100
4. കമ്പോസ്റ്റ് കുഴി			
a)	ഉള്ളത്	:	1100
b)	ഇല്ലാത്തത്	:	2200
5. വൈദ്യുതി			
a)	വൈദ്യുതികരിച്ചവ	:	3000
b)	അല്ലാത്തവ	:	3816
6. ജനസംഖ്യ			
a)	പുരുഷൻമാർ	:	10872
b)	സ്ത്രീകൾ	:	10750
c)	കുട്ടികൾ	:	2267
7. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം)			
a)	15-19	:	6
b)	20-24	:	442
c)	25-29	:	746
d)	30-34	:	717
e)	35-39	:	700
f)	40-44	:	160
			2771
8. അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)			
a)	1 കുട്ടി	:	675
b)	2 കുട്ടികൾ	:	1459
c)	2 ൽ കൂടുതൽ കുട്ടികൾ	:	445
9. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)			
a)	1 കുട്ടി	:	473
b)	2 കുട്ടികൾ	:	1433
c)	2 ൽ കൂടുതൽ കുട്ടികൾ	:	443
10. അംഗവൈകല്യമുള്ളവർ			
a)	അന്ധർ	:	
b)	ബധിരർ	:	
c)	മൂകർ	:	
d)	ബധിർ-മൂകർ	:	
e)	ചലന വൈകല്യങ്ങൾ	:	
f)	രക്തസമ്മർദ്ദം	:	
g)	പ്രമേഹം	:	
h)	കാൻസർ	:	
i)	കുഷ്ഠം	:	
j)	ക്ഷയം	:	
k)	ഹൃദ്രോഗം	:	
l)	ആകെ	:	
11.	a)ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം	:	161
	b)പ്രതിരോധകുത്തിവെയ്പു നടത്തിയവർ	:	584
ആകെ ഗർഭിണികൾ		:	256

അവംലംബം **P.H.C** സെൻറർ

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

1.7 വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

Ref. AVG.

വാർഡ്	സ്ക്കൂളുകളുടെ എണ്ണം																		സാങ്കേതിക വിദ്യാ ലയങ്ങൾ(ഏതെ ന്ന് ബ്രാക്കറ്റിൽ)	കോളേജുകൾ			പാരലൽ കോളേജുകൾ		
	H.S.S/H.S					U.P.S					L.P.S					നഴ്സറി									
	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	പഞ്ചായത്ത്	സഹകരണം	ആകെ	സർക്കാർ	സഹകരണം	ആകെ	സ്ക്കൂൾ കൂടിയാണോ നടത്തുന്നത്	കോളേജ് കൂടിയാണോ നടത്തുന്നത്	സ്ക്കൂൾ കോളേജ് കൂടിയാണോ നടത്തുന്നത്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
1											1																	
2											1																1	
3		1			1																						1	
4		1			1						1																	
5																												
6												1																
7											1																	
8		1			1																							
9																			1								1	
10			1		1														1								1	
ആകെ		3	1		4						4	1							2								3+1=4	

ആകെ : H.S -4, U.P - 0, L.P - , നേഴ്സറികൾ-2, പാരലൽ കോളേജുകൾ- 4

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

SSLC Exam. Result of ST. PHILOMINAS H.S. THIRUVANIYOOR 92 - 93, 93-94, 94 - 95 & 95 - 96

92 - 93

	Passed	Percentage	Dist.
Students appeared - 88	61	70%	1 (one)
Ist class - 13, 2nd class - 12			

93 - 94

	Passed	Percentage	Dist.
Students appeared - 89	61	69%	(one)
Ist class - 13, 2nd class - 11			

92 - 93

	Passed	Percentage	Dist.
Students appeared - 88	61	70%	1 (one)
Ist class - 13, 2nd class - 12			

93- 94

	Passed	Percentage	Dist.
Students appeared - 83	61	73%	(one)
Ist class - 12			

95- 96

	Passed	Percentage	Dist.
Students appeared - 91	70	71%	3
Ist class - 14			

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം

അനുബന്ധം - 3

പേര്	സ്ഥാപിതം	അംഗങ്ങൾ	ഗ്രന്ഥങ്ങളുടെ എണ്ണം	ഗ്രേഡ്	പ്രതിദിന വിതരണം	മറ്റ് പ്രവർത്തനങ്ങൾ
1) യുവജന സാംസ്കാരിക വായനശാല	1960	375	2291	C	25	സ്പോട്ട്സ്, സാസ്കാരികപ്രവർത്തനങ്ങൾ
2) യുണിയൻ ലൈബ്രറി കൊടാമ്പൂർ	1961	352	2428	C	40	,, ,,
3) ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാല തിരുവാണിയൂർ	1948	575	3332	C	75	,, ,,
4) ഗ്രാമീണ വായനശാല മറ്റക്കുഴി	1993	115	1600	രജിസ്ട്രേഷൻ ഇല്ല	ഇല്ല	,, ,,

അവലംബം - വായനശാലാ രജിസ്റ്ററുകൾ

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സംബന്ധിച്ച വിവരങ്ങൾ:-

	സ്ക്കൂളിന്റെ പേര്	അധ്യാപകരുടെ എണ്ണം						ആകെ	വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
		H.S		U.P		L.P						കെട്ടിടം		ഫർണീച്ചർ	
		ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്		ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1)	സെൻറ് ഫിലോമിനാസ് H.S തിരുവണിയൂർ	4	9	7				20	281	263	544				വേണ്ടത്ര ഇല്ല
2)	സെൻറ് ജോർജസ് H.S വെണ്ണിക്കുളം	2	11	4	8			25	220	237	457				
3	സെൻറ് ജോൺസ് J.S.H.S കണ്ണാട്ട്നിരപ്പ്	4	4	1	2			11	127	108	235				
4)	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്								530	473	1003				വേണ്ടത്ര ഉണ്ട്
5)	J.B.S, നീറാംമുകൾ					1	3	4	45	45	90				വേണ്ടത്ര ഇല്ല
6)	ഗവ.L.P.S അറ്റനിക്കര							6	67	72	139				വേണ്ടത്ര ഇല്ല
7)	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്					2	3	5	82	77	159				വേണ്ടത്ര ഇല്ല
8)	J.B.S,വെണ്ണിക്കുളം							8	131	132	263				വേണ്ടത്ര ഇല്ല
9)	S.N.L.P.S, മാമല								53	51	104				

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.2 സ്ക്കൂളിന്റെ പൊതുവിവരം

	സ്ക്കൂളിന്റെ പേര്	ഹൈസ്ക്കൂൾ/ യു.പി./ പ്രീ പ്രൈമറി	സ്ക്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം								മറ്റു കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച.	പട്ടികജാതി പട്ടികവർഗ കുട്ടികളുടെ എണ്ണം		
			സർക്കാർ	അർദ്ധസർക്കാർ	അൺ എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ള തസ്തികയുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല അവധിയിലുള്ളവർ	സ്കൂൾ കുന്നിന്റെ ചരിവിന്റെ വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം.		ആൺ	പെൺ	ആകെ
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1)	സെൻറ് ഫിലോമിനാസ് H.Sതിരുവണിയൂർ	H.S		✓			281	263	544	25	25	-	-	6 എക്കർ	75സെൻറ്	-	ചുറ്റുമതിൽ ഇല്ല.	-	-	-
2)	സെൻറ് ജോർജസ് H.S വെണ്ണിക്കുളം	H.S		✓			220	237	457	25	25	-	-	5 എക്കർ	2 എക്കർ	-	ചുറ്റുമതിൽ ഉണ്ട്, ഫർണിച്ചർ പോര.	48	48	96
3)	സെൻറ് ജോൺസ് J.S.H.S കണ്ണാട്ട്നിരപ്പ്	H.S		✓			127	108	235	11	11	-	-	5 എക്കർ	3 എക്കർ	-	ചുറ്റുമതിൽ ഉണ്ട്, ഉപകരണങൾ പോര.	10	17	27
4)	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	H.S			✓		536	473	1003	-	-	-	-	-	-	-	-	6	11	17
5)	J.B.S, നീറാംമുകൾ	L.P	✓				45	45	90	4	4	-	-	50സെൻറ്	ഇല്ല	-	ചുറ്റുമതിൽ ഇല്ല, അറ്റകുറ്റപണികൾ നടത്തണം	9	10	19
6)	ഗവ.L.P.S അറ്റനിക്കര	L.P	✓				67	72	139	6	6	-	-	18 സെൻറ്	4 സെൻറ്	-	ചുറ്റുമതിൽ ഇല്ല,	15	16	31
7)	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്	L.P	✓				82	77	159	5	5	-	-	-	-	-	ജനൽ, വാതിൽ റിപ്പയർ ചെയ്യണം	11	15	26
8)	J.B.S,വെണ്ണിക്കുളം	L.P	✓				131	132	263	8	8	-	-	96 സെൻറ്	15സെൻറ്	-	കണിപ്പുർ,ഫർണിച്ചർ,അറ്റകുറ്റപ്പണി നടത്തണം ഓഡിറ്റോറിയം പണി പൂർത്തിയാക്കണം	18	25	43
9)	S.N.L.P.S, മാമല	L.P		✓			53	51	104	-	-	-	-	-	-	-	-	10	4	14
	ആകെ		4	4	1		1536	1458	2994								റിപ്പയർ ചെയ്യണം			

അവലംബം:- സ്ക്കൂൾ റെക്കേ്ക്കാർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

	സ്ക്കൂളിന്റെ പേര്	അടുക്കള സഹിതമുള്ള കെട്ടിടങ്ങളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇന്നി മുറികൾ അവശ്യമുണ്ടെങ്കിൽ എണ്ണം	ഇന്നി അവശ്യമുള്ള കെട്ടിടം/മുറി നിർമ്മിക്കാനുള്ള രൂപ ഉണ്ട്/ഇല്ല	നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം.	ഇന്നി അവശ്യമുള്ള ടോയ്ലറ്റിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ളവിതരണസംവിധാനം ഉണ്ട്/ഇല്ല-ടാപ്പ്/കിണർ	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണീച്ചർ മതിയാവുമോ/ഇല്ല	ഇന്നി അവശ്യമായവയുടെ എണ്ണം				
			സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം																	
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1)	സെൻറ് ഫിലോമിനാസ് H.S തിരുവണിയൂർ	15	-	-	-	-	-	-	-	ഉണ്ട്	-	2	2	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10	10	7	23	4
2)	സെൻറ് ജോർജസ് H.S വെണ്ണിക്കുളം	13	-	-	-	-	-	-	ഇല്ല	-	4	-	2	2	ഇല്ല	ഉണ്ട് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	20	20	10	10	വേണ്ട.
3)	സെൻറ് ജോൺസ് J.S.H.S കണ്ണാട്ട്നിരപ്പ്	6	-	-		15	-	ഇല്ല	ഇല്ല	ഉണ്ട്	3	20	-	2	-	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാകും	-	-	-	-	-
4)	M.A.M ഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	21	-	-		19	6	-	-	-	6	30	-	6	6	ഉണ്ട്	ഉണ്ട്		ഉണ്ട്	മതിയാകും	-	-	-	-	-
5)	J.B.S, നീറാംമുകൾ	4	-	-		-	-	-	-	ഉണ്ട്	-	-	1	1	ഇല്ല	ഉണ്ട്	ഉണ്ട്	താല്കാലികം	ഇല്ല	ഇല്ല	32	10	2	4	ഫെൻസിംഗ്, അലമാര-1, മേശ-1, കസേര-1
6)	ഗവ.L.P.S അറ്റ നിക്കര	-	-	-		-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-
7)	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്	5	സ്ഥിരം			6			ഇല്ല	ഉണ്ട്	1	4	1	1	1	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	40	10	2	5	ഗ്ലാൻറ്, അലമാര
8)	J.B.S,വെണ്ണിക്കുളം	8	-	-	-	-	-	-	1	ഉണ്ട്	2	10	-	2	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	10	10	6	6	ഗ്ലാൻറ്-1
9)	S.N.L.P.S, മാമല	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	മെറിറ്റ് സ് ക്കോളർഷിപ്പ്	ലംസം ഗ്രാന്റ്	മുസ്ലീം പെൺ കുട്ടികളുടെ സ്ക്കോ ളർഷിപ്പ്	വികലാംഗ സ്ക്കോ ളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം	ബീഡി തൊഴി ലാളി സ്ക്കോ ളർഷിപ്പ്	മത്സ്യതൊഴി ലാളികളുടെ കുട്ടികൾ ക്കുള്ള സ് ക്കാളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാ ക്കുക)
1	2	3	4	5	6	7	8	9	10
1	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്		26		2				
2	സെൻറ് ജോർജസ് H.S വെണ്ണിക്കുളം		14						
3	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	4	17						
4	സെൻറ് ഫിലോമിനാസ് H.S, തിരുവണിയൂർ		120		5				
5	J.B.S,വെണ്ണിക്കുളം		50						

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

	സ്ക്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				
		കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ/വാഹനങ്ങൾ സ്പെയർപാർട്സുകൾ ഉപയോഗം എന്നിവയുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചഭക്ഷണത്തിന്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്വയംഭരണം	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ ഫണ്ട്	മറ്റുമാർഗ്ഗത്തിലുള്ള വരവ്	
		2	3	4	5	6	7	8	9	10	11	12	13	14	15	16	17
1)	സെൻറ് ഫിലോമിനാസ് H.S തിരുവണിയൂർ	25,000	10,000	3,000	10,000	10,000	7,000	10,000	ഇല്ല	അരിപയർ എണ്ണ	ഇല്ല	-	ഇല്ല	ഇല്ല	450	മാനേജർ 30,000	30,450
2)	സെൻറ് ജോർജസ് H.S വെണ്ണിക്കുളം	8,000															
3	സെൻറ് ജോൺസ് J.S.H.S കണ്ണാട്ട്നിരപ്പ്	-	-	-	500	200	400	500	-	-	-	-	1,800	-	5,000	-	6,800
4)	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	6,314	2,677	1099.50	4080.50	11605	1482		ശബളം അടക്കം 550919.25	-	-	-	504924	-	20,000	73253.25	5,98,177.25
5)	J.B.S, നീറാംമുകൾ	12,000	20,000	20,000	1,000	1,500	2,000	7,000	1,500	843	-	843	-	-	1282	O.E.N കമ്പനി 2,000	4125
6)	ഗവ.L.P.S അറ്റനിക്കര																
7)	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്	-	-	-	500	800	400	5,000	-	-	-	-	-	-	3,000	-	3,000
8)	J.B.S,വെണ്ണിക്കുളം	5,000	3,000	-	1,000	2,000	-	8,000	500	2,000	-	2,000	-	-	5,000	-	7,000
9)	S.N.L.P.S, മാമല																

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

	സ്ക്കൂളിന്റെ പേര്	ഇനവിവരം	ജില്ലാ തലത്തിൽ			സംസ്ഥാന തലത്തിൽ			ദേശീയ തലത്തിൽ		
			ആൺ കുട്ടികളൾ	പെൺ കുട്ടികളൾ	ആകെ കുട്ടികളൾ	ആൺ കുട്ടികളൾ	പെൺ കുട്ടികളൾ	ആകെ കുട്ടികളൾ	ആൺ കുട്ടികളൾ	പെൺ കുട്ടികളൾ	ആകെ കുട്ടികളൾ
	1	2	3	4	5	6	7	8	9	10	11
1	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്	മോണോ ആക്ട് കഥാപ്രസംഗം 100 മീ., 50മീ. ഓട്ടം	2	1	3						
2	സെൻറ് ജോർജസ് H.S, വെണ്ണിക്കുളം	സംസ്കൃതോത്സവം നൃത്തം	1	2	3						
3	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	50മീറ്റർ-I 100മീറ്റർ-I പൊട്ടറ്റോ ഗാതറിങ്ങ്-I ബ്രോഡ്ജംബ്-II	2								
		മോഹിനിയാട്ടം-A Grade		1	3						

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

9.4. അക്കാദമിക് സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	വൈദ്യുതി ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നില്ല	ലൈബ്രറി ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നില്ല	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നില്ല	ശുചിമുറി (ടോയ്ലറ്റ്) ഉണ്ട്/ഇല്ല (ആൺകുട്ടികൾ, പെൺകുട്ടികൾ, ഭിന്നശേഷി സൗഹൃദം)													
					സോപ്പ്	ടോയ്ലറ്റ് പേപ്പർ	ടി. വി. സെറ്റ്	വി. സി. ആർ./വി. സി. പി	സിനിമാപ്രൊജക്ടർ	ട്രെയ്നിംഗ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആൺകുട്ടികളുടെ എണ്ണം	പെൺകുട്ടികളുടെ എണ്ണം	2016-17 അധ്യയന വർഷത്തിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം	സ്കൂളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഭിന്നശേഷിക്കാരുടെ എണ്ണം	മാനസികാരോഗ്യം സജീവം/ നിർജീവമല്ല	ക്ലസ്റ്റർ പി.ടി.എ രൂപീകരിച്ചു പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1)	സെൻറ് ഫിലോമിനാസ് H.S തിരുവണിയൂർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	14	189	11	2	ഇല്ല	ഉണ്ട്
2)	സെൻറ് ജോർജസ് H.S വെണ്ണിക്കുളം	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	14	194	ഇല്ല	13	ഹൈസ്ക്കൂളിൽ ഇല്ല	ഉണ്ട്
3	സെൻറ് ജോൺസ് J.S.H.S കണ്ണാട്ട്നിരപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	6	10	191	-	-	സജീവം	പി.ടി.എ ഉണ്ട്
4)	M.A.Mഇംഗ്ലീഷ് മീഡിയം H.S, പുത്തൻകുരിശ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	21	21	196	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5)	J.B.S, നീറാംമുകൾ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	193	ഇല്ല	5	സജീവം	ഉണ്ട്
6)	ഗവ.J.B.S, കണ്ണാട്ട്നിരപ്പ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	191	-	14	സജീവം	ഉണ്ട്
7)	J.B.S,വെണ്ണിക്കുളം	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8	8	193	ഇല്ല	7	സജീവം	ഉണ്ട്

അവലംബം:- സ്ക്കൂൾ റെക്കോർഡുകൾ (ദ്വിതീയ വിവരശേഖരണം)

കുടിവെള്ളം പൊതുജനാരോഗ്യം



കുടിവെള്ളം

ശുദ്ധജലമില്ലാതെ മനുഷ്യന് ജീവിതം അസാദ്ധ്യമാണ്. മനുഷ്യൻ ഭൂമിയിൽ ജീവിയ്ക്കാൻ തുടങ്ങിയ കാലം മുതൽ ശുദ്ധജലത്തിന്റെ ആവശ്യകതയും, പ്രാധാന്യവും വർദ്ധിച്ചുവരുന്നു. ചരിത്രം പരിശോധിച്ചാൽ അസംഖ്യം പ്രകൃതിജന്യമായ ജലസ്രോതസ്സുകൾ ഉണ്ടായിരുന്നതായി കാണാൻ കഴിയും പ്രാചീന ശിലായുഗത്തിലും ആധുനിക ശിലായുഗ കാലഘട്ടത്തിലും മനുഷ്യൻ വനത്തിൽ വസിച്ചിരുന്നപ്പോൾ മറ്റൊന്നുമില്ലെങ്കിലും പ്രകൃതിയുടെ വരദാനമായി ശുദ്ധജലം ലഭിച്ചിരുന്നു. ജലപ്രവാഹങ്ങൾ അരുവിയുടേയും, പുഴയുടേയും, ജലാശയങ്ങളുടേയും രൂപത്തിൽ അന്നത്തെ മനുഷ്യന് ലഭ്യമായിരുന്നു.

ഈ കാലഘട്ടം പിന്നീട് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന പുതിയ യുഗം പിറവികൊണ്ടപ്പോൾ ആവശ്യവസ്തുവായ ജലം പോലും മലിനമാക്കപ്പെടുകയും , പ്രകൃതിസ്രോതസ്സുകൾ ബോധപൂർവ്വം നശിപ്പിക്കപ്പെടുകയും ചെയ്തു. ഇതിനുപുറമേ വൻകിടവ്യവസായങ്ങളുടെ പരിസ്ഥിതിസന്തുലിതാവസ്ഥയെ നോക്കാതെയുള്ള അശാസ്ത്രീയമായ നടപടികൾ പുഴകളുടേയും, ജലാശയങ്ങളുടേയും വിഷലിപ്തമാക്കുന്നതിന് ഇടയാക്കി. നമ്മുടെ ഭാവിതലമുറയുടെ ആരോഗ്യകരമായ നിലനില്പിനുവേണ്ടി ശുദ്ധജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ബോധപൂർവ്വം നടത്തേണ്ടതാണ്.

ആരോഗ്യപുരോഗതിയുടെ മുഖ്യഘടകങ്ങളിലൊന്ന് ശുദ്ധജലമാണ്. അത് ഈ പഞ്ചായത്തിലെ രൂക്ഷമായ പ്രശ്നമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. മുഖ്യമായും കിണറുകളേയും, കുളങ്ങളേയുമാണ് ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്നത്. മറ്റൊന്ന് പൈപ്പ് ലൈനുകളാണ്. ഇവയിൽനിന്നെല്ലാം കിട്ടുന്ന 50% ജലം ജനങ്ങളുടെ ഉപയോഗത്തിന് അപര്യാപ്തമാണ്. പൊതുകിണർ, ഉറവകൾ, കുളങ്ങൾ, കുഴൽകിണറുകൾ, ടാപ്പുകൾ എന്നിവ സൂചിപ്പിക്കുന്ന പട്ടികയിൽ നിന്നു കുടിവെള്ളത്തിന്റെ അപര്യാപ്തത വ്യക്തമാക്കുന്നുണ്ട്.

ജലസ്രോതസ്സ് - പട്ടിക (1) നോക്കുക

സ്വകാര്യകിണറുകളും, പൊതുകിണറുകളും, കുളങ്ങളും, കുഴൽകിണറുകളും, ഉള്ള ഈ പഞ്ചായത്തിൽ വേനൽക്കാലത്ത് ജലം വറ്റുന്നതുകൊണ്ട് ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

അശാസ്ത്രീയമായ രീതിയിലുള്ള മണ്ണെടുപ്പും, പാടങ്ങൾ നികത്തലും മൂലം വേനൽക്കാലത്ത്

ജല ദൗർലഭ്യത്തിന് കാരണമാവുന്നു. ഫെബ്രുവരി മുതൽ മെയ് വരെ രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിന്റെ സമീപപ്രദേശമായ ചൂണ്ടിയിലുള്ള KWA യുടെ ജലസംഭരണകേന്ദ്രത്തിൽ നിന്നാണ് പൈപ്പ് ലൈൻ വഴി ശുദ്ധജലം വിതരണം ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പൈപ്പ് ലൈൻ എത്തി നിൽക്കുന്നുണ്ടെങ്കിലും ജലവിതരണം ഫലപ്രദമല്ല. ഈ സംഭരണകേന്ദ്രത്തിൽ നിന്ന് സമീപത്തുള്ള മൂന്ന് പഞ്ചായത്തുകളിലേക്കും, റീഫൈനറി, HOC എന്നീ വൻകിട വ്യവസായ ശാലകളിലേക്കും. ശുദ്ധജലവിതരണം നടത്തുന്നതുകൊണ്ട് ഈ പഞ്ചായത്തിലേക്ക് ആവശ്യത്തിന് ജലം കിട്ടുന്നില്ല. 158 ടാപ്പുകൾ 21000 ഓളം വരുന്ന ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ തികച്ചും അപര്യാപ്തമാണ്. വളരെ നിയന്ത്രിതമായ സമയം മാത്രമേ സംഭരണിയിൽനിന്നും ജലം ഈ പഞ്ചായത്തിലേക്ക് വിതരണം ചെയ്യുന്നുള്ളൂ. മാത്രവുമല്ല പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ എത്തിനിൽക്കുന്ന പൈപ്പ്ലൈനുകളിൽ ജലം എത്തിക്കാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. പല പൈപ്പ് ലൈനുകളും അതുകൊണ്ട് കടലാസ് പദ്ധതികൾ മാത്രമായി അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന കുംഭപ്പിള്ളി തോടുന്റെ സമീപത്ത് എവിടെയെങ്കിലും ഒരു പമ്പിങ്ങ് സ്റ്റേഷൻ നിർമ്മിക്കുവാനുള്ള സാദ്ധ്യത ഉണ്ട്. ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പാക്കാൻ സൗകര്യമുള്ള പ്രദേശങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്

ഈ പഞ്ചായത്തിലെ 6-ാം വാർഡിൽ അടുത്ത വ്യവസായശാലയിൽനിന്നും ജലമലിനീകരണം അനുഭവപ്പെടുന്നു.

ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ ജലമലിനീകരണത്തിനുകാരണമാകുന്നു. പൊതുകിണറുകൾ, കുളങ്ങൾ എന്നിവ എല്ലാവർഷവും വൃത്തിയാക്കി ക്ലോറിനേറ്റ് ചെയ്താൽ മലിനീകരണം ഒരു പരിധിവരെ തടയാം. കുടിവെള്ളം ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

പട്ടിക (2)

കുടിവെള്ളത്തിന് രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങൾ

1. അത്താണി ഖാദി ബോർഡിന് എതിർവശത്തുള്ള ഹരിജൻ കോളനി.
2. നീറാം മുകൾ
3. പോതനകുഴി
4. ചെട്ടിയാഞ്ചേരി
5. നടുക്കുരിശ് അംഗൻവാടി, പുത്തൻപുരത്തോട്, കാഞ്ഞിരംകുളം.
6. ചെത്തിക്കോട്ടിൽഭാഗം
7. നടുക്കുരിശ്, കുടകുത്തി റോഡിൽ മനയ്ക്കനിരപ്പ് കോളനി.
8. പട്ടമ്മാരുക്കുടിപ്പടി.

വാർഡ് 2

തെക്കൻ ചേരി, കരിന്തരക്കുഴി, തേറുകുഴി, കളരിക്കൽ ഭാഗം, മേപ്പാട് ഇഞ്ചിപറമ്പിൽ താഴം, മേപ്പാടം കുരിശുവളളിപ്രദേശം

വാർഡ് 3

സെ. മേരീസ് കാത്തിലിക് ചർച്ച് റോഡ്

കമ്പനി മല

OEN, കണക്ടേഴ്സ് OEN

മമ്പിളിമൂലി കോളനി

തിരുമല അംഗൻവാടി പ്രദേശം

കണ്ടേത്തുപാറമൂല

തോട്ടുങ്ങുമല പുളിനിറപ്പ് കോളനി

വെട്ടിക്കൽ കനാൽ ബണ്ട് റോഡ്

പഴുക്കാറ്റം വെട്ടിക്കൽ റോഡിന് ഇരുവശം

വാർഡ് 4

കണ്ണാട്ടുനിറവിൽ പമ്പോട്ടിച്ചിറ റോഡ്

കണ്ണാട്ടു നിരപ്പ് പള്ളിക്കു കിഴക്കുവശം

പാട്ടുള്ളി മൂല

അടുക്കാട്ടിച്ചിറഭാഗം

അസലപടിഹരിജൻ കോളനി കുപ്പേത്തഴം വരെ

വാർഡ് 5

കണ്ടാരത്തുമല കോളനി

മാമലസൊസൈറ്റിപടി മുതൽ പൂണാട്ടുഭാഗം കോളനിവരെയുള്ള പ്രദേശം

മുറിയമംഗലം സെറ്റിൽമെൻറു കോളനി

മുറിയമംഗലം ലക്ഷം വീട് ഹരിജൻ കോളനി

മുറിയമംഗലം വായനശാല മുതൽ വെണ്ണിക്കുളം വരെയുള്ള നിർദ്ദേശം

വാർഡ് 6

വെൾൺമണി ഹരിജൻ കോളനി

കക്കാട് ബാലവാടി

അമ്പാട്ട് മോളോത്ത്

കുഞ്ഞു മോളോത്ത് കോളനി

കക്കാട് സൺഡേസ്ക്കൂൾ പരിസരം

മാമല S. N L.P.S.

കൊച്ചു മോളോത്ത് കോളനി

വാർഡ് 7

പാലക്കാട് കരോട്ട് കുരിശുപള്ളി മുതൽ മറ്റക്കുഴി NH വരെ

കീരിക്കുഴി കവലമുതൽ മറ്റക്കുഴി സെ. മേരീസ് കുരിശുപള്ളി വരെ

മറ്റക്കുഴി ഐക്കരോത്താഴം NH ൽ എത്തുന്ന റോഡ്

വെണ്ണിക്കുളം പരപ്പനാട്ട് താഴെ പ്രദേശങ്ങൾ

വാർഡ് 8

ഊന്നുകൽനിരപ്പ്

ചുക്കുകുളങ്ങര കോളവനി

വെണ്ണിക്കുളം ഹരിജൻ കോളനി

സിംഫണി ക്ലബ്ബ് റോഡ്

വാണിനിരപ്പേൽ കോളനി പ്രദേശം

മുക്കാടത്തു മൂല പ്രദേശം

വാർഡ് 9

അത്താണി പാലക്കുടി കോളനി

മേക്കരക്കാട്ട് പ്രദേശം

ചെമ്മനാട് ലയം വീട് കോളനി

വാർഡ് 10

(1) പെരുന്താർ മുകൾ പ്രദേശം

(2) ചെറുകുന്ന് ഹരിജൻ കോളനി

(3) തട്ടാർ കുഴി കോളനി

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാവാർഡുകളിലും പുതിയപൈപ്പുലൈനുകളും, Tap കളും ചെറിയ സ്റ്റോറേജ് ടാങ്കുകളും ആവശ്യമുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

22 കുഴൽ കിണറുകൾ ആണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത് ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല. ഇതിനുകാരണമായി ഫെബ്രുവരി മുതൽ മെയ് മാസം വരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

കുടിവെള്ളത്തിനുവേണ്ടി ലോറികളിൽ ശുദ്ധജലം വിതരണം ചെയ്ത ഇനത്തിൽ 1995-96 ൽ 34,000/- രൂപ ചിലവഴിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. 34 ദിവസത്തേക്ക് ഇത്രയും ഭീമമായ തുക കുടിവെള്ളത്തിനായി വിനിയോഗിച്ചെങ്കിലും ശാശ്വതപരിഹാരം ആകുന്നില്ല.

പ്രശ്നങ്ങൾ

1) എല്ലാവാർഡുകളിലും വേനൽക്കാലങ്ങളിൽ ശുദ്ധജലത്തിനായി ഒരു കിലോമീറ്ററിൽക്കൂടുതൽ നടക്കേണ്ട പ്രദേശങ്ങൾ ഉണ്ട്.

2) ഗുണനിലവാരം കുറഞ്ഞ പൈപ്പുകളും ടാപ്പുകളും ജലനഷ്ടത്തിനും മലിനീകരണത്തിനും

കാരണമാകുന്നു.

3) നിലവിലുള്ള കുഴൽകിണറുകൾ പലതും പരാജിതവും പ്രവർത്തനക്ഷമവും അല്ല.

4) നിലവിലുള്ള പൊതുക്കുളങ്ങൾ, കിണറുകൾ എന്നിവ ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

5) നിലവിലുള്ള പല പൊതുകിണറുകളിലും, കുളങ്ങളെയും അടി ഭാഗം കരിങ്കൽ പാറയാണ്. വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എത്തിയിട്ടുണ്ടെങ്കിലും ശുദ്ധ ജലം ലഭിക്കുന്നില്ല.

സാദ്ധ്യകൾ

നിലവിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വെള്ളം എത്തിക്കുന്നത് പഞ്ചായത്തിന്റെ സമീപപ്രദേശമായ ചൂണ്ടിയിലുള്ള കേരളവാട്ടർ അതോറിട്ടിയുടെ ടാങ്കിൽ നിന്നാണ് ഇവിടേക്ക് ജലം സംഭരിക്കുന്നത് രാമമംഗലത്തുള്ള പമ്പിങ്ങ് സ്റ്റേഷനിൽ നിന്നാണ്. ഈ സംഭരണകേന്ദ്രത്തിൽനിന്ന് സമീപപ്രദേശങ്ങളിലെ നാലു പഞ്ചായത്തുകളിലേക്കും വൻകിട വ്യവസായ ശാലകളായ റിഫൈനറി, H.O.C യിലേക്കും ജലം വിതരണം ചെയ്യുന്നു. എന്നാൽ വിതരണം ഫലപ്രദമല്ല.

തിരുവാണിയൂർ പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിന് ജല സംഭരണകേന്ദ്രത്തിൽനിന്ന് ഒരു ഫീഡർ ലൈൻ തിരുവാണിയൂർ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശമായ നീറാം മുകൾ, കണ്ണ്യാട്ടു നിരപ്പ് O.E.N എന്നീ ഭാഗങ്ങളിൽ എവിടെയെങ്കിലും ഒരു ടാങ്കു നിർമ്മിച്ച് അതിൽ ജലം സംഭരിച്ച് വിതരണം ചെയ്താൽ ജല ദൗർലഭ്യം എളുപ്പം പരിഹരിക്കാൻ കഴിയുന്നതാണ്.

2) തിരുവാണിയൂർ ടൗണിനോട് ചേർന്ന് എവിടെയെങ്കിലും ഒരു കളക്ഷൻ ടാങ്കു സ്ഥാപിച്ച് അവിടെനിന്നും പമ്പുചെയ്തു ശുദ്ധജലം വിതരണം ചെയ്യുക.

3) പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തു കൂടി പോകുന്ന കുംഭപ്പിള്ളി തോടിന്റെ സമീപം ഒരു കിണറും ട്രീറ്റ്മെൻറ് പ്ലാൻറും പമ്പ് ഹൗസ് സ്ഥാപിച്ച് കണ്ണ്യാട്ടുനെരപ്പ് തൊണ്ടൻപാറ എന്നീ ഉയർന്ന പ്രദേശങ്ങളിൽ ഓരോ ടാങ്കും നിർമ്മിച്ചു ശുദ്ധജലം വിതരണം ചെയ്യുക.

നിലവിലുള്ള പല പൊതുകിണറുകളും കുളങ്ങളും ഉപയോഗശൂന്യമാണ് അത് ആഴം കൂട്ടി നന്നാക്കി ഉപയോഗപ്രദമാക്കുക.

4) കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുമുൻപ് അത് വളരെ അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ചുനിർമ്മിക്കുക. അടിഭാഗം കരിങ്കൽ പാറകൾ ഉള്ള കിണറുകളും കുളങ്ങളും Drill ചെയ്ത് ജലലഭ്യത ഉറപ്പാക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിൽ ധാരാളം ജലം ഉള്ള സ്ഥലങ്ങളിൽ Lift irrigation Scheme നടപ്പിൽ ആക്കിയാൽ പല ഭാഗങ്ങളിലേയും കുളങ്ങളിലും കിണറുകളിലും ജലം ലഭ്യമാക്കാവുന്നതാണ്.

(1) വെട്ടിക്കൽ താഴം (മനയ്ക്കൽ താഴം) പെരിയാർ വാലി. കനാലിനു സമീപം III ward

(2) വെല്ലുളി ചിറ II ward

(3) ചെന്നനച്ചിറ I ward

(4) മുരിയമംഗല അസലചിറ (V ward)

(5) പസോട്ടിചിറ, വാർഡ് IV ward

(6) മരിതനാമൂലചിറ VII ward

(7) പുത്തൻപുരയ്ക്കൽചിറ VI ward

ഈ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിലുള്ള പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന പൈപ്പ് ലൈൻ ഈ പഞ്ചായത്തിലെ പൈപ്പ്ലൈനുകളുമായി ബന്ധിപ്പിച്ചാൽ ആ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും.

ജലസംരക്ഷണവും ജലജന്യരോഗങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

പൊതുജനാരോഗ്യം പരിസരശുചിത്വം

എല്ലാവർക്കും ശുദ്ധജലം എല്ലാവർക്കും കക്കൂസ് സൗകര്യം എല്ലാവർക്കും പോഷകാഹാരം എല്ലാവർക്കും ശുചിത്വമുള്ള ചുറ്റുപാട് എന്നീ ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനുള്ള പ്രവർത്തനത്തിനാണ്. നാം ഏറ്റവും മുൻഗണനാ നല്കേണ്ടത്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യമില്ലാത്ത മനുഷ്യൻ നാടിനു ഭാരമാണ്.

മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ ഓരോ വ്യക്തിക്കും കിട്ടിയെന്നു ഉറപ്പുവരുത്തിയാൽ നമ്മുടെ ചുറ്റുപാടും കാണപ്പെടുന്ന രോഗങ്ങളുടെ 75 ശതമാനവും ഇല്ലായ്മ ചെയ്യാൻ സാധിക്കും. 75 ശതമാനം രോഗങ്ങൾ ഇല്ലായ്മ ചെയ്യുക എന്നു പറഞ്ഞാൽ ആരോഗ്യരംഗത്തു നാം മുടക്കിക്കൊണ്ടിരിക്കുന്ന 75% തുക മറ്റൊരു വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കാമെന്നതാണ്.

"രണ്ടായിരംമാണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന മുദ്രാവാക്യം ലോകാരോഗ്യസംഘടന മുന്നോട്ടുവെച്ചത്,ജനകീയ ഇടപെടലോടെ ലോകത്തെ മുഴുവൻ ആളുകളേയും ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തക്ക ആരോഗ്യസ്ഥിതി നേടിയെടുക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഈ ലക്ഷ്യം ഒരു പരിധിവരെ നാം കേരളിയർ നേടിയെന്ന് അഭിമാനിക്കാം.എന്നു വരികിലും നമ്മുടെ നാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ട മലമ്പനി ജപ്പാൻ ജ്വരം , എലിപ്പനി മുതലായ രോഗങ്ങൾ തിരികെ വന്നുകൊണ്ടിരിക്കുന്നു. ഈ രോഗങ്ങൾ തിരിച്ചു വരാനുള്ള കാരണം ജനങ്ങൾക്ക് പരിസര ശുചീകരണത്തെക്കുറിച്ചുള്ള അജ്ഞതയാണ്. ഈ പഞ്ചായത്തിലെ ശിശുമരണനിരക്ക് 1%ൽ താഴെയും പൊതു മരണനിരക്ക് 2.5 ഉം ആണ് എന്ന് പറയാം.

ഈ പഞ്ചായത്തിൽ കഴിഞ്ഞ കാലത്ത് നാട്ടു ചികിത്സാ രീതിയായിരുന്നു നിലനിന്നിരുന്നത്. ആയുർ വേദത്തിനായിരുന്നു കൂടുതൽ പ്രസക്തി. പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ള അറിവും പുരാണഗ്രന്ഥങ്ങളിൽ നിന്നുള്ള അറിവും വെച്ചായിരുന്നു വൈദ്യൻമാർ ചികിത്സിച്ചിരുന്നത്. ബാലവൈദ്യൻമാരും, വിഷഹാരികളു. മറ്റു വൈദ്യൻമാരും, ഈ നാട്ടിൽ ചികിത്സ നടത്തിയിരുന്നു. അക്കാലത്ത് ധാരാളം പച്ചമരുന്നുകൾ നാട്ടിൽ സുലഭമായി ലഭിക്കുമായിരുന്നു. എന്നാൽ ഈ സസ്യങ്ങൾക്ക് ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനു ശേഷം ആയുർവേദത്തിലും അലോപ്പതിയിലും ഹോമിയോപ്പതിയിലും ബിരുദമെടുത്ത വൈദ്യൻമാർ ചികിത്സാ രംഗത്തേക്ക് കടന്നു വന്നു.

തിരുവാണിയൂർ ഗ്രാമ പഞ്ചായത്തിൽ ഗവൺമെൻറ് റൂറൽ ഡിസ്പൻസറി 1972- ൽ സ്ഥാപിതമായി. ഈ ആശുപത്രി സ്ഥാപിക്കുന്നതിനായി യശഃശരീരനായ ഫാദർ ജേക്കബ് മുരീക്കൽ ഒരേക്കർ സ്ഥലം സൗജന്യമായി നൽകി. 1987 -ൽ ഈ ഡിസ്പൻസറി ഒരു പ്രൈമറി പെൽത്ത് സെൻററായി ഉയർത്തി. 1985- ൽ ഈ ആരോഗ്യ കേന്ദ്രത്തിൽ I.P. വാർഡ് നിർമ്മിച്ചു. എന്നാൽ വേണ്ടത്ര ഡോക്ടർമാരോ, മറ്റ്ജീവനക്കാരോ, ഉപകരണങ്ങളോ ഇല്ലാത്തതിനാൻ രോഗികളെ കിടത്തി ചികിത്സ നാളിതുവരെ ആരംഭിച്ചിട്ടില്ല. പട്ടിക (1)

1. ഈ ആരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിലേക്ക് ആദ്യമായി ആരോഗ്യജീവനക്കാർക്ക് താമസിക്കുന്നതിന് വേണ്ടി ക്വാർട്ടേഴ്സ് താഴെ പറയുന്ന വിഭാഗങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുന്നു.

ഡോക്ടർ - 1

സ്റ്റാഫ് നേഴ്സ് - 1

ഫാർമസിസ്റ്റ് - 1

ഹെൽത്ത് ഇൻസപെക്ടർ - 1

ലേഡി ഹെൽത്ത് ഇൻസപെക്ടർ - 1

Jr. ഹെൽത്ത് നേഴ്സ് - 1

2. ഇൻപേഷ്യൻറ് വിഭാഗം തുറന്നു പ്രവർത്തിക്കുന്നതിലേക്ക് ഇപ്പോൾ ഇവിടെ നിലനിലുള്ള ജീവനക്കാർ പര്യാപ്തമല്ല. ആയതിലേക്ക് താഴെ പറയുന്ന വിധത്തിൽ കൂടുതൽ ജീവനെക്കാരെക്കൂടി നിയമിക്കേണ്ടതാണ്.

സ്റ്റാഫ് നേഴ്സ് - 3

പാചക്കാരൻ - 1

ഹെൽത്ത് നേഴ്സ് - 3

അറ്റൻഡർ, Grade - 2

നേഴ്സിംഗ് അസിസ്റ്ററൻറ് - 1

3. ഈ ആശുപത്രിയിൽ നിലനിലുള്ള ജലവിതരണം , കിടത്തി ചികിത്സ തുടങ്ങുമ്പോൾ വേണ്ട ആവശ്യത്തിൽ വളരെ കുറവാണ്. അത് പരിപരിക്കുന്നതിന് വേണ്ടി താഴെ ഒരു വാട്ടർ ടാങ്കും, മോട്ടോറും വച്ച് ജലവിതരണം കുറ്റമറ്റതാക്കുക.

4. ഈ ആശുപത്രിയിലേക്ക് കയറിവരുന്ന റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

5. ഓ. പി. വിഭാഗം കെട്ടിടം ചോർന്നൊലിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. അത് എത്രയും പെട്ടെന്ന് പുതുക്കി നന്നാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

6. ഈ ആരോഗ്യകേന്ദ്രത്തിനു കീഴിൽ നാലു സബ് സെൻററുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ മൂന്നെണ്ണം വാടകകെട്ടിടത്തിലും, (ശാസ്താംമുകൾ, വെണ്ണിക്കുളം, മൊനിപ്പള്ളി) മരങ്ങട്ടുപിള്ളിയിലുള്ള സബ് ലെൻറർ ഗവർമെൻറ് ഉടമസ്ഥതയിലും പ്രവർത്തിച്ചു വരുന്നു. തിരുവാണിയൂർ യിൽ ദിവസേന നൂറുമുതൽ നൂറ്റമ്പതുവരെ രോഗികൾ ചികിത്സക്കായി വരുന്നുണ്ട്. ഏകദേശം 25000/-ത്തോളം രോഗികൾ Out patient വിഭാഗത്തിൽ വരുന്നു എന്നു PHC ൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ മുഖ്യമായി വരുന്ന രോഗങ്ങൾ, ചുമ, വയറിളക്കം, ആസ്തമ, മലേറിയ, കാൻസർ, പ്രമേഹം എന്നിവയാണ്.
പട്ടിക (2) Out patient -നെ ക്കുറിച്ചുള്ള പട്ടിക , പട്ടിക 2 (a) നോക്കുക

ഈ ആശുപത്രിയിൽ I. P. വിഭാഗം പ്രവർത്തിക്കാത്തതിനാൽ ദിവസേന ധാരാളം രോഗികൾ വിദഗ്ധ ചികിത്സക്കായി മറ്റു ആശുപത്രികളെ സമീപിക്കുകയാണ് പതിവ്.

പട്ടിക 3 - പകർച്ചവ്യാധികളെക്കുറിച്ചുള്ള പട്ടിക നോക്കുക

മോനിപ്പിള്ളി കേന്ദ്രമായി ഒരു ഹോമിയോ ഡിസ്പൻസറി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ ഡിസ്പൻസറിയിൽ വേണ്ടത്ര സൗകര്യം ഇല്ലാത്തതിനാൽ പ്രവർത്തനം തൃപ്തികരമല്ല. ദിവസേന നൂറു മുതൽ 150 വരെ രോഗികൾ ഈ ആശുപത്രിയിൽ ചികിത്സക്കായി വരുന്നുണ്ട്. അതുപോലെതന്നെ ഒരു ആയുർവേദ ആശുപത്രിയുടെ അഭാവം മൂലം ധാരാളം രോഗികൾ പുറത്ത് ചികിത്സക്കായി പോകുന്നുണ്ട്.

പട്ടിക (4) ഹോമിയോ ആശുപത്രി പട്ടിക നോക്കുക

പരിസര ശുചിത്വം

ജനങ്ങൾക്കിടയിൽ ശരിയായ ശുചിത്വ ബോധമില്ലായ്മ ഒരു വലിയ പ്രശ്നം തന്നെയാണ്. കക്കൂസുകളുടെ ഉപയോഗത്തെ സംബന്ധിച്ച് വേണ്ടത്ര ബോധമില്ലായ്മ കൊണ്ട് തുറസ്സായ പ്രദേശങ്ങളിൽ മലവിസർജ്ജനം നടത്തുന്നതുകൊണ്ട് ശുദ്ധജലവും മറ്റും മലിനമാക്കപ്പെടുന്നു. ഇതുകൊണ്ട് ധാരാളം രോഗങ്ങൾ പെരുകുന്നതിന് ഇടവരുന്നു.

വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്ന വിഷപ്പുകയും, മറ്റ് മലിനവസ്തുക്കളും നമ്മുടെ പരിസ്ഥിതിയെ നശിപ്പിക്കുന്നു. വികസനത്തിൻെറ പേരിൽ നടത്തുന്ന ഈ ക്രൂരമായ നടപടികൾ മനുഷ്യസമൂഹത്തിൻെറ നിലനിൽപ്പിന് ഭീഷണിയാണ്. വൻകിട വ്യവസായങ്ങൾ പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു എന്നുറപ്പുവരുത്തേണ്ടത് അധികൃതരുടെ കടമയാണ്. പൊതുനിരത്തുകളിൽ, ചപ്പുചവറുകൾ ഇടുവാൻ ഉള്ള കിറ്റുകൾ സ്ഥാപിക്കുക, മലിനജലം കെട്ടിക്കിടക്കുന്ന ഓടകൾ വൃത്തിയാക്കാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 50% ത്തോളം വീടുകൾക്ക് കക്കൂസുകൾ ഉണ്ട്. - ഇതിൽ 40% സെപ്ടി ടാങ്കുകളും ബാക്കിയുള്ളവ ഒറ്റകുഴി കക്കൂസുകൾ ആണ്. ഭൂരിഭാഗം ആളുകളും കക്കൂസുകൾ നിർമ്മിയ്ക്കാത്തത് സാമ്പത്തിക പരാധീനതകൊണ്ടാണ്.

പട്ടിക - 5(ദുര്യോഗസ്ഥിതി വിവരണ) നോക്കുക.

വാർഡ് തല പൊതു നിർദ്ദേശങ്ങൾ

വാർഡ - 1

1. നടുക്കുരിശിൽ ഒരു മിഡ്വൈഫറി സെൻറർ ആരംഭിക്കുക.
2. നടുക്കുരിശിൽ ഒരു ആയുർവേദ ആശുപത്രി
3. മാതൃശിശു സംരക്ഷണകേന്ദ്രം വഴി പോഷകാ

ഹാരങ്ങൾ കാലാകാലം വിതരണം ചെയ്യുക

വാർഡ് - 2

1. പഴുക്കാമറ്റം ഭാഗത്ത് ഒരു ഹോമിയോ ആശുപത്രി അനുവദിക്കുക
2. ഈ വാർഡിൽ സ്ഥിതിചെയ്യുന്ന PHC സബ് സെൻററി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

വാർഡ് - 3

1. തിരുവാണീയൂർ PHC സെൻററിൻെറ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുക.
2. I.P വിഭാഗം സുഗമമായി പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക
3. ഡോക്ടർമാർ മറ്റു ജീവനക്കാർ എന്നിവർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സ് നിർമ്മികകുക.
4. തിരുവാണിയൂർ പൊതുമാർക്കറ്റിൻെറ ശോചനീയാവസ്ഥ പരിഹരിക്കുക

വാർഡ് - 4

1. സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിപരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. ലബോറട്ടറി, X-ray സൗകര്യങ്ങൾ ഉണ്ടാക്കുക
3. മാസത്തിൽ ഒരു തവണയെങ്കിലും വാർഡിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുക.

വാർഡ് - 5

1. ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
2. KRR Ltd. എന്ന സ്ഥാപനത്തിൽ നിന്നും വരുന്ന പുകകൊണ്ടുണ്ടാക്കുന്ന അന്തരാക്ഷ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കുക.
3. ശാസ്താം മുകൾ മാർത്തോമ്മ പള്ളിയോട് ചേർന്നുള്ള ശവക്കോട്ടയിൽ ശവം മറവുചെയ്യുനന്ത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ആക്കുക.
4. കൊതുകുനിവാരണത്തിനുള്ള സംവിധാനം ശക്തമാക്കുക.

വാർഡ് - 6

1. ഒരു പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക.
2. ബാലവാടികളിൽ വച്ച് മാസം തോറും അമ്മമാർക്കും കുട്ടികൾക്കും ആരോഗ്യം, ശുചിത്വം, സാക്രമിക രോഗങ്ങൾ, മാറാരോഗങ്ങൾ എന്നിവയെക്കുറിച്ച് ഹെൽത്ത് സെൻററുകൾ മുഖേന ക്ലാസ്സുകൾ നൽകുക.
3. ദരിദ്ര ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുക

വാർഡ് - 7

1. പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക
2. പരിസര ശുചീകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
3. ഹോമിയോ, ആയുർവ്വേദാശുപത്രികൾ സ്ഥാപിക്കുക

വാർഡ് - 8

1. കോക്കാപ്പിള്ളി സബ്സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക. ആഴ്ചയിൽ 2 ദിവസം ഡോക്ടർമാരുടെ സന്ദർശനം ഉറപ്പുവരുത്തുക.
2. കുട്ടികൾക്കു ഗർഭിണികൾക്കും ഉള്ള പോഷകാഹാരക്കുറവ് പരിഹരിക്കണം.
3. ഒരു ആയുർവേദ, ഹോമിയോ ക്ലിനിക്കുകൾ സ്ഥാപിക്കുക
4. സബ്സെൻറർ പ്രവർത്തിക്കുന്നതിന് സർക്കാർ വക കെട്ടിടം ലഭ്യമാക്കുക.
5. അന്തരാക്ഷ മലിനീകരണം ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന മെറ്റൽ ക്രഷറുകൾ അന്തരീക്ഷമലിനീകരണം ഇല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

വാർഡ് 11

1. ചെമ്മനാട് ലക്ഷം വീട് കോളനിയിൽ പൊതു

കക്കൂസ് സ്ഥാപിക്കുക

2. ഹോമിയോ ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കണം.

3. ഹോമിയോ ആശുപത്രിയിലേക്ക് അലമാര, വാട്ടർഫിൽറ്റർ എന്നിവ നൽകുക.

വാർഡ്- 10

1. ഒരു പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക.

പ്രശ്നങ്ങൾ

1. തിരുവാണിയൂർ പ്രാഥനികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇല്ല. ആവശ്യത്തിനു മരുന്നും, ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സ് ഇല്ല.

2. ജനസംഖ്യാനുപാതികമായി അർഹമായ കുടുംബക്ഷേമകേന്ദ്രങ്ങളോ ജീവനക്കാരോ ഇല്ല. ഉളവയുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല.

3. വേണ്ട രീതിയിലുള്ള ബോധവൽക്കരണത്തെ ക്യാമ്പുകൾ നടക്കുന്നില്ല.

4. ഹോമിയോ ആശുപത്രികളിലെ ഭൗതികസൗകര്യങ്ങൾ തൃപ്തികരമല്ല.

5. പഞ്ചായത്തിലെ എല്ലാവീടുകൾക്കു കക്കൂസ് സൗകര്യം ഇല്ല.

6. ചപ്പുചവറുകളും പാഴ്വസ്തുക്കളും മലിനജലവും നിർമ്മാർജ്ജനം ചെയ്യുന്നതിന് ക്രമീകരണം ചെയ്യുക

7. പോഷകാഹാരക്കുറവ് പഞ്ചായത്തിലെ മിക്കവാറും ജനങ്ങൾക്ക് അനുഭവപ്പെടുന്നു.

8. ചികിത്സക്കായി പഞ്ചായത്തിലത്തുന്ന ജനങ്ങൾ നാലും അഞ്ചും മൈൽ അകലത്തിൽ ചികിത്സക്കുപവേണ്ടി സഞ്ചരിക്കേണ്ടിയിരിക്കുന്നു. കീടനാശിനിയുടേയും, രാസവളത്തിന്റേയും അമിതമായ ഉപയോഗം മണ്ണിനേയും ജലത്തേയും മലിനപ്പെടുത്തുന്നു.

തിരുവാണിയൂർ പബ്ലിക്കുമാർക്കറ്റിന് ആവശ്യമായ സ്റ്റോട്ടർഹൗസും ചുറ്റുമതിലുകൾ കെട്ടി ഓടകൾ മൂടിയിടുക

പ്രധാനജംഗ്ഷനുകളിൽ ഓടകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും മലിനജലം കെട്ടിക്കിടന്നു പരിസരം മലിനമാകുന്നു.

സാദ്ധ്യതകൾ

1. തിരുവാണിയൂർ P.H സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഉപകരണങ്ങളോ, മരുന്നുകളോ ഡോക്ടർമാർക്കു താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും അടിയന്തിരമായി സ്ഥാപിക്കുക.

2. വാർഡിന് ഒന്നുവീതം മാതൃശിശുസംരക്ഷണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

3. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ പൊതു കക്കൂസ് നിർമ്മിക്കുക.

4. മോനിപ്പിള്ളി ഹോമിയോഡിസ്പൻസറിക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും വാട്ടർഫിൽറ്റർ ഫർണിച്ചർ എന്നിവ നൽകുകയും ഡിസ്പൻസറിയിലെ ചികിത്സസൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക

5. കക്കൂസ് ഇല്ലാത്ത എല്ലാവീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് വേണ്ട ധനസഹായം ചെയ്യുക

തിരുവാണിയൂർ പൊതുശ്മശാനത്തിൽ വൈദ്യുതിയും വെള്ളവും എത്തിക്കുക

പേവിഷബാധ തടയുന്നതിന് വളർത്തു നായകൾക്ക് കുത്തിവെയ്പ് സൗജന്യമായി നടത്തുകയും ലൈസൻസു നൽകിയും ലൈസൻസില്ലാത്ത നായ്ക്കളെ നിർബന്ധമായും നശിപ്പിക്കാൻ വേണ്ട മേൽനടപടികൾ സ്വീകരിക്കുക.

അംഗീകാരമില്ലാത്ത അറവുശാലകൾ നിറുത്തലാക്കുകയും മൃഗഡോക്ടർ പരിശോധിച്ചു സർട്ടിഫിക്കറ്റില്ലാത്ത മൃഗങ്ങളെ കശാപ്പു ചെയ്യുന്നത് കർശനമായി തടയുക.

ഹോട്ടൽ ഭക്ഷണത്തിന്റെ നിലവാരം നോക്കുന്നതിന് ആരോഗ്യവകുപ്പ് പരിശോദന നിർബന്ധമാക്കുക.

ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പൊതുസ്ഥലങ്ങളിൽ കിറ്റുകൾ സ്ഥാപിക്കുക

പൊതുകിണറുകളിൽ ക്ലോറിനേറ്റു ചെയ്യുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

പരിസരശുചീകരണത്തിന് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

വ്യവസായ സ്ഥാപനങ്ങൾ മുഖേനയുള്ള മലിനീകരണ് തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

7.5 മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)					
			ത്വക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പ്കടി etc.)	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93		22802						
1993-94		25215						
1994-95		26042						
1995-96		26603			60			
ആകെ								

ഓരോ സ്ഥാപനത്തിനും അവിടെ വരുന്ന രോഗസ്വഭാവത്തിനനുസരിച്ച് കോളത്തിൽ മാറ്റം വരുത്തണം. ഹോമിയോ, പ്രകൃതി ചികിത്സ എന്നിവയിൽ നിന്നും രോഗവിവരം ശേഖരിക്കാൻ അനുയോജ്യമായ ഫോറം ഈ മാതൃകയിൽ തയ്യറാക്കുക. പ്രധാനമായി കാണുന്ന രോഗങ്ങളെ സംബന്ധിച്ചും , ചികിത്സാ സൗകരങ്ങളെക്കുറിച്ചും, രോഗികളുടെ ശരാശരി എണ്ണം മനസ്സിലാക്കുന്നതിനും സഹായിക്കുന്ന തരത്തിൽ വിവരശേഖരണം നടത്തുക

തിരുവാണീയൂർ ഗ്രാമപഞ്ചായത്ത്
7.2 ആരോഗ്യ സ്ഥിതിവിവരങ്ങൾ

1. ആകെ വീടുകൾ			6816
a)	കോൺക്രീറ്റ്	:	2517
b)	ഓടിട്ടത്	:	3834
c)	ഓലമേഞ്ഞത്	:	280
d)	കുടിൽ	:	185
2. കക്കൂസുകളുള്ള വീടുകളുടെ എണ്ണം			3816
a)	സെപ്റ്റിക് ടാങ്ക്	:	1616
b)	ഇ.എസ്.പി	:	500
c)	മറ്റുള്ളവ	:	1500
3. തൊഴുത്ത്			
a)	വീടിനോട് ചേർന്ന്	:	1200
b)	പ്രത്യേകിച്ച്	:	2100
4. കമ്പോസ്റ്റ് കുഴി			
a)	ഉള്ളത്	:	1100
b)	ഇല്ലാത്തത്	:	2200
5. വൈദ്യുതി			
a)	വൈദ്യുതികരിച്ചവ	:	3000
b)	അല്ലാത്തവ	:	3816
6. ജനസംഖ്യ			
a)	പുരുഷൻമാർ	:	10872
b)	സ്ത്രീകൾ	:	10750
c)	കുട്ടികൾ	:	2267
7. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം)			
a)	15-19	:	6
b)	20-24	:	442
c)	25-29	:	746
d)	30-34	:	717
e)	35-39	:	700
f)	40-44	:	160
			2771
8. അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)			
a)	1 കുട്ടി	:	675
b)	2 കുട്ടികൾ	:	1459
c)	2 ൽ കൂടുതൽ കുട്ടികൾ	:	445
9. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)			
a)	1 കുട്ടി	:	473
b)	2 കുട്ടികൾ	:	1433
c)	2 ൽ കൂടുതൽ കുട്ടികൾ	:	443
10. അംഗവൈകല്യമുള്ളവർ			
a)	അന്ധർ	:	
b)	ബധിരർ	:	
c)	മൂകർ	:	
d)	ബധിര-മൂകർ	:	
e)	ചലന വൈകല്യങ്ങൾ	:	
f)	രക്തസമ്മർദ്ദം	:	
g)	പ്രമേഹം	:	
h)	കാൻസർ	:	
i)	കുഷ്ഠം	:	
j)	ക്ഷയം	:	
k)	ഹൃദ്രോഗം	:	
l)	ആകെ	:	
11.	a)ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം	:	161
	b)പ്രതിരോധകുത്തിവെയ്പു നടത്തിയവർ	:	584
ആകെ ഗർഭിണികൾ		:	256

അവംലംബം **P.H.C** സെൻറർ

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിന് താഴെ	150	156	157	171	-	156	157	171	-	-	-	-	-	154
1-3 വയസ്സിന് താഴെ	-	-	-	-	157	-	-	-	157	-	-	-	-	-
3-6 വയസ്സിന് താഴെ	-	-	-	-	-	-	-	-	-	-	-	-	133	-

ടെറ്റനസ് ടോക്സോയിൽസ്(T.T)

	1D	2D	3D
ഗർഭിണികൾക്ക്	165	149	2

□ ഇരിമ്പ് /ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 256

□ ഇരിമ്പ് /ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 349

□ വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 64

□ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 161

□ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : -

ജലസ്രോതസ്സ്

വാർഡ്	സംഖ്യ	പൊതുകിണർ				വാട്ടർ ടാപ്പ്		കുഴൽ കിണർ			കുളം					തോട്					
		നിലവിലുള്ളത്	വറ്റുന്നത്	വറ്റുന്നത്	പുതുതായികേണ്ടത്	നിലവിലുള്ളത്	ഗാർഹികാവശ്യത്തിന് ഉതകുന്നവ	നിലവിലുള്ളത്	ഉപയോഗിക്കുന്നത്	ഉപയോഗിക്കാത്തത്	പൊതുകുളം	സ്വകാര്യം	വറ്റുന്നത്	വറ്റുന്നത്	പുതുതായികേണ്ടത്	ആകെ നിലവിലുള്ളത്	വറ്റുന്നത്	പുതുതായികേണ്ടത്	പുഴ	പൊതിയൽ വലിയ കനാൽ കണ്ണു പോകുന്ന വാർഡ്	വാർഡിലെ ഭൂഗർഭജലത്തിന്റെ ലഭ്യത
1	300	3	1	2	3	16	14	4	3	1	3	1	1	2	3	2	1	2	-	No.	45%
2	220	8	2	6	8	15	15	3	1	2	2	4	4	2	6	1	-	1	-	Yes	40%
3	310	5	1	4	5	12	18	4	-	4	3	2	15	10	2	3	1	2	-	Yes	45%
4	300	4	3	1	4	18	20	-	-	-	1	20	10	11	18	4	2	4	-	Nil	50%
5	510	7	1	6	4	20	15	2	1	1	2	1	1	1	2	1	-	1	-	Nil	50%
6	420	6	1	5	5	11	18	3	2	1	3	-	12	3	3	3	1	3	-	Nil	55%
7	215	7	3	4	7	15	26	1	-	1	6	15	10	5	15	2	2	2	-	Nil	56%
8	310	5	-	5	3	15	30	3	3	-	5	6	3	4	4	1	-	1	-	Yes	50%
9	330	4	2	2	1	11	22	2	1	1	1	16	15	1	2	2	-	-	-	Yes	40%
10	350	8	3	5	5	12	25	Nil	-	-	2	15	8	7	15	6	5	6	-	Yes	50%

Patients treated in Govt. Homoeo dispensary Monappilly

1994-95	-	Male	-	3872
		Female	-	7337
		Children	-	9504
		Total		20713
1995-96	-	Male	-	4699
		Female	-	7952
		Children	-	9963
		Total		22614
1996-97	upto 10/96			
		Male	-	3777
		Female	-	5062
		Children	-	5885
		Total		14724

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

7.4 പകർച്ചവ്യാധി വിവരങ്ങൾ

കുട്ടികൾ	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	51	40	-	25215
1994-95	47	39	17	26042
1995-96	43	45	15	26603

അവലംബം P.H.C



വ്യവസായം

നമ്മുടെ രാജ്യത്ത് എട്ടുപഞ്ചവത്സര പദ്ധതികൾ നടന്നുകഴിഞ്ഞു. പക്ഷേ സാധാരണ ജനങ്ങൾക്ക് അതിൻെറതായ രൂപത്തിലുള്ള പ്രയോജനം ലഭിച്ചിട്ടില്ല. കാരണം വ്യാവസായികമായി നമ്മളേറെ വികസിച്ചിട്ടില്ല എന്നുള്ളതാണ്. നമുക്കാവശ്യം വേണ്ട പലതും ഇന്നും പുറത്തുനിന്ന് കൊണ്ടുവരുന്നു. വിദേശകുത്തകകൾ പലതിലും നമ്മെ അടക്കിവാണു. നമ്മുടേതായ അസംസ്കൃതവസ്തുക്കൾ പരമാവധി ചൂഷണംചെയ്ത് പലരൂപത്തിലും ഭാവത്തിലും നമ്മളെത്തന്നെ തിരിച്ചേൽപിക്കും. എന്നാൽ നമ്മളിലേറെ സാങ്കേതികവിദഗ്ദ്ധരും സന്നദ്ധരുമായിട്ടുള്ള ഒട്ടേറെ അഭ്യസ്തവിദ്യർ തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നു. 9-ാം പഞ്ചവത്സരപദ്ധതി ഇതിനൊരു പ്രതിവിധിയായി. വ്യാവസായിക കാർഷികമേഖലയിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്തേണ്ടിയിരിക്കുന്നു. ഈ രംഗത്ത് ഒട്ടേറെ പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കുക.

നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കമാണ്. ഇവിടങ്ങളിലുള്ള ഒട്ടേറെ അസംസ്കൃതവസ്തുക്കൾ ചൂഷണംചെയ്ത് ഉൽപ്പന്നങ്ങളാക്കി മാറ്റുകയാണെങ്കിൽ ഈ കുറവ് നികത്തുവാൻ കഴിയും. ഇവിടുത്തെ 21622 ആളുകളിൽ (1991 ലെ സെൻസസ്) ഭൂരിഭാഗവും തൊഴിൽ ഇല്ലാത്തവരാണ്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസവുമുള്ള ഒട്ടേറെ ചെറുപ്പക്കാരും നമ്മുടെ നാട്ടിലുണ്ട്. ഇതുകൊണ്ടൊക്കെത്തന്നെ 9-ാം പഞ്ചവത്സരപദ്ധതിയിൽ വ്യവസായത്തിന് പ്രത്യേകിച്ചും കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ കാർഷിക വ്യവസായങ്ങൾക്ക് സാധ്യമായ എല്ലാ മേഖലകളും ഉണ്ടാക്കിക്കൊടുക്കുകയും അതുവഴി തൊഴിലില്ലായ്മക്ക് സാമ്പത്തികപുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും വഴിതെളിക്കാം.

നമ്മുടെ വ്യാവസായികമേഖലയെ രണ്ടായി തിരിക്കാം.

പരമ്പരാഗതവ്യവസായമെന്നും ആധുനികവ്യവസായമെന്നും. പഞ്ചായത്തിലെ മുഖ്യവ്യവസായമേഖല പരമ്പരാഗത വ്യവസായമേഖലയാണ്. കൂടാതെ ഖാദിവ്യവസായമേഖലയിൽ ഒരു വ്യവസായസംരംഭം അത്താണിയിൽ ആരംഭിച്ചുവെങ്കിലും അത് നിന്നുപോയി. തൊഴിലാളികൾക്ക് തൊഴിലിനനുസൃതമായ വേതനമില്ലായ്മ കൊണ്ട് തൊഴിൽചെയ്യാൻ

തൊഴിലാളികൾ ഇല്ലാത്തതുമൂലമാണ് ഇതു പൂട്ടേണ്ടി വന്നത്. ഇതുമല്ലാതെ പഞ്ചായത്തിലെ 10 വാർഡുകളിലുമായി 206 ഓളം വ്യാപാരവ്യവസായ സംരംഭങ്ങളും ഉണ്ട്.

1) പരമ്പരാഗതവ്യവസായം

തലമുറകളായി പിൻതുടർന്നുവരുന്നതോ കുലത്തൊഴിലിൽ പ്രാമുഖ്യംനൽകി തുടങ്ങുന്ന വ്യവസായമാണ് പരമ്പരാഗതവ്യവസായം. ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. പരമ്പരാഗത വ്യവസായത്തെ മൂന്നു വിഭാഗമായി തിരിക്കാം.

1) കുടിൽവ്യവസായം
2) ചെറുകിട വ്യവസായം
3) ഫാക്ടറി വ്യവസായം

1) കുടിൽ വ്യവസായം

സ്വന്തമായി വീടുകളിൽവച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായമാണ് കുടിൽവ്യവസായം. ഇതിനുകൂടുതൽ സാങ്കേതികവിദ്യകളോ, മിഷനറികളോ ആവശ്യമില്ല. വനിതകൾക്ക് പ്രത്യേകിച്ച് ഈ മേഖലയിൽ വളരെ സാധ്യതകളുണ്ട്. കുലത്തൊഴിലുകളുടെ അനുബദ്ധമായും ഇവ തുടങ്ങാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ 47 കൈത്തൊഴിലുകാർ ഉണ്ട്. (ഐ. ആർ.ഡി.പി. സർവ്വേ) എന്നാൽ ഇത്തരത്തിലുള്ള വ്യവസായം നമ്മുടെ പഞ്ചായത്തിൽ തീരെ കുറവാണ്. ഉണ്ടായിരുന്നതുതന്നെ കുലത്തൊഴിലുകളാണ്. ഇപ്പോഴുള്ള വ്യവസായങ്ങൾ

(1) കൊട്ടനെയ്ത്ത്, (2) പാനെയ്ത്ത് (3) പനമ്പ് നെയ്ത്ത് (4) ഓട്ടുപാത്ര നിർമ്മാണം (5) ആലപ്പണി (6) സ്വർണ്ണപ്പണി (7) പപ്പട നിർമ്മാണം (8) മുത്തുക്കുട നിർമ്മാണം അലൂമിനിയം പാത്രനിർമ്മാണം തുടങ്ങിയ 11 സംരംഭങ്ങളുണ്ട്. ഇവയിൽ ചില മേഖല ഇല്ലാതായ്ക്കൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

തൊഴിലാളികൾക്ക് സമൂഹത്തിൽ വേണ്ടത്ര പരിഗണനലഭിക്കുന്നില്ല. അസംസ്കൃതസാധനങ്ങളുടെ കുറവ്, തൊഴിലിനനുസരിച്ചുള്ള മെച്ചപ്പെട്ട സാമ്പത്തികനേട്ടം ആധുനിക വസ്തുക്കളുടെ കടന്നുകയറ്റം, വിപണനസാധ്യത ഇല്ലായ്മ എന്നിവയാണ്.

ഈ മേഖലയിൽ കൂടുതൽ തുടങ്ങാൻ സാധ്യതയുള്ളവ.

1) അച്ചാറുകൾ ഉണ്ടാക്കുക.
2) ചൂലു നിർമ്മാണം
3) ഓല നിർമ്മാണം
4) കോഴിവളർത്തൽ
5) പശു വളർത്തൽ
6) ആടു വളർത്തൽ
7) പന്നി വളർത്തൽ
8) വിനാഗിരി ഉണ്ടാക്കൽ
9) തേനീച്ച വളർത്തൽ
10) പട്ടുനൂൽ വ്യവസായം

തുടങ്ങിയവ. ഇവ വീടുകളിൽ ഇരുന്നു വനിതകൾ അടക്കമുള്ളവർക്ക് ചെയ്യാവുന്നതാണ്. ഇവയുടെ വിപണന മേഖലക്കുവേണ്ടിയും മെച്ചപ്പെട്ട വരുമാനത്തിനും അവർക്കുവേണ്ട സാമ്പത്തികസഹായവും നൽകി പ്രോത്സാഹിപ്പിക്കുക.

2) ചെറുകിടവ്യവസായം

പരമ്പരാഗത മേഖലയിൽ ചെറുകിട വ്യവസായരംഗത്ത് വളരെ കുറച്ചുമാത്രമേ നമ്മുടെ പഞ്ചായത്തിൽ ഉള്ളു. ഇവ

1) കല്ലുവെട്ട് വ്യവസായം
2) കരിങ്കൽ വ്യവസായം
3) സ്വർണ്ണപ്പണി

തുടങ്ങിയവയാണ്. ഈ മേഖല മന്ദഗതിയിൽ വളർന്നുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ തുടങ്ങുവാൻ കഴിയുന്ന വ്യവസായങ്ങൾ.

1) സോപ്പുനിർമ്മാണം
2) മെഴുകുതിരി നിർമ്മാണം
3) ചന്ദനത്തിരി നിർമ്മാണം
4) റബർപ്പാൽ സംസ്ക്കരണം
5) പനനാര്, വാഴനാര് ഇവകൊണ്ടുള്ള ബാഗ്, ഡോർമാറ്റ് എന്നിവയുടെ നിർമ്മാണം.
6) കരകൗശല നിർമ്മാണം
7) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
8) ബുക്ക് ബൈൻഡിംഗ്
9) റെക്സിൻ, റബർ ഉപയോഗിച്ച് ഉള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

ഇവ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ആരംഭിക്കുവാനും, ഏകീകൃത വിപണനമേഖലക്കുള്ള സാധ്യതയും ഉണ്ടാക്കുക.

ഫാക്ടറി വ്യവസായം

ഒന്നിലധികം ആളുകൾ കൂട്ടുചേർന്ന് മെഷിനറി സൗകര്യങ്ങൾകൊണ്ട് തുടങ്ങാവുന്നതുമായ വ്യവ സായസംരംഭമാണ് ഇത്. ഇത്തരത്തിൽ മെറ്റൽക്ര ഷറുകൾ, റെഡിമെയ്ഡ് നിർമ്മാണം ഹോളോബ്രി ക്സ് എന്നിവ മാത്രമാണ്. മെറ്റൽ ക്രഷറുകൾ, പരി സ്ഥിതി വകുപ്പിന്റെ നിയമത്തിനനുസൃതമായി പ്ര വർത്തിപ്പിക്കാത്തതുകൊണ്ട് ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഈ വ്യ വസായം നിന്നുപോകുവാൻ സാധ്യത ഉണ്ടാകുന്നു. എന്നാൽ കരിങ്കൽ കോറികൾ ധാരാളമുള്ള ഈ പഞ്ചാ യത്തിൽ മെറ്റൽക്രഷർ, പരിസ്ഥിതി നിയമങ്ങൾക്കനു സൃതമായി ആരംഭിക്കാവുന്നതാണ്. ഈ മേഖലയിൽ സാധ്യത ഉള്ളവ.

1) റബർത്തടി സംസ്ക്കരണം
2) റബർപാൽ ഉൽപ്പന്ന നിർമ്മാണം (റബർബ്രാൻ ഡ്, ഫിങ്കർ തുടങ്ങിയവ)
3) തടിമില്ല് വ്യവസായം
4) കൊക്കോസംഭരണം
5) അനുബദ്ധവ്യവസായം
6) അടക്കസംസ്ക്കരണവും, അനുബദ്ധ ഉൽപ്പന്നവും
7) കൊപ്രകൊണ്ട് അനുബദ്ധമായ വ്യവസായങ്ങൾ
8) തീപ്പെട്ടി നിർമ്മാണം
9) ഹോളോബ്രിക്സ് നിർമ്മാണം
10) നെല്ല് സംഭരിച്ച് അരിവ്യാപാരം
11) കുരുമുളക് സംസ്കരണം തുടങ്ങിയവ.

ഇവയ്ക്കുവേണ്ട വായ്പാ സൗകര്യങ്ങളും നിർ ദേശങ്ങളും പ്രോത്സാഹനവും നൽകുക.

ആധുനികവ്യവസായം

ഒട്ടേറെ തൊഴിൽസാദ്ധ്യത ഉള്ളതും, സാമ്പ ത്തിക ആവശ്യമുള്ളതുമായ വ്യവസായമേഖ ലയാണ് ആധുനികവ്യവസായമേഖല. ആധുനികവ്യവസായ മേഖലക്ക് ഒട്ടേറെ ചെറുകിട അനുബദ്ധവ്യവസാ യങ്ങളും പ്രദാനംചെയ്യുവാൻ കഴിയും. ആധുനിക വ്യവസായമേഖല വളർന്നുകൊണ്ടിരിക്കുന്നു. ഇത്ത രം വ്യവസായങ്ങൾ പൊതുമേഖലയിലോ, സർക്കാർ ഉടമസ്ഥതയിലോ, സഹകരണസംരംഭങ്ങളായോ തു ടങ്ങാവു ന്നതാണ്. ആധുനികവ്യവസായമേഖലയെ രണ്ടായി തരംതിരിക്കാം.

1) ചെറുകിട ഫാക്ടറി
2) വൻകിട ഫാക്ടറി

1) ചെറുകിടഫാക്ടറി

വൻകിട ഫാക്ടറിയുടെ അനുബദ്ധമായും, സ കാര്യവ്യക്തികൾക്ക് തുടങ്ങാവുന്നതുമായ മേഖല യാണ് ഇത്. വളരെ കുറച്ചു മിഷ്യനറി സൗകര്യങ്ങ ളും സാമ്പത്തികവും ഇതിന് ആവശ്യമുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിൽ

1) മെറ്റൽ ലേബൽ ഫാക്ടറികൾ
2) പ്ലാസ്റ്റിക് ഉൽപ്പന്ന വ്യവസായ ഫാക്ടറികൾ
3) പെയിൻറ് ആൻറ് കെമിക്കൽ ഫാക്ടറികൾ എന്നിവയാണ്.

നമ്മുടെ പഞ്ചായത്തിലെ ചെറുകിട ഫാക്ടറികൾ

1) ബഥേൽ മെറ്റൽ ലേബൽ
2) യൂനി വിനയൽസ് പ്രൈവറ്റ് ലിമിറ്റഡ്
3) യൂണിറ്റ് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്
4) സയേൺ അനോ ഗ്രാഫ്
5) വെസ്റ്റേൺ പെയിൻറ് ആൻറ് കെമിക്കൽസ്
6) കൊച്ചിൻ ഫെർട്ടിലൈസേഴ്സ്
7) ഹരിക്കോ പെയിൻറ്സ് ആൻറ് ആസിഡ് പ്രൊഡക്റ്റ്.
8) ജിഷ്ണു മെറ്റൽ വർക്സ്
9) ഐശ്വര്യ പെയിൻറ്സ്
10) ദീപ്തി എൻറർപ്രൈസസ്
11) ന്യൂ ബോംബെ പീ.പി. കമ്പനി
12) അമ്പാട് മൈക്രോ പ്രോഡക്ട്സ്

13) ജോർജ്ജ് എഞ്ചിനീയറിംഗ് തുടങ്ങിയവയും രജി സ്ട്രേഡ് അല്ലാത്ത മറ്റു സ്ഥാപനങ്ങളുമുണ്ട്. (സ്ഥാ പിത സർവ്വെ, തൊഴിൽ നികുതി രജിസ്ട്രേഡ്) ഇ തെല്ലാം സഹകാര്യവ്യക്തികളുടെ ഉടമസ്ഥതയിലാ ണ്. ആറിനുമേൽ കുറയാതെ തൊഴിലാളികൾ പണി യെടുക്കുന്നു. ലാഭകരമായാണ് ഇവയെല്ലാം പ്രവർത്തിക്കുന്നത്.

തുടങ്ങാൻ സാധ്യതയുള്ളവ.

1) ചെറുകിട ഇലക്ട്രോണിക് അസംബ്ലിക്ക് യൂ ണിറ്റ്.

2) മോട്ടോർ അസംബ്ലിക്ക് യൂണിറ്റ്

3) റബർ ഉൽപ്പന്നമായ വീനേഴ്സ് നിർമ്മാണം.

4) പൈനാപ്പിൾ സംസ്കരണം അനുബദ്ധ വ്യവസായം.

തുടങ്ങിയവക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കായി വിദഗ്ദ്ധരെ നിയോഗിക്കുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

വൻകിടഫാക്ടറി

ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തികപുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും വഴിതെളിക്കുന്നതാണ് വൻകിടഫാക്ടറികൾ. ഇത്തരത്തിലുള്ള രണ്ടെണ്ണം മാത്രമേ നമ്മുടെ പഞ്ചായത്തിൽ ഉള്ളു. ഇവ ഒന്ന് സർക്കാർ ഉടമ സ്ഥതയിലും മറ്റൊന്ന് പ്രൈവറ്റ് മേഖലയിലുമാണ്. ഇവ രണ്ടും ലാഭത്തിലോടുന്ന വ്യവസായ ങ്ങളാണ്. താഴെപറയുന്ന വ്യവസായങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്.

1) കേരള ഇലക്ട്രിക്ക് ആൻറ് അലൈഡ് എൻജിനീയറിംഗ് ലിമിറ്റഡ് (കെ.ഇ.എൽ)

ഇവിടെ ട്രാൻസ്ഫോമറുകൾ ആണ് നിർമ്മിക്കുന്നത്. ഇതിനുവേണ്ട അസംസ്കൃത വസ്തുക്കൾ സർക്കാർതലത്തിൽ നിന്നും നൽകുന്നു. ഇവിടെ 396 തൊഴിലാളികൾ ജോലിനോക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാക്കുന്നില്ല. ലാഭത്തിലോടുന്ന സർക്കാർ സ്ഥാപനമാണ്.

2) കെ.ആർ.ആർ: (കേരള റബർ ആൻറ് റീക്ലെയിം പ്രൈവറ്റ് ലിമിറ്റഡ്)

ഇത് ഒരു സ്വകാര്യ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ഇതിനുവേണ്ട അസംസ്കൃത വസ്തുക്കൾ പുറത്തുനിന്ന് കൊണ്ടുവരുന്നു. ഇവിടെ 65 തൊഴിലാളികൾ തൊഴിൽചെയ്യുന്നു. ഇവിടെനിന്നു പുറപ്പെടുന്ന ഗന്ധവും കാർബണും മലിനീകരണപ്രശ്നം ഉണ്ടാക്കുന്നു. ലാഭത്തിലോടുന്ന ഒരു വ്യവസായമാണിത്. സാധ്യതയുള്ളവ.

1) ഡയറിഫാം

പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽനിന്ന് പാൽ സംഭരിക്കുകയും അവ പല ഉൽപ്പന്നങ്ങളായും, പാലാക്കിയും വിപണനം നടത്തുക.

2) വളം നിർമ്മാണം

നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ട് ജൈവസമ്പുഷ്ടമായ വളം നിർമ്മാണം നിർമ്മിക്കാനുള്ള സാധ്യത തുടങ്ങിയ മറ്റുള്ള വ്യവസായങ്ങളും തുടങ്ങുക.

വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള കേന്ദ്രസംസ്ഥാന സർക്കാരിന്റെ നിലവിലുള്ള പദ്ധതികൾ.

1) പ്രൈമിനിസ്റ്റേഴ്സ് ഓസ്ക്കായോജന.

വിദ്യാഭ്യാസയോഗ്യത : എസ്.എസ്.എൽ.സി. പ്രായം : 18 നും 36നും ഇടയിൽ. വാർഷികവരുമാനം 25000 ത്തിൽ കുറവ്. ഒരു വ്യക്തിക്ക് ഒരുലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. കൂടുതൽ തുക ആവശ്യമാണെങ്കിൽ കൂട്ടുചേർന്ന് വ്യവസായത്തിന് അപേക്ഷിക്കാം. ഇതു കേന്ദ്രഗവൺമെൻറിന്റെ പദ്ധതിയാണ്.

2) മാർജിംഗ് മണിലോൺ

ഇത് സ്റ്റേറ്റ് ഗവൺമെൻറിന്റെ കീഴിലുള്ള പദ്ധതിയാണ്. 60 ലക്ഷം വരെയുള്ള ഫാക്ടറി വ്യവസായങ്ങൾക്കാണ് ഈ പദ്ധതി.

3) സ്റ്റേറ്റ് ഇൻവസ്റ്റുമെൻറ് സബ്സിഡി

ഇത് തുടങ്ങിയ ഫാക്ടറികൾക്ക് ലഭിക്കുന്നു. സ്ഥിരമായ സാധനങ്ങളിൽമേൽ കിട്ടുന്ന ആനുകൂല്യമാണിത്. 15% ആണ് ആനുകൂല്യം. ഫാക്ടറി തുടങ്ങി 4 മാസത്തിനു മുമ്പ് അപേക്ഷിക്ക ണം.

4) സെയിൽടാക്സ് എക്സംപ്ഷൻ

സ്ഥിരസാധനങ്ങളിന്മേൽ ആണ് ഈ ആനുകൂല്യം. ഇതിന് 100% വരെ ലഭിക്കുന്നു.

5) വുമൺ ഇൻഡസ്ട്രിയസ് പ്രോഗ്രാം

വനിതകൾക്ക് മാത്രമുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിയിൽ 80% വനിതകളായിരിക്കണം.

6) റിയൽ ആർട്ടിസ്റ്റ് ആൻറ്സ് പ്രോഗ്രാം.

7) കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഇതിൽ ഏറ്റവും കുറഞ്ഞത് പത്തുപേർ ഉണ്ടായിരിക്കണം. ഓരോവ്യക്തിയും 1000 രൂപ വീതം വിഹിതം എടുക്കണം. കൂടിയാൽ രണ്ടര ലക്ഷം രൂപയാണ് ഇതിനു കിട്ടുന്നത്. ഇത്തരം വ്യവസായങ്ങൾക്ക് വൈദ്യുതി, വെള്ളം, ടെലഫോൺ, എളുപ്പത്തിൽ ലഭിക്കുന്നു. മേൽപ്പറഞ്ഞവയുടെ വിവരങ്ങൾ താലൂക്ക് വ്യവസായ കൺവീനറുമായി ബന്ധപ്പെട്ടു കിട്ടുന്നതാണ്.

ബ്ലോക്കിന്റെ കീഴിൽ വനിതകൾക്കായി D.W.C.R.A. പദ്ധതി ഉണ്ട്. ഇത്തരത്തിൽ ഒരു വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നു. രണ്ടു വ്യവസായങ്ങൾ ആരംഭിക്കാൻ പോകുന്നു. പ്രവർത്തിക്കുന്നത് മുരിയമംഗലം വനിതാ യൂണിറ്റ്. ആരംഭിക്കാൻ പോകുന്നത് (1) സ്നേഹധാരാ വനിതാ യൂണിറ്റ് നടുക്കുരിശ് (2) ശിൽപ്പ വനിതാ യൂണിറ്റ് തോട്ടുണ്ടകവല

ഖാദി ഗ്രാമവ്യവസായം

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ ഒട്ടേറെ വ്യവസായ പദ്ധതികൾക്ക് 60 ലക്ഷംവരെ സാമ്പത്തിക സഹായം നൽകുന്നു. എറണാകുളം ജോസ് ജംഗ്ഷനിലുള്ള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽനിന്നും അവർക്കുവേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു. ഖാദിഗ്രാമവ്യവസായ ഉൽപ്പന്നങ്ങളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

(കേരള ഖാദിവ്യവസായ ബോർഡിന്റെ ലഘുലേഖയിൽനിന്ന്)

റബർ ഉൽപ്പന്ന വ്യവസായങ്ങൾക്ക് റബർ ബോർഡിൽനിന്ന് ഒട്ടേറെ സാമ്പത്തികസഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

കൂലിനിരക്ക്

	ഇപ്പോൾ	5 വർഷം മുമ്പ്	10 വർഷം മുമ്പ്
പു	150	100	75
സ്ത്രീ	100	70	50

ഇതു വ്യവസായത്തൊഴിലാളികളുടെ കൂലിനിരക്കാണ്. എങ്കിലും വ്യവസായികൾ ഈ നിരക്കിൽ കൂലി നൽകുന്നില്ല. പല സ്വകാര്യസ്ഥാപനങ്ങളിലും വളരെ കുറവാണ് കൂലിനിരക്ക്.

പൊതുനിർദ്ദേശങ്ങൾ

1) വ്യവസായങ്ങൾതുടങ്ങുന്നതിനുവേണ്ടപ്രോത്സാഹനവും, പരിശീലനവും, സഹായവും നൽകുക.

2) ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ വ്യവസായങ്ങൾ തിരഞ്ഞെടുത്ത് നടപ്പാക്കുക.

3) വേണ്ടത്ര വിദഗ്ദ്ധരെക്കൊണ്ട് വ്യവസായ സംരംഭങ്ങൾക്ക് നിർദ്ദേശം നൽകുക.

4) പഞ്ചായത്തു തലത്തിൽ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.

5) പഞ്ചായത്തു തലത്തിൽ വിപണന സൗകര്യം ഉണ്ടാക്കുവാനുള്ള വിപണന മേഖല ഉണ്ടാക്കുക. വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുക.

6) പഞ്ചായത്തിന്റെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുക.

7) സാമ്പത്തിക സഹായത്തിനുവേണ്ടി അപേക്ഷിക്കുന്ന വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വായ്പാസൗകര്യങ്ങൾ നിയമത്തിന്റെ നൂലാമാലകൾ മാറ്റി എളുപ്പത്തിൽ ലഭ്യമാക്കുക.

8) കാലാകാലങ്ങളിൽ വ്യവസായവകുപ്പിൽ നിന്നുള്ള സ്കീമുകളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനുവേണ്ടിയുള്ള സെമിനാറുകൾ നടത്തുകയും വ്യവസായം തുടങ്ങുവാൻവേണ്ട പ്രോത്സാഹനം കൊടുക്കുകയുംചെയ്യുക.

9) വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ അനുമതിപത്രം കാലതാമസം കൂടാതെ നൽകുക.

10) വ്യവസായ ആവശ്യങ്ങൾക്ക് ആവശ്യമായ രീതിയിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

11) ഇപ്പോഴത്തെ കാലഹരണപ്പെട്ട വൈദ്യുത പദ്ധതികൾക്കുപകരം താപനിലയങ്ങൾപോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയോ, മിനി വൈദ്യുതപദ്ധതിയോ ആവിഷ്ക്കരിക്കുക.

12) ഈ പഞ്ചായത്തിൽ വ്യാവസായിക ആവശ്യത്തിനുള്ള പൊതുമേഖലാ ബാങ്കുകളുടെ ശാഖയോ കാർഷികവികസനബാങ്കിന്റെ ശാഖയോ തുടങ്ങുക.

13) 1-ാം വാർഡിൽ അത്താണിക്ക് സമീപം കഴിഞ്ഞ 10 വർഷമായി പൂട്ടിക്കിടക്കുന്ന ഖാദിവ്യവസായ ബോർഡിന്റെ നൂൽനൂൽപ്പുകേന്ദ്രം തുറന്നു പ്രവർത്തിക്കുകയോ അല്ലെങ്കിൽ മറ്റെതേങ്കിലും വ്യവസായമോ തുടങ്ങുക.

14) 10-ാം വാർഡിൽ പുത്തൻകുരിശ് നാഷണൽ ഹൈവേയാർഡ് ചേർന്നുകിടക്കുന്ന ഉപയോഗ ശൂന്യമായ ചിറ മണ്ണിട്ട് നികത്തി മറ്റുപ്രദേശങ്ങളോട് കൂട്ടിച്ചേർത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

9-ാം പഞ്ചവത്സരപദ്ധതി വ്യവസായത്തിനായി നല്ല പദ്ധതി നടപ്പാക്കുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്ത കാർഷികേതര വ്യവസായങ്ങൾക്ക് പ്രാമുഖ്യംനൽകി നമ്മുടെ പഞ്ചായത്തിനെ സാമ്പത്തിക സാമൂഹിക സ്വയംപര്യാപ്തതയുള്ള സ്വാശ്രയപഞ്ചായത്തായി മാറ്റുക.

ഗതാഗതം ഊർജ്ജം മാർക്കറ്റ്



ബ്രിട്ടൻ ഇൻഡ്യവിടുമ്പോൾ അപൂർവ്വം പട്ടണങ്ങളെന്നു വേണമെങ്കിൽ വിളിക്കാവുന്ന പ്രദേശങ്ങളേ തിരുക്കൊച്ചി പ്രദേശത്തുണ്ടായിരുന്നുള്ളൂ; അതും പ്രധാന റോഡുകളും തോടുകളും കടന്നുപോകുന്ന പ്രദേശങ്ങളിലേക്ക് ഒതുങ്ങിക്കൂടിയിരുന്നു.

ഒരു ജനകേന്ദ്രപ്രദേശമായ പുത്തൻകുരിശ്പ്രദേശത്ത് എത്തിച്ചേരുന്നത് കാൽനടയായോ, കാളവണ്ടിമുഖേനയോ ആയിരുന്നു. 1952നുശേഷം മാത്രമേ തിരുവാണിയൂർ ഭൂദേശം എറണാകുളം-മൂവാറ്റുപുഴ റോഡുമായി ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളൂ. അന്നാറോഡിലൂടെ കടന്നുപോയിരുന്ന ബസ്സുകൾ കൽക്കരി ഗ്യാസ് ഉപയോഗിച്ചാണ് പ്രവർത്തിപ്പിച്ചിരുന്നത്. തലചുമടുജോലികാർക്കും മറ്റും ഏകസഹായം നാമമാത്രമായിരുന്ന ആ ബസ്സു സർവ്വീസുകൾ മാത്രമായിരുന്നു എന്നത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഗ്രാമീണറോഡുകൾ രാജഭരണത്തിന്റെ ഭരണനേട്ടങ്ങളായി പഠിച്ചിട്ടുള്ളവരാണല്ലോ നമ്മൾ. കൂടാതെ തണൽവൃക്ഷങ്ങളും. അവയെല്ലാം മെറ്റൽ റോഡിനും ടാർറോഡിനും വേണ്ടി വഴിമാറികൊടുത്തപ്പോൾ പലപ്രദേശങ്ങളിലൂടെയും ബസ്സു ഗതാഗതം ഉണ്ടായി; സൗകര്യങ്ങൾ വർദ്ധിച്ചു പച്ചക്കറികൾക്കും നാണ്യവിളകൾക്കും ഉല്പാദനചെലവുമായി ഒപ്പിച്ചുപോകാവുന്ന വിലകിട്ടുമെന്ന അവസ്ഥകൈവരികയും ചെയ്തു. ഒപ്പം സ്ഥലത്തിന് വിലവർദ്ധനയും ഉണ്ടായി.

കാലക്രമേണ കാളവണ്ടികൾ ജീപ്പുകൾക്കും ലോറികൾക്കും വഴി മാറിയപ്പോൾ നമ്മുടെ ഗ്രാമീണ സൗന്ദര്യത്തിന് കോട്ടംതട്ടി. സമതുലിതാവസ്ഥയ്ക്ക് ഭംഗമുണ്ടാക്കി എന്നത് കാർഷികമേഖലയെ തളർത്തി എന്നതാണ് വാസ്തവം. ചിലപ്രധാനറോഡുകൾ ഇടക്കാലത്തുണ്ടായി എങ്കിലും പ്രദേശത്തിന്റെ മദ്ധ്യഭാഗത്തുകൂടി ബന്ധിപ്പിക്കുന്ന റോഡുകൾ ഉണ്ടാവാത്തതിനാൽ മൈനർ ഇറിഗേഷൻ പണികൾ ഫലപ്രദമാക്കിത്തീർക്കേണമെങ്കിൽ കൂടുതൽ പണം ചെലവുചെയ്യേണ്ടതായിരുന്നു. ഇത് താങ്ങാൻ കഴിയുന്ന ചുറ്റുപാടില്ലാത്തതിനാൽ പഞ്ചായത്തുപണികൾ താരതമ്യേന കുറഞ്ഞുപോയി. അങ്ങനെ വികസനവും അവതാളത്തിലായി. കാണാൻ വേണ്ടത്ര പൊലിമ ഉണ്ടാകാതാവുകയും ചെയ്തു.

ഇപ്പോൾ നിലവിലുള്ള നാഷനൽഹൈവേ 44, പുത്തൻകുരിശ്-ചോറ്റാനിക്കര റോഡ്, മാമല-പിറവം റോഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന പല പുതിയ റോഡുകളും അത്യന്താപേക്ഷിതമാണ്. അവ പ്രത്യേകം അനുബന്ധമായി ചേർത്തിട്ടുണ്ട്.

5.4 കി.മീ. നാഷനൽ ഹൈവേകൂടാതെ 27.02 കി.മീ. റോഡുകൾ പൊതുമരാമത്തിന്റേതായിട്ടുണ്ട്. കൂടാതെ പെരിയാർവാലി ഇറിഗേഷന്റെ പരിശോധനാ റോഡുകളുമുണ്ട്. ഇവയെല്ലാം കാലാകാലങ്ങളിൽ സംരക്ഷണപണികൾ നടത്തി സംരക്ഷിക്കുന്നതിനുള്ള ചുമതല പൊതുമരാമത്തുവകുപ്പിന്റേതാണ്.

പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ പുതിയ റോഡുപണികൾ 3 ഘട്ടങ്ങളിലായി മാത്രം പൂർത്തിയാക്കാവുന്നവയാണ്. മതിയായ രീതിയിൽ ഭൂമി കൈവശം കിട്ടുക, ആവശ്യമായ രീതിയിൽ കയറ്റിറക്കങ്ങൾ ലഘൂകരിച്ച് ക്രമപ്പെടുത്തുക, മൺപണികൂടുതൽ വരുന്നിടത്ത് ഇരുഭാഗത്തും സംരക്ഷണം ഉണ്ടാക്കുക. താഴ്ന്നുപോയേക്കാവുന്ന സ്ഥലങ്ങളിൽ സോളിഡ് നടത്തുക,

3-ാം ഘട്ടത്തിൽ മെറ്റലിങ്ങ്, റീ മെറ്റലിങ്ങ്, ടാറിങ്ങ് ഇവ സമയബന്ധിതമായി തീർക്കേണ്ട പണികളാണ്. ടാറിങ്ങ് പണി തീരുന്നമുറിക്ക് ഇരുഭാഗങ്ങളിലും അരികുമൺ പണി പൂർത്തിയാക്കി കാനകൾ നിർമ്മിച്ചിരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ ശ്രമദാനമായോ മറ്റോ നിർമ്മിക്കുന്ന അവസരത്തിൽ വേണ്ടത്ര വീതി ഉറപ്പുവരുത്തണം. അപ്രകാരം ഒൻപതാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്ന മറയ്ക്കെങ്കിലും വിഭവസമാഹരണവും മതിയായ ഫണ്ട് കണ്ടെത്തി നടപ്പാക്കിയാൽ വികസനപ്രക്രിയയിൽ നമ്മുടെ ഭാഗഭാഗിത്വം അംഗീകരിക്കപ്പെടുകയും കൂടുതൽ തൊഴിൽ സാദ്ധ്യതകളും ഉണ്ടാകും.

പുതിയ പണികൾ ഏറ്റെടുക്കുന്നതിന് ചില മാനദണ്ഡങ്ങൾ കണക്കിലെടുത്തിട്ടുണ്ട്. അവ ഇപ്രകാരം സംഗ്രഹിക്കാം. (1) ഒട്ടും വികസനം എത്തിനോക്കാത്തവ (2) ജനനിബിഡമായ ഭൂദേശങ്ങളിലൂടെ വിവിധ വാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്നവ (3) സമീപ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള പ്രധാനറോഡുകളുമായി ബന്ധപ്പെടുന്നവ (4) കാർഷിക വികസനാവശ്യമായ സാധനസാമഗ്രികൾ ഉഴവുയന്ത്രങ്ങൾ തുടങ്ങിയവ എത്തിക്കുന്നതിന് പ്രയോജനപ്പെടുന്നവ (5) ഹരിജനകോളനികളിലേയ്ക്കെത്തുന്നവ (6) കാർഷിക ഉല്പന്നങ്ങൾ ചന്തകളിലെത്തിക്കുന്നതിന് പ്രയോജനപ്പെടുന്നവ കൂടാതെ റോഡുണ്ടെങ്കിലും ചെറുവാഹനങ്ങൾക്കുപോലും സാഞ്ചാരയോഗ്യമല്ലാതായിരിക്കുന്നവ പ്രത്യേകം പരിഗണന അർഹിക്കുന്നു.

കൂടാതെ കാർഷികവികസനം കണക്കിലെടുത്ത് പാടത്തേക്ക് ഉഴവുയന്ത്രങ്ങളും നടീൽവസ്തുക്കളും സുഗമമായി എത്തിക്കുന്നതിന് ചെറിയ വഴികൾ വീതികൂട്ടി നന്നാക്കി വയ്ക്കേണ്ടതും റാമ്പുകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. ഈ പണികൾ പ്രത്യേകം പരിഗണിക്കണം. ഭാഗികമായി നിർമ്മിച്ചിട്ടുള്ള റോഡുകൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ മുൻഗണന നൽകണം.

കൂടാതെ സറണ്ടർചെയ്തുതന്നിട്ടുള്ള റോഡുകൾ നിർമ്മിക്കുന്നതിന് പട്ടികയിൽ പെടുത്തുന്നുണ്ട്.

ഒരോ വാർഡിലും പണികളുടെ മേൽനോട്ടം വഹിക്കുന്നതിന് മെൻബർ അദ്ധ്യക്ഷനായി ജനകീയകമ്മിറ്റികൾ ഉണ്ടാക്കണം.

PWD റോഡുകൾ

നമ്പർ	പേര്	ദൂരം	
1.	മാമല-പിറവം	8കി. മീ.	PWD രേഖകൾ
2.	മീമ്പാറ-തിരുവാണിയൂർ	4 കി.മീ.	
3.	ആനമുന്തി-മീമ്പാറ	2കി.മീ.	
4.	തിരുവാണിയൂർ-വെട്ടിക്കൽ റോഡ്	2.53കി.മീ.	
5.	പുത്തൻകുരിശ്-കുറിഞ്ഞി	2.17കി.മീ.	
6.	പുത്തൻകുരിശ്-ചോറ്റാനിക്കര MLA റോഡ്	6.895കി.മീ.	
7.	N.N. 49	5.4 കി.മി.	
	N. H. ഒഴികെ ആകെ ദൂരം	27.62കി.മീ.	

JRY, അൺടൈഡ് ഫണ്ടുകളിൽ നിർമ്മിച്ച റോഡുകൾ

വർഷം	റോഡ്	ദൂരം	സ്വഭാവം	ഫണ്ട്	
1996	H.O.C. പണിക്കരുപടിറോഡ്	1കി.മീ.	പാച്ച്വർക്ക്	25000	പഞ്ചായത്ത് രേഖകൾ
1996	മറ്റക്കുഴി-H.O.C. റോഡ്	500 മീ.	റീ ടാർ	15000-00	
1996	നട്ടക്കുറിശ്-കുടകുത്തി റോഡ്	1കി.മീ.	പുനർനിർമ്മാണം	45000-00	
1996	തിരുവാണിയൂർ-ഏഴക്കരനാട് റോഡ്	2കി.മീ.	പുനർനിർമ്മാണം	10,000-00	
1996	H.O.C. പണിക്കരുപടി റോഡ് പാച്ച്വർക്ക് (സ്പിൽ ഓവർ)	1കി.മീ.	പാച്ച്വർക്ക്	25000-00	
1990-91	തിരുവാണിയൂർ-നീരാംമുകൾ ഏഴക്കരനാട് റോഡ്	1കി.മീ.	ടാർ	138000-00	
1990-91	ചെമ്മനാട്-കൊള്ളിനാത്താഴം റോഡ് (ബാക്കിജോലി)	1കി.മീ.	ടാർ	25000-00	
91-92	കിരിക്കൂഴിക്കവല-വരിക്കോലി റോഡ്	-	-	110000-00	
93-94	പാലത്തടംഹരിജൻ കോളനി റോഡ്	500മീ.	മെറ്റൽ, ടാർ	1,50,000.00	
93-94	കമ്പനിപ്പടി-ലക്ഷംവീട് ഫുട്പാത്ത്	-	-	45,000.00	

JRY, അൺടൈഡ് ഫണ്ടുകളിൽ നിർമ്മിച്ച റോഡുകൾ

വർഷം	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്	ഫണ്ട്	
1991-92	മാമല-കുറുന്തററോഡ്	950മീ.	ടാർ	അൺടൈഡ്	37477.00	പഞ്ചായത്ത് റോഡുകൾ
1991-92	മാനാന്തടം-മോനപ്പിള്ളി റോഡ്	1കി.മീ.	മെയ്ൻറനൻസ്	അൺടൈഡ്	463500.00	
1992-93	മാനാന്തടം-മോനപ്പിള്ളി	1കി.മീ.	മെറ്റൽ	അൺടൈഡ്	15067.00	
1992-93	O.E.N. കണ്ണ്യാട്ടു നിരപ്പ് റോഡ്	1.900കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	3550.00	
1994-95	കുംഭപ്പിള്ളി-ആലങ്ങാട്ട്	660മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	30837.00	
1994-95	ശ്മശാനം-തോട്ടുങ്ങമല ഹരിജൻ കോളനിറോഡ്	1കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	5685.00	
1994	പാലത്തടം-ഹരിജൻ കോളനി റോഡ്	-	അറ്റകുറ്റപ്പണി	J.R.Y	15000.00	
1995	മുരിയമംഗലം-ചോറ്റാനിക്കര റോഡ്	1കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	13500.00	
1994	ഊന്നുകല്ല്-ചെമ്മനാട് റോഡ്	1കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	10000.00	
1994	മാനാന്തടം-മറ്റക്കുഴി റോഡ്	1കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	110000.00	
1994	വെണ്മണി കോളനി പാത്ത്വേ	1കി.മീ.	അറ്റകുറ്റപ്പണി	അൺടൈഡ്	42000.00	

ഗ്രാമീണറോഡുകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	PWD	NH	മറ്റുള്ളവ	ആകെ	
1	23	17	-	14	1	-	-	-	പഞ്ചായത്ത് രേഖകൾ
2	26	16	-	11	2	-	-	-	
3	32	23	-	19	2	-	-	-	
4	22	26	-	9	-	-	-	-	
5	14	21	-	12	1	-	-	-	
6	26	19	-	17	-	-	-	-	
7	32	20	-	19	-	1	-	-	
8	26	17	-	10	1	-	-	-	
9	40	11	1	9	1	-	-	-	
10	52	26	1	13	2	1	-	-	

P.V.I.P. കനാൽ റോഡുകൾ

നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്	
1	നീറാംമുകൾ-കാഡ കനാൽവഴിറോഡ്	-	അറ്റകുറ്റപ്പണി	-	പഞ്ചായത്ത് രേഖകൾ
2	ചീരക്കാട്ടുപാറ-വെട്ടിക്കൽ	2കി.മീ.	ടാറിങ്ങ്	-	
3	കണ്ടേത്തുപാറ കനാൽ-പാലം	-	-	-	
4	കോക്കാപ്പിള്ള പ്രദേശത്തുള്ള കനാൽവഴി	4 കി.മീ.	-	-	

ടാർ/റീടാർ ചെയ്യേണ്ട റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്	
1	നടുക്കുരിശ്-കുടകുത്തി	2 കി.മി. റോഡ്	റീടാർ	-	8 മീ. വീതി എല്ലാ ഭാഗത്തുമുണ്ട്
2	തിരുവാണിയൂർ-ഏഴക്കരനാട് റോഡ്	2 കി.മീ.	റീടാർ	-	8മീ. വിതി എല്ലാഭാഗത്തുമുണ്ട്
3	അത്താണി-നടുക്കുരിശ് വെങ്കിട-താഴത്തുംപാട്ട് റോഡ്	-	ടാർ	-	8 മീ. വീതി എല്ലാഭാഗത്തുമുണ്ട്
4	നടുക്കുരിശ്-ഇലഞ്ഞിത്താഴം റോഡ്	-	ടാർ	-	5 മീറ്റർ വീതി
5	മനയ്ക്കനിരപ്പ് ഹരിജൻ കോളനി റോഡ്	-	ടാർ	-	5 മീറ്റർ വീതി
6	പൊതനക്കുഴിറോഡ്	-	റീടാർ	-	5 മീറ്റർ വീതി
7	കാവുമ്പാട്ട് രഹിജൻ കോളനി റോഡ്	-	ടാർ	-	5 മീറ്റർ വീതി
8	തിരുവാണിയൂർ-മീമ്പാറ റോഡ്	-	റീടാർ	-	8 മീറ്റർ വീതി
9	അമ്പലപ്പടി കോളനി-കുപ്പേത്താഴം റോഡ്	-	ടാർ	-	5 മീറ്റർ വീതി
10	തിരുവാണിയൂർ-അവളക്കോട്ടിൽ റോഡ്	-	ടാർ	-	5 മീറ്റർ വീതി
11	പഴക്കാമറ്റം-ആപ്പിളള്ളിത്താഴം റോഡ് (സെൻട്രൽകോസ്സ് റോഡ്)	1 കി.മീ.	ടാർ	-	4 മീ വീതി
12	ആശ്രമം-മാനാന്തടം റോഡ്	2കി.മീ.	റീടാർ	-	ശരാശരി 7 മീ.
13	പാലാപ്പടി-വെണ്ണിക്കുളം റോഡ്	2 കി.മീ.	റീടാർ	-	8 മീറ്റർ വീതി
14	പാലച്ചുവട്-കുറുന്തറ	-	ടാർ	-	5 മീറ്റർ വീതി
15	വെണ്മണി ഹരിജൻ കോളനി റോഡ്	-	ടാർ	-	5 മീറ്റർ വീതി
16	പാലച്ചുവട്-ബാലവാടി മേപ്പാടത്തുതാഴം റോഡ്	-	ടാർ	-	5 മീറ്റർ വീതി
17	വെണ്ണിക്കുളം-മറ്റക്കുഴി റോഡ്	-	ടാർ	-	8 മീറ്റർ വീതി
18	കൊടുമ്പൂർ-കണ്ണ്യാട്ടുനിരപ്പ്	-	ടാർ	-	5 മീറ്റർ വീതി
19	പാറയിപ്പടി-കുംഭപ്പിള്ളി	-	ടാർ	-	6 മീറ്റർ വീതി
20	ഊന്നുകൽ നിരപ്പ്-മേക്കരക്കരോട്ട് റോഡ്	-	ടാർ	-	5 മീറ്റർ വീതി
21	മറ്റക്കുഴി-ഊന്നുകൽ നിരപ്പ് റോഡ്	-	ടാർ	-	8 മീറ്റർ വീതി
22	കുംഭപ്പിള്ളി-ആലങ്ങാട്ട് പടി റോഡ്	-	ടാർ	-	5 മീറ്റർ വീതി

ടാർ/റീടാർ ചെയ്യേണ്ട റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്	
23	വെണ്ണിക്കുളം-മുക്കാടത്ത് താഴം റോഡ്	1കി.മീ.	പുതിയ റോഡ് ടാർ ആക്കിത്തീർക്കണം	-	പഞ്ചായത്ത് റോഡ്
24	മൂലേപ്പടി-കിഴക്കേടത്ത് താഴംറോട് (വാര്യംറോഡ്	1കി.മീ.	പുതിയ റോഡ് ടാർ ആക്കിത്തീർക്കണം	-	പഞ്ചായത്ത് റോഡ്
25	മേപ്പാടം-ഇഞ്ചിപറമ്പിൽ റോഡ്	500മീ	ടാർ ചെയ്യണം	-	5 മീറ്റർ വീതി
26	വാരിയത്തുപടി-മേപ്പിള്ളിത്താഴം റോഡ്	500മീ.	ടാർ	-	ശരാശരി 6 മീറ്റർ
27	വെണ്മണി-കട്ടോക്കര താഴം റോഡ്	1കി.മീ.	ടാർ	-	5 മീറ്റർ വീതി
28	KEC പഴേടത്തുചിറ കക്കാട്ക്ഷേത്രം റോഡ്	1 1/2കി.മീ.	ടാർ	-	5 മീറ്റർ വീതി
29	SNCP -ഞാറത്തടം	1കി.മീ.	ടാർ	-	5 മീറ്റർ വീതി
30	ഊരടിക്കൽ-സണ്ടേസ്കൂൾ റോഡ്	800മീ.	ടാർ	-	5 മീറ്റർ വീതി
31	ബാലവാടി-കക്കാട്ക്ഷേത്രം റോഡ്	700മീ.	ടാർ	-	5 മീറ്റർ വീതി
32	മാനാന്തടം-മറ്റക്കുഴിറോഡ്	11/2കി.മീ.	ടാർ	-	8 മീറ്റർ വീതി
33	പാലച്ചുവട്-ചെമ്മാട്ടുകുന്നേൽ റോഡ്	500മീ.	ടാർ	-	6 മീറ്റർ വീതി
34	പഴയത്തുചിറ-ചെമ്മാട്ടുകുന്നേൽ റോഡ്	750മീ.	ടാർ	-	6 മീറ്റർ വീതി
35	വെണ്ണിക്കുളം-വായനശാലപ്പടി ചക്കുകുളങ്ങര റോഡ്	400 മീ.	ടാർ	-	7 മീറ്റർ വീതി
36	പഴുക്കാമറ്റം-കാപുംപുറത്തുമല സെൻട്രൽ ക്രോസ്റോഡ്	1കി.മീ.	-	-	3 മീറ്റർ വഴി സഞ്ചാരയോഗ്യമാക്കുക
37	തെക്കിൻചരി	1 1/2 ക.മീ.	-	-	5 മീറ്റർ
38	നെറിയകണ്ടം , കുരിത്തുകര കുഴിമൂല	1 1 /2	-	-	5 മീറ്റർ
39	പറമ്പാത്തുപടി-തേറുകുഴി	1/2കി.മീ.	-	-	3 മീറ്റർ വീതി
40	ആറ്റിനിക്കര-ആറാട്ടിത്താഴം മറ്റപ്പിള്ളിപ്പാറ	1കി.മീ.	-	-	3 മീറ്റർ വീതി

ടാർ/റീടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	റോഡിന്റെ പേര്	ദൂരം	വീതി	സ്വഭാവം	റിമാർക്സ്
41	മുരിയമംഗലം-കുടിക്കാലി പ്പറമ്പ് റോഡ്	1 1/2 കി.മി.	5 മീറ്റർ	ടാർ	-
42	ചെത്തിമറ്റം-കൗലീശ്വരം റോഡ്	1കി.മീ.	6 മീറ്റർ	ടാർ	-
43	മുരിയമംഗലം ലക്ഷംവീട് കോളനിറോഡ്	1 കി.മീ.	6മീറ്റർ	ടാർ	-
44	മാടാലിക്കുഴി കോളനി റോഡ്	750മീ.	6 മീറ്റർ	ടാർ	-
45	ഐക്കരം കുന്നത്ത് റോഡ്	1 1/4 കി.മീ.	6 മീറ്റർ	ടാർ	-
46	മുറിയമംഗലം നരസിംഹ-സ്വാമിക്ഷേത്രം റോഡ്	1കി.മീ.	8 മീറ്റർ	ടാർ	-
47	മുരിയമംഗലം കണ്ണേത്തുപറമ്പ് റോഡ്	750മീ.	6 മീറ്റർ	ടാർ	-
48	സൊസൈറ്റി കോളനിറോഡ്	750 മീ.	6 മീറ്റർ	ടാർ	-
49	മുരിയമംഗലം കരിത്തലക്കുഴി റോഡ്	750 മീ.	6 മീറ്റർ	ടാർ	-
50	ആശ്രമം-തട്ടാറുകുഴി റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
51	വെങ്കിട അംഗൻവാടിറോഡ്	0.5 കി.മീ.	5 മീറ്റർ	ടാർ	-
52	പുളിഞ്ചോട്-അമ്പലംറോഡ്	0.5 കി.മീ.	5 മീറ്റർ	ടാർ	-
53	മറ്റക്കുഴി-ഐയ്ക്കർത്താഴം റോഡ്	1 കി.മീ.	6 മീറ്റർ	ടാർ	-
54	പാലത്തഴം കോളനി-N.H. റോഡ്	750മീ.	6 മീറ്റർ	ടാർ	-
55	വെണ്ണിക്കുളം-ചിറാട്ടുമൂലത്താഴംറോഡ്	1കി.മീ.	6 മീറ്റർ	ടാർ	-
56	മറ്റക്കുഴി ശിവക്ഷേത്രം-ഏറ്റിക്കര റോഡ്	1 കി.മീ.	6 മീറ്റർ	ടാർ	-
57	കീരിക്കുഴി-പൊന്നേത്തുതാഴം റോഡ്	1 കി.മീ.	6 മീറ്റർ	ടാർ	-
58	വെണ്ണിക്കുളം-അംഗൻവാടി റോഡ്	500മീ.	5 മീറ്റർ	ടാർ	-
59	നടുക്കുരിശ് അത്താണിറോഡിൽ തൊട്ടിപ്പടി-തൊഴുത്തുംപാട്ട് കോളനി റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
60	പുളിനിരപ്പ് ലക്ഷംവീട്-കാരിക്കാട് റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
61	വെണ്ണിക്കുളം-പരപ്പനാട്ട് താഴം റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
62	ഐക്കരത്താഴം-ഊന്നുകൽ കോളനിറോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
63	ചീരക്കാട്ടുപാറ-വെട്ടിക്കൽ കനാൽ ബണ്ട് റോഡ്	2 കി.മീ.	3 മീറ്റർ	ടാർ	-
64	സെ. മേരീസ് കത്തോലിക്കേറ്റ് സെമിനാരി പ്പടി റോഡ് (കമ്പനിമല)	1 1/2കിമീ.	5 മീറ്റർ	ടാർ	-
65	ആറ്റിനിക്കര ശ്മശാനം റോഡ്	1 1/2 കി.മീ.	4 മീറ്റർ	ടാർ	-

ടാർ/റീടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	റോഡിന്റെ പേര്	ദൂരം	വീതി	സ്വഭാവം	റിമാർക്സ്
66	തിരുമല അംഗനാവാടി റോഡ്	1 കി.മീ.	4 മീറ്റർ	ടാർ	-
67	തിരുമല കോളനി റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
68	ഋഷികാവ്-O.E.N. റോഡ്	800മീ.	5 മീറ്റർ	ടാർ	-
69	O.E.N. പെരുമ്പിള്ളിത്താഴം റോഡ്	1 കി.മീ.	5 മീറ്റർ	ടാർ	-
70	മമ്പിള്ളിമ്യൂലിൽ കോളനിറോഡ്	500മീ.	5 മീറ്റർ	ടാർ	-
71	തിരുവാണിയൂർ PHCറോഡ്	500 മീ.	5 മീറ്റർ	ടാർ	-
72	കൊച്ചങ്ങാടി തോട്ടുങ്ങമല OLH റോഡ്	1.3 കി.മീ.	5 മീറ്റർ	ടാർ	-
73	കണ്ണ്യാട്ടുനിരപ്പ്-കുപ്പേത്താഴം റോഡ്	1 കി.മീ.			
74	കണ്ണ്യാട്ടുനിരപ്പ്-കുട്ടേപ്പാടം റോഡ്	1 കി.മീ.			
75	ഓലിക്കച്ചിറ-പാട്ടുള്ളിത്താഴം റോഡ്	3/4 കി.മീ.			
76	കണ്ണ്യാട്ടുനിരപ്പ്-പെണ്ണ്യേലി മ്യാലിത്താഴം റോഡ്	1 കി.മീ.			

നടപ്പ് റോഡ് പണികൾ (JRY, അൺടൈഡ്)

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്	ചില വഴിച്ചത്	പഞ്ചായത്തു രേഖകൾ
1	മാനാന്തടം-മോനപ്പിള്ളി റോഡ്	950മീ.	ടാറിങ്ങ്	അൺടൈഡ് ഫണ്ട	6600	
2.	തിരുവാണിയൂർ-ഏഴക്കരനാട് റോഡ്	1കി.മീ.	റീടാറിങ്ങ്	JRY	-	(അൺടൈഡ്) മെറ്റലിങ്ങ് നടന്നു കൊണ്ടിരിക്കുന്നു. വൃത്തിയായി പ്രാരംഭ പണികൾ ആരംഭിച്ചു.
3.	മറ്റക്കുഴി-H.O.C.	1 കി.മീ.	റീ ടാറിങ്ങ്	J.R.Y.	-	
4.	മുരിയമംഗലം-പള്ളിപ്പാട്ട് റോഡ്	500മീ.	സോളിങ്ങ് & മെറ്റലിങ്ങ്	അൺടൈഡ്	-	
5	തൊണ്ടൻപാറ-കുംഭപ്പിള്ളി റോഡ്	1കി.മീ.	സോളിങ്ങ് & മെറ്റലിങ്ങ്	അൺടൈഡ്	-	
6	തോട്ടുങ്ങമല-ഹരിജൻ കോളനി റോഡ്	1കി.മീ.	സോളിങ്ങ് & മെറ്റലിങ്ങ്	അൺടൈഡ്	-	

ഭാഗികമായി പണിതീർന്ന റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്
1	കണ്ണ്യാട്ടുനിരപ്പ്-O E N റോഡ്	1 1/2	ടാറിങ്ങ്	ഫ്ളഡ് ഫണ്ട്
2	തിരുമല-അംഗൻവാടി റോഡ്	300 മീ.	ഫില്ലിങ്ങ് മെറ്റൽ	- ടാറിങ്ങ്
3	കുംഭപ്പിള്ളി-M.L.A.-റോഡ് (കണ്ണ്യാട്ടുനിരപ്പ്)	300 മീ.	ഫില്ലിങ്ങ് മെറ്റൽ ടാറിങ്ങ്	-
4	കമ്പനിമല-സെ. മേരീസ് ചർച്ച് റോഡ്	1കി.മീ.	-	-
5	വാരിയത്തുപടി-മേപ്പിള്ളിത്താഴം റോഡ്	500മീ.	-	-
6	മുക്കടത്തുതാഴം-കിഴക്കേടത്തു താഴം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് (കുരിശുപള്ളി-കിഴക്കേടത്തു താഴം റോഡ്)	300മീ	-	-
7	ചളക്കത്താഴത്തുന്ത ആശ്രമം മാതിത്തടം റോഡിലേയ്ക്ക് മുട്ടുന്ന റോഡ്			

നിർമ്മിയ്ക്കേണ്ട പുതിയ റോഡുകൾ-ടാറിങ്ങ് ഉൾപ്പെടെ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്
1	പഴുക്കാമറ്റം-മെർലോണിയൻ-നടുക്കുരിശ് റോഡ്	1500മീ.	പാടം നികത്തി	രണ്ടാംവാർഡിനേയും ഒന്നാം വാർഡിനേയും ബന്ധിപ്പിക്കുന്നു. കച്ചിട്ട ഉണ്ട്
2	വെണ്ണിക്കുളം-മുരിയമംഗലം ചോറ്റാനിക്കര റോഡ്	1.5കിമീ.	(മെറ്റൽറോഡ്) മണ്ണുറോഡ്	വലിയതോടിനും പാലം വേണം ചോറ്റാനിക്കരക്ക് എളുപ്പവഴി
3	കുവയ്ക്കൽ-ഇലഞ്ഞിത്താഴം (തിരുമലഹരിജൻ റോഡ്)	150മീ.	സ്ലൂസ് സൗകര്യ ടെ റോഡ്	ഹരിജൻ കോളനി റോഡ്
4	പുളിഞ്ചോട് റോഡ്	1കി.മീ.	പാടം നികത്തി	-
5	മോനപ്പിള്ളി-വെങ്കിടറോഡ്	500മീ.	പാടം നികത്തി	ഒമ്പതാംവാർഡും പത്താം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്നു.
6	മേക്കരക്കാട്ട്-വണ്ടിപ്പേട്ട	500മീ.	പാടം നികത്തി	നടപ്പുപാലം ഉണ്ട്
7	വെമ്പിളിമറ്റംതാഴം-വണ്ടിപ്പേട്ട റോഡ്	500മീ.	പാടം നികത്തി	-
8	വെണ്ണിക്കുളം-പാലത്തടംകോളനി	1 കി.മീ.	പാടം നികത്തി	-

നിർമ്മിയ്ക്കേണ്ട പുതിയ റോഡുകൾ-ടാറിങ്ങ് ഉൾപ്പെടെ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	സ്വഭാവം	റിമാർക്സ്
9	മാനാന്തടം-കോക്കരമനപ്പടി തൊഴുത്തുംപാട്ട് റോഡ്	1കി.മീ.	ഫില്ലിങ്ങ്	കോളനി റോഡ് കച്ചിട്ട ഉണ്ട്
10	മേപ്പാടം-ഇഞ്ചിപ്പറമ്പിൽതാഴം	500മീ.	150മീറ്റർ	-
11	അത്താണിറോഡ്-കുപ്പേത്താഴം	600മീ.	200മീറ്റർ	പാലം വീതികൂട്ടണം
12	മുലേപ്പടി-കിഴക്കേടത്തുതാഴം റോഡ് M.L.A. റോഡ് മായി ബന്ധിപ്പിക്കുക	1കി.മീ.	80 മീ ഫില്ലിങ്ങ് & പാലം	സ്ലൂസ്കം റഗുലേറ്റർ
13	ചെമ്മനാനട്-കുരിശുപള്ളിറോഡ്	300മീ.	200 മീ. ഫില്ലിങ്ങ് & പാലം	-
14	മുക്കാടത്തുതാഴം-ചോറ്റാനിക്കര റോഡ്	600മീ.	500മീ. ഫില്ലിങ്ങ് & പാലം	-
15	കുംഭപ്പിള്ളി-മരുതനാമൂലറോഡ്	1കി.മീ.	പാലമുണ്ട്, ഫില്ലിങ്ങ് 80മീ.	-
16	ചളയ്ക്കത്താഴം-മേനാപ്പിള്ളി റോഡ്	2കി.മീ.	5 മീ.	പാടംനികത്തി
17	പുത്തൻകുരിശ്-ചെറുകുന്ന് കോളനി റോഡ്	500മീ.	5 മീ.	ഇരുവശത്തുനിന്നും ഭൂമി എടുത്തിട്ടണ്ട്.
18	അത്താണി-കുപ്പേത്താഴം റോഡ്	1കി.മീ.	5 മീ.	പാടം നികത്തി
19	അത്താണി-കാഞ്ഞിരക്കുളം-തൊഴുത്തുംപാട്ട് കോളനി റോഡ്	1കി.മീ.	5 മീ.	പാടംനികത്തിയും ഇരുവശം ഭൂമി ഏറ്റെടുത്തു
20	കളപ്പാമറ്റം സെൻറ്മേരീസ് കാത്തലിക് കുരിശുപള്ളി യുമായി ബന്ധിപ്പിക്കുക.	500മീ.	5 മീറ്റർ	പാടം നികത്തി
21	വെട്ടിക്കൽ-ചീരക്കാട്ടുപാറ കനാൽ റോഡിൽ കണ്ടേത്തു പാറ കനാൽ ജംഗ്ഷനിൽ പാലം നിർമ്മിച്ച് പിറവം-മാമല റോഡു മായി ബന്ധിപ്പിക്കുക.	-	-	പാല പണിയാൻ
22	പഴുക്കാമറ്റം-വെട്ടിക്കൽ റോഡ്	2കി.മീ.	6 മീ.	-
23	കണ്ണ്യാട്ടുനിരപ്പ്-പമ്പോട്ടി ച്ചിറ റോഡ്	600മീ.	6 മീ.	പാടംനികത്തി
24	കണ്ണ്യാട്ടുനിരപ്പ്-തെക്കി നേത്ത് നിരപ്പ് റോഡ്	300മീ.	6 മീ.	പാടംനികത്തി
25	തണങ്ങാട്ടിത്താഴം-കീട നാശിനി കമ്പനിറോഡ്	300മീ.	6 മീ.	പാടംനികത്തി
26	കണ്ണ്യാട്ടുനിരപ്പ്-കൊച്ച ങ്ങാടി റോഡ്	500മീ.	6 മീ.	പാടംനികത്തി

ബസ്സ് റൂട്ട് ആവശ്യമുള്ള റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്
1	പുത്തൻകുരിശ്-ചോറ്റാനിക്കര റോഡ്
2	തിരുവാണിയൂർ-മേപ്പാടം -ഏഴക്കരനാട് റോഡ്
3	പഴുക്കാമറ്റം-വെട്ടിക്കൽ റോഡ്
4	പുത്തൻകുരിശ്-ചോറ്റാനിക്കര-കണ്ണ്യാട്ടുനിരപ്പ്-OEN റോഡിൽ ആടുക്കാട്ടിച്ചിറ വഴി
5	പാലാപ്പടി-വെണ്ണിക്കുളം റോഡിലൂടെ പുത്തൻകുരിശ്-തിരുവാങ്കുളം
6	തിരുവാങ്കുളം, മാമല, മുരിയമംഗലം, വെണ്ണിക്കുളം വഴി പിറവം
7	തൊടുപുട-എറണാകുളം (തിരു.മണീട് വഴി)
8	കൂത്താട്ടുകുളം-എറണാകുളം (തിരു. വഴി)
9	പിറവം-എറണാകുളം (തിരു. വഴി)
10	തമ്മാനിമറ്റം-എറണാകുളം ബസ്സ് തിരു. വഴി തിരിച്ചുവിടുക
11	OEN മുളന്തുരുത്തി ബസ്സുകൾ പഴുക്കാമറ്റം വഴി തിരിച്ചുവിട്ട് പുതിയ റൂട്ട് അനുവദിക്കുക.
12	പുത്തൻകുരിശ് HOC അമ്പലമുകൾ റോഡ്

ബസ്സ് സ്റ്റാൻറ്/ടാക്സിസ്റ്റാൻറ് ആവശ്യമുള്ള പ്രദേശങ്ങൾ

1. തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ അസ്ഥാനത്ത് ടാക്സികളും, മറ്റുവാഹനങ്ങളും പാർക്ക് ചെയ്യുന്നതിനുവേണ്ടി വണ്ടിത്താവളം നിർമ്മിയ്ക്കേണ്ടതാണ്.

2. പഞ്ചായത്തിലെ മറ്റൊരു പ്രധാന കേന്ദ്രമായ വെണ്ണിക്കുളം ഭാഗത്ത് ഒരു ഓട്ടോ, ടാക്സി സ്റ്റാൻറ് ആവശ്യമാണ്.

ഊർജ്ജം

ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന ഊർജ്ജ സ്രോതസ്സ് വൈദ്യുതോർജ്ജമാണ്. ഈ ഗ്രാമപഞ്ചായത്തിൽ ഏകദേശം 60 കി.മീറ്റർ എൽ.റ്റി.ലൈനും, 20 കി.മീറ്റർ എം.റ്റി.ലൈനും ഉണ്ട്. 3638ഓളം എൽ.റ്റി. ഉപഭോക്താക്കളും 3 എം.റ്റി ഉപഭോക്താക്കളും ഈ പഞ്ചായത്തിൽ ഉണ്ട്.

412 തെരുവ് വിളക്കുകൾ വിവധ പ്രദേശങ്ങളിലായി ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 23 ട്രാൻസ്ഫോമറുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമപ്പഞ്ചായത്തതിർത്തിയിൽ ഒരു സബ്-എഞ്ചിനീയർ ഓഫീസ് പുത്തൻകുരിശ് സെക്ഷനു കീഴിലായിപ്രവർത്തിക്കുന്നുണ്ട്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ പൊതുവെ പഞ്ചായത്തിൽ കുറവാണ്. എങ്കിലും വീടുകളിൽ വിറകിന്റെ ഉപഭോഗം കുറയ്ക്കുന്നതിനു വേണ്ടി ഊർജ്ജക്ഷമത കൂടിയ വിറകടുപ്പുകൾ, പുകയില്ലാത്ത പരിഷത്തടുപ്പുകൾ എന്നിവയും, പ്രചാരത്തിലുണ്ട്.

എൽ.പി.ജി. ഉപഭോക്താക്കൾ മൊത്തം ഊർജ്ജോപഭോക്താക്കളിൽ 10% വരും. കൂടാതെ 26 ബയോഗ്യാസ് പ്ലാന്റുകൾ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നു. ഇവ വർദ്ധിപ്പിക്കുന്നതിന് കൂട്ടായ ശ്രമം നടത്തേണ്ടതായിട്ടുണ്ട്.

മണ്ണെണ്ണ ഉപയോഗിച്ചുള്ള സ്റ്റൗ വിറകു ക്ഷാമത്തെ നേരിടുന്നതിനുവേണ്ടി വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ മണ്ണെണ്ണ ക്ഷാമം രൂക്ഷമാകുന്നതോടെ ഈ സാധ്യതകൾ കുറഞ്ഞു കുറഞ്ഞു വരുന്നു.

സെക്കൻററി ഡാറ്റാകൾ

നിലവിലുള്ള ഉപഭോക്താക്കൾ			വൈദ്യുതി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകൾ						സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം	
എ.	ഗാർഹികം	3051	എ	ഓർഡിനറി	81	എ	ബൾബ്	338	ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ	23
ബി.	വ്യാപാരം	292	ബി.	ഒ.റ്റി.പി.	22	ബി.	ട്യൂബ്	74		
സി.	വ്യാവസായികം	77	സി.	ഒ.വൈ.ഇ.സി.	49	സി.	മെർക്കുറി വേപ്പർ	ഇല്ല		
ഡി.	കാർഷികം	218	-	-		ഡി.	സോഡിയം വേപ്പർ	ഇല്ല		

തൻവർഷത്തെകണക്ഷൻ			പഞ്ചായത്തുപരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി ട്രാൻസ്ഫോമറുകളുടെ പേര്			
എ.	ഓർഡിനറി	4	1.	മാനാന്തടം	13	തിരുവാണിയൂർ
ബി.	ഒ.റ്റി.പി.	28	2.	മോനപ്പിള്ളി 1	14	കൊച്ചങ്ങാടി
സി.	ഒ.വൈ.ഇ.സി	112	3.	മോനപ്പിള്ളി 2	15	വണ്ടിപ്പേട്ട
അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി		2-2-1996	4.	മോനപ്പിള്ളി 3	16	കണ്ണായാട്ടു നിരപ്പ് 1
			5.	മാളിയാൽ	17	കണ്ണായാട്ടുനിരപ്പ് 2
			6.	മറ്റക്കുഴി 1	18	തൊണ്ടൻ പാറ
			7.	മറ്റക്കുഴി 2	19	വെണ്ണിക്കുളം
			8.	വെങ്കിട	20	വെസ്റ്റേൺ പെയിൻറ്സ്
			9.	നടുക്കുരിശ്	21	കാക്കാട്
			10.	ചെമ്മനാട്	22	ശാസ്താമുകൾ
			11.	നീരാംമുകൾ	23	വെണ്മണി
			12.	കടുക്കാമറ്റം	-	-

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം വൻതോതിൽ അനുഭവപ്പെടുന്നുണ്ട്.
2. നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ക്ഷമത കുറവുള്ളതുകൊണ്ട് വ്യാവസായങ്ങൾ കൂടുതൽ വരുന്നതിനു തടസ്സമാകുന്നു.
3. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും വൈദ്യുതി എത്താത്ത സ്ഥിതിയുണ്ട്.
4. ഈ പഞ്ചായത്തിൽ നിന്നും വളരെയധികം ദൂരെയാണ് ഇലക്ട്രിക്കൽ സബ്സെക്ഷൻ ഓഫീസ്. ഇത് ഉപഭോക്താക്കൾക്ക് പലവിധത്തിലുള്ളപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
5. ഇന്ധനത്തിനായി ഉപയോഗിക്കുന്ന വിറകിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.
6. ഊർജ്ജത്തിന്റെ ശരിയായ ഉപഭോഗം സംബന്ധിച്ച് ബോധവൽകരണത്തിന്റെ കുറവ് ഉള്ളതു കൊണ്ട് അമിതമായി ഊർജ്ജം ഉപയോഗിക്കപ്പെടുന്നു.
7. കൃഷിയിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കാൻ സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉയർന്ന തലങ്ങളിൽ പരിശോധിക്കേണ്ടതാണ്.

വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

	പ്രദേശം	കാരണം	പരിഹാരം
1.	നാരാംമുകൾഭാഗം (മെയിൻ റോഡ്)	ലൈനിന്റെ ദൈർഘ്യം കൂടുതൽ, ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി കുറവ്, ഉപഭോക്താക്കളുടെ ബാഹുല്യം	പുതിയ എച്ച്.ജെ ലൈൻ വലിച്ച് ഒരു ട്രാൻസ്ഫോമർ സ്ഥാപിച്ച് പരിഹരിക്കണം.
2.	കോക്കാപ്പിള്ളി റോഡിനു തക്കുഭാഗം	ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി കുറവ്, ഉപഭോക്താക്കളുടെ ബാഹുല്യം	വെണ്ണിക്കുളം - കുറവപ്പിള്ളി റോഡിന്റെ മദ്ധ്യഭാഗത്തായ നിലവിലുള്ള ലൈനിൽ ട്രാൻസ്ഫോമർ വയ്ക്കുക.
3.	ആത്താണി ഭാഗം	"	കണ്ണ്യാട്ടുനിരപ്പിൽ നിന്നും കോക്കാപ്പിള്ളിയിലേക്കു വരുന്ന ലൈൻ പുതിയ ട്രാൻസ്ഫോമറിൽ കൊടുക്കുക.
4.	കരിങ്കുറ്റി ഭാഗം	"	പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക
5.	മാമലതൈലം പറമ്പ് ഭാഗം	"	"
6.	പാലച്ചുവട് ചെമ്മാട്ടു കുന്നേൽ ഭാഗം	"	"
7.	മറ്റക്കുഴി പണിക്കരുപടി ഭാഗം	"	"
8.	മുരിയമംഗലം ഭാഗം കെ.ഇ.എൽ ന് പിൻവശം	"	ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി ഉയർത്തണം.
9.	ചാത്തം കുഴിത്താഴം	"	400 എം. പുതിയ ലൈൻ വലിച്ച് ട്രാൻസ്ഫോമർ സ്ഥാപിക്കണം.
10.	കണ്ണ്യാട്ടു നിരപ്പ് ഭാഗം	"	"
11.	പാലത്തടം - പൊന്നോത്തു മൂല ഭാഗം	കപ്പാസിറ്റി ഇല്ല	പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കണം.
12.	പെരുമാമറ്റം - വെട്ടിക്കൽ ഭാഗം	"	"
13.	കൊക്കാപ്പിള്ളി കിഴക്കുഭാഗം	"	"
14.	വെണ്ണിക്കുളം തൊണ്ടൻ പാറ റോഡിന്റെ തെക്കുഭാഗം	"	"
15.	ചാണംകുഴിത്താഴം	"	"
16.	മേപ്പാടം ഭാഗം	"	"

സാദ്ധ്യതകൾ

1. വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സാമൂഹ്യ വനവൽക്കരണ പരിപാടി പഞ്ചായത്തിൽ നടപ്പിലാക്കുക.
2. വിറക് ഇന്ധനമായി ഉപയോഗിക്കുന്നത് കുറയ്ക്കാൻ ദക്ഷത കൂടിയ അടുപ്പുകൾ പ്രചാരത്തിൽ കൊണ്ടു വരിക.
3. പുകയില്ലാത്ത പരിഷത്ത് അടുപ്പുകളുടെ വ്യാപകമായി പ്രചാരം.
4. പ്രഷർ കുക്കർ, വൈക്കോൽ ഉപയോഗിച്ചുള്ള പെട്ടി എന്നിവ പ്രചരിപ്പിക്കുക.
5. വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് ചെലവു കുറഞ്ഞ രീതിയിലുള്ള ഇലക്ട്രോണിക് ചോക്കുകൾ പ്രചരിപ്പിക്കുക.
6. വൈദ്യുതി ഉപയോഗം കൂടുതൽ ആവശ്യമില്ലാത്ത ലൈറ്റുകൾ സ്ഥാപിക്കുക.
7. സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ദീപങ്ങളും മറ്റും പ്രചരിപ്പിക്കുക.
8. വൈദ്യുത ലൈനുകളിൽ നിന്ന് ഊർജ്ജം അനാവശ്യമായി നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ബോധവൽക്കരണം നടത്തണം ; അതിനു ജനപങ്കാളിത്തം കൂടിയേ കഴിയൂ.
9. എൽ.പി.ജി. ഏജൻസി പഞ്ചായത്തതിർത്തിയിൽ തുടങ്ങണം.
10. ബയോ-ഗ്യാസ് പ്ലാൻറുകൾ പ്രചരിപ്പിക്കണം.
11. അനെർട്ടിന്റെ ഏജൻസി പഞ്ചായത്തിൽ തുടങ്ങണം.
12. മണ്ണെണ്ണ പെർമിറ്റ് ലഭ്യമാക്കണം.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
1.	മനയ്ക്കാനിരപ്പ് കോളനി	8
2.	പോതനക്കുഴി കോളനി	5
3.	തിരുമല കോളനി	12
4.	തോട്ടുങ്ങ മല കോളനി	15
5.	മേപ്പാടം കോളനി	11
6.	പുളിനിരപ്പേൽ കോളനി	8
7.	പുളിനിരപ്പേൽ ലക്ഷംവീടു കോളനി	2
8.	കാവുംപുറത്തു കോളനി	6
9.	നാടിച്ചാമുകൾ കോളനി	7
10.	മുരിയമംഗലം ലക്ഷംവീടു കോളനി	11
11.	കക്കാടു സെറ്റിൽമെൻറ് കോളനി	-
12.	കോക്കാപ്പിള്ളി കോളനി	10
13.	മോനപ്പിള്ളി ഹരിജൻ കോളനി	9
14.	ചെറുകുന്നു കോളനി	11
15.	മാനാന്തടം ലക്ഷംവീടു കോളനി.....5	പതിനഞ്ചു കുടുംബങ്ങൾക്കു വൈദ്യുതി കിട്ടാനുണ്ട്.
16.	വീപ്പനാത്തു കോളനി	4
17.	പുളിനിരപ്പേൽ പൊല്ലായിൽ കോളനി	-
18.	നെടിയകണ്ടം കോളനി	6
19.	കണ്ണ്യാട്ടുനിരപ്പേൽ കോളനി	9
20.	തൊഴുത്തുംപാട്ടു കോളനി	7
21.	കാവുംപാട്ട് ഹരിജൻ കോളനി	5
22.	പാലത്തടം കോളനി	3
23.	മുരിയമംഗലം സെറ്റിൽമെൻറ് കോളനി	6

തെരുവ് വിളക്കുകൾ ആവശ്യമുള്ള പ്രദേശങ്ങൾ

നമ്പർ	പ്രദേശം
1.	മാമല-ശാസ്താമുകൾ-വെണ്മണി റോഡ്
2.	വെണ്മണി-കട്ടോക്കര താഴം റോഡ്
3.	കെ.ഇ.സി. - പഴയേടത്തു കര റോഡ്
4.	പാലച്ചുവട് - കുറുന്തറ റോഡ്
5.	പാലച്ചുവട് - ബാലവാടി റോഡ്
6.	മേപ്പാടം - ഇല്ലിപ്പറമ്പിൽ താഴം റോഡ്
7.	മാരിയത്തു പടി - കിഴക്കേടത്തുതാഴം റോഡ്
8.	വെണ്ണിക്കുളം - മുക്കാടത്തു താഴം റോഡ്
9.	അത്താണി - പുത്തൻകുരിശു റോഡ്
10.	തൊണ്ടൻ പാറ - കുംഭപ്പിള്ളി കവല
11.	മോനപ്പിള്ളി - മാനന്തടം റോഡ്
12.	തൊണ്ടൻ പാറ - കുംഭപ്പിള്ളി ക്ഷേത്രം റോഡ്
13.	മറ്റക്കുഴി - ഊന്നുകല്ലു നിരപ്പ് റോഡ്
14.	വെണ്ണിക്കുളം - പാലപ്പടി റോഡ്
15.	ആശ്രമം - മാനാന്തടം റോഡ്
16.	ആശ്രമം - പടന്നൽ കുരിശ് റോഡ്
17.	വെണ്ണിക്കുളം - ലക്ഷംവീട് കോളനി റോഡ്
18.	സൊസൈറ്റി - കോളനി റോഡ് (സെറ്റിൽമെൻറ് കോളനി)
19.	കണ്ണ്യാട്ടു നിരപ്പ് - തെക്കിനേത്ത് നിരപ്പ്
20.	കുപ്പേത്താഴം - തിരുമല റോഡ്
21.	ഒ.ഈ.എൻ. കണ്ണ്യാട്ട് നിരപ്പ് റോഡ്
22.	മൂശാരിമ്യാലിത്താഴം - ചോറ്റാനിക്കര റോഡ്
23.	ആറ്റിനക്കര - തെക്കൻചേരിശ്മശാനം റോഡ്
24.	മുരിയമംഗലം - പള്ളിപ്പാട്ട് റോഡ്
25.	വാര്യത്തുപടി - മേപ്പള്ളിത്താഴം റോഡ്
26.	വെങ്കിട- നടുക്കുരിശ് റോഡ്
27.	കിഴക്കേടത്തു താഴം - മൂക്കാടത്തു താഴം ചോറ്റാനിക്കര
28.	ചെമ്മനാട് അമ്പലം ജംഗ്ഷൻ
29.	ഇലഞ്ഞിത്താഴം റോഡ്
30.	ആശ്രമം - കുറിഞ്ഞിറോഡ്
31.	മറ്റക്കുഴി - അയ്ക്കരത്താഴം റോഡ്

തെരുവ് വിളക്കുകൾ ആവശ്യമുള്ള പ്രദേശങ്ങൾ

നമ്പർ	പ്രദേശം
32.	പാലത്തടം കോളനി എൻ.എച്ച് റോഡ്
33.	മറ്റക്കുഴി ശിവക്ഷേത്രം - ഏറ്റിക്കര
34.	കീരിക്കുഴി - പൊന്നേത്തുതാഴം റോഡ്
35.	കൊച്ചങ്ങാടി - തോട്ടങ്ങാമല ലക്ഷംവീട് ലക്ഷംവീട് കോളനി റോഡ്
36.	സെ. മേരീസ് കാത്തലിക് ചർച്ച് - സെമിനാരിപ്പടി (കമ്പനിമല)
37.	പൊതുശ്മശാനം, തിരുവാനിയൂർ
38.	കൊച്ചങ്ങാടി- തിരുമല കോളനി റോഡ്
39.	മമ്പിള്ളി മ്യാലിൽ കോളനി റോഡ്
40.	തിരുവാണിയൂർ - കളപ്പാടിത്താഴം റോഡ്
41.	അവളക്കോട്ടിത്താഴം - ശ്മശാനം റോഡ്
42.	ഒ.ഇ.എൻ. - ഋഷിക്കാവ് റോഡ്
43.	ഒ.ഇ.എൻ. - പെരുമ്പിള്ളിത്താഴം റോഡ്
44.	മാമല - വെണ്ണിക്കുളം റോഡ്
45.	മുരിയമംഗലം - സെറ്റിൽമെൻറ് കോളനി റോഡ്
46.	മുരിയമംഗലം - കണ്ടാരത്തുമല ഹരിജൻ കോളനി
47.	പഴുക്കാമറ്റം സെൻട്രൽ ക്രോസ്സ് റോഡ്
48.	പുളിനിരപ്പ് ലക്ഷംവീട് കോളനി
49.	നെടിയകണ്ടം - കരിന്തകരക്കുഴി റോഡ്
50.	വെണ്ണിക്കുളം എച്ച്.എസ്സിനു വടക്കുവശം
51.	മറ്റക്കുഴി ശിവക്ഷേത്രം - വെണ്ണിത്തിരിപ്പു അംഗൻവാടി റോഡ്
52.	മറ്റക്കുഴി കീരിക്കുഴി കവല മുതൽ എ.കെ.ജി കവല വരെ
53.	തൊണ്ടൻ പാറ മുതൽ കൊടുമ്പൂർ കുരിശു വരെ
54.	വാഴയ്ക്കാപ്പിള്ളിപ്പടി മുതൽ - മറ്റക്കുഴി കുരിശു വരെ
55.	മനയ്ക്കാനിരപ്പ് കോളനി കവല - ട്യൂബ്ലൈറ്റ്
56.	കാവുംപാട്ട് കോളനി - "
57.	പൂതനക്കുഴി കോളനി - "
58.	തൊഴുത്തുംപാട്ട് കോളനി - നടുക്കുരിശ് " 2 നം.
59.	നടുക്കുരിശ് ഇലഞ്ഞിത്താഴം - " 1 നം.
60.	കണ്ണ്യാട്ടു നിരപ്പ് ഒ.ഇ.എൻ. റോഡ്
61.	ഓക്കച്ചിറ - പാട്ടള്ളിത്താഴം
62.	കൈതക്കുളങ്ങരത്താഴം

സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

നമ്പർ	പ്രദേശം
1.	തിരുവാണിയൂർ കവല
2.	കൊച്ചങ്ങാടി
3.	വണ്ടിപ്പേട്ടക്കവല
4.	വെണ്ണിക്കുളം കവല
5.	ശാസ്താമുകം കവല
6.	മാമലക്കവല
7.	നടുക്കുരിശ് കവല
8.	പണിക്കരുപടിക്കവല
9.	തൊണ്ടമ്പാറ
10.	ഊന്നുകൽ കവല
11.	അത്താണിക്കവല
12.	പഴുക്കാമറ്റം കവല
13.	പറമ്പാത്തു പടി കവല
14.	മേപ്പാടം കവല
15.	പാലാപ്പടി കവല
16.	കെ.ഇ.എൽ നു മുൻവശം
17.	ആശ്രമം കവല
18.	കണ്ണ്യാട്ടു നിരപ്പു കവല
19.	പുളിഞ്ചോടു ജംഗ്ഷൻ
20.	മോനപ്പിള്ളി കുരിശു കവല

പുതിയതായി വൈദ്യുതീകരിയ്ക്കേണ്ട പ്രദേശങ്ങൾ

ക്രമ നമ്പർ	പ്രദേശം	നിർദ്ദേശം
1.	മറ്റക്കുഴി - വെണ്ണിത്തിരിപ്പ് - ഓലിക്കുഴിത്താഴം	പുതിയ ലൈൻ വലിക്കണം
2.	കുംഭപ്പിള്ളി കുരിശുപള്ളിക്ക് കരട്	"
3.	പാലച്ചുവട് - ചെമ്മാട്ടുകുന്നേൽ റോഡ്	"
4.	മാനാന്തടം ലക്ഷംവീടു കോളനി	"
5.	വെണ്ണിക്കുളം, മുരിയമംഗലം അംഗനവാടികൾ	"
6.	ചെമ്മനാട് പാലക്കുഴി കോളനി	"
7.	ശാസ്താമുകൾ വെണ്മണി ഹരിജൻ കോളനി റോഡ്	"
8.	ചെമ്മനാട് - ഏനാംകുന്നം പ്രദേശം പുതിയ ലൈൻ വേണം	പുതിയ കണക്ഷൻ
9.	തോട്ടങ്ങാമല - കന്നോത്തുപാറ ഭാഗം	"
10.	അത്താണി - നടക്കുരിശ്	"
11.	ചെമ്മനാട് കാരണത്തു മാരിപ്രദേശം	"
12.	കൊക്കാപ്പിള്ളി - പാറയിൽ കരട്ട് ഹരിജൻ കോളനി	"
13.	വെണ്ണിക്കുളം ഹരിജൻ കോളനി	"
14.	തൊഴുത്തും പാട്ട് കോളനി, ചെമ്മനാട്	
15.	എടിശ്ശേരിക്കുടി കോളനി, വെങ്കിട	"
16.	ഋഷികാവ് കോളനി	
17.	മമ്പിള്ളി മ്യാലിൽ കോളനി	
18.	പറമ്പാത്തുപടി തേറുകുഴി ഭാഗം	
19.	മറ്റക്കുഴി - ഐക്കരത്താഴം	
20.	പാലത്തടം കോളനി - എൻ.എച്ച് റോഡ്	
21.	കീരിക്കുഴി - പൊന്നേത്തു താഴം	
22.	കീരിക്കുഴി - എടത്തലത്താഴം	
23.	മറ്റക്കുഴി - മാനാന്തടം റോഡ്	
24.	നടുക്കുരിശ് അംഗൻവാടി	
25.	നടുക്കുരിശ് - ഇലഞ്ഞിത്താഴം റോഡ്	
26.	പറമ്പാത്തുപടി - തേറുകുഴി	
27.	സെൻട്രൽ ക്രോസ് റോഡ് - തച്ചുകുളങ്ങര	
28.	പുളിഞ്ചോട് - അമ്പലപ്പടി റോഡ്	
29.	വെങ്കിട - അംഗൻവാടി റോഡ്	
30.	മൂശാരിമ്യാലിൽ താഴം	
31.	കണ്ണ്യാട്ടുനിരപ്പ് - പെണ്ണ്യേലിമ്യാലിത്താഴം	
32.	കുപ്പേത്താഴം - തിരുമല റോഡ്	
33.	കണ്ണ്യാട്ടുനിരപ്പ് - കുപ്പത്താഴം	

മാർക്കറ്റ്

ഒരു കാർഷിക പ്രധാന പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണി കണ്ടെത്തുകയെന്നത് അത്യാവശ്യമാണ്. തങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റിയതിനുശേഷം വിപണിയിൽ കൊണ്ടുപോയി വിൽക്കുന്നു. അവിടെ നിന്നും തങ്ങൾക്കാവശ്യമുള്ള മറ്റു സാധനങ്ങൾ വാങ്ങുകയും ചെയ്യുന്നു.

മുൻകാലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ വീടുകൾതോറും കൊണ്ടുനടന്ന് വിൽക്കുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. ആ സമ്പ്രദായം ക്രമേണ കുറഞ്ഞുകുറഞ്ഞു വരുന്നു. ആധുനിക കാലഘട്ടങ്ങളിൽ മേൽ സൂചിപ്പിച്ച വിപണി സമ്പ്രദായമാണ് നിലവിലുള്ളത്.

പ്രശ്നങ്ങൾ :

1. പഞ്ചായത്തിന്റെ കേന്ദ്രമായ തിരുവാണിയൂർ പ്രദേശത്ത് മാർക്കറ്റിനു വേണ്ടത്ര സൗകര്യങ്ങളോ, ശുചിത്വമോ ഇല്ല.
2. മത്സ്യമാർക്കറ്റും, പച്ചക്കറി മാർക്കറ്റും ഒരേ സ്ഥലത്തു തന്നെ സ്ഥിതി ചെയ്യുന്നു.

സാദ്ധ്യതകൾ

1. മാമലയിൽ പുതു മാർക്കറ്റു തുറക്കുക.
2. ഓരോ വാർഡുകളിലും സായാഹ്ന ചന്തകൾ തുടങ്ങുക
3. സ്ലോട്ടർ ഹൗസ് പ്രത്യേകമായി ആരംഭിക്കുക.
4. തിരുവാണിയൂരിൽ മാവേലിസ്റ്റോർ ആരംഭിക്കുക.
5. ഒരു സൂപ്പർമാർക്കറ്റ് തിരുവാണിയൂരിൽ തുറക്കുക.



ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

അതിപുരാതീത കാലം മുതൽ മനുഷ്യന്റെ പ്രധാനപ്പെട്ട ജീവിതാവശ്യങ്ങളിൽ ഒന്നാണ് ഭവനം അഥവാ ഷെൽട്ടർ. ഗുഹാ മനുഷ്യന്റെ കാലം മുതലുള്ള ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഒരു ഭവനത്തിനുവേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണവും താൽപര്യവും ആധുനികയുഗത്തിലും മാറ്റമില്ലാതെ തുടരുന്നു. പരിഷ്ക്കൃത ലോകത്തിൽ മനുഷ്യന്റെ ഈ ജീവിതാഭിലാഷം സാധിയ്ക്കുന്നതിനു സഹായിക്കുന്നതിനുള്ള ബാദ്ധ്യത ഭരണകൂടത്തിനും ഉണ്ട്. എന്നാൽ അതീവ സങ്കീർണ്ണമായ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ഭരണാധികാരികൾ പലപദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ടെങ്കിലും ജനസംഖ്യയുടെ പെരുപ്പം മൂലം ലക്ഷ്യത്തിലെത്തുന്നതിന് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

ഇന്ത്യയ്ക്കാകെ മാതൃകയായി തീർന്ന ലക്ഷംവീടു പദ്ധതി കേരളത്തിൽ 1972 മേയ് മാസം 14-ാം തീയതി ഇന്ത്യയുടെ പ്രധാനമന്ത്രി ഉൽഘാടനം ചെയ്തു. ഇത് ഈ വഴിയ്ക്കുള്ള അന്വേഷണത്തിനു ഒട്ടേറെ സഹായിച്ചു. രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതിയും മറ്റും ഈ വഴിയ്ക്കുള്ള ചിന്തയുടെ അനന്തരഫലമാണ്. എന്തുകൊണ്ട് ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ഒരു ഭരണകൂടത്തിനു പോലും സാധിയ്ക്കുന്നില്ല എന്നു ആഴത്തിൽ പരിശോധിയ്ക്കേണ്ടതുണ്ട്. അപ്പോൾ നിലനിന്നു വരുന്ന വ്യവസ്ഥാപിത മാർഗ്ഗങ്ങളുടെ അനന്തരഫലവും അനുസ്യൂതമായ ജനസംഖ്യാവർദ്ധനവും എല്ലാവർക്കും വീട് എന്നുള്ള ലക്ഷ്യത്തിൽ എത്തുന്ന മാർഗ്ഗതടസ്സങ്ങളായി വരുന്നതു കാണാൻ കഴിയും.

കൂടാതെ കൂട്ടുകുടുംബം ഇല്ലാതായതോടെ വേറിട്ടു താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു. അതേസമയം ഭൂമിയുടെ വിസ്തൃതി വർദ്ധിക്കുന്നില്ല. ന്യൂനപക്ഷത്തിന്റെ പക്കൽ ഭൂമി കേന്ദ്രീകരിക്കുമ്പോൾ ഭൂരിപക്ഷത്തിന്റെ പക്കലുള്ള പരിമിതമായ ഭൂമി വിഭജിച്ചു ആവശ്യ

ത്തിനു മതിയാകാതെ വരുന്നു. കേരളത്തിൽ 1970-ൽ കുടിയായ്മ സമ്പ്രദായം അവസാനിപ്പിച്ചു. അതിന്റെ ഫലമായി കുടുകിടപ്പുകാർക്കു ലഭിച്ച ഒരു തുണ്ടു ഭൂമിയ്ക്കു ഉൾക്കൊള്ളാവുന്നതിലേറെപ്പേർ അതിന്റെ അവകാശികളാവുകയും അവർക്കെല്ലാം താമസിയ്ക്കാൻ വീടു ആവശ്യമായി വരികയും ചെയ്തു.

കേരളത്തിന്റെ ഭൂവിസ്തൃതിയിൽ ഗണ്യമായ ഭാഗം നെൽപ്പാടങ്ങളാണ്. വാസയോഗ്യമായ ഭൂമിയുടെ അധികപങ്കും റബ്ബർ തോട്ടങ്ങളും മറ്റു നാണ്യവിളകളുമാണ്. ഈ തരത്തിൽ ഭൂമിയുടെ കൈവശാവകാശത്തിലെ അസന്തുലിതാവസ്ഥയും പാർപ്പിടത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യവും ഭൂമിനിയോഗത്തിലെ പോരായ്മകളും പാർപ്പിട പ്രശ്നം വളരെ സങ്കീർണ്ണമാക്കുന്നു. 1991-ലെ കനേഷുമാരി (സെൻസസ്) കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ 2,90,98,518 ആണ്. കേരളത്തിന്റെ മൊത്തം വിസ്തീർണ്ണം 38,863 ച.കിലോമീറ്ററും. 1991-ലെ കണക്കനുസരിച്ചുതന്നെ 55,13,200 കുടുംബങ്ങൾക്ക് താമസിയ്ക്കുന്നതിനു 54,59,474 വീടുകൾ മാത്രമാണുണ്ടായിരുന്നത്. ആവശ്യക്കാരായിട്ടുള്ള 53.726 പേർക്കു വീടില്ലായിരുന്നു. 1996-ൽ ഇതു പതിന്മടങ്ങായി വർദ്ധിച്ചിട്ടുണ്ട്. 1991-ൽ കേരളത്തിലെ ജനസാന്ദ്രത ച.കിലോമീറ്ററിനു 749 ആണെന്നു കണക്കാക്കിയിരിയ്ക്കുന്നു. അതായത് കായലും, പുഴയും വനപ്രദേശവും റോഡും തോടും കുളങ്ങളും നിലവും മലയും എല്ലാം ചേർന്നുള്ള മൊത്ത വിസ്തീർണ്ണത്തിൽ നിന്നു ആളോഹരി ശരാശരി ഭൂമി 33 സെൻറ് മാത്രം. ഇതു 1991-ലേ കനേഷുമാരി അനുസരിച്ചാണെങ്കിൽ 1996-ലെ ഈ രംഗത്തു നിലനില്ക്കുന്ന ഗൗരവമേറിയ പ്രശ്നം വളരെ സങ്കീർണ്ണമാണെന്നു കാണാൻ കഴിയും

മേൽവിവരിച്ച വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പാർപ്പിട പ്രശ്നത്തിനു എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നു ആഴത്തിൽ പരിശോധിയ്ക്കേണ്ടിയിരിക്കുന്നു. തിരുവാണീയൂർ പഞ്ചായത്തും മേൽ പറഞ്ഞ രീതിയിൽ ഒരു കാർഷിക പ്രധാനമായ പ്രദേശമാണ്. ഇവിടെ തീരെ സാധാരണക്കാരായ കൃഷിക്കാരും, കർഷകതൊഴിലാളികളും ചെറുകിട കച്ചവടക്കാരും, പരിമിതമായ തോതിൽ സർക്കാർ ജോലിയുള്ളവരും അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവാക്കളും ഉണ്ട്. തിരുവാണീയൂർ പഞ്ചായത്തിനു 21.91 ച.കീ.മീ. വിസ്തൃതിയുണ്ട്. 1991-ലെ കനേഷുമാരി കണക്കനുസരിച്ച് ജനസംഖ്യ 21,622 ആണ്. ജനസാന്ദ്രത ച.കിലോമിറ്ററിന് 987 ആണ്. പത്തുവാർഡു (നിയോജകമണ്ഡലം) കളിലായി 24 ഹരിജൻ കോളനികളുണ്ട്. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ കോളനികളിൽ താമസിയ്ക്കാൻ വീടില്ലാത്തവരും വീടുവയ്ക്കാൻ സ്ഥലമില്ലാത്തവരും ധാരാളമുണ്ട്.

സർക്കാർവക ഭൂമികളിൽ താമസിയ്ക്കുന്നവരും റോഡുകളുടെയും കനാലുകളുടെയും പുറമ്പോക്കുകളിൽ താമസിക്കുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്. അങ്ങനെയുള്ള കുടംബങ്ങളുടെ എണ്ണം 28 ആണ്. പട്ടയം ലഭിയ്ക്കാത്തതു മൂലം സർക്കാർ പ്രഖ്യാപിച്ചു നടപ്പിലാക്കുന്ന പലഭവന നിർമ്മാണ പദ്ധതികളും ഉപയോഗപ്പെടുത്താൻ കഴിയാത്തവരുണ്ട്.

ഭവനനിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ

ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ളത്

കുടുംബത്തിലുള്ള അവകാശം നിയമവിധേയമായി ലഭിയ്ക്കാത്തതു മൂലം പ്രായപൂർത്തിയായി വിവാഹിതരായി പ്രത്യേക താമസസൗകര്യം തരപ്പെടുത്തുന്നതിനു അസൗകര്യം നേരിടുന്നു. ഭൂമിയിൽ കൈവശാവകാശം ലഭിയ്ക്കാത്തതിനാൽ (പട്ടയം) വീടുവയ്ക്കുന്നതിനു നിയമപരമായി തടസ്സം നേരിടുന്നു. പതിച്ചുകൊടുക്കാവുന്ന സർക്കാർ വക പുറമ്പോക്കുകൾ കൈവശക്കാർക്കു പതിച്ചുകൊടുക്കാതിരിയ്ക്കുന്നതും ഈ രംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

തീരെചെറിയ വിസ്തൃതിയുള്ള പാവപ്പെട്ട ഭൂവുടമകൾ

ആളോഹരിവീതം കൊടുത്താൽ ഒരു വീടു വയ്ക്കാൻ മതിയായ സ്ഥലം ഇല്ലാത്ത അവസ്ഥ തുടങ്ങിയ കാര്യങ്ങൾ ഭവനനിർമ്മാണ രംഗത്തെ അടിസ്ഥാന പ്രശ്നമാണെങ്കിൽ ഇതുപോലെ നിർമ്മാണരംഗത്തും ഒട്ടേറേ പ്രശ്നങ്ങൾ ഉണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിലക്കയറ്റം, വിദഗ്ദ്ധതൊഴിലാളികളുടെ കുറവ്, കൂലിക്കൂടുതൽ ഇവയെല്ലാം മറ്റ് അസൗകര്യങ്ങളാണ്.

കെട്ടിടം പണിയുന്നതിന് ഉപേയാഗിക്കുന്ന കല്ല്, മണൽ, ഇഷ്ടിക, സിമൻറ്, കുമ്മായം, തടി, കമ്പി, മെറ്റൽ എന്നിവയ്ക്കു ഈ അടുത്ത ഏതാനും വർഷത്തിനുള്ളിൽ ഇരട്ടിവിലയായി. നിർമ്മാണ തൊഴിലാളികളുടെ കൂലിയും ഗണ്യമായി വർദ്ധിച്ചു. ഇതിനുള്ള കാരണം വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ അല്ലാതെയുള്ളവരുടെ ഈ രംഗത്തേക്കുള്ള കടന്നുകയറ്റം നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിപ്പിക്കുന്നതിനും കൂലികൂട്ടുന്നതിനും ഇടയായി. നികുതിവെട്ടിപ്പു നടത്തുന്നവരും കള്ളപ്പണക്കാരും ഗൾഫ് മേഖലകളിൽ പണിയെടുക്കുന്നവരും ഈ രംഗം പൂർണ്ണമായും കയ്യടക്കിയിരിയ്ക്കുന്നു. ഇതുമൂലം സാധാരണവരുമാനക്കാർക്കു നാട്ടിൻപുറത്തു ഒരു ചെറിയവീടു വയ്ക്കുന്നതിനു പോലും വളരെ ക്ലേശവും സാമ്പത്തികവിനിയോഗവും വേണ്ടിവരുന്നു. മലയാളികൾ ലളിതമായ ജീവിതരീതികൾ ഏതാണ്ട് ഉപേക്ഷിച്ച മട്ടാണ്. വിശേഷിച്ചും ഭവനനിർമ്മാണരംഗത്തു കണ്ടുവരുന്ന പ്രവണത അത്തരത്തിലാണ്. നാട്ടിൻപുറത്തു ലഭിയ്ക്കാവുന്ന വെട്ടുകല്ല് എത്ര സുലഭമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിനു കരിങ്കല്ലും, സിമൻറിഷ്ടികയും, ഇഷ്ടികയും ഉപയോഗിക്കുന്നു. കട്ടിള ജന്നലുകൾ തടികൊണ്ടുള്ളതു ഉപേക്ഷിച്ചു തുടങ്ങി. കാരണം വെട്ടുകല്ലിൻെറ വിലയും പണിക്കൂലിയും കണക്കാക്കുമ്പോൾ താരതമ്യേന കരിങ്കല്ലിനും സിമൻറിഷ്ടികയ്ക്കും വിലകുറവാണ്. ഈ പ്രവണത അവയുടെ വിലവീണ്ടും വർദ്ധിക്കുന്നതിനും സാധന ദൗർലഭ്യത്തിനും വഴിവയ്ക്കുന്നു. റബ്ബർ കൃഷി വ്യാപകമായതോടെ ആഞ്ഞിലി, പ്ലാവ്, മരുത് തുടങ്ങി കെട്ടിട നിർമ്മാണത്തിനു ഉപയോഗിച്ചിരുന്ന തടി ഒരു അപൂർവ്വ വസ്തുവായി. ഉള്ളതിനു അമിതമായ വിലയും. പണിയിയ്ക്കുന്നതിനു ദുർവഹമായ ചിലവും കണക്കാക്കുമ്പോൾ സിമൻറും കമ്പിയും മണലും ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനത്തെ ആശ്രയിക്കുന്നു. ഇതും അത്തരം വസ്തുക്കളുടെ വില വർദ്ധിയ്ക്കാൻ ഇടയാക്കി.

വിദഗ്ദ്ധ തൊഴിലാളികളെ ലഭിയ്ക്കുന്നതിനുള്ള വൈഷമ്യം വലിയ നിർമ്മാണ പ്രവർത്തനങ്ങളിൽ (സ്വകാര്യമേഖലയിലും പൊതുമേഖലയിലും) ദീർഘകാലാടിസ്ഥാനത്തിൽ വലിയ കൂലി കൊടുത്തു തൊഴിലാളികളെ ക്കൊണ്ടു പണിയെടുപ്പിക്കുന്നു. ഇതുമൂലം നാട്ടിൻപുറങ്ങളിൽ വിദഗ്ദ്ധ തൊഴിലാളിയെ ലഭിയ്ക്കാൻ വൈഷമ്യം അനുഭവപ്പെടുന്നു. ഉള്ളവർക്കു അമിതമായി കൂലികൊടുക്കേണ്ടിവരുന്നു. ഇത്തരത്തിൽ ഓട്ടേറെ പ്രശ്നങ്ങൾ ഭവനനിർമ്മാണ രംഗത്തു നിലവിലുണ്ടെങ്കിലും അവയ്ക്കു പരിഹാരമാർഗ്ഗങ്ങളും അതിനുള്ള സാദ്ധ്യതകളും ഉണ്ട്.

പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

കെട്ടിടനിർമ്മാണം ചെലവുകുറഞ്ഞ രീതിയാലാക്കുക. നാട്ടിൻപുറത്തു ലഭിയ്ക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തുക. ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തെക്കുറിച്ചു ആധുനികശില്പവിദഗ്ദ്ധരുടെ പ്രായോഗികമാർഗ്ഗം അവലംബിക്കുക. നിർമ്മിതികേന്ദ്രം ഈ വഴിയ്ക്കു ഒട്ടേറെ സംഭാവനകൾ നൽകുന്നുണ്ട്. അത് ഉപയോഗപ്പെടുത്തുക. ശില്പഭംഗിയുള്ളതും ചെലവുകുറഞ്ഞതുമായ ധാരാളം മാതൃകകൾ അവലംബിയ്ക്കാവുന്നയായിട്ടുണ്ട്.

ഭവനനിർമ്മാണ രംഗത്തു ഭവനനിർമ്മാണ ബോർഡ്, ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങൾ

പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയുടെ സേവനം പഞ്ചായത്തു തലത്തിലേക്കുകൂടി വ്യാപിക്കുക.

ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ചു പ്രവൃത്തിപ്പിയ്ക്കുക. സ്വന്തം പേരിൽ പട്ടയം ലഭിച്ചിട്ടില്ലാത്തവർക്കും കുടുംബവീതം ലഭിച്ചിട്ടില്ലാത്തവർക്കും വീടുവയ്ക്കുന്നതിനു സൗകര്യം നൽകുക. പതിച്ചുകൊടുക്കാവുന്ന സർക്കാർ ഭൂമിയിലെ കൈവശാക്കാർക്കു പട്ടയം നൽകുക.

മിച്ചഭൂമി വിതരണം ചെയ്യുന്നത്, കൈമാറ്റം ചെയ്യുന്നത് അനുവദിയ്ക്കാതിരിക്കുക.

വായ്പാ സൗകര്യങ്ങൾ ലളിതവും സുഗമവുമാക്കുക.

കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു ധനസഹായം അനുവദിക്കുക.

തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ചെറുപ്പക്കാർക്കു ചെലവു കുറഞ്ഞരീതിയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കെട്ടിടം നിർമ്മിക്കുന്നതിനു വിദഗ്ദ്ധപരിശീലനം നൽകുക.

സന്നദ്ധസംഘടനകളും സാമൂഹ്യപ്രവർത്തകരും പരിശീലകരെ പ്രോത്സാഹിപ്പിക്കുക.

പടുകൂറ്റൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ നിയമാനുസൃതമായ നിയന്ത്രണം ഏർപ്പെടുത്തുക.

കെട്ടിടനിർമ്മാണമേഖല കള്ളപ്പണക്കാരുടെയും കരിഞ്ചന്തക്കാരുടെയും ആശ്വാസകേന്ദ്രമാണ്. നികുതിവെട്ടിപ്പുകാർ പണം മുഴുവൻ കെട്ടിടനിർമ്മാണത്തിനു ഉപയോഗപ്പെടുത്തുന്നു. ഫലം നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കൂലികൂടുതലും. ഇതു വളരെ ഗൗരവമേറിയ പ്രശ്നമായെടുത്തു നടപടി സ്വീകരിച്ചാൽ നികുതി വരുമാനം വർദ്ധിയ്ക്കുന്നതിനും ഈ രംഗത്തു സാധാരണക്കാർക്കു ആശ്വാസം ലഭിയ്ക്കുന്നതിനും ഇടയുണ്ട്.

പരിഹാരം കാണേണ്ട കാര്യങ്ങൾ

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതും കാര്യമായ നികുതി വരുമാനമില്ലാത്തതുമായ ഒരു പഞ്ചായത്താണ് തിരുവാണിയൂർ. ആ നിലയ്ക്കു സർക്കാരിൽ നിന്നും കൂടുതൽ ധനസഹായം ലഭിച്ചാൽ മാത്രമേ ഇനി പറയുന്ന കാര്യങ്ങൾ പരിഹാരം കാണാൻ കഴിയൂ.

ഗ്രാമസഭകൾ ചർച്ച ചെയ്തതനുസരിച്ച് ഹരിജൻ കോളനികൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനത്തിനും കക്കൂസുകൾ നിർമ്മിക്കുന്നതിനും പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിയ്ക്കണം.

സ്വന്തമായി ഭൂമിയില്ലാത്തവർക്കും പുറമ്പോക്കുകളിൽ താമസിയ്ക്കുന്നവർക്കും ഭൂമി നൽകുകയും വീടുവയ്ക്കുന്നതിനു ധനസഹായം നൽകുകയും ചെയ്യണം.

രാജീവ് ഭവനനിർമ്മാണ പദ്ധതി അനുസരിച്ചു വീടില്ലാത്തവർക്കു മുഴുവൻ വീടുകൾ അനുവദിയ്ക്കുകയും അതിനു നിലവിലുള്ള നിയമ വ്യവസ്ഥ ലഭിതവും ഉദാരവുമാക്കുക. പണം ലഭിയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

ഒരു വർഷത്തിനകം ഈ പഞ്ചായത്തിൽ നിലവിലുള്ള വൈയ്ക്കോൽപുരയ്ക്കു പകരമായി ഓടുമേഞ്ഞ വീടുകൾ നിർമ്മിക്കണം. കെട്ടിട നിർമ്മാണചട്ടം 1984 ഭേദഗതി ചെയ്തു നടപ്പിലാക്കുക. പാഴ്തടികൾ സംസ്ക്കരിച്ച് കെട്ടിട നിർമ്മാണത്തിനുപയോഗിക്കുക. നിലം നികത്തി കെട്ടിടം പണിയുന്ന ഭാരിച്ച ചെലവുള്ള നടപടികൾ അവസാനിപ്പിയ്ക്കുക. ഈ തരത്തിൽ നിർമ്മാണ മേഖലയെ സമ്പുഷ്ടമാക്കിയാൽ 9-ാം പഞ്ചവത്സര പദ്ധതിയിൽ തന്നെ ഭവനനിർമ്മാണ മേഖലയിൽ വലിയമാറ്റം പ്രതീക്ഷിയ്ക്കാം.

ഇതിലേയ്ക്ക് പദ്ധതിവിഹിതം സർക്കാരിൽ നിന്നു ലഭിയ്ക്കാതെ മറ്റു മാർഗ്ഗങ്ങളില്ല.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമപരിപാടികൾക്ക് അഖിലേന്ത്യാതലത്തിൽ 1.02 ശതമാനം തുക ചെലവാക്കിയപ്പോൾ കേരളത്തിൽ 2.8 ശതമാനം ചെലവാക്കി എന്നാണു കണക്കുകൾ സൂചിപ്പിയ്ക്കുന്നത്. സാക്ഷരകേരളത്തിന്റെ സാമൂഹ്യ ക്ഷേമ പരിപാടികൾക്ക് പദ്ധതി വിഹിതമായി ഗണ്യമായ തുക ലഭിച്ചാൽ മാത്രമേ നിലവിലുള്ള സ്കീമുകൾ വിജയത്തിലെത്തിക്കാൻ കഴിയൂ. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത ഒട്ടേറെ സാമൂഹ്യക്ഷേമ പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. ദുർബല ജനവിഭാഗങ്ങളെ സഹായിക്കുന്നതിനായി 30 സാമൂഹ്യക്ഷേമ പദ്ധതികൾ നിലവിലുണ്ട്. JRY; IRDP; TRYSEM; NREP, RLEGP സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനു മാത്രമായി (DWCRA) പദ്ധതി, ചെറുകിട കർഷക്കർക്കു വേണ്ടി SSMF, വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതി. ബാലവാടികൾ, ഹോസ്റ്റലുകൾ, നഴ്സറിസ്കൂളുകൾ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ; കുഷ്ടരോഗത്തിനും ക്യാൻസർ രോഗത്തിനും ചികിത്സാപദ്ധതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, വിധവകളുടെ മക്കൾക്കു വിവാഹത്തിനു ധനസഹായം, തൊഴിലില്ലായ്മ വേതനം, സ്വാതന്ത്ര്യസമരപെൻഷൻ തുടങ്ങിയ പദ്ധതികൾ പ്രവൃത്തിയ്ക്കുന്നതിനു വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ട്. കേരളത്തിൽ 60 വയസ്സിനു മേൽ പ്രായമുള്ളവരുടെ 20.4 ശതമാനം പേർക്കു പെൻഷൻ പദ്ധതികളുടെ പ്രയോജനം ലഭിയ്ക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിയ്ക്കുന്നത്.

ശക്തമായ ഒരു പൊതു വിതരണ സമ്പ്രദായം നിലവിലുള്ള ഏകസംസ്ഥാനം കേരളമാണ്.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കു ആശ്വാസം പകരാൻ ഈ സമ്പ്രദായം പരിമിതമായെങ്കിലും സഹായകരമാണ്.

സാമൂഹ്യക്ഷേമരംഗത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ

മേൽപറഞ്ഞ ഒട്ടനവധി സാമൂഹ്യക്ഷേമ പദ്ധതികൾ ഉണ്ടെങ്കിലും അതിന്റെ ഗുണഭോക്താക്കൾക്കു ആനുകൂല്യങ്ങളെ സംബന്ധിച്ചു വേണ്ടത്ര അറിവു ലഭിച്ചിട്ടില്ലാത്തതിനാൽ അർഹതയുള്ള മുഴുവൻ ആളുകൾക്കും അതു ലഭിയ്ക്കുന്നില്ല.

ദുർബല ജനവിഭാഗങ്ങൾക്കു ലഭിയ്ക്കേണ്ട മേൽപറഞ്ഞ ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭിയ്ക്കുന്നില്ല. ഈ രംഗത്തു ചൂഷണം നിലനിൽക്കുന്നു.

പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

സാമൂഹ്യസംഘടനകളും സന്നദ്ധ സംഘടനകളും പഞ്ചായത്തും ജനങ്ങളെ ബോധവൽക്കരിച്ചു യഥാർത്ഥത്തിൽ അർഹതയുള്ളവർക്കു യഥാവസരം ആനുകൂല്യം ലഭിയ്ക്കുന്നതിനു ശ്രമിയ്ക്കണം. അംഗൻവാടികളും ബാലവാടികളും കുഞ്ഞുങ്ങളുടെ വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്നവിധത്തിൽ പുനഃസംഘടിപ്പിച്ചു പ്രവർത്തിയ്ക്കണം.

ഗർഭിണികളെയും അമ്മമാരെയും പരിശോധിച്ചു ആരോഗ്യ പരിപാലനരംഗം മെച്ചപ്പെടുത്തണം. ഇതിനു വാർഡുകൾതോറും മാതൃശിശുസംരക്ഷണ കേന്ദ്രം കാര്യക്ഷമമായി പ്രവർത്തിക്കണം. കലാകായിക രംഗങ്ങളിൽ യുവാക്കളെ പരിശീലിപ്പിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും യുവജനസ്പോർട്ട്സ് ക്ലബ്ബുകൾ ആരംഭിക്കണം.

എല്ലാവാർഡിലും (നിയോജകമണ്ഡലത്തിലും) യുവജന സ്പോർട്ട്സ് ക്ലബ്ബുകളോടനുബന്ധിച്ചു വായനശാലകൾ തുറന്നു പ്രവൃത്തിക്കണം.

പൊതുവിതരണശൃംഖല ശക്തിപ്പെടുത്തണം. നിത്യോപയോഗ സാധനങ്ങൾ ന്യായമായ

വിലയ്ക്കു വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ടെലിഫോൺ ബൂത്തുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം.

കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവരെ പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിയ്ക്കണം. ഇതിലേക്കു അവർക്കു സാമ്പത്തിക സഹായം അനുവദിക്കണം.

പെൻഷൻ പറ്റിയ ചരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തണം. ഇതിനായി പഞ്ചായത്തിന്റെ ചുമതലയിൽ പരിശീലനക്കളരികളിൽ പ്രവർത്തിക്കണം.

ഒമ്പതാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കു മുന്തിയ പരിഗണന നൽകുകയും സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യണം.

ഭവനനിർമ്മാണ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും

പ്രശ്നങ്ങൾ

ഭൂമിയുടെ ഉടമാവകാശത്തെ സംബന്ധിച്ചു ധാരാളം പ്രശ്നങ്ങൾ നിലനില്ക്കുന്നു. കുടുംബസ്വത്തിൽ ഉള്ള അവകാശം സ്ഥാപിച്ചു പേരിൽ കൂട്ടി കരം തീർത്ത് വസ്തുവിനു മാത്രം വായ്പ അനുവദിയ്ക്കുന്ന നിലവിലുള്ള വ്യവസ്ഥ ലഘൂകരിക്കണം. പട്ടയ ഭൂമിയിൽ താമസിയ്ക്കുന്നവർക്കു പട്ടയം ലഭിക്കാത്തതു മൂലമുവ്വള തടസ്സങ്ങൾ. സർക്കാർ വക ഭൂമിയിൽ (പുറമ്പോക്ക്) താല്ക്കാലിക ഷെഡുകൾ കെട്ടി താമസിയ്ക്കുന്നവർക്കു നേരിടേണ്ടിവരുന്ന വൈഷമ്യങ്ങൾ.

സാദ്ധ്യതകൾ

സ്വന്തം പേരിൽ ഭൂമിയില്ലാത്തവരും കുടുംബസ്വത്തിൽ അവകാശം ഉള്ളവരുമായിട്ടുള്ള വ്യക്തികൾക്കു വീടുവയ്ക്കുന്നതിനു നിലവിലുള്ള വ്യവസ്ഥ ലഘൂകരിച്ചു വായ്പയെടുക്കുന്നതിനും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനും വ്യവസ്ഥയുണ്ടാക്കണം.

പട്ടയം ലഭിച്ചിട്ടില്ലാത്ത അർഹരായവർക്കു അടിയന്തിരമായി പട്ടയം നൽകണം. സർക്കാർ വക ഭൂമികൾ പതിച്ചു കൊടുക്കാവുന്ന കൈവശക്കാർക്കു പതിച്ചുകൊടുക്കണം.

ഭവനനിർമ്മാണ രംഗത്തു പ്രവർത്തിയ്ക്കുന്ന ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ വ്യാപിപ്പിക്കുക.

ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കുക.

കോളനി

1. മനയ്ക്കനിരച്ച് കോളനി
2. പോതനക്കുഴി കോളനി
3. തിരുമല കോളനി
4. തോട്ടുങ്ങുമല കോളനി
5. മേപ്പാടം കോളനി
6. പുളിനിരപ്പേൻ കോളനി
7. പുളിനിരപ്പേൽ കോളനി
8. കാവുംപുറത്ത് കോളനി
9. നാടിച്ചാമുകൾ കോളനി
10. മുരിയമംഗലും ലക്ഷംവീടു കോളനി
11. കക്കാട് സെറ്റിൽമെൻറ് കോളനി
12. കോക്കപ്പിള്ളി കോളനി
13. മോനപ്പിള്ളി ഹരിജൻ കോളനി
14. ചെറുകുന്ന് കോളനി
15. മാനത്താടം ലക്ഷംവീട് കോളനി
16. വീപ്പക്കാത്ത് കോളനി
17. പുളിനിരപ്പ് കോളനി
18. നെടിയകണ്ടം കോളനി
19. കണ്ണ്യാട്ട് നിരപ്പ് കോളനി
20. തൊഴുത്തുംപാട്ട് കോളനി
21. കാവുംതോട് കോളനി
22. പാലത്തടം കോളനി
23. മുരിയമംഗലും സെറ്റിൽമെൻറ് കോളനി
29. എടിശേരിക്കുടി കോളനി

ആകെ കോളനികൾ : 24

11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

ബ്ലോക്കിൽനിന്ന് മാത്രം

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P. സർവ്വേപ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
I, II III, IV VIII തിരുവാ L.VEO	285	96	93	3	189
മറ്റക്കുഴി L.VEO V, VI, VII, IX X	214	69	64	5	145
ആകെ	499	165	157	8	334

കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം		മേൽപ്പുരയുടെ സ്വഭാവം			
		ഒന്നിൽക്കൂടുതൽ കെട്ടിടങ്ങളുടെ എണ്ണം		ഒരു നിലയുള്ള കെട്ടിടങ്ങൾ		
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	665	15	212	375	51	12
II	570	17	165	348	30	10
III	766	15	281	419	33	18
IV	614	15	205	360	27	7
V	816	20	390	352	35	19
VI	733	8	256	414	38	17
VII	633	17	208	370	29	9
VIII	544	27	225	249	36	7
IX	598	10	170	378	30	10
X	877	28	233	569	36	11
ആകെ	**6816**	**172**	**2345**	**3834**	**345**	**120**

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം	1991-92	1992-93	1993-94	1994-95	1995-96
	6051	6182	6283	6615	6816

മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തു വക	ചന്തകൾ (എണ്ണം)		വണ്ടിത്താവളങ്ങൾ		അറവുശാലകൾ	
	സ്വകാര്യം	ആകെ വരവ്	എണ്ണം	വരുമാനം	എണ്ണം	വരുമാനം
പബ്ലിക് മാർക്കറ്റ്	---	6400.00	---	---	---	---

സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (എണ്ണം)

പഞ്ചായത്തു വക	സ്വകാര്യം	ആകെ വരവ്	എണ്ണം	വരുമാനം	എണ്ണം
9	3	91	2	87	26

സംസ്കാരം



സംസ്കാരം

സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല. മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനാചരങ്ങളും എല്ലാം. ഇതു ഒരു സമൂഹത്തിൻെറ മൊത്തം ജീവിതരീതിയാണ്.മനുഷ്യനും മനുഷ്യനും തമ്മിലും വ്യത്യസ്ത സമൂഹങ്ങൾ തമ്മിലും ബന്ധിതമാകുന്നത് സംസ്ക്കാരിക പ്രവർത്തനങ്ങൾകൊണ്ടാണ്.

സംസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാൽക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. ശാസ്ത്രസാങ്കേതികരംഗത്തെ വിസ്ഫോടനങ്ങളും, സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ഉന്നതാശയങ്ങളും 20ാം നൂറ്റാണ്ടിലെ ലോകത്തിൻെറ മുഖച്ഛായ ആകെ മാറ്റി തീർത്തിരിക്കുന്നു.

ഇലക്ട്രോണിക് മാധ്യമങ്ങളടക്കമുള്ള ആശയ സംവേദനോപാധികളുടെ വ്യാപ്തിയും വൈപുണ്യവും സാംസ്ക്കാരിക സംക്രമണത്തിന് പുത്തൻസാധ്യതകൾ തുറക്കുന്നുവെങ്കിലും അവ സമൂഹത്തിലെ മേൽതട്ടുകാർക്കും യാഥാസ്ഥിതികർക്കും ഉപയുക്തങ്ങളായ കരുക്കളായി മാറുന്നത് കാണേണ്ടിയിരിക്കുന്നു.

ന്യൂനപക്ഷത്തിൻെറ സാംസ്ക്കാരിക മേൽക്കോയ്മയും സമൂഹത്തിലെ സാംസ്ക്കാരിക മലിനീകരണതേത്തയും ചെറുത്തുകൊണ്ട് നാടിന് വേണ്ട പുത്തൻ മൂല്യബോധവും നവീന ലക്ഷ്യബോധവും കരുപ്പിടിപ്പിക്കേണ്ടതുണ്ട്.

അറിവ് ഇന്നൊരു ഉപകരണമായി മാറിയിരിക്കുന്നു. പലരേയും കീഴടക്കാനുള്ള ഉപകരണം ഇത് ഒരുതരം സാംസ്കാരിക കോളണിവൽക്കരണത്തിലേക്ക് നമ്മെ നയിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളിൽ പ്രത്യേകിച്ച് യുവാക്കളിൽ നിരാശാബോധവും,അരാഷ്ട്രീയവാദവും, ലക്ഷ്യബോധമില്ലായ്മയും കുത്തിവയക്കുന്നതിൽ ഈ കാലഘട്ടം വിജയിച്ചുവരുന്നതായി കാണുന്നു. കഴുത്തറ്റം വെള്ളത്തിൽ മുങ്ങിയാലും ''ഈ സീരിയലും കൂടി ഒന്നു കണ്ടോട്ടെ''എന്നഭാവത്തിലേക്ക് ജനത വഴുതിപ്പോകുന്നു. തന്നിലേക്ക് തന്നെ ചുരുങ്ങാനും സാമൂഹ്യ പ്രശ്നങ്ങളോട് പുറം തിരിഞ്ഞു നിൽക്കാനുമുള്ള പ്രവണത കൂടി കൂടി വരുന്നു. ആഗോളവൽക്കരണത്തിൻെറ ഈ കാലഘട്ടത്തിൽ സംസ് ക്കാരം പോലും വിൽപ്പനച്ചരക്കായി മാറുന്നു. നമ്മുടെ നോവൽ, കഥ, കവിത, സിനിമ, നാടകം എന്നിവയൊക്കെ ജീവിതഗന്ധിയായ

പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അവകാശസമരങ്ങളെ നയിക്കുന്നതിലും പ്രചോദനങ്ങളായിരുന്നു. നമ്മുടെ ഉയർന്ന സാക്ഷരതയെ പരിഹസിക്കുമാറ് വായനയിൽനിന്നും തെന്നിമാറിക്കൊണ്ടിരിക്കുന്ന യുവത്വമാണ് കാണുന്നത്.

നല്ലൊരു നാളെയെ സ്വപ്നം കാണുന്ന നമ്മുടെ ആളുകളിലേക്ക് പ്രതീക്ഷയുടെയും പ്രത്യാശയുടെയും പുത്തൻ നാമ്പുകളെത്തിച്ചുകൊണ്ട് അവരെ കർമ്മോന്മുഖരാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങളാണ് ഇന്നിന്റെ ആവശ്യം.

ഈ പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരിക ധാരകൾ അപഗ്രഥിക്കുകയും ഈടുറ്റനിർദ്ദേശങ്ങളോടെ അവയെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ജാതിമതഘടന

ക്രിസ്ത്യൻ, ഹിന്ദു, മുസ്സ്ലീം വിഭാഗങ്ങളിൽ പ്പെടുന്നവരാണ് നമ്മുടെ ആളുകൾ. ഇതിൽ മുസ്ലീംങ്ങൾ ചെറു ന്യൂനപക്ഷമേ വരൂ. പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്നത് സ്വന്തം ആചാരാനുഷ്ഠാനുങ്ങൾ വച്ചു പുലർത്തുന്നതോടൊപ്പം തന്നെ മതസൗഹാർദ്ദത്തിനും സാംസ്കാരിക സമന്വയത്തിനും വേണ്ടിയുള്ള കൂട്ടായപ്രവർത്തനങ്ങളിൽ ജനങ്ങൾ ശ്രദ്ധിച്ചിരുന്നു എന്നാണ്. ഉത്സവങ്ങളും പെരുന്നാളുകളും . എല്ലാ വിഭാഗക്കാരുടേയും ''പഞ്ചായത്ത് ദേശീയോത്സവങ്ങളായി'' മാറുന്ന ആഹ്ലാദകരമായ കാഴ്ചയാണ് ക്ണ്ടു വരുന്നത്.

പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ സംഘടനകൾ:-

നിയമസഭയിൽ പ്രാതിനിധ്യമുള്ള വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൊണ്ട് സമ്പന്ന മാണ് നമ്മുടെ പഞ്ചായത്ത്. തിരുവാണിയൂർ പഞ്ചായത്ത് അറിയപ്പെടുന്നത് ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയുള്ള പ്രദേശമായിട്ടാണ്. കക്ഷിരാഷ്ട്രീയത്തിന്റെ വികലമായഭാവങ്ങൾ പൊതുവെ കുറവായിട്ടാണ് അനുഭവപ്പെടുന്നത്.

രാഷ്ട്രീയ സംഘടനകൾക്ക് പുറമേ, അതത് യുവജനസംഘടനകളും തങ്ങളുടേതായ ശൈലിയിൽ പ്രവർത്തിച്ചുപോരുന്നു. കേരള പുലയർ മഹാസഭ, N.S.S, S.N.D.P തുടങ്ങിയ സാമുദായി കസംഘടനകളുടെയും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ഗ്രന്ഥശാലപ്രസ്ഥാനം, കേരളശാസ്ത്രസാഹിത്യപരിഷത്ത്, കേരളകർഷകസംഘം, യുറീക്കാ ബാലവേദികൾ , ബാലജനസഖ്യം, ബാലഗോകുലം,ബാലസംഘം, Y.M.C.A തുടങ്ങിയ സാമൂഹ്യസാംസ്ക്കാരിക സംഘടന കളും, മഹിളാസമാജങ്ങൾ, മഹിളാ അസ്സോസിയേഷൻ, മഹിളാ സംഘം, വനിതാവേദി തുടങ്ങിയ വനിതാ സംഘടനകളുടേയും പ്രവർത്തനങ്ങൾ ഉണ്ട്.

അധ്യാപകരുടേയും സർക്കാരുദ്യോഗസ്ഥൻമാരുടെയും വിവധരംഗത്തെത്ത തൊഴിലാളികളുടേയും സംഘടനകൾനമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ആരാധനാലയങ്ങൾ

കണ്യാട്ട് നിരപ്പ് സെൻറ് ജോൺസ് പള്ളി, നീരാംമുകൾ സെൻറ് പീറ്റേഴ്സ് പള്ളി, മേപ്പാടം കുരിശുപള്ളി, പഴുക്കാമറ്റം സെൻറ് മേരീസ് പള്ളി, തേവനാൽ മാർബഹനാപള്ളി വെട്ടിക്കൽകർമ്മേൽക്കുന്ന് സെ. തോമസ്സ് പള്ളി, വെണ്ണിക്കുളം സെൻറ് ജോർജ് പള്ളി, സെ.മേരീസ് കത്തോലിക്കാപള്ളി,ശാസ്താം മുകൾ മാർത്തോമാ പള്ളി, ഷാരോൺപ്രെയർ ഫെല്ലോഷിപ്പ്, കുപ്പേത്താഴം, ബ്രദറൺ അസംബ്ലി, തിരുവാണിയൂർ ശിവക്ഷേത്രം, മഹാവിഷ്ണു ക്ഷേത്രം,' സുബ്രഹ്മണ്യക്ഷേത്രം, കക്കാട് സെ.ജോർജ്ജ് പളവി, ചെമ്മനാട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കുഴിയറ മഹാദേവ ക്ഷേത്രം, മുരിയമംഗലം നരസിംഹസ്വാമിക്ഷേത്രം, പള്ളിപ്പാട്ട്കാവ് , പാലച്ചുവട് അയ്യപ്പക്ഷേത്രം, മറ്റക്കുഴി ശിവക്ഷേത്രം, ശ്രീകുംഭപ്പിള്ളി ഭഗവതി ക്ഷേത്രം, കുഴിയറ ശിവക്ഷേത്രം, മോനപ്പിള്ളി ഭഗവതി ക്ഷേത്രം, വെങ്കിട എടശ്ശേരിക്കാവ് ഭഗവതി ക്ഷേത്രം ഭക്താനന്ദപുരം ആശ്രമം, എന്നിവയാണ്

ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ

പഞ്ചായത്തിലെ വിവിധ പള്ളികളിലേയും ക്ഷേത്രങ്ങളിലേയും പെരുന്നാളുകളുടെ ഉത്സവങ്ങളും കേരളോത്സവും പോലുള്ള ദേശീയോഘോഷങ്ങളും കഴിഞ്ഞാൽ പഞ്ചായത്തിന്റെ തനത് ആഘോഷപരിപാടിയൊന്നും എടുത്തു പറയാനില്ല. ഒന്നിലധികം പെരുന്നാളുകൾ വിപുലമായ ആഘോഷങ്ങളോടെ നടത്തി വരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ചും ആണ്ടുതോറും വിപുലമായ ഉത്സവപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഈ പെരുന്നാളുകളുടേയും ഉത്സവങ്ങളുടേയും ദിനങ്ങൾ അതത് പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ആഘോഷമായി മാറുന്നത് മഹനീയമായ മാതൃകകളാണ്. തിരുവാണിയൂരും, മാമലയിലും S.N.D.P യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശ്രീനാരായണ ഗുരു ജയന്തിയാഘോഷ പരിപാടികൾ **സാമുദായിക സാഹോദര്യത്തിന്റെ പ്രതീകങ്ങളാണ്**

കൂടാതെ നമ്മുടെ പഞ്ചായത്തിലെ വായനശാലകളുടേയും സംസ്കാരിക കലാകായിക സംഘങ്ങളുടേയും മഹിളാസമാജങ്ങളുടേയും വാർഷികാഘോഷ പരിപാടികൾ, ഓണാഘോഷ പരിപാടികൾ ഇവയൊക്കെ നമ്മുടെ ജനതയുടെ സർഗ്ഗശേഷിയുടേയും, ഐകമത്യത്തിന്റെ യും ഉദാഹരണങ്ങളാണ്.

ആചാരങ്ങളും അനുഷ്ഠാനുങ്ങളും

വിവിധ മതാചാരങ്ങൾ വച്ചു പുലർത്തുന്നവരാണ് നമ്മുടെ ജനത. പൂർവ്വികർ പരിശീലിപ്പിച്ച ജീവിതരീതികൾ ഉൾക്കൊണ്ടു കുട്ടികൾക്ക് ചോറൂ കൊടുക്കൽ പേരുവിളി എന്നിവ എല്ലാം പഴയ ആചാരാനുഷ്ഠാനങ്ങൾക്കനുസൃതമായി നടന്നു വരുന്നു. ഒരു ജനതയുടെ സംസ്കാരത്തിന്റെ നീർച്ചാലുകളെങ്കിലും ആധുനിക യുഗത്തിന്റെ മാറുന്ന സാഹചര്യങ്ങൾ അവയിലും രൂപാന്തരം വരുത്തുന്നുണ്ട്.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

വാർഡ് - 1

കഴിഞ്ഞ കാലങ്ങളിൽ ക്ലബുകൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഒരു മഹിളാസമാജം പ്രവർത്തിക്കുന്നുണ്ട്, Y.M.C.A പ്രവർത്തിക്കുന്നുമുണ്ട്.

വാർഡ് - 2

മരങ്ങാട്ടുള്ളിയിൽ മെർലോണിയൻ ക്ലബ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും സംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഈ സ്ഥാപനം ശ്രദ്ധിക്കുന്നുണ്ട്

പറമ്പാത്ത് പടി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന അവിട്ടം കലാസമിതി ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പഴുക്കാമറ്റത്ത് ഒരു ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

വാർഡ് - 3

തിരുവാണിയൂരിലെ ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാല കലാ സാംസ്ക്കാരിക രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഈ പഞ്ചായത്തിന്റെ കലാ സാംസ്ക്കാരിക രാഷ്ട്രീയ രംഗത്ത് പ്രശംസനീയമായ പ്രവർത്തനം നടത്തിവരുന്ന ഒരു സാംസ്ക്കാരിക സ്ഥാപനമാണ് ശ്രീ. ചങ്ങമ്പുഴ വായനശാല.

പെരുവാമറ്റം കേന്ദ്രീകരിച്ച് നവഭാവന ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. കലാകായിക മത്സരങ്ങൾ, വാർഷികാഘോഷങ്ങളോടെനുബന്ധിച്ച് സാംസ്ക്കാരിക സമ്മേളനങ്ങൾ ഇവ സംഘടിപ്പിക്കുന്നുണ്ട്. ഐശ്വര്യ ചിൽഡ്രൻസ് ക്ലബ് ഫ്രണ്ട്സ് വോളിബോൾ ക്ലബ് O.E.N ഇലക്ട്രോഗിരി ആർട്ട്സ് & സ്പോട്ട്സ് ക്ലബ് നല്ല നിലയിൽ പ്രവർത്തിക്കുന്നു.

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം

അനുബന്ധം - 1

പേര്	സ്ഥാപിതം	അംഗങ്ങൾ	ഗ്രന്ഥങ്ങളുടെ എണ്ണം	ഗ്രേഡ്	പ്രതിദിന വിതരണം	മറ്റ് പ്രവർത്തനങ്ങൾ
1) യുവജന സാംസ്കാരിക വായനശാല	1960	375	2291	C	25	സ്പോട്ട്സ്, സാസ്കാരികപ്രവർത്തനങ്ങൾ
2) യുണിയൻ ലൈബ്രറി കൊടാമ്പൂർ	1961	352	2428	C	40	,, ,,
3) ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാല തിരുവാണിയൂർ	1948	575	3332	C	75	,, ,,
4) ഗ്രാമീണ വായനശാല മറ്റക്കുഴി	1993	115	1600	രജിസ്ട്രേഷൻ ഇല്ല	ഇല്ല	,, ,,

അവലംബം - വായനശാലാ രജിസ്റ്ററുകൾ

വാർഡ് - 4

കണ്യാട്ടുനിരപ്പിൽ പ്രവർത്തിക്കുന്ന വിക്ടറി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കലാ കായിക മത്സരങ്ങളും സാംസ്ക്കാരിക പരിപാടികളും ക്ലബിന്റെ വാർഷികത്തോടനുബന്ധിച്ച് നടന്നുവരുന്നുണ്ട് ക്ലബിനോടനുബന്ധിച്ച് ഒരു വായനശാല പ്രവർത്തനമാരംഭിക്കാനുള്ള സൗകര്യമുണ്ട്. വാർഡിലെ ശാന്തിമഹിളാസമാജത്തോടനുബന്ധിച്ച് അംഗൻവാടി നടക്കുന്നു. പക്ഷെ മറ്റ് സാംസ്ക്കാരിക, ബോധവൽക്കരണ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നടക്കുന്നില്ല.

വാർഡ് - 5

വെണ്ണിക്കുളം യുവജനകലാസാംസ്ക്കാരിക വായനശാലയുടെ പ്രവർത്തനം ഇടക്കാലത്ത് മന്ദീഭവിച്ചു പോയിരുന്നുവെങ്കിലും ഇപ്പോൾ നല്ല രീതിയിൽ നടക്കുന്നുണ്ട്.

വാർഡ് - 6

വെൺമണി റെഡ്സ്റ്റാർ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് സജീവമായി പ്രവർത്തിക്കുന്നു.കലാകായിക മത്സരങ്ങൾ, നാടകമേള, സാംസ്ക്കാരിക സമ്മേളനം ഇവ സംഘടിപ്പിച്ചു വരുന്നു. ക്ലബിനോടനുബന്ധിച്ച് ഒരു വായനശാല തുടങ്ങാനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

വാർഡ് - 7

മറ്റക്കുഴി അനശ്വര ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് സാംസ്ക്കാരികപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്നുണ്ട് ക്ലബിനോടനുബന്ധിച്ച് ഒരു സംഘം പ്രവർത്തിച്ചിരുന്നു. M.P ഫണ്ടിൽ നിന്നുള്ള സഹായത്തോടെ പുതിയതായി കെട്ടിടം പണിതിട്ടുണ്ട്. കൈയെഴുത്തു മാസിക പ്രവർത്തനമുണ്ട്. ഊർജ്ജിതമായ ബാലവിഭാഗം പ്രവർത്തനം നടക്കുന്നുണ്ട്. ഓണാഘോഷവും ദേശീയദിനാഘോഷങ്ങളും സംഘടിപ്പിക്കാറുണ്ട്. സിംപോസിയങ്ങൾ, ക്വിസ് പ്രോഗ്രാമുകൾ, എന്നിവയ്ക്കു ഊന്നൽനൽകുന്നുണ്ട്. മറ്റക്കുഴി ഗ്രാമീണ വായനശാല സ്വന്തം കെട്ടിടമില്ലാത്തതിനാൽ പ്രവർത്തനം രഹിതമാണ്. ജനവിദ്യാകേന്ദ്രം വായനശാലയുടെ കെട്ടിടത്തിലായിരുന്നു. ഇപ്പോൾ പ്രവർത്തനമില്ല.മറ്റക്കുഴിയിൽ Y.M.C.A പ്രവർത്തിക്കുന്നുണ്ട്.

വാർഡ് - 8

കെടാമ്പൂര് യൂണിയൻ ലൈബ്രറി ആ പ്രദേശത്തിന്റെ സാംസ്ക്കാരിക ദീപമാണ്. കുട്ടികളുടെ വിദ്യാഭ്യാസമടക്കമുള്ള ഒട്ടേറെ സാമൂഹ്യരംഗങ്ങളിൽ വായനശാല ഒരു വിജ്ഞാന കേന്ദ്രമായി വർത്തിക്കുന്നു. ആദ്യകാലങ്ങളിൽ നടന്നിരുന്ന സാംസ്ക്കാരിക സമ്മേളനങ്ങൾ, ചർച്ചാക്ലാസ്സുകൾ, കയ്യെഴുത്തുമാസിക, ബാലവേദി ക്ലാസ്സുകൾ, വാർഷികാഘോഷങ്ങൾ, കലാ-കായിക മത്സരങ്ങൾ ഇവയൊക്കെ ഗ്രാമത്തില കൂട്ടായ്മയുടെ മകുടോദാഹരണമയിരുന്നു. ഇപ്പോഴും ഓണാഘോഷ പരിപാടികളും, ക്രിസ്മസ്സ് കരോൾ പരിപാടികളും കുട്ടികൾക്കും ചെറുപ്പക്കാർക്കും ആവേശകരമായ സാംസ്ക്കാരിക സമന്വയ സന്ദർഭങ്ങളാണ്. Y.M.C.A വകയിൽ പ്രവർത്തിക്കുന്നു

തൊണ്ടൻപാറ സംഘം ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. പഞ്ചായത്തിന്റെ മിനി സ്റ്റേഡിയത്തോട് ചേർന്ന് കിടക്കുന്ന ഈ ക്ലബിന് സാധ്യതകൾ ഏറെയുണ്ട്. വാർഡിൽ ഭാവന, സിംഫണി എന്നീ ക്ലബുകളും പ്രവൽത്തനരംഗത്തുണ്ട്.

വാർഡ് - 9

ചെമ്മനാട് ശ്രുതി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെർകിലും ഇടക്കാലത്ത് മന്ദീഭവിച്ചു പോയിരുന്നു. ഇപ്പോൾ പുത്തൻ ഉണർവ്വു കാണുന്നുണ്ട്. പുതിയ കെട്ടിടം നിർമ്മാണ പാതയിലാണ്.

വാർഡ് - 10

വെങ്കിടയിൽ വ്യാസ ക്ലബ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ സ്വന്തമായി സ്ഥലമുണ്ട്. കേട്ടിടമില്ല. മോനിപ്പിള്ളി മൊണാർക്ക് ക്ലബ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന, സ്വന്തമായി സ്ഥലം ഉണ്ട്. കെട്ടിടമില്ല.

ഗ്രന്ഥശാലകൾ - കായിക സ്ഥാപനങ്ങൾ

അനുബന്ധം നോക്കുക

1. 1948 ൽ തിരുവാണീയൂർ സ്ഥാപിച്ച ശ്രീ ചങ്ങമ്പുഴ സ്മാരക വായനശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാല. ആകെ 575 അംഗങ്ങളുള്ള ഈ വായനശാലയിൽ 3332 പുസ്തകങ്ങൾ ഉണ്ട്. ഗ്രേഡ് - C ആണ്. സ്വന്തമായി കെട്ടിടമുണ്ട്. T.V. ഉണ്ട്.

2. 1960 ൽ വെണ്ണിക്കുളത്ത് സ്ഥാപിച്ച യുവജന സാംസ്ക്കാരിക വായനശാലയാണ് രണ്ടാമത്തേത്. 375 അഗംങ്ങളുള്ള ഈ വായനശാലയിൽ 2391 പുസ്തകങ്ങൾ ഉണ്ട്. ഗ്രേഡ് -C ആണ്. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

3. 1961 ൽ സ്ഥാപിച്ച കെടാമ്പൂര് യൂണിയൻ ലൈബ്രറി ആണ് മൂന്നാമത്തെ വായനശാല. 352 അംഗങ്ങളുള്ള ഇവിടെ 2428 പുസ്തകങ്ങൾ ഉണ്ട്. ഗ്രേഡ് - C സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

4. 1993 ൽ സ്ഥാപിച്ച മറ്റക്കുഴി ഗ്രാമീണ വായനശാലയാണ് നാലാമത്തെ ഗ്രന്ഥശാല. ഇവിടെ 115 അംഗങ്ങളും 1600 പുസ്തകങ്ങളുമുണ്ട്. രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല.

വായനശാലകൾ ബഹുജനവിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി വളർത്തിക്കൊണ്ട് വരണമെങ്കിൽ എല്ലാവിഭാഗം ആളുകളുടേയും ശ്രദ്ധയും സഹകരണവും കൂടിയേ കഴിയു. തുടർസാക്ഷരതാ പരിപാടികളുടേയും ബോധവൽക്കരണ പ്രവർത്തനങ്ങളുടേയും കേന്ദ്രങ്ങളാക്കി ഗ്രന്ഥശാലകളേയും ക്ലബ്ബുകളേയും മാറ്റിയെടുക്കേണ്ടതുണ്ട്.

ജനങ്ങളുടെ പൊതുവായ പരിശ്രമത്തിൽ നടക്കുന്ന കായിക സ്ഥാപനങ്ങളൊന്നുമില്ല.

വണ്ടിപ്പേട്ടയിൽ ഒരു സ്വകാര്യവ്യക്തി നടത്തുന്ന കരാട്ടെ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ കായിക

വെണ്ണിക്കുളം H.S. ൽ മുൻ കാലങ്ങളിൽ സമീപത്തെ ചെറുപ്പക്കാർ വോളിബോൾ കളിച്ചിരുന്നു. ഇപ്പോൾ ഇല്ല. സെൻറ് ഫിലോമിനാസ് H.Sൽ Cricket കളി നടക്കുന്നുണ്ട്. തൊണ്ടൻ പാറ സ്റ്റേഡിയം ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. School levelകായിക പരിശീലനം മാത്രമാണ് Panchayat -ൽ നടക്കുന്നത്. പണ്ട് കോലുകളി, കബഡികളി, വട്ട് കളി, ചതുരംഗം, അമ്മാറൈറ്റ്, കുഴിപ്പന്ത് കളി, സാറ്റ് കളി, അച്ചും പൂച്ചും കളി, കൈകൊട്ടിക്കളി., തിരുവാതിര്കകളി, കോലുകളി, തൊണ്ടൻപാറ, കണ്ണ്യാട്ടു നിരപ്പ്, തിരുവാണീയൂർ, ശാസ്താമുകൾ, എന്നിവിടങ്ങൾ നാടൻ പന്തികളി മത്സരങ്ങൾ എന്നിവആവേശപൂർവ്വം നടത്തിയിരുന്നു.

പത്രമാസികളുടെ പ്രചാരം, പ്രവണതകൾ

ഗ്രാമപഞ്ചായത്തിലെ ഉയർന്ന സാക്ഷരതാ നിരക്ക് പത്രമാസികകളുടെ പ്രചാരണത്തിനനുകൂലമാണ്. വായനാശീലം പുരുഷൻമാരിലാണ് കൂടുതലുള്ളത്. ഏകദേശം 30% കുടുംബത്തിലേ വർത്തമാനപത്രങ്ങൾക്ക് സ്ഥിരം വരിക്കാരുള്ളൂ. പത്രമാസികകളുടെ വിലവർധനവാണ് ഈ ശതമാനക്കുറവിന് കാരണം. മലയാള മനോരമാ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, ദീപിക, ജനയുഗം, രാഷ്ട്രദീപിക, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു, മുതലായ പത്രങ്ങളാണ് പ്രചാരത്തിലുള്ളത്. മലയാള മനോരമ, മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി, മംഗളം, കേരളശബ്ദം, ശാസ്ത്രഗതി, വനിത, മഹിളാരത്നം, തുടങ്ങിയ വാരികകളും പ്രചാരത്തിലുണ്ട്.

ഉയർന്ന നിലവാരമുള്ള മാസികകളുടെയും പുസ്തകങ്ങളുടേയും വായന കുറവായിട്ടാണ് കണ്ടുവരുന്നത് മംഗളം, മലയാള മനോരമ പോലുള്ള മാസികകളോടാണ് ഭൂരിപക്ഷം പേരും താൽപര്യം കാണിക്കുന്നത്. ചുരുക്കം ചിലവീടുകളിൽ പൂമ്പാറ്റ, ബാലഭൂമി, ദീപിക, ബാലരമ, ബാലമംഗളം, മുത്തശ്ശി, യുറീക്ക, കുട്ടികളുടെ ദീപിക, കളിക്കുടുക്ക എന്നീ ബാലമാസികകളും വായിക്കുനനുണ്ട്.

ഇലക്ട്രോണിക് മാധ്യമം

നമ്മുടെ പഞ്ചായത്തിൽ ഏകദേശം പകുതിയിലധികം കുടുംബങ്ങളിലും റേഡിയോ, അല്ലെങ്കിൽ T.V. ഉണ്ട്. സ്വന്തം വീട്ടിൽ T.V.ഇല്ലെങ്കിലും

ഭൂരിപക്ഷം ആളുകളും T.V.യുടെ പ്രേക്ഷകരാണ്. 1996 ആഗസ്റ്റ് മാസത്തിൽ കൊച്ചങ്ങാടിയിൽ "Jai Vision".എന്ന പേരിൽ സാറ്റാലൈറ്റ് വിഷൻ ശൃംഖല ആരംഭിച്ചിട്ടുണ്ട്. തിരുവാണീയൂർ, കൊടാമ്പൂര്, കുഴിയറ, ചെമ്മനാട്, നടുക്കുരിശ്, പ്രദേശങ്ങൾ "Jai Vision" ന്റെ കാച്ച്മെന്റ് ഏരിയായിൽ വരുന്നു. ഏതാണ്ട് 50ൽ കൂടുതൽ കണക്ഷൻ ഇതുവരെ കൊടുത്തുകഴിഞ്ഞു.

തിരുവാണീയൂർ തേജസ്സ് ടാക്കീസ് മാത്രമേ ഏക സിനിമാശാല ആയിട്ടുള്ളു.

ഗ്രാമസഭാവലോകനം

ഗ്രാമസഭാറിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന പ്രശ്നങ്ങളും ആവശ്യങ്ങളുമാണ് ഉയർന്നു വരുന്നത്.

പ്രശ്നങ്ങൾ

1. സാംസ്ക്കാരികോന്നമനത്തിനായുള്ള ഫലപ്രദവും ബോധപൂർവവുമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

2. വായനശാലകൾക്കും, ക്ലബുകൾക്കും സാമ്പത്തിക പരാധീനതകൊണ്ടും, ഭൗതികസാഹചര്യങ്ങളുടെ കുറവുകൊണ്ടും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

3. നമ്മുടെ സാംസ്ക്കാരത്തനിമയുടെ പ്രതീകങ്ങളായ നാടൻ കലകളും, നാടോടിപ്പാട്ടികളുമൊക്കെ മാറ്റി നിൽത്തിക്കൊണ്ട് ജനത പുതിയ മാനവികത തേടുകയാണ്.

4. മാധ്യമരംഗത്ത് സാംസ്ക്കാരിക മലിനീകരണത്തിന് ഇടവരുത്തുന്ന കടന്നു കയറ്റങ്ങൾ കൂടിവരുന്ന ഇവ സമൂഹ മനസ്സിനെ അധമവികാരങ്ങളിലേക്കെത്തിക്കുകയും - സർഗ്ഗശേഷിയെ കെടുത്തുകയും ചെയ്യുന്നു.

5. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പുതിയ ഉപഭോഗസംസ്ക്കാരം അടിച്ചേൽപ്പിക്കുന്നു.

6. സാറ്റലൈറ്റ് ടേലിവിഷൻ ശൃംഖലകൾ വഴി, സെക്സ്, അക്രമപ്രവർത്തനങ്ങൾ, സ്ത്രീപീഡനം, തുടങ്ങിയ പ്രതിലോമചിന്തകൾ പ്രചരിപ്പിക്കപ്പെടുന്നു.

7. മനുഷ്യനെ മനുഷ്യനാക്കിയ, കൂട്ടായ്മ നിഷേധിക്കുന്ന പുത്തൻ മൂല്യബോധങ്ങൾ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു.

8. ജാതിയുടേയും മതത്തിന്റേയും ആചാരങ്ങളുടേയും ഒക്കെ അടിസ്ഥാനത്തിൽ മനുഷ്യരെ പരസ്പരം വേർതിരിക്കുന്ന പ്രവണതകൾ അങ്കുരിക്കുന്നു.

9. പരസ്യമെന്ന മാസ്മരകലയുടെ സ്വാധീനത്താൽ എന്തും വിറ്റഴിക്കാവുന്ന പരിതസ്ഥിതിയിലേക്ക് സമൂഹം വഴുതിപ്പോകുന്നു.

10. ഇവർക്കെതിരെയുള്ള സാംസ്ക്കാരിക പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജനപിന്തുണ നേടുന്നതിൽ വിജയിക്കാതെ വരുന്നു.

ആവശ്യങ്ങൾ വാർഡ് -

1. ഒരു വനിതാവായനശാല തുടങ്ങണം.

2. സ്നേഹധാരമഹിളാസമാജത്തിന്, സ്ഥലവും കെട്ടിടവും ആവശ്യമാണ്.

വാർഡ് - 2

രണ്ടാം വാർഡിൽ വായനശാല പ്രവർത്തിക്കണം. ക്ലബുകളിൽ ഒരു ടെലിവിഷൻ അനുവദിക്കണം.

വാർഡ് - 3

തിരുവാണീയൂർ ട്രാഫിക് ഐലൻറ് വേണം. സാംസ്കകാരിക നിലയം വേണം. സ്റ്റേഡിയം വേണം.

വാർഡ് - 4

കണ്ണ്യാട്ട് നിരപപ്പ് വിക്ടറി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബിനോടനുബന്ധിച്ച് വായനശാല പ്രവർത്തനമാരംഭിക്കണം.

വാർഡ് - 5

വെണ്ണിക്കുളം യുവജനസാംസ്ക്കാരിക വായനശാല പുതുക്കിപ്പണിയണം. വെണ്ണിക്കുളത്ത് ട്രയാങ്കുലർ പാർക്ക് വേണം.

വാർഡ് - 6

വാർഡിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.

വാർഡ് - 7

മറ്റക്കുഴി ജനവിദ്യാകേന്ദ്രം, അനശ്വര ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ് ഇവയ്ക്ക് സാമ്പത്തിക സഹായം വേണം. മറ്റക്കുഴി ഗ്രാമീണ വായനശാലക്ക് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കികൊടുക്കണം.

വാർഡ് - 8

തൊണ്ടൻ പാറയിൽ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കണം.

കെടാമ്പൂര്യൂണിയൻ ലൈബ്രറിയുടെ കേട്ടിടവും, ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ സാമ്പത്തികസഹായം അനുവദിക്കണം.

വാർഡ് - 9

പുതിയ വായനശാല ആരംഭിക്കാൻ സൗകര്യമുണ്ടാക്കണം.

വാർഡ് - 10

വാർഡിൽ സാംസ്ക്കാരികനിലയം ആരംഭിക്കണം. കായികപ്രതിഭകളെ പരിശീലിപ്പിക്കാൻ കേന്ദ്രമുണ്ടാക്കണം. വ്യാസ, മോണാർക്ക് എന്നീ ക്ലബ്കൾക്ക് സ്വന്തം സ്ഥലം ഉള്ളതാണ് അവിടെ ക്ലബിന് കെട്ടിടം പണിയാൻ സഹായം വേണം.

പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെ നിയന്തെണത്തിൽ ഒരു സാംസ്ക്കകാരികസമിതി രൂപികരിക്കുക.

2. തിരുവാണിയൂർ ചങ്ങമ്പുഴ സ്മാരക വായനശാലയെ വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ കെടുത്തുകൊണ്ട് അതിനെ പഞ്ചായത്തിന്റെ സാംസ്ക്കാരികകേന്ദ്രമായി ഉയൽത്തുക.

3. ജനങ്ങൾക്ക് വേണ്ട സമയത്ത് വേണ്ടത്ര വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സാംസ്ക്കാരിക കേന്ദ്രത്തോടനുബന്ധിച്ച് ഒരു റൂറൽ കോച്ചിംഗ് സെൻറർ പ്രവർത്തനമാരംഭിക്കുക

4. വായനശാലകളില്ലാത്ത എല്ലാ വാർഡുകളിലും വായനശാലകൾ ഉണ്ടാക്കുക. ഈ ഗ്രന്ഥാലയങ്ങളെ സാംസ്ക്കാരിക കേന്ദ്രത്തതിന്റെ കീഴിൽ ഏകോപിപ്പിക്കുക

5. നാടൻ കലകൾ, നാടൻ പാട്ടുകൾ, നാട്ടറിവുകൾ, കായികപ്രവർത്തനങ്ങൾ, ഇത്യാദികളെ സാംസ്ക്കപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക

6. സ്ത്രീകളുടെ വായനാശീലവും സാംസ്ക്കാരികോന്നമനവും ലാക്കാക്കി മൊബൈൽ ലൈബ്രറി പോലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക

7. പഞ്ചായത്തിലെ വിവിധ വായനശാലകൾക്കും ക്ലബുകൾക്കും സാമ്പത്തിക സഹായം നൽകി അവയുടെ പ്രവർത്തനങ്ങളെ സഹായിക്കുക.

8. സാംസ്ക്കാരിക മലിനീകരണത്തിന് കാരണമാകുന്ന അശ്ലീല സിമിനകൾക്കും, പോസ്റ്ററുകൾക്കും, മറ്റ് അനാശ്യാസ പ്രവർത്തനങ്ങൾക്കുമെതിരെ ഫലപ്രദമായ രീതിയിൽ പ്രവർത്തനങ്ങഅങൾ സംഘടിപ്പിക്കുക.

9. കായിക പ്രതിഭകളെ വളർത്തിയെടുക്കാനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുക.

10. നല്ല സിനിമകൾ ജനങ്ങൾക്ക് കാണാൻ അവസരമുണ്ടാക്കുന്നതിനായി ഫിലിം സൊസൈറ്റികൾ, വീഡിയോ ക്ലബുകൾ, ഇവ പ്രവർത്തനമാരംഭിക്കുക

11. പഞ്ചായത്ത് ദിനത്തെ (പഞ്ചായത്ത് നിലവിൽ വന്ന ദിവസം) സമുചിതമായി ആചരിക്കുകയും പഞ്ചായത്തിലെ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന തരത്തിൽ നാടൻ കലാമേളകൾ, കഥയരങ്ങുകൾ, കവിയരങ്ങുകൾ, നാടകമേളകൾ, സംഗീതോത്സവങ്ങൾ, കർഷക മേളകൾ, വിവിധ മേഖലകളിലെ പണ്ഡിത സദസ്സുകൾ, ശാസ്ത്ര സദസ്സുകൾ, ഗ്രാമപാർലമെൻറ്, തുടങ്ങിയവ സംഘടിപ്പിക്കുക. പഞ്ചായത്ത് ദിനത്തെ പഞ്ചായത്തിന്റെ തനത് ദേശിയോത്സവമായി ആചരിക്കുക.

12. കുട്ടികൾക്ക് സംഗീതം, നൃത്തം, സംഗീതോപകരണങ്ങളുടെ പരിശീലനം തുടങ്ങിയ കലകൾ അഭ്യസിപ്പിക്കുന്നതിനുള്ള ഒരു പരിശാലനകേന്ദ്രം പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

13. പ്രായഭേദമേന്യെ എല്ലാ ജനങ്ങളിലും പുതിയൊരു കായിക സംസ്ക്കാരം വളർത്തിയെടുക്കാനാവശ്യമായ നടപടികൾ ആരംഭിക്കുക.

14. ആരാധനാലയങ്ങളിലെ ആഘോഷ വേളകൾ മതസൗഹാർദ്ദം, ഊട്ടി വളർത്താനുള്ള നിമിത്തങ്ങളാക്കാൻ ശ്രമികകുക

15. ലൈബ്രറി സൈഡ് പൂർണ്ണമായും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുക. സാമ്പത്തികമായ സഹായങ്ങൾ ചെയ്യുക

16. സ്വന്തം സ്ഥമുള്ള ക്ലബുകൾക്ക് കെട്ടിടം പണിതു കൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കുക



വനിതാക്ഷേമം

തിരുവാണിയൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 21622 ആണ്. അതിൽ 10872 സ്ത്രീകളും 10750 പുരുഷന്മാരും ആണ്. ആകെയുള്ള ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണ്. പട്ടികജാതിയിൽ 1321 പുരുഷന്മാരും 1371 സ്ത്രീകളും ഉണ്ട്. അതിനാൽ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും ആരോഗ്യപരവുമായ പുരോഗതിക്കുവേണ്ടി പഞ്ചായത്തിലെ വരുമാനത്തിന്റെ മുന്നിലൊരുഭാഗം ചെലവഴിക്കേണ്ടതാണ്.

ഒരു ഭവനത്തിലെ വിളക്കു (ദീപം) ആ വീട്ടിലെ സ്ത്രീയാണ്. ഏതു വീട്ടിലെ സ്ത്രീക്കും വിദ്യാഭ്യാസപരമായും സാംസ്കാരികമായും ആരോഗ്യപരമായും അറിവുണ്ടാകുകയും സാമ്പത്തികമായി ഉയരുകയും ചെയ്താൽ തിരുവാണിയൂർ പഞ്ചായത്തിലെ ജനങ്ങളും തദ്വാരാ അടുത്ത തലമുറയിലെ ജനങ്ങളും നന്നാവുന്നു. ഇതിനു സ്ത്രീകൾക്കാണു പ്രാധാന്യംകൊടുക്കേണ്ടത്. മേൽപ്പറഞ്ഞകാര്യം പ്രായോഗികമാക്കുന്നതിനുവേണ്ടി ഈ പഞ്ചായത്ത് ഏതെല്ലാം രീതിയിൽ പ്രവർത്തിക്കണമെന്നു ചിന്തിക്കേണ്ടതാണ്.

വനിതാക്ഷേമത്തിനുവേണ്ടി 1952-ൽ എൻ.ഇ.എസ്. ബ്ലോക്ക് തുടങ്ങിയപ്പോൾ തിരുവാണിയൂർ പഞ്ചായത്തിലും പല വികസനപ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്.

വീട്ടിൽനിന്നും പുറത്തിറങ്ങിയിട്ടില്ലാത്ത സ്ത്രീകളെക്കൊണ്ട് 'മഹിളാസമാജങ്ങൾ' പ്രവർത്തിപ്പിക്കുകയും സമാജത്തിന്റെ കീഴിൽ തയ്യൽക്ലാസ്സ്, നഴ്സറി ക്ലാസ്, പാചകക്ലാസ്, വനിതാ ക്യാമ്പ് തുടങ്ങിയവ നടത്തുകയും ചെയ്തതിന്റെ ഫലമായി വളരെയധികം പ്രയോജനം ലഭിച്ചിട്ടുണ്ട്.

1978-ൽ യൂണിസേഫ് ന്റെ കീഴിൽ പ്രയുക്ത പോഷകാഹാരപരിപാടി (Applied Nutrition Programme) ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം വിതരണം ചെയ്തിരുന്നു. ഇതിനായി തിരുവാണിയൂർ പഞ്ചായത്തിനെ 15 ഫീഡിംഗ് സെൻററുകൾ പ്രവർത്തിച്ചിരുന്നു.

1975-ൽ യൂണിസെഫിന്റെ വകയായി CPWP സെൻറർ (Composit Programme for Women and Pre-School Children) (ബാലവാടി) കെട്ടിടം പണിയിച്ചപ്പോൾ 10-ാം വാർഡിലെ മോനപ്പിള്ളി, വെങ്കിട എന്നീ മഹിളാസമാജങ്ങളുടെ കീഴിൽ കേരളത്തിലെ രണ്ടാമത്തേതും മൂന്നാമത്തേതുമായി പണികഴിപ്പിച്ചിട്ടുണ്ട്. ആ

കെട്ടിടം പണിയുന്നതിന് സ്ഥലവും സഹായവും 10-ാം വാർഡിലെ പാലാൽ ഐപ്പോര എന്ന ബഹുമാന്യവ്യക്തി തന്നിട്ടുള്ളതാണ്.C.D.W.P.യുടെ പ്രവർത്തനം വളരെയധികം സ്ത്രീകൾക്കും കുട്ടികൾക്കുംപ്രയോജനപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും സാംസ്കാരികവുമായ നില ഉയർന്നിട്ടുണ്ട്.

1984-85-ൽ സാമൂഹ്യക്ഷേമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. (ഇൻറർനാഷണൽ ചൈൽഡ് ഡെവലപ്മെൻറ് സർവീസ് സ്കീം) ബ്ലോക്കായിമാറിയപ്പോൾ നമ്മുടെ പഞ്ചായത്തിൽ ബാലവാടികൾ ഉൾപ്പെടെ 20 അംഗൻവാടികൾ ഉണ്ടായിട്ടുണ്ട്. ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം കൊടുക്കുകയും, മാസത്തിലൊരിക്കൽ ഡോക്ടർ പരിശോധിക്കുകയും ആഴ്ചയിലൊരിക്കൽ എ.എൻ.എം. അംഗൻവാടിയിൽ വരികയും വിറ്റാമിൻ എ - അയൺ എന്നിവ കൊടുക്കുകയും ചെയ്യുന്നു.

അനുബന്ധം -8

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

8.1. അംഗൻവാടികളിൽ നിന്ന് ശേഖരിക്കേണ്ട വിവരം

●	1)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	21622
	2)	പുരുഷന്മാർ	:	10872
	3)	സ്ത്രീകൾ	:	10750
●	1)	പട്ടികജാതി ജനസംഖ്യ	:	1321 + 1371 = 2692
	2)	പട്ടികവർഗ ജനസംഖ്യ	:	2 + 3
●		അംഗൻവാടികളുടെ എണ്ണം	:	20
●	1)	ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	:	
	2)	13 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	580
	3)	3 - 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	725
●	1)	വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	:	146
	2)	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം	:	
●		മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	:	80
●	1)	കഴിഞ്ഞവർഷത്തിൽ ആകെ ജനങ്ങൾ	:	34
	2)	ചാപിള്ള ജനനങ്ങൾ	:	14
●	1)	ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96)	:	
	2)	1 - 3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:	1
	3)	3 - 6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:	
●	1)	ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം	:	1
	2)	മറ്റു മരണങ്ങളുടെ എണ്ണം	:	
●	1)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	:	790
	2)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	:	81
	3)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:	88

- *സൂപ്പർവൈസറുടെ മാസാന്ത്യ റിപ്പോർട്ടിൽ നിന്നോ, അംഗൻവാടി രജിസ്റ്ററുകളിൽ നിന്നും നേരിട്ടോ മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശേഖരിക്കാം.*
- *ഓരോ അംഗൻവാടിക്കും ഒരു ഫോറം ഉപയോഗിച്ച് മൊത്തം വിവരങ്ങൾ ഒരു ഫോറത്തിൽ ക്രോഡീകരിച്ചെഴുതുക.*

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
6 മാസം-1 വർഷം	144	117	48	51	5	3	-	-
1 - 3 വയസ്സ്	197	198	78	96	8	7	-	-
3 - 6 വയസ്സ്	177	181	92	92	9	7	-	-

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

പ്രായം	ബി.സി.ജി.	ഡി.പി.റ്റി				പോളിയോ				ഡി.റ്റി				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	150	156	157	171	-	156	157	171	-	-	-	-	-	154
1 - 3 വയസ്സ്	-	-	-	-	157	-	-	-	157	-	-	-	-	-
3 - 6 വയസ്സ്	-	-	-	-	-	-	-	-	-	-	-	-	133	-

ടെറ്റനസ് ടോക്സോയിസ് (TT)

ഗർഭിണികൾ	1D	2D	BD
	165	149	2

- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം : 256
- ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 349
- വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം : 564
- ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം : 161
- വീട്ടിൽ നടന്ന പ്രസവങ്ങവുടെ എണ്ണം :

DWCRA (Development of Women and Child in Rural Area) കേരളത്തിൽ 1982-83ൽ തുടങ്ങി. 1985-86-ൽ മിക്ക ബ്ലോക്കുകളിലും ആരംഭിച്ചു. ഇതിന്റെ ഉദ്ദേശം സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനമാണ്. ആദ്യമായി ഒരു മഹിളാസമാജം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുക. IRDP ലിസ്റ്റിൽപ്പെട്ട (ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള) തൊഴിലില്ലാത്ത സ്ത്രീകളെ (15-20 പേർ) ചേർത്ത് ഒരാൾക്ക് 15,000 രൂപാ വച്ച് ബാങ്കിൽനിന്നു ഒരുമിച്ച് വായ്പകൊടുക്കുന്നു. ആ പ്രദേശത്ത് ഏതു സ്കീമാണോ വിറ്റഴിക്കാൻ പറ്റു ന്നത്, അസംസ്കൃത സാധനങ്ങളുടെ ലഭ്യത എങ്ങിനെ? എന്നിവയെല്ലാം കണക്കിലെടുത്താണ് DWCRA യൂണിറ്റ് തുടങ്ങുന്നത്. തുടങ്ങിക്കഴിഞ്ഞ് Trysom--Training കൊടുക്കുന്നു. ബ്ലോക്കിലെ വി.ഇ.ഒ. അല്ലെങ്കിൽ

എൽ.വി.ഇ.ഒ. മാർ വേണ്ട നിർദേശങ്ങൾ നൽകുന്നു. ഞമ്പൽൽ മേൽനോട്ടം വഹിക്കുന്നു. DRDAയിൽ നിന്ന് അനുവാദംകൊടുക്കുന്നു.

DWCRA കൊണ്ടുള്ള പ്രയോജനം

1. ദാരിദ്ര്യരേഖക്കു താഴെയുള്ള സ്ത്രീകളുടെ സാമ്പത്തികനിലവാരം ഉയരുന്നു.
2. ഉപഭോക്താക്കൾ ഗ്രൂപ്പായി പ്രവർത്തിക്കുന്നു.
3. ഗ്രാമത്തിലെ ജീവിതനിലവാരം ഉയരുന്നു.
4. ബാലവാടി (നേഴ്സറി) ക്രെപ്പ് എന്നിവ യൂണിറ്റിന്റെ കീഴിൽ തുടങ്ങുന്നതിന് ഗവൺമെൻറ് സഹായം ചെയ്യുന്നു.

ഗ്രാമസഭകളിൽനിന്നുവന്ന നിർദേശങ്ങൾ

വാർഡ്-1

എ) ഈ വാർഡിൽ പ്രവർത്തിക്കുന്ന 'സ്നേഹധാര' മഹിളാസമാജത്തിന് സ്വന്തമായി കെട്ടിടം വയ്ക്കാനാവശ്യമായ സ്ഥലവും സഹായങ്ങളും പഞ്ചായത്തിൽനിന്ന് ലഭ്യമാക്കുക.

ബി) തൊഴിലില്ലാത്ത വനിതകൾക്കുവേണ്ടി ഒരു റെഡിമെയ്ഡ് യൂണിറ്റ് തുടങ്ങാൻ വേണ്ട സഹായസഹകരണങ്ങൾ നൽകുക.

സി) കൺസ്യൂമർ സ്റ്റോർ തുടങ്ങുവാൻ വേണ്ട സഹായസഹകരണങ്ങൾ നൽകുക.

ഡി) ഡേ കെയർ സെൻറർ സ്ഥാപിക്കുക.

ഇ) നിലവിലുള്ള അംഗൻവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

എഫ്) വനിതകൾക്കുവേണ്ടി വായനശാല തുടങ്ങുക.

ജി) മഹിളാസമാജത്തിന്റെ കീഴിൽ ഒരു മിത്ര യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ മൊത്തമായി വിപണനം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.

എച്ച്) ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്ന ഖാദി കെട്ടിടം സർക്കാർ ധനസഹായത്തോടെ ഏതെങ്കിലും വ്യവസായം തുടങ്ങി അവിടത്തെ സ്ത്രീകൾക്ക് തൊഴിൽ സൗകര്യം ചെയ്തുകൊടുക്കുക.

വാർഡു : 2

എ) നിലവിലുള്ള മഹിളാസമാജത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

ബി) കാനിംഗ് ആൻറ് പ്രീസർവേഷൻ സെൻറർ, ചന്ദനത്തിരി നിർമ്മാണം, പാൽ ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി വേണ്ട സൗകര്യം ചെയ്തുകൊടുക്കുക.

സി) സ്ത്രീകൾക്കായി വായനശാല തുറക്കുക.

വാർഡ് : 3

എ) വനിതാ സഹകരണസംഘം സ്ഥാപിക്കുക. അതിൽ സ്ത്രീകൾക്ക് ഉതകുന്നതായ വ്യവസായങ്ങൾ, അതിനു വേണ്ട ഉപകരണങ്ങൾ, സ്ഥലം, കെട്ടിടം, പരിശീലനം ഇവ നല്കുക.

ബി) സ്ത്രീകൾക്കായി ചെറുകിട വ്യവസായയൂണിറ്റുകൾ (വ്യക്തികൾക്കായും ഗ്രൂപ്പായും) തുടങ്ങാൻ പ്രോത്സാഹനം കൊടുക്കുക.

സി) ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.

ഡി) വനിതകൾക്കായി വായനശാല സ്ഥാപിക്കുക.

ഇ) അടുക്കളത്തോട്ടങ്ങൾ, പച്ചക്കറികൃഷി ഇവ നടത്തുവാൻ വേണ്ട വിത്തും വളവും നല്കുക.

വാർഡ് : 4

എ) വനിതകൾക്കായി പ്രത്യേകം സൊസൈറ്റികൾ സ്ഥാപിച്ച് ചെറുകിട വ്യവസായയൂണിറ്റുകൾ തുടങ്ങി തൊഴിലില്ലായ്മക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുക.

ബി) സ്ത്രീകൾക്കു കൂടുതൽ അറിവുനേടുന്നതിനായി വനിതാ വായനശാലകൾ തുടങ്ങുക.

സി) മഹിളാസമാജത്തിന്റെ സൗകര്യങ്ങൾ വർധിപ്പിക്കുക.

വാർഡ് : 5

എ) വനിതകൾക്കു ചെയ്യാവുന്ന തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക. ഉദാ: എംബ്രായിഡറി, ബുക്ക് ബയൻറിംഗ്, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, ഗോതമ്പുപൊടി, അരിപ്പൊടി, സോപ്പുപൊടി, മെഴുകുതിരി, ആദിയായവ.

ബി) അംഗൻവാടികളുടെ സൗകര്യം മെച്ചപ്പെടുത്തുക.

സി) ക്രെഡിറ്റ് (സെൽഫ് എംപ്ലോയ്മെൻറ്) സൗകര്യങ്ങളിൽനിന്നുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി വായ്പകൂടുതൽ സൗകര്യപ്രദമാക്കുക.

വാർഡ് : 6

എ) ചെറുകിട വ്യവസായം തുടങ്ങുന്നതിനു സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കുക.

ബി) വായ്പാസൗകര്യങ്ങൾ ഉപയോഗിച്ച് മേൽപ്പറഞ്ഞതിനെ പ്രോത്സാഹിപ്പിക്കുക.

സി) വനിതകൾക്കായി പ്രത്യേകം സൊസൈറ്റികൾ സ്ഥാപിക്കുക.

വാർഡ് : 7

എ) ചെറുകിട വ്യവസായങ്ങൾ ഉദാ: നിത്യോപയോഗസാധനങ്ങൾ (പൊടികളായി ലഭിക്കേണ്ടവ), മെഴുകുതിരി നിർമ്മാണം.

ബി) വനിതാസമാജം ആരംഭിക്കുക.

സി) സ്ത്രീകളുടെ പുരോഗതികൾക്ക് വേണ്ടുന്ന ബോധവല്ക്കരണം.

ഡി) നിലവിലുള്ള വിധവകൾക്ക് വിധവ പെൻഷൻ കൃത്യമായി ലഭ്യമാക്കുക.

വാർഡ് : 8

എ) നിലവിലുള്ള ദേശീയ മഹിളാസമാജം പുനഃസംഘടിപ്പിക്കുക.

ബി) ഒരു മഹിളാ വ്യവസായ യൂണിറ്റ് ആരംഭിക്കുക. വേണ്ടുന്ന ബോധവത്കരണം, സഹായം, പരിശീലനം ഇവ ലഭ്യമാക്കുക.

സി) ഒരു ഡേകെയർ സെൻറർ തുടങ്ങുന്നതിന് വേണ്ട സ്ഥലം, സഹായം ഇവ ലഭ്യമാക്കുക.

ഡി) വനിതകൾക്കായി വായനശാല തുടങ്ങുക.

വാർഡ് : 9

എ) മഹിളാസമാജം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുക.

ബി) സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

സി) ചെറുകിട വ്യവസായങ്ങൾ തുടങ്ങുക.

വാർഡ് : 10

എ) ഫുഡ് പ്രീസർവേഷൻ സെൻറർ തുടങ്ങുക.

ബി) ഡേ കെയർ സെൻറർ തുടങ്ങുക.

സി) സ്ത്രീപുരോഗതിക്കുവേണ്ടി ബോധവത്കരണം നടത്തുക.

ഡി) അടുക്കളത്തോട്ടത്തിനായി വിത്തും വളവും നല്കുക.

പ്രശ്നങ്ങൾ

1. എല്ലാ മേഖലകളിലും കൂലിയുടെ കാര്യത്തിൽ സ്ത്രീ-പുരുഷ അന്തരം കൂടുതലാണ്.
2. സ്വയംതൊഴിൽ സംരംഭങ്ങൾ വളരെ കുറവ്
3. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ കൂടുതലും സ്ത്രീകളും കുട്ടികളുമാണ്.
4. സ്ത്രീകളുടെ സുരക്ഷിതമില്ലായ്മ.
5. സാമൂഹ്യരംഗത്തു പ്രവർത്തിക്കാനുള്ള ധൈര്യക്കുറവ്.
6. ഏതു തൊഴിലും ചെയ്യാനുള്ള ധൈര്യക്കുറവ്.
7. മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന ദുഷ്യഫലങ്ങൾ
8. സർക്കാർ ധനസഹായപദ്ധതികളെക്കുറിച്ചുള്ള ധാരണയില്ലായ്മ.

നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും ഒരു DWCRA യൂണിറ്റ് എങ്കിലും തുടങ്ങുക. അതുവഴി താഴെപറയുന്ന സാമ്പത്തിക പരിപാടി തുടങ്ങാവുന്നതാണ്.

● തയ്യൽ ● എംബ്രോയിഡറി ● റെഡിമെയ്ഡ് ● പായനെയ്ത്ത് ● പ്രിൻറിംഗ് ● കിടക്കയുണ്ടാക്കൽ ● ഓല നിർമ്മാണം ● കൊട്ടനെയ്ത്ത് ● അച്ചാർ ഉണ്ടാക്കൽ ● ഫുഡ്പ്രീസർവേഷൻ ● ബേക്കറി ● പച്ചക്കറി കൃഷി ● കോഴിവളർത്തൽ ● മീൻവളർത്തൽ ● ആടുവളർത്തൽ ● താറാവു വളർത്തൽ ● പശുവളർത്തൽ ● പന്നിവളർത്തൽ ● തേനീച്ച വളർത്തൽ ● നെല്ലുകുത്ത് ● മെഴുകുതിരി നിർമ്മാണം ● സോപ്പു നിർമ്മാണം ● കരകൗശലവസ്തുക്കളുടെ നിർമ്മാണം ● ചോക്ക് ഉണ്ടാക്കൽ ● തീപ്പെട്ടി നിർമ്മാണം ● പേപ്പർ ബാഗ് നിർമ്മാണം.

2. മേല്പറഞ്ഞ ഓരോന്നിനും വേണ്ട ബോധവത്കരണം, പരിശീലനം തുടങ്ങി എല്ലാ കാര്യങ്ങളും കാര്യക്ഷമതയോടെ നടത്തുക.

സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ വാർഡിൽനിന്നും വനിതകൾക്ക് തയ്യൽ പരിശീലനം നൽകി ധനസഹായത്തോടെ തയ്യൽമെഷീൻ വാങ്ങിക്കൊടുക്കുക.
2. പച്ചക്കറികൃഷി ചെയ്യുന്നതിന് സ്ത്രീകൾക്ക് വേണ്ട ബോധവത്കരണം നടത്തി വിത്തും വളവും കൊടുക്കുക.
3. സ്ത്രീകൾക്ക് കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും പോഷകാഹാരക്കുറവ് ഇല്ലാതാക്കുന്നതിനുംവേണ്ടി കന്നുകുട്ടി, ആട്ടിൻകുട്ടി, കോഴിക്കുഞ്ഞുങ്ങൾ എന്നിവ സൗജന്യനിരക്കിൽ കൊടുക്കുക.
4. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
5. അംഗൻവാടികൾ, വനിതാസഹകരണസംഘങ്ങൾ, വനിതാവായനശാലകൾ, ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
6. സ്ത്രീകളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി സമൂഹത്തിൻെറ ഉന്നമനത്തിന് പ്രാപ്തരാക്കുക.
7. അംഗൻവാടി മെർപോണിയൽ ഒരു കെട്ടിടം പണിയുന്നുണ്ട്. പഞ്ചായത്തിൽനിന്നും 5000 രൂപയെങ്കിലും സഹായംചെയ്യേണ്ടതാണ്.

സഹകരണം



സഹകരണസംഘങ്ങൾ

ചെറുകിടകൃഷിക്കാരും, കർഷകത്തൊഴിലാളികളും, കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരും അധിവസിക്കുന്ന തിരുവാണിയൂർ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ സഹകരണരംഗത്തിനുള്ള പ്രസക്തി ഏറെ വലുതാണ്. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ സഹകരണരംഗത്തെ വികസനം കൊണ്ടുണ്ടാകേണ്ടതായ ലക്ഷ്യം അഭൗമമാണ്.

അനുദിനം വർദ്ധിച്ചുവരുന്ന വിലകയറ്റം കൊണ്ടു പൊറുതിമുട്ടുന്ന ഇടത്തരക്കാർക്ക് ഒരു താങ്ങും തണലുമായിത്തീരേണ്ടവയാണു സഹകരണസംഘങ്ങൾ. അല്ലെങ്കിൽ ആരേയും വിഴുങ്ങാൻ തയ്യാറെടുത്തുനില്ക്കുന്ന ഹുണ്ടിക മുതലാളിമാരുടെ നീരാളിപ്പിടുത്തത്തിൽ സർവ്വതും നഷ്ടമാകുന്ന സാമാന്യജനത്തെയായിരിക്കും മനുക്കഭിമുഖീകരിക്കേണ്ടിവരുന്നത്. അവയിൽനിന്നും ഇടത്തരക്കാരെ രക്ഷിക്കേണ്ടതായ ഭാരിച്ച ചുമതലകൾ സഹകരണപ്രസ്ഥാനം ഏറ്റെടുത്തേ കഴിയൂ, പലിശ കുറഞ്ഞ വായ്പാ സംവിധാനങ്ങളോടെ.

വായ്പാഇടപാടുകളുടെ പലിശശക്തിയെ നിയന്ത്രിക്കുന്നത് ജില്ലാ സഹകരണബാങ്കുകളും റിസർവ്വ് ബാങ്കും ആണല്ലോ. എങ്കിൽകൂടി സ്വന്തം പണം സംഭരിച്ചാൽ ഇടപാടുകാർക്കു ഒരു പരിധിവരെ പലിശഇളവുകൾ അനുവദിക്കാൻ കഴിയും. അതിനുള്ള ഒരു മാർഗ്ഗം ഉന്നതർ മറ്റു ഷെഡ്യൂൾബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ വിശ്വാസ്യത ആർജ്ജിച്ചുകൊണ്ട് സഹകരണസംഘങ്ങളിലേക്കാകർഷിക്കുകയാണ്.

ഷെഡ്യൂൾബാങ്കുകളിലെ നിക്ഷേപങ്ങൾ അതാതു സംസ്ഥാനനങ്ങളിൽ തന്നെ വികസനരംഗത്തുപയോഗിക്കുന്നതിനുപകരം ഹെഡ്ഓഫീസുകളുടെ നിർദ്ദേശാനുസരണം പുറത്തേക്കൊഴുകിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇതുതടഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനമാണ് വികസനരംഗത്ത് പിന്നോക്കമായിത്തീരുന്നത്. ഒഴിവാക്കുന്നതിനുള്ള ഏകമാർഗ്ഗം തൊഴിലാളികളുടെ സഹകരണസംഘം ആവശ്യമെങ്കിൽ തരംതിരിച്ചുണ്ടാക്കുക എന്നതുമാത്രമാണ്. കൂട്ടത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി അവരുടേതു മാത്രമായ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം അവർക്കു സർക്കാരിൽനിന്നുള്ള കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കി വിവിധങ്ങളായ വ്യവസായയൂണിറ്റുകൾ പ്രവർത്തിപ്പിക്കാനും, തന്മൂലമുണ്ടാകുന്ന ധനപ

രമായ ഉൽക്കർഷം നാടിന്റെ വളർച്ചക്ക് മൊത്തിൽ പ്രയോജനം ചെയ്യും. ഇത്തരം പട്ടിണി മേഖലകളിലേക്ക് വനിതകളെ ആകർഷിക്കുന്നതിന് ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. ബുദ്ധിമുട്ടാൻ സന്നദ്ധസ്സുള്ള ഒരു പറ്റം വനിതകൾ ഒരു ഗ്രാമത്തിൽ ഒന്നിച്ചുചേർന്നാൽ അവർക്കു തൊഴിൽ കണ്ടെത്താം. കൂട്ടത്തിൽ തൊഴിലില്ലാത്ത പുരുഷന്മാർക്കും തൊഴിൽ മാർഗ്ഗത്തിലേക്കു നടന്നടുക്കുകയുമാകാം. എല്ലാകാലത്തും ഒരു പരിധിവരെ പട്ടിണിയും പരിവട്ടവും അകറ്റിക്കളയാനും കഴിയും. ഇതിനിപ്പോൾ തടസ്സമായിരിക്കുന്ന മനസ്സ് ഒന്നു വഴിമാറ്റിവിടുകയേ വേണ്ടൂ.

ഇത്തരം സഹകരണസംഘങ്ങൾക്ക് നാട്ടിൽ ഉല്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങളുടെ സമാഹരണവും വിലപനയും കൂടിനടത്താൻ കഴിയും. അതിലൂടെ പച്ചക്കറികളുടേയും മറ്റും വിലനിലവാരം ക്ലിപ്തമാക്കി നിലനിറുത്തുവാനും കഴിയും. അപ്രകാരം ചൂഷണം അനുവദിച്ചു കൊണ്ടേയിരിക്കുന്നവരെ രക്ഷിക്കുവാനും സാധ്യമാകുന്നു.

ഹരിജനോന്നമനത്തിനായി കോളനി കേന്ദ്രീകരിച്ച് സഹകരണസംഘങ്ങളും നിർമ്മാണ പ്രവർത്തനരംഗത്ത് കൊള്ളലാഭം മാത്രം കൈമുതലാക്കിയവരെ എന്നെന്നേക്കുമായി മാറ്റി നിറുത്തി അതാതുരംഗത്തെ വിദഗ്ദന്മാർ ഉൾക്കൊള്ളുന്ന നിർമ്മാണസഹകരണസംഘങ്ങൾ സ്ഥാപിച്ചാൽ പുതുതായി രൂപംകൊള്ളുന്ന ഗ്രാമപഞ്ചായത്തുപ്രവർത്തനങ്ങൾ സുഗമമായും, നിയമാനുസരണമായും പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സഹകരണസംഘമായ മാമല SCB No. 2799 ആണ് ഇപ്പോൾ നിലവിലുള്ളത് 6520 അംഗങ്ങൾ മാത്രമാണ്. നാളിതുവരെ സംഘം ST ലോണായി Rs. 4933327/- NF ലോണായി Rs.1221801/- സാധാരണ വായ്പയായി Rs.5429131/- തുക വിതരണം ചെയ്തിട്ടുണ്ട്. സ്ഥിരനിക്ഷേപമായി Rs. 20276063/- ഹൃസ്വകാല നിക്ഷേപമായി Rs. 4971520/- ഇതേവരെ സംഭരിച്ചിരിക്കുന്നു. എങ്കിൽ തന്നെ നിയമാനുസരണം അംഗസംഖ്യവർദ്ധിപ്പിച്ചും കഴിയുമെങ്കിൽ രണ്ടു വാർഡുകൾക്ക് ഒരു ശാഖ എന്ന ക്രമത്തിൽ തീരുമാനപ്പെടുത്തി ഒരു ക്രമീകരണം ഉണ്ടാക്കുകയാണെങ്കിൽ ബഹുഭൂരിപക്ഷം വരുന്ന കർഷകജനതയെ ഒരളവുവരെ സഹായിച്ച് അവരെ നാനാതരത്തിലുള്ള തൊഴിൽ മേഖലയിലേക്കു നയിക്കാൻ കഴിയും.

സംഘത്തിൽ നിന്നും അംഗങ്ങേർക്കു വിതരണം ചെയ്യുന്ന വായപകൾ യഥാകാലം കിട്ടുന്നതിനു സൗകര്യപ്പെടുത്തുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കേണ്ടതും, അത് യഥാർത്ഥ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നു എന്നു ഉറപ്പു വരുത്തുകയും വേണ്ടതാണ്. കൂട്ടത്തിൽ വായപ സംഖ്യകൾ തിരിച്ചടയ്ക്കുന്നതിലും അംഗങ്ങൾ ജാഗരൂകരാകേണ്ടതാണ് അല്ലെങ്കിൽ സഹകരണപ്രസ്ഥാനം തന്നെ തകരാറിലാവും. അപ്രകാരം വിതരണം ചെയ്യുന്ന വായ്പകൾ പ്രത്യുൽപാദനപരമായ ആവശ്യങ്ങൾക്കുതന്നെ പ്രയോജനപ്പെടുത്തു കയും എല്ലാ വിഭാഗത്തിലും പെടുന്ന സാധാരണക്കാരന് ഉദാരമായ വായ്പാനയം പ്രയോജനം ലഭിക്കുകയും ചെയ്താൽ വിവിധരംഗങ്ങളിൽ അഭൂതപൂർവ്വമായ അഭിവൃദ്ധി കൈവരുത്തുവാൻ കഴിയും.

തിരുവാണിയൂർ പഞ്ചായത്തിലെ 9, 10 വാർഡുകളിൽ വടവുകോട് ഫാർമേഴ്സ് സഹകരണസംഘം സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന സംഘങ്ങൾ പരസ്പരം യോജിച്ച് ജനനന്മയ്ക്കുതകുന്ന സംരംഭങ്ങൾക്കു തുടക്കമിടേണ്ടതാണ്.

നാട്ടിലെ സാമൂഹ്യനന്മയ്ക്കായി പ്രത്യേകിച്ചും ഇന്ധനക്ഷാമം കൂടിവരുന്ന ഇക്കാലത്ത് വീട്ടമ്മമാരുടെ ആരോഗ്യസംരക്ഷണാർത്ഥം L.P. ഗ്യാസ് ഏജൻസി സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതും, ഏറ്റവും എളുപ്പത്തിൽ എല്ലാവാർഡുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

ആരോഗ്യപരിപാലനകാര്യത്തിലും നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. അതിനൊരുമാറ്റം വരുത്തുവാൻ സഹകരണ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള തീവ്രയത്നങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്.

ഇവയെക്കല്ലാം പുറമേ KEL തൊഴിലാളി സഹകരണസംഘം, വിക്കോസ് സഹകരണസംഘം മാമല, പാൽ ഉല്പാദകസഹകരണസംഘങ്ങൾ തിരുവാണിയൂർ, മറ്റക്കുഴി, വണ്ടിപ്പേട്ട, പുത്തൻകുരിശ് എന്നിവടങ്ങളിലും ഹൈസ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ പ്രത്യേകം സഹകരണ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഹൈസ്ക്കൂളിൽ പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങളും, പുതുതായി രൂപം കൊള്ളുന്ന വനിതാവ്യവസായസഹകരണ സംഘങ്ങളും യോജിച്ച് പ്രവർത്തിച്ച് സ്ക്കൂൾ വർഷാരംഭത്തിൽ നോട്ടുബുക്കുകൾ നിർമ്മിച്ച് വിതരണം ചെയ്താൽ ഒരളവുവരെ ഈ രംഗത്തുണ്ടാകുന്ന വിലവർദ്ധനവുതടയാം.

കൂടാതെ ഹഡ്കോയുടെ സഹായത്തോടെ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ തുടങ്ങിയാൽ വീടില്ലാത്തവർക്കു വീടുണ്ടാക്കിക്കൊടുക്കാൻ കഴിയും; അത് ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള അതിപ്രധാന ഇനവും കൂടിയാണ്.

പ്രശ്നങ്ങൾ

1. കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും സഹകരണസ്ഥാപനങ്ങളുടെ അപര്യാപ്തത.

2. വനിതകളുടേയും, പട്ടികജാതി - പട്ടികവർഗ്ഗക്കാരുടേയും തൊഴിലാളികളുടേയും താല്പര്യസംരക്ഷണത്തിനും പുരോഗതിക്കും വേണ്ടി സഹകരണസംഘങ്ങളുടെ കുറവ്.

3. ഓരോ രീതിയിലുള്ള സഹകരണസംഘങ്ങൾ ഓരോ ഏരിയായിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ.

4. പാൽ ഉല്പാദകസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത.

5. ഓരോ പ്രദേശത്തിന്റെ താല്പര്യം കണക്കിലെടുത്തു വായ്പനയം ക്രഡിറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത.

നിർദ്ദേശങ്ങൾ

1. കാർഷിക ഉല്പന്നങ്ങളുടെ സംഭരണം വിപണനം ചെറുകിടവ്യവസായ ഉല്പന്നങ്ങളുടെ സംഭരണം വവിപണനം എന്നിവയെ ലക്ഷ്യമാക്കി ഉല്പാദനരംഗത്തും വിപണനരംഗത്തും പ്രവർത്തിക്കുന്ന പഞ്ചായത്ത്തലത്തിലുള്ള ഒരു കേന്ദ്രസഹകരണസംഘവും ഓരോ വാർഡു ശാഖകളുമുള്ള ഒരു സഹകരണശ്രിംഘല രൂപീകരിച്ചു പ്രവർത്തിക്കുക.

2. 1) പഞ്ചായത്തിൽ വനിതകളുടെ വഞ്ചവസായ താല്പര്യവും ക്ഷേമവും സംരക്ഷിക്കേണ്ടതിലേക്കു ഒരു വനിതാ സഹകരണ സംഘം ആരംഭിക്കുകയും അതിന്റെ ശാഖകൾ എല്ലാ വാർഡുകളിലും തുടങ്ങുകയും ചെയ്യുക.

2) പട്ടികജാതി - പട്ടികവർഗ്ഗക്ഷേമത്തിന് വേണ്ടി പഞ്ചായത്തിൽ ഒരു പട്ടികജാതിക്ഷേമസഹകരണസംഘം രൂപീകരിക്കുകയും അതിന്റെ ശാഖകൾ എല്ലാ വാർഡിലും തുടങ്ങുകയും ചെയ്യുക.

3) പഞ്ചായത്തിലെ വിതക്ത തൊഴിലാളികളെയും അവിതക്ത തൊഴിലാളികളെയും സംഘടിപ്പിച്ചു അവരുടെ സേവനവേതന സംരംഭത്തിനുവേണ്ടി പ്രത്യേകം പ്രത്യേകം ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ ആരംഭിക്കുകയും അവയുടെ ശാഖകൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുക.

3. ഓരോ മേഖലിയിൽ ഓരോ രീതിയിലുള്ള വിവിധസംഘങ്ങൾ പ്രവർത്തിച്ചാൽ ജനങ്ങൾക്കും ബുദ്ധിമുട്ടായിരിക്കും. അതുപോലെ സംഘങ്ങൾക്കും ബുദ്ധിമുട്ടും വൈഷമ്യങ്ങളും ഉണ്ടാവുന്നുണ്ട്. തിരുവാണിയൂർ പഞ്ചായത്തിൽ ഒരു ക്രഡിറ്റ് സഹകരണസംഘം എന്ന തത്വം കണക്കിലെടുത്തു ഈ പഞ്ചായത്തു മുഴുവൻ മാമല SCB 2795 ന് വിട്ടുകൊടുക്കുകയും ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ വടവുകോട്FSCB 615 ലും, കണയന്നൂർ SCB 115 ലും അംഗങ്ങളായ തിരുവാണിയൂർ പഞ്ചായത്തിലെ സ്ഥിരതാമസക്കാരായവരുടെ കടവും മുതലും മാമല SCB ക്കു

വിട്ടുകൊടുത്ത് ബാങ്കിന്റെ പ്രവർത്തനം സുഗമമാക്കുക.

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന തിരുവാണിയൂർ, വണ്ടിപ്പേട്ട, മാമല, മറ്റക്കുഴി, പുത്തൻകുരിശ് എന്നീ ക്ഷീരഉല്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പഞ്ചായത്തതിർത്തിയിലെ ഓരോ വാർഡിലും ഓരോ സംഘം തുടങ്ങുകയും വെട്ടിക്കൽ, വണ്ടിപ്പേട്ട, വെണ്ണിക്കുളം, കണ്യാട്ട് നിരപ്പ് ആത്താണിക്കൽ, പഴുക്കാമാറ്റം, മേപ്പാടം, വെൺമണി എന്നീവിഭാഗങ്ങിൽ കളക്ഷൻ സെക്കറും, കാലിത്തീറ്റ വിതരണകേന്ദ്രവും തുടങ്ങുക.

അതാതു പ്രദേശത്തെ കൃഷിക്കാരനും വ്യവസായിക്കും തൊഴിലാളിക്കും ഉപയോഗപ്രദമായ വായപാപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

ക്രഡിറ്റ് സംഘം

മാമല SCB
2729

ആകെ അംഗങ്ങൾ	6520
ഷെയർ വില	10/-
ബാങ്ക് വിതരണം വായ്പ	
St loan	4933327/-
MT loan	1221801/-
Ordinary loan	5429131/-
നിക്ഷേപങ്ങൾ സ്ഥിരം	20276063/-
ഹൃസ്വകാലം	4971520/-

പഞ്ചായത്തിലെ മറ്റ് സംഘങ്ങൾ

വികോസ് - സഹകരണസംഘം മാമല
പാൽ ഉല്പാദക സംഘം തിരുവാണിയൂർ
പാൽ ഉല്പാദക സംഘം മാമല
പാൽ ഉല്പാദകസംഘം മറ്റക്കുഴി
പാൽ ഉല്പാദകസമിതി വണ്ടിപ്പേട്ട
പാൽ ഉല്പാദകസമിതി പുത്തൻ കുരിശ്

തിരുവാണിയൂർ APCOS

1996 ഒക്ടോബർ മാസത്തിൽ ആകെ സംഭരിച്ച പാൽ = 15902 ലിറ്റർ

പ്രാദേശിക വിലപ്ന = 4566.1 ലിറ്റർ
ഡയറിയിൽ കൊടുത്തത് = 11335.9 ലിറ്റർ
ഒരു ദിവസത്തെ ശരാശരി അളവ് = 513 ലിറ്റർ
ആകെ അംഗങ്ങൾ = 574
പാൽ അളക്കുന്ന അംഗങ്ങൾ = 120
ഒരു മാസത്തെ വ്യാപാരലാഭം = 10,000/- രൂപ
ഒരു മാസത്തെ ചിലവുകൾ = 7,000/ രൂപ
ആദ്യായം = 3,000/-

മാമല ക്ഷീര സഹഃസംഘം (ആപ്കോസ് ഉൾപ്പടെ)

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിറ്റർ	പുറത്തേക്ക് അയയ്ക്കുന്നത് ലിറ്റർ
4050 ലിറ്റർ (1 മാസം)	85 ലിറ്റർ (1 ദിവസം)	50 ലിറ്റർ (1 ദിവസം)

മറ്റക്കുഴി APCOS

4608 ലിറ്റർ (1 മാസം)	450 ലിറ്റർ (1 മാസം)	4158 (1 മാസം)

മറ്റക്കുഴി ക്ഷീരോല്പാദക സഹഃസംഘം
അംഗങ്ങൾ - 301
തിരുവാണിയൂർ അപ്കോസ്

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I.	1)	സ്ഥാപനത്തിന്റെ പേര്	2799 ാ - ാം നമ്പർ മാമല സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം
	2)	പ്രവർത്തനപരിധി	തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 8 കരകൾ
	3)	ക്രഡിറ്റ്	ക്രഡിറ്റ്
	4)	പ്രവർത്തനം ആരംഭിച്ച വർഷം	31- 9 - 1123
	5)	ആകെ അംഗങ്ങൾ	6520
	6)	ഒരു ഓഹരിയുടെ വില	10/- 100/-
	7)	അംഗീകൃത ഓഹരിമൂലധനം	2100000/-
	8)	പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം	1805820-
	9)	സർക്കാർ ഓഹരിയുണ്ടോ	ഉണ്ട്
	10)	ഉണ്ടെങ്കിൽ ലഭിച്ച തുക	1,000,00/-
	11)	പരമാവധി കടം എടുക്കാവുന്ന തുക	5,49,20,267/-

II. പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

1)	സ്ഥിരം	20276063
2)	ഹ്രസ്വകാലം	4971520

III. നൽകിയിട്ടുള്ള വായ്പകൾ

a) കാ ർഷിക വായ്പകൾ

	ഇനം	തുക
1)		
2)	ഹ്രസ്വകാല വായ്പ	4933327
3)	മദ്ധ്യകാല വായ്പ	1221801
4)	സാധാരണ വായ്പകൾ	5429131

b) മറ്റു വായ്പകൾ

	ഇനം	തുക
1)	IRDP House Loan	7027596.95

c) പ്രത്യേക വായ്പകൾ

	ഇനം	തുക
1)	Secured Loan	636768.40

IV. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിച്ചുകിട്ടാനുള്ളവ

വായ്പാസ്വഭാവം		തുക
1.	ഹ്രസ്വകാലം	360215.00
2.	മദ്ധ്യകാലം	212318.00
3)	സാധാരണ വായ്പകൾ	1575630.00
4)	ഐ. ആർ. ഡി. പി.	561238.00
5)	മറ്റുള്ളവ	380327.00
		3089728.00

V സ്ഥാപനത്തിന്റെ ചിലവുകൾ

1.	Establishments Charges	464069.16
2.	Contingennies	236993.65

VI വായ്പാ സഹഃസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. വളം, കീടനാശിനി എന്നിവയുടെ വിൽപ്പന, ഓണക്കാലങ്ങളിൽ പച്ചക്കറിയും, കൺസ്യൂമറും വിൽപ്പന നടത്തുന്നു.
2. 24,000 രൂപ വീതം സലയുള്ള 9 ചിട്ടികൾ നടത്തുന്നു. അംഗങ്ങൾക്കാവശ്യമായ കാർഷികവും കാർഷികേതരവുമായ വായ്പകൾ വിതരണം ചെയ്യുന്നു.



പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിന്റെ 27 ഹരിജൻ കോളനികളിലായി 475 കുടുംബങ്ങൾ താമസിക്കുന്നു. കോളനികളിൽപ്പെടാതെ അവിടവിടെ ഒറ്റതിരിഞ്ഞു താമസിക്കുന്നവരുമുണ്ട്. നൂറ്റാണ്ടുകളായി ഭൂപ്രഭുക്കന്മാരുടെയും നാടുവാഴികളുടെയും അടിമകളായി പീഡനങ്ങൾ സഹിച്ച് കൂലിവേല ചെയ്ത് അന്നന്നത്തെ ഉപജീവനം കഴിച്ചു ജീവിച്ചവരാണ്. തലച്ചുമടുമായി പോകുന്നവർക്ക് ചുമടുകൾ ഇറക്കിവെച്ചു വിശ്രമിക്കുന്നതിനായി റോഡരുകിൽ സ്ഥാപിച്ചിരുന്ന കരിങ്കൽ ആഞ്ഞാണികളിൽ (ചുമടുതാങ്ങി) അതു സ്ഥാപിച്ച നാട്ടു പ്രമാണിമാരുടെ പേരും വീട്ടുപേരും ആണ്ടും തീയതിയും കൊത്തിവെക്കുന്നതു പോലെ ഓരോ അടിമയുടെയും കൈത്തണ്ടയിൽ ഇന്നയാളുടെ വക എന്ന് പച്ചകുത്തിയിരിക്കും. ഇത് എന്റേതാണെന്ന് ചൂണ്ടിക്കാണിച്ചു പറയാൻ ഈ ലോകത്ത് അവർക്കും ഒന്നും ഇല്ലായിരുന്നു. വേലക്കനുസരിച്ച കൂലിയൊ വിശപ്പു മാറാനുള്ള ആഹാരമൊ നിഷേധിച്ചിരുന്ന കാലഘട്ടങ്ങളായിരുന്നു. നേരം വെളുത്താൽ ഇരുളുന്നതുവരെ പണിയെടുത്താൽ വിശപ്പുമാറി ഒരു നേരം കഞ്ഞികുടിക്കാനുള്ള നെല്ലുപോലും കൂലികൊടുത്തിരുന്നില്ല. കാട്ടുകിഴങ്ങുകളും പച്ചിലവർഗ്ഗത്തിൽ മുരിങ്ങയില, തകരയില, മത്തയില, പയറിന്റെ ഇല, പാണ്ടാങ്ങ ഇല മുതലായവ വേവിച്ചു തിന്നാണ് വിശപ്പുമാറ്റിയിരുന്നത്. എന്തു ചെയ്താലും സഹിച്ചും ക്ഷമിച്ചും അനുഭവിച്ചും പ്രതികരണശേഷിയില്ലാതെ ജീവിച്ചുപോന്നു. എന്നാൽ കിഴങ്ങുവർഗ്ഗങ്ങളിലും പച്ചിലകളിലും പോഷകമൂല്യമുള്ള ആഹാരപദാർത്ഥമായിരുന്നതു കൊണ്ട് അരോഗദൃഢഗാത്രരായി ജീവിച്ചുപോന്നു എന്നുള്ള കാര്യം മറക്കാനാവാത്ത സത്യമാണ്. ദുർഘടമായ ഈ പ്രതിസന്ധിയിൽക്കൂടി ജീവിതത്തിന്റെ യഥാർത്ഥ്യം മറച്ചുവെച്ചുകൊണ്ട് ജീവിതം തള്ളിനീക്കിപ്പോന്നു.

ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുവാൻ അവരെ അനുവദിച്ചില്ല. ആരും സഹായിച്ചില്ല, സമത്വ സിദ്ധാന്തത്തിൽ ആ ഭാഗം പറഞ്ഞിട്ടില്ലല്ലോ? ജന്മിനാടുവാഴികളുടെ അടിച്ചമർത്തപ്പെട്ട അധികാര നുകത്തിന്റെ അടിയിൽ കിടന്നുകൊണ്ട് ജീവിതം പൊറുതിമുട്ടി മരിച്ചു ജീവിച്ചുപോന്ന ഇവരുടെ ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കാം. മാതാപിതാക്കളെ നാട്ടിൽ നടപ്പുള്ള ആചാരമനുസരിച്ചുള്ള പദങ്ങൾ ഉപയോഗിച്ച് അച്ഛൻ എന്നോ അമ്മ എന്നോ വിളിക്കാൻ അന്നത്തെ വ്യവസ്ഥതി അനുവദിച്ചിരുന്നില്ല. ഒരു പക്ഷെ ഈ നൂറ്റാണ്ടിലെ യുവതലമുറയ്ക്ക് അത്ഭുതം തോന്നിയേക്കാം. എന്നിരുന്നാലും 60 വയസ്സിനുമേൽ പ്രായമു

ള്ളവർക്ക് ഈ നഗ്നസത്യം ഏറെക്കുറെ ബോദ്ധ്യമായേക്കും. പിതാവിനെ അച്ചനെന്നോ, അപ്പനെന്നോ ഉള്ള പദപ്രയോഗത്തിൽ വിളിക്കാൻ അനുവാദമില്ലായിരുന്നു. പിതാവിനെ അമ്മൻ എന്നേ വിളിക്കാൻ പാടുള്ളു. അമ്മയെ മുണ്ണി എന്നും, പിതാവിന്റെ അനുജനെ, കൊച്ചാപ്പനെന്നോ, ഇളയച്ചനെന്നോ, കൊച്ചച്ചനെന്നോ വിളിക്കാൻ പാടില്ല. അതിന് ഉപയോഗിക്കുന്ന പദം - പാപ്പാൻ. സാക്ഷാൽ പാപ്പാൻ എന്നു പറയുന്നത് ആനക്കാരനല്ലേ! ഇങ്ങനെ നിഘണ്ടുവിൽപോലും തപ്പിയാൽ കിട്ടാത്ത പദപ്രയോഗങ്ങളെ ഉപയോഗിക്കാവു. ഇനി ഓരോരുത്തരുടെയും പേരിന്റെ വശത്തേക്ക് കടക്കാം. ഒലഖൻ, വള്ളോൻ, കബെൻ, കുറുമ്പൻ, കോണൽ, മയറോണി, കോരൻ, കണ്ടൻകോരൻ, വളവൻ, പൈങ്കൽ, പൈങ്കിളി, വെള്ളക്കിളി, ചെറുകിളി, ചൊക്കിളി, ചോതി, തേവൻ, എനാദി, മൈലൻ, പുള്ളിയാൻ എന്നിങ്ങനെ പുരുഷന്മാർക്കും കുറുബ, കാളൂറുബ, കോതാബൻ, തിരുമ, അടിമക്കാളി, കുഞ്ഞാളി, തേനങ്കിളി, ചെറുകോടി, തുളുവ, കൊച്ചിയതളരി, ചിരുത എന്നിങ്ങനെ സ്ത്രീകൾക്കും. കുട്ടികളെ ചെറുക്കൻ, പെണ്ണ് എന്നു വിളിക്കാൻ പാടില്ല. ആൺകുട്ടികളെ മൊളേൻ എന്നും പെൺകുട്ടികളെ മറുതാ എന്നുമാണ് വിളിച്ചിരുന്നത്. ഇനി താമസിക്കുന്ന വീടിന് മാടം എന്നേ പറയാവു. സ്ത്രീകൾക്ക് മാറുമറയ്ക്കുവാൻ പാടില്ല. മുണ്ടുടുത്താൽ മുട്ടിനു താഴെ മാത്രം ഇറക്കം പാടുള്ളു. മേൽജാതിക്കാരെ തമ്പുരാൻ, തമ്പുരാട്ടി എന്നാണ് വിളിച്ചിരുന്നത്. തീണ്ടലും തൊടീലും നിലനിന്നകാലമായിരുന്നതിനാൽ മേൽജാതിക്കാരെ കണ്ടാൽ തീണ്ടാതെ ഓടിമാറണം. പള്ളിക്കൂടങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്നു. പുറം ലോകവുമായി യാതൊരു ബന്ധവും പാടില്ല. സമൂഹത്തിൽ ചുരുക്കം ചിലയാളുകളുടെ ആശ്രിത വാത്സല്യമല്ലാതെ തുറന്ന മനസ്സോടെ സ്നേഹം എന്താണെന്ന് ആ കാലത്ത് ഇവർ അറിഞ്ഞിട്ടില്ല.

ഒരു ഹരിജനെ മാസത്തിലൊരിക്കലെങ്കിലും ജന്മിക്കു തല്ലണം. അതിനവകാശമുണ്ട്. ഹരിജനങ്ങളെ പ്രത്യേകിച്ചു പുലയരെ നാട്ടുപ്രമാണിമാർ വിനോദത്തിന് വേണ്ടി തല്ലുന്നത് കണ്ട് മനംനൊന്ത് തെക്കൻ തിരുവിതാംകൂറിൽ ഒരു നാട്ടുപ്രമാണിയുടെ മകനും പ്രസിദ്ധ നാടകകൃത്തും എം.എൽ.എ.യും ആയിരുന്ന യശ്ശ:ശരീരനായ ശ്രീ. തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകൾ എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ അച്ചൻ അവരുടെ പുലയനെ തല്ലുന്നത് വിവരിച്ചിട്ടുണ്ട്.

കറുത്തിരുണ്ട അനവധി നൂറ്റാണ്ടുകൾ പിന്നിട്ടു. 1863 ആഗസ്റ്റുമാസം 28-ാം തീയതി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെങ്ങാനൂർ ഗ്രാമത്തിൽ പെരുങ്കാറ്റുവിള വീട്ടിൽ അയ്യപ്പന്റെയും ഭാര്യ മാലയുടെയും ഏഴു മക്കളിൽ ഒരാളായി ശ്രീ. അയ്യങ്കാളി ജനിച്ചു. ഹരിജനങ്ങളുടെ വെള്ളിനക്ഷത്രമായിരുന്നു.

അധ:കൃത വർഗ്ഗങ്ങൾ മേൽ ജാതിക്കാരിൽ നിന്നും തലമുറകളായി ഏറ്റുവാങ്ങിക്കൊണ്ടിരുന്ന പീഡനങ്ങൾക്കെതിരേ ഏകാംഗസൈന്യമായി നിരന്തരം പൊരുതി അവർണരുടെ അനിഷേധ്യനേതാവായി മാറുകയായിരുന്നു ശ്രീ. അയ്യങ്കാളി. അയ്യങ്കാളിയുടെ ആദ്യസമരം വഴിനടപ്പു സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു. ഈ സമരത്തിൽ പൊതുനിരത്തിൽ എവിടെയും നടക്കാമെന്ന് മഹാരാജാവിൽനിന്നും വിളംബരം പുറപ്പെടുവിച്ചു.

ശ്രീമൂലം പ്രജാസഭയിലേക്ക് 1910-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ടു. 28 വർഷം അദ്ദേഹം തുടർച്ചയായി എം.എൽ.സിയായിരുന്നു. ഹരിജന ബാലന്മാർക്ക് വിദ്യാലയ പ്രവേശനം, ഉച്ചഭക്ഷണം എന്നിവക്കു വേണ്ടി വാദിച്ച് അവ നേടിയെടുത്തു. അയ്യങ്കാളിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അധസ്ഥിത സ്ത്രീകൾ ധരിച്ചിരുന്ന കല്ലുമാല പൊട്ടിച്ചെറിഞ്ഞ് മാറുമറയ്ക്കാൻ വേണ്ടി നടത്തിയ പ്രക്ഷോഭം കേരള ചരിത്രത്തിന്റെ ഭാഗമാണ്.

1937-ൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധി തിരുവിതാംകൂറിൽ വന്നപ്പോൾ വെങ്ങാന്നൂരിലുള്ള വസതിയിൽച്ചെന്ന് അയ്യങ്കാളിയെ സന്ദർശിച്ചു. എന്നാണു താങ്കളുടെ ആഗ്രഹം എന്നായിരുന്നു ഗാന്ധിജിയുടെ ചോദ്യം.

എന്റെ ആളുകളുടെ ഇടയിൽനിന്നും പത്തു ബി.എ.ക്കാരെ കണ്ടിട്ടുവേണം എനിക്കു മരിക്കാൻ എന്നായിരുന്നു അയ്യങ്കാളിയുടെ മറുപടി.

കർമമധീരനായ അയ്യങ്കാളി നടത്തിയിട്ടുള്ള ധീരോദത്തമായ സമരങ്ങളുടെ കഥകളൊന്നും തന്നെ വിസ്മരിക്കാവുന്നതല്ല. നൂറ്റാണ്ടുകളോളം പഴക്കമുള്ള അടിമത്വവും, അതു മൂലമുണ്ടായിട്ടുള്ള നൂറുക്കണക്കിനു അസമത്വങ്ങളും, ഹരിജനങ്ങളുടെ ചുമലിൽ നിന്നും ഇറക്കിവെക്കുവാൻ കേരളത്തിൽ ആദ്യമായി സമരാഹ്വാനം നടത്തിയതും സമൂഹത്തിന് ധീരമായ നേതൃത്വം കൊടുത്തതും അദ്ദേഹമായരുന്നു. ഹരിജനങ്ങളുടെ സാമൂഹ്യരംഗത്ത് മനുഷ്യാവകാശങ്ങളുടെ നേരിയ വെളിച്ചം കടത്തി വിടാനും ഹരിജൻ വിഭാഗങ്ങളെ അവകാശബോധമുള്ളരാക്കിത്തീർക്കുവാനും അയ്യങ്കാളി വിലപ്പെട്ട സേവനങ്ങളാണ് നിർവ്വഹിച്ചു പോന്നിട്ടു

ള്ളതെന്ന സത്യം ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ഇതിൻെറയൊക്കെ ഫലമായി രംഗം സജീവമായി. ഹരിജനങ്ങൾ ഉണർന്നു. അടിമത്വത്തിൻെറ കണ്ണികൾ ഓരോന്നായി പൊട്ടിത്തുടങ്ങി - അസമത്വങ്ങൾ അവസാനിപ്പിച്ചേ അടങ്ങൂ എന്ന ധീരമായ ഒരു നിലപാടെടുക്കുവാൻ ഹരിജനങ്ങൾ തയ്യാറായി.

അധികാരിവർഗ്ഗം കണ്ണുതുറന്നു. തടഞ്ഞുവെക്കാനാകാത്ത വണ്ണമുള്ള ഒരു സംഘടിത മുന്നേറ്റമാണ് ഹരിജനങ്ങളുടെ ഇടയിൽ നിന്നും ഉണ്ടാകുന്നതെന്ന് അധികാരികൾക്കു ബോധ്യമായി. ഹരിജനങ്ങളോടു കാണിച്ചുവരുന്ന അനീതി ഇനിയും തുടരുന്നത് രാജ്യത്തിൻെറ പൊതു നന്മയ്ക്കും പുരോഗതിയ്ക്കും നല്ലതല്ലെന്ന് പൂർണ്ണമായും ബോദ്ധ്യപ്പെട്ടതോടുകൂടി വിപ്ലവകരമായ പലമാറ്റങ്ങളും വരുത്തിക്കൂട്ടുവാൻ അധികാരിവർഗ്ഗം തീരുമാനമെടുത്തു.

തത്ഫലമായി വിദ്യാലയങ്ങളും അതേത്തുടർന്ന് ക്ഷേത്രങ്ങളും ആയിത്തജാതിക്കാർക്ക് തുറന്നുകൊടുക്കുവാനുള്ള രാജകീയ വിളംബരങ്ങൾ പുറത്തുവന്നു. മഹത്തായ ഈ സാമൂഹ്യവിപ്ലവങ്ങൾക്ക് കളമൊരുക്കിക്കൊടുത്ത നിർണ്ണായക ഘടകങ്ങൾ ഒട്ടേറെ ഉണ്ടെങ്കിൽപ്പോലും ഇക്കാര്യത്തിൽ ഹരിജനങ്ങളുടെ പങ്ക് അത്ര നിസ്സാരമായി കണക്കാക്കാവുന്നതല്ല. ക്രമാനുഗതമായ ഈ മാറ്റങ്ങളുടെ ഒരു ഭാഗമെന്നോണം ഹരിജനോദ്ധാരണം ഗവൺമെൻറിൻെറ ഒരംഗീകൃത പരിപാടിയായി പ്രഖ്യാപിക്കപ്പെട്ടുവെന്നത് ശ്രദ്ധേയമായ മറ്റൊരു സംഭവമാണ്. രാജവാഴ്ചയും ദിവാൻഭരണവും നിലവിലിരുന്ന കാലത്തുതന്നെ ഈ നടപടികൾക്കു തുടക്കമിടുകയും ചെയ്തു. ഇങ്ങനെയാണ് കേരളത്തിൽ ആദ്യമായി ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നത്.

എന്നാൽ തുടർന്നുണ്ടായ സാമൂഹ്യ പരിവർത്തനങ്ങളുടെയും രാഷ്ട്രീയ നേട്ടങ്ങളുടെയും ഫലമായി നമ്മുടെ രാജ്യത്തും രാജവാഴ്ചയും ദിവാൻ ഭരണവുമെല്ലാം എന്നന്നേക്കുമായി അവസാനിച്ചു. ഉദ്ദേശം 150-ൽപ്പരം വർഷങ്ങളോളം നീണ്ടുനിന്ന വിദേശഭരണത്തിന് വിരാമമിട്ടുകൊണ്ട് 1947-ൽ നമ്മുടെ നാട് സ്വാതന്ത്ര്യത്തിലേക്ക് ഉയർന്നുവെന്ന വസ്തുത നമുക്കേവർക്കും അറിവുള്ളതാണല്ലോ. നൂറ്റാണ്ടുകളായി പ്രാഥമിക മനുഷ്യാവകാശങ്ങൾക്കു വേണ്ടി കാത്തിരുന്ന ഹരിജൻ സമുദായങ്ങൾക്ക് ഇതിൽ കവിഞ്ഞ ഒരവസരം വന്നു ചേരാനുണ്ടോ?

1947-ൽ ഭാരതം സ്വതന്ത്രയായിയെങ്കിലും 1950-ൽ ആണ് നമ്മുടേതായ ഒരു ഭരണഘടന നിലവിൽ വന്നത്. ഭരണഘടനാ ശിൽപിയായ ഡോ. അംബേദ്ക്കർ ഹരിജനോദ്ധാരണം ഒരു ദേശീയ പരിപാടിയായി അംഗീകരിക്കുകയും ഭരണഘടനയിൽ ഈ പരിപാടികൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ ചില പരിരക്ഷകൾ വ്യവസ്ഥ ചെയ്യുകയും ചെയ്തു. പുലയരുൾപ്പെടെയുള്ള അയിത്ത ജാതിക്കാരെ ഒരു പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരെന്നും വനാന്തരങ്ങളിൽ കഴിഞ്ഞുവരുന്ന മറ്റൊരു കൂട്ടരെ പട്ടികവർഗ്ഗക്കാരെന്നുമാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. എല്ലാവിധ ചൂഷണങ്ങളിൽ നിന്നും ഈ വിഭാഗക്കാർക്ക് പ്രത്യേക സംരക്ഷണം നല്കുക, ഇവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ഉറപ്പുവരുത്തുന്നതിന് ഉത്സാഹപൂർവ്വം പ്രവർത്തിക്കുക, ഇതെല്ലാം രാഷ്ട്രത്തിൻെറ ചുമതലയാണെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഭരണഘടനയിൽ പ്രത്യേകനിർദ്ദേശങ്ങളുണ്ട്. പ്രമോഷൻ കാര്യത്തിൽപ്പോലും സംവരണ തത്വം പാലിക്കുന്നത് നിയമവിധേയമാണെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി. ഭരണഘടന അനുശാസിക്കുന്നതും നിയമം അനുവദിക്കുന്നതുമായ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തുന്നതിന് നിയമസഭയിലും മന്ത്രിസഭയിലും പട്ടികജാതി സമുദായങ്ങൾക്ക് പ്രാതിനിധ്യവും ലഭിച്ചിട്ടുണ്ട്. ഇതെല്ലാമായിട്ടും രാജവാഴ്ചയും ദിവാൻ ഭരണവും നിലവിലിരുന്ന കാലത്ത് ഹരിജന ക്ഷേമപ്രവർത്തന കാര്യത്തിൽ അംഗീകരിച്ചിരുന്ന നയപരിപാടികളിൽ നിന്നും വ്യത്യസ്ഥമായി അതായതു ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ള അടിസ്ഥാന തത്വങ്ങൾക്കും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പൊതുനയത്തിനും അനുസൃതമായ ഒരു സമീപനരീതി ഈ രംഗത്തു സ്വതന്ത്രലബ്ധിക്കു ശേഷം അംഗീകരിച്ചിട്ടുണ്ടോ? മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഹരിജനക്ഷേമപ്രവർത്തന രംഗമൊഴികെയുള്ള മറ്റെല്ലായിടങ്ങളിലും കാണാൻ കഴിയുന്ന പുരോഗതിയുമായി തട്ടിച്ചു നോക്കുമ്പോൾ അതിൻെറ നേരിയ ഒരംശമെങ്കിലും ഈ രംഗത്തുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

ഇന്നോളമുണ്ടായിട്ടുള്ള ഹരിജന ക്ഷേമപ്രവർത്തനങ്ങൾ നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ കടുത്ത നിരാശയാണ് അനുഭവപ്പെടുന്നത്. ബഡ്ജറ്റിൽ തുക കൂട്ടിയിട്ടുണ്ട്. കുറച്ചാളുകൾ സർക്കാർ സർവ്വീസിലും പ്രവേശിച്ചിട്ടുണ്ട്. വായ്പകളും സബ്സിഡിയും ഭവനനിർമ്മാണവും മുറപോലെ നടക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ വേണ്ടെന്നു വെക്കാൻ നിവൃത്തിയില്ലാത്തതു

കൊണ്ടു മാത്രം നടത്തിവരുന്ന ചില വഴിപാടുകളാണെന്നു തോന്നിപ്പോകുന്നു. അതുപോലെ നിറുത്തിവെക്കാൻ സാദ്ധ്യമല്ലാത്തതു കൊണ്ടുമാത്രം മനസ്സില്ലാമനസ്സോടെ തുടർന്നു പോവുകയാണ് ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ. ഒരു വഴിപാടെന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നും ഇക്കാര്യത്തിനില്ലെന്ന സത്യം ഇനിയും ഒളിച്ചുവെച്ചിട്ടു കാര്യമില്ല. കഴിഞ്ഞകാല ഹരിജനോദ്ധാരണ പ്രവർത്തനരംഗത്തെ വസ്തുനിഷ്ഠമായ പഠനം ഈ കാര്യം ഉറക്കെപ്പറയുവാൻ ഏതൊരാളെയും പ്രേരിപ്പിക്കുമെന്നതിൽ സംശയമില്ല. ഇതെല്ലാം ഹതഭാഗ്യരായ ഈ വിഭാഗക്കാർ എത്രയോ നൂറ്റാണ്ടുകാലം ക്ഷമാപൂർവം സഹിച്ചുവരികയാണെന്നുള്ള വിവരം അധികാരികൾക്ക് ഇന്നോളം അറിവില്ലെന്നാണോ?

ഉന്നതബിരുദധാരികൾ വരെ തൊഴിലില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നു. കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതും അടിയന്തിരമായും പരിഹാരം കണ്ടെത്തേണ്ടതുമായ ഒരു പ്രശ്നമാണെന്ന് എടുത്തു പറയേണ്ടതായിട്ടുണ്ട്. സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിദ്ധ്യം ലഭിക്കാത്തവരാണല്ലോ കേരളത്തിലെ ഹരിജനങ്ങൾ സ്വന്തമായി മൂലധനം മുടക്കി വ്യവസായ സ്ഥാപനങ്ങൾ നടത്തുവാനോ മറ്റേതെങ്കിലും മണ്ഡലത്തിൽ പ്രവേശിച്ച് ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനോ ഈ വിഭാഗക്കാർക്കു സാദ്ധ്യമല്ല. ഇതിനാവശ്യമായ സാമൂഹ്യബന്ധങ്ങളും ആണ്മി ബാദ്ധ്യതകളും തലമുറകളായി നഷ്ടപ്പെട്ടിട്ടുള്ള ഹരിജനങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള വിഹിതം കൃത്യമായും അവർക്കു കൊടുക്കുക തന്നെ വേണം എന്നുള്ള വ്യക്തമായ തീരുമാനം നിലവിൽ ഉണ്ടായിരുന്നെങ്കിൽ സർക്കാർ സർവ്വീസിൽ ഇന്നുവ്ള പ്രാതിനിധ്യക്കുറവ് ഉണ്ടാകുമായിരുന്നില്ല. ഗുരുതരമായ ക്രമക്കേടുകളും അങ്ങേയറ്റത്തെ അവഗണനയും തുടർന്നുപോകുന്നതുകൊണ്ട് ഹരിജൻ സമുദായങ്ങൾക്ക് ലഭിക്കേണ്ട ന്യായവിഹിതം ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഹരിജൻ സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിലുള്ള ഗണ്യമായ പ്രാതിനിധ്യക്കുറവിനെക്കുറിച്ച് ഒരു കാലത്തു പറഞ്ഞിരുന്നത് നിർദ്ദിഷ്ട യോഗ്യതകളുള്ള ഹരിജനങ്ങളുടെ അഭാവമാണെന്നായിരുന്നു. എന്നാൽ ഇന്ന് ആസ്ഥിതികളൊക്കെ മാറിയിട്ടുണ്ട്. എം.എ. ബിരുദധാരികളായ ഹരിജനങ്ങൾ ഇന്ന് തൊഴിൽ ഇല്ലാതെ അലയുകയാണ്. പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി എടുത്തിട്ടുള്ള പലരും നിസ്സാരമായ ജോലികളിൽ പ്രവേശിച്ച് അങ്ങനെതന്നെ കഴിഞ്ഞുവരുന്നു. എസ്.എസ്.എൽ.സി വരെ പഠിച്ചിട്ടുള്ളവരും പാസ്സായവരുമായ ഒട്ടനവധി യുവാക്കൾ യാതൊരു തൊഴിലിനും ബാനർ കെട്ടാനും ചുവരെഴുതാനും വഴിയിൽകിടന്ന് പോലീസിന്റെ മർദ്ദനമേറ്റ് രോഗികളായിത്തീരുകയും കുടുംബത്തിന് ഭാരമായിത്തീരുന്നു. രാഷ്ട്രീയ സാമൂഹ്യരംഗത്ത് മികച്ച സംഘാടകനും വാഗ്മിയും ആയിട്ടുള്ളവർക്കുപോലും ഔദ്യോഗിക സ്ഥാനങ്ങളിൽ ഒരവസരം കൊടുക്കാറില്ല. അവിടെയും ഹരിജൻ എന്ന ഓമനപ്പേരിൽ ഭൃഷ്ട് കല്പിക്കുകയാണ്.

മെഡിക്കൽ എൻജനീയറിംഗ് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന കാര്യത്തിൽ പട്ടികജാതിക്കാർക്ക് സംഖ്യാനുപാതികമായ പ്രാതിനിധ്യം ഇന്നും കിട്ടിയിട്ടില്ല.

ജാതിയുടെ പേരിൽ

ക്ഷേത്രങ്ങൾ, ഹോട്ടലുകൾ, ബാർബർ ഷാപ്പുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കുടിയിറക്കിവിട്ട ജാതി പ്പിശാച് ഇന്ന് അഭയം തേടിയിരിക്കുന്നത് സർക്കാർ ആഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമാണ്. ജാതീയമായ ഭത്സനങ്ങളും അപഹാസ്യമായ പെരുമാറ്റങ്ങളും ഇന്നും കൂടുതലായി അനുഭവപ്പെടുന്നത് ഈ കേന്ദ്രങ്ങളിൽ നിന്നാണെന്ന് തീർത്തുപറയാൻ കഴിയും. നമ്മുടെ നാട്ടിൽ പുരോഗതി ഏറിവരുംതോറും ഈ ജാതിയുടെ വേരുകൾ ആഴത്തിലും പരപ്പിലും അതിവേഗം ഓടിയിറങ്ങിക്കൊണ്ടിരിക്കുകയാണെന്നും രാഷ്ട്രത്തിന്റെ വൈകാരിക ഐക്യത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് പരിഷ്കൃത രൂപത്തിൽ ഇന്ന് അത് സമർത്ഥമായി കൈകാര്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് അറിയാത്ത ഒരു വർഗ്ഗമുണ്ടെങ്കിൽ അവർ പട്ടികജാതിക്കാർ മാത്രമാണ്. നിയമനം, സ്ഥലംമാറ്റം പ്രമോഷൻ എന്നീ കാര്യങ്ങളിൽ ഹരിജനങ്ങളെ ബോധപൂർവ്വം അവഗണിക്കുന്നുണ്ട്. ദേവസ്വം ബോർഡ്, സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം ഹരിജൻ സമുദായങ്ങളെ അവഗണിച്ചിരിക്കുന്നു.

കേരളത്തിലെ ഹരിജൻ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവായും അവരിൽ ഭൂരിപക്ഷം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തെക്കുറിച്ച് പ്രത്യേകിച്ചും ഏറ്റവും അനുർത്ഥമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണത്. ഒരു കാലത്ത് ഇവർ കേരളത്തിലെ ഭൂവുടമകളും ഭരണാധികാരികളും അത്യുന്നതമായ ഒരു സംസ്കാരത്തിന്റെ അതിനായന്മാരുമായിരുന്നവത്രെ. അവഗണിക്കപ്പെട്ട ആ ചരിത്ര പശ്ചാത്തലത്തിൽ

ആവശ്യമായ വെളിച്ചം ഇനിയും കടത്തിവിടേണ്ടതായിട്ടാണിരിക്കുന്നത്. എന്നിരിക്കിലും അടിമകളും അയിത്ത ജാതിക്കാരുമായിത്തീരുന്നതിനു മുമ്പ് കേരളത്തിലെ ആദിമനിവാസികളായിരുന്ന പട്ടികജാതിവർഗ്ഗങ്ങൾക്ക് ഒരു സുവർണ്ണകാലഘട്ടം ഉണ്ടായിരുന്നുവെന്നത് തർക്കമറ്റ ഒരു ചരിത്രസത്യമാണ്. ചരിത്രത്തിന്റെ ഇടനാഴികളിൽക്കൂടി ബഹുദൂരം പിന്നോട്ടുപോയാൽ കണ്ടെത്താൻ കഴിയുന്ന ചില നഗ്നസത്യങ്ങൾ വെച്ചു പരിശോധിച്ചാൽ മാത്രമെ ഇന്നും പുലയരുൾപ്പെടെയുള്ള കേരളത്തിലെ ആദിമനിവാസികൾക്കു വന്നുചേർന്നിട്ടുള്ള അധ:പതനത്തിന്റെ പൂർണ്ണരൂപം ബോദ്ധ്യപ്പെടുകയുള്ളൂ. എല്ലാ മനുഷ്യാവകാശങ്ങളും നിഷേധിച്ചു അജ്ഞതയിലും അന്ധതയിലും അകപ്പെടുത്തിയും എത്രയും നൂറ്റാണ്ടുകാലം ഈ ജനതയെ വെറും അടിമകളാക്കി വെച്ചുകൊണ്ടിരുന്നു എന്നുള്ളതിനും അനവധി ചരിത്രങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. വസ്തുതകൾ ഇതൊക്കെയാണെങ്കിലും കറുത്തിരുണ്ട് അനവധി നൂറ്റാണ്ടുകൾ പിന്നിട്ടു ഇവർ ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിരിക്കുകയാണല്ലോ.

പബ്ലിക്കു റോഡുകളിലും ചന്തകളിലും പൊതുമൈതാനങ്ങളിൽപ്പോലും ഹരിജനങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. കാലങ്ങളിൽ കായലിൽ കേവുവള്ളങ്ങൾ നിരത്തി കൂട്ടിക്കെട്ടി സമുദായസംഘടനകളുടെ പൊതുസമ്മേളനങ്ങൾ നടത്തിയ ചരിത്രസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ മൗലിക ആവശ്യങ്ങൾ അവഗണിക്കപ്പെട്ടും നിർവീര്യമാക്കിയും രൂപഭേദം വരുത്തിയും അധ:കൃത സമുദായങ്ങൾ പ്രതീക്ഷയിൽ കവിഞ്ഞ തോതിൽ ഉയർന്നിരിക്കുവെന്ന് എടുത്തു കാണിക്കുവാൻ ചില തല്പര കക്ഷികൾ നടത്തുന്ന ബോധപൂർവ്വമായ പ്രചരണങ്ങളെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു.

ഹരിജൻ എന്ന പേരിൽ വ്യാജസർട്ടിഫിക്കറ്റുകൾ നേടിയെടുത്ത് സർക്കാർ സർവ്വീസുകളിൽ പുറംവാതിലുകളിൽക്കൂടി കുടിയേറ്റം നടത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ കിർത്താഡ്സ് എന്ന സംഘടന നീതിപൂർവമായി അന്വേഷിച്ചു റിപ്പോർട്ടു ചെയ്തതിന്റെ കണക്കുകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ പേരിൽ കർശന നടപടികൾ സ്വീകരിച്ച് സർക്കാർ സർവ്വീസിൽ നിന്നും പിരിച്ചു വിടേണ്ടതാണ്.

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന ജനവിഭാഗം കേരളത്തിലെ ഹരിജനങ്ങളാണ്. സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്നതും ഹരിജനങ്ങൾ തന്നെ. ജോലി ചെയ്യുവാൻ യാതൊരു മടിയും ഒരിക്കലും കാണിച്ചിട്ടില്ലാത്ത ഈ ജനവിഭാഗം 90 ശതമാനവും ഇന്നു നിത്യദാരിദ്ര്യത്തിലാണ്. സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ഇന്നു പട്ടിണിക്കു പരിഹാരം കണ്ടെത്തുന്ന കാര്യത്തിലാണല്ലോ.

പുതിയ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനു വേണ്ടി ഇതിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ അംഗീകരിച്ച് അനുവദിച്ചു തരുമെന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടി വിസന സമിതി മുമ്പാകെ ഈ റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു.

I.R.D.P. സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

വാർഡു നമ്പർ	ആകെ കുടുംബങ്ങൾ	എസ്.സി/ എസ്.ടി	സാമ്പത്തിക സഹായം ലഭിച്ചവ	SEST	ദാരിദ്ര്യരേഖക്കു മുകളിൽ	ദാരിദ്ര്യരേഖക്കു താഴെ
1	185	9	64	30	37	229
2	147	4	58	22	49	185
3	143	13	80	48	38	213
4	156	4	52	18	39	193
5	136	14	96	50	49	202
6	180	4	92	48	52	252
7	166	5	84	34	54	201
8	187	3	82	27	60	239
9	170	8	40	15	30	190
10	191	13	78	40	48	208

കോളനികളുടെ വൈദ്യുതിയുടെ വിവരങ്ങൾ

പഞ്ചായത്തിൽ മൊത്തം 27 ഹരിജൻ കോളനികൾ നിലവിൽ ഉണ്ട്. ഇവയിൽ 475 കുടുംബങ്ങൾ താമസമുണ്ട്. ഒന്നിൽപ്പോലും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല. 5 കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതീകരിച്ച വീടുകൾക്ക് ഗുണനിലവാരം കുറഞ്ഞ ഇലക്ട്രിക്കൽ സാധനസാമഗ്രികൾ കൊണ്ട് നിർമ്മിച്ചിരിക്കുന്നതിനാൽ മതിയായ സുരക്ഷിതം ഉണ്ടോയെന്നു ഉറപ്പുപറയാൻ സാധിക്കുന്നില്ല.

ഹരിജൻ കോളനി നിവാസികളുടെ ആവശ്യം

1. പഞ്ചായത്തുതലത്തിൽ ഹരിജനങ്ങളെ സംബന്ധിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളും, നിർദ്ദേശങ്ങളും സമയങ്ങളിൽ അറിയുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു അന്വേഷണ ബ്യൂറോ ഏർപ്പെടുത്തുക.
2. സർവ്വീസ് സഹകരണ സംഘങ്ങളിൽ ഉദ്യോഗ നിയമങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം ഉറപ്പാക്കി നടപ്പിൽ വരുത്തുക.
3. ഹരിജൻ കോളനി റോഡുകൾ ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.
4. ഹരിജൻ കോളനികളിലും സർവ്വേ നടത്തി അടിയന്തിരായി വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ എത്തിക്കുക.
5. കോളനി റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. എല്ലാ കോളനികളിലും കുടിവെള്ള ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.
7. പട്ടയം ലഭിക്കാത്ത എല്ലാവർക്കും പട്ടയം നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.
8. ഭൂരഹിതരായ ഹരിജനങ്ങൾക്ക് സർക്കാർ വക ഭൂമിപതിച്ചു നല്കി ഭവന നിർമ്മാണ വായ്പ നല്കുക.
9. കോളനി നിവാസികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് കക്കൂസും കുളിമുറിയും നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.
10. 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊതുശ്മശാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി പ്രത്യേകം തിരിച്ചു മതിൽകെട്ടി ഗയ്റ്റു വയ്ക്കുക.
11. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വാസയോഗ്യമല്ലാത്തതും ജീർണ്ണാവസ്ഥയിൽ എത്തിയതുമായ വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന് ആവശ്യമായ ധനസഹായം നല്കുക.
12. ഭവന നിർമ്മാണത്തിന്റെ പരിധി ഉയർത്തുകയും പണിപൂർത്തിയാകാത്ത വീടുകൾക്ക് പൂർത്തീകരിക്കുന്നതിനാവശ്യമായ ധനസഹായം നല്കുക.
13. സ്വയം തൊഴിൽ സംരഭങ്ങളിൽ അപേക്ഷകളിന്മേൽ ഉടനടി പരിഹാരം കാണുകയും ചട്ടങ്ങളിൽ ഭേദഗതിയും പലിശയിൽ ഇളവു വരുത്തുകയും ചെയ്യുക.
14. ഹരിജൻ സഹകരണസംഘം രൂപീകരിക്കുന്നതിന് വേണ്ട മേൽനടപടികൾ സ്വീകരിക്കുക.
15. കോളനികളിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പിൽനിന്നും നല്കുകയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
16. കൃഷിഭൂമി വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിനുള്ള പദ്ധതി കാലതാമസം കൂടാതെ നടപ്പിൽ വരുത്തുക.
17. ഹരിജനങ്ങൾക്കു ലഭിക്കേണ്ടതായ സർട്ടിഫിക്കറ്റുകൾക്ക് കാലതാമസം വരുത്താതെ ഉടനടി നൽകുകയും, ജാതിസർട്ടിഫിക്കറ്റും മറ്റും വില്ലേജ് ഓഫീസ് തലത്തിലാക്കുകയും ചെയ്യുക.
18. നിലിവിലുള്ള വിവിധ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും പെൻഷനുകൾ പഞ്ചായത്തു തലത്തിൽ നടപ്പിൽ വരുത്തുന്നതിനും നടപടി സ്വീകരിക്കുക.
19. വനിതകളുടെ ചെറുകിട വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ എല്ലാ വാർഡിലും ആരംഭിക്കുക.
20. കൈത്തൊഴിൽ പ്രോത്സാഹിപ്പിക്കുക, നിർമ്മാണം, സംഭരണം, വിതരണം എന്നിവ സഹകരണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക.

തിരുവാണിയൂർ പഞ്ചായത്ത്

ഹരിജൻ കോളനികളുടെ ലിസ്റ്റ്

	ഹരിജൻ കോളനികൾ	വാർഡ്	കുടുംബങ്ങളുടെ എണ്ണം	കക്കൂസുകൾ വേണ്ടവരുടെ എണ്ണം	വൈദ്യുതീകരിച്ച കുടുംബങ്ങളുടെ എണ്ണം
1	തോട്ടുങ്ങമല	III	50	15	15
2	പുരാനക്കുഴി	I	15	6	5
3	തിരുമല	III	23	10	12
4	കാവുമ്പറത്തുമല	II	17	7	6
5	പാലക്കുഴി	IX	17	9	--
6	മാടാലിക്കുഴി	V	23	6	7
7	പാലത്തടം	VII	17	7	3
8	തിരുവാണിയൂർ	III	14	5	8
9	മഠത്തിപ്പറമ്പ്	V	17	10	6
10	മനക്ക നിരപ്പ്	I	21	9	8
11	തൊഴുത്തുംപാട്ട്	IX	30	10	7
12	പുളി നിരപ്പ്	II	18	6	8
13	നെടിയ കണ്ടം	II	19	8	6
14	മേപ്പാടം	I	14	7	11
15	ചെറുകുന്ന്	X	23	8	11
16	പാലാപ്പടി	X	17	9	9
17	കണ്യാറ്റുനിരപ്പ്	IV	16	5	9
18	വാണി നിരപ്പ്	IV	13	4	7
19	മുരിയമംഗലം	V	11	6	6
20	കൊച്ചുമോളത്ത്	VI	11	5	8
21	കുഞ്ഞുമോളത്ത്	VI	10	3	8
22	വെണ്മണി സെറ്റിൽമെൻറ്	VI	12	7	9
23	കക്കാട്ട് സെറ്റിൽമെൻറ്	VI	14	8	--
24	കണ്ടാരത്തു മല	V	15	6	--
25	കോണോത്തുകുഴി	VIII	12	4	6
26	വെണ്ണിക്കുളം അക്കാപ്പിള്ളി	VIII	20	8	--
27	ഊണുകല്ലു നിരപ്പ്	VIII	--	10	--

നിർദ്ദേശങ്ങൾ

1. സർക്കാർ വക ഐ.ടി.ഐ. കളിലും തതുല്യമായ മറ്റു സാങ്കേതിക സ്ഥാപനങ്ങളിലും പഠിച്ചു പാസ്സായിട്ടുള്ളവരും തൊഴിൽ ഇല്ലാതെ കഷ്ടപ്പെടുന്നവരുമായ ഹരിജനങ്ങൾക്ക് ജോലി ലഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിൽ വരുത്തുകയും ചെയ്യുക.

2. ഹരിജനക്ഷേമ വകുപ്പുകളിൽ നിന്നും തൊഴിൽ പരിശീലനം കഴിഞ്ഞു പുറത്തുനില്ക്കുന്ന തൊഴിൽ ഇല്ലാത്തവർക്ക് അതാതു തൊഴിലിൽ ഏർപ്പെടുന്നതിന് സർക്കാർ സാമ്പത്തിക സഹായം നല്കുക.

3. മെഡിക്കൽ, എൻജിനീയറിംഗ് വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് വിദേശരാജ്യങ്ങളിൽ അയക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. പെട്ടെന്നു ഉണ്ടാകുന്ന ചികിത്സ, രോഗങ്ങൾ മറ്റു അത്യാവശ്യ കാര്യങ്ങൾ എന്നിവക്ക് പലിശരഹിത വായ്പ കാലതാമസം കൂടാതെ ലഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുക.

5. ഹരിജനങ്ങളെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവുകളും വിജ്ഞാപനങ്ങളും സമയാസമയങ്ങളിൽ അറിയുന്നതിന് ഒരു അന്വേഷണ ബ്യൂറോ ഏർപ്പെടുത്തുക.

6. കോളനികളിൽ വൈദ്യുതി കിട്ടാത്ത കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുക.

7. ഹരിജനങ്ങളുടെ കൈവശത്തിലും, അധീനതയിലും അവകാശപ്പെട്ടതുമായ ഭൂമികൾ വിശ്വാസ വഞ്ചന നടത്തി ആരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ തിരികെ കൊടുക്കുന്നതിനുള്ള നിയമം നടപ്പിൽ വരുത്തുക.

8. ഭൂമി മറ്റു വിലപിടിപ്പുള്ള മുതലുകൾ മറ്റാരെങ്കിലും അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിലേക്ക് ആവശ്യമായ വ്യവഹാരങ്ങൾ നടത്തുന്നതിന് സാമ്പത്തികസഹായം നല്കുക.

9. ആരോഗ്യം, ശുചിത്വം, പരിസര മലിനീകരണം എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.

10. ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നല്കുന്നതിനുള്ള പദ്ധതി നടപ്പിൽ വരുത്തുക.

11. വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

12. കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുക. നിയമങ്ങളും ചട്ടങ്ങളും ഉദാരമാക്കുക.

13. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.



വിഭവസമാഹരണം

ഒരു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ വിഭവസമാഹരണം ഫലപ്രദമായി അറിഞ്ഞ് വിലയിരുത്തപ്പെടേണ്ടതാണ്. ഒരു അവികസിത പഞ്ചായത്താണ് തിരുവാണിയൂർ. പതിനഞ്ച് ലക്ഷം രൂപയിൽ താഴെ മാത്രം പ്രതിശീർഷ വരുമാനമുള്ള പഞ്ചായത്തിന്റെ വികസനരംഗത്തെ മുരടിപ്പിന് പ്രധാന കാരണം മറ്റൊരു നല്ല കാർഷിക മേഖലയെ ആഗ്രഹിക്കുന്ന പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളെ ആ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന തളർച്ച കാര്യമായി ബാധിക്കുമെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. നാമമാത്രമായ പുരോഗതി മൊത്തം വരുമാനത്തിൽ കാണാമെങ്കിലും പഞ്ചായത്തിന്റെ നികുതി സാധ്യതകളെ ഫലപ്രദമായി ചൂഷണം ചെയ്ത് വരുമാനം വർധിപ്പിക്കാൻ സാധിക്കാത്തതിന്റെ പോരായ്മ തെളിഞ്ഞു നിൽക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വരുമാനത്തെ രണ്ടായി തിരിക്കാം. (1) നികുതി വരുമാനം (2) നികുത്യേതര വരുമാനം. കെട്ടിട നികുതി, തൊഴിൽ നികുതി, വനോദ നികുതി, വസ്തു കൈമാറ്റ നികുതി എന്നിങ്ങനെ. നികുതിയേതര വരുമാന മാർഗങ്ങൾ : സർക്കാരിൽനിന്ന് ലഭിക്കുന്ന ധനസഹായങ്ങൾ, ഉപാധിരഹിത ഫണ്ട്, ജെ.ആർ.വൈ. ഫണ്ട് വിഹിതം, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന എന്നിങ്ങനെയാണല്ലൊ. പഞ്ചായത്തിന്റെ ഒരു വരുമാനസ്രോതസ്സായി സന്നദ്ധ പ്രവർത്തനങ്ങൾ കടന്നുവരാത്തത് ഇനിയെങ്കിലും മാറണമെന്ന നിർദ്ദേശം ഗ്രാമതല ചർച്ചകളിൽ ഉയർന്നുവന്നത് ആശാവഹമാണ്.

ലഭിക്കുന്ന വരുമാനം കാതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് (ഉദാ : കുടിവെള്ളം, ജലസേചനം, കൃഷി എന്നിങ്ങനെ) ഒരു മുൻഗണനാക്രമത്തിൽ വിനിയോഗിക്കാൻ സാധിക്കാത്തതിന്റെ തിക്തഫലം നാം അനുഭവിക്കുന്നുണ്ട്. ഭരണഘടനാഭേദഗതിമുഖേനയും സെൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കപ്പെടുന്നതിലൂടെയും അദികാരവും രൂപയും ഗ്രാമതലത്തിലേയ്ക്ക് ആനുപാതികമായി ലഭിക്കുമ്പോൾ ഇന്ന് കാണുന്ന മുരടിപ്പും, തളർച്ചയും മാറുമെന്ന് പ്രത്യാശിക്കാം. ഗ്രാമപഞ്ചായത്തുകൾക്ക് വിഭവസമാഹരണത്തിന് തുറന്നു കിട്ടാവുന്ന പുതിയ സാദ്ധ്യതകൾ, പുതിയ മേഖലകൾ, സന്നദ്ധപ്രവർത്തനങ്ങൾ എന്നിവ വരാനിരിക്കുന്ന ചർച്ചകളിലും പ്രവർത്തനങ്ങളിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

വരവ് സംബന്ധിച്ച വിവരങ്ങൾ 1992-93

ഇനം	ധനാഭ്യർഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി		15132760	
സർവീസ് ചാർജ്			
തൊഴിൽ നികുതി		137260.00	
വാഹന നികുതി			
വിനോദ നികുതി		831.00	
അഡീ. വിനോദ നികുതി		3233.64	
പ്രദർശന നികുതി			
പ്രദർശന നികുതിയിൻമേലുള്ള സർചാർജ്		207.75	
ചന്ത വരവ്		13310.00	
ലാൻറ് സെസ്സ്			
ലൈസൻസ് ഫീസ്			
കെട്ടിട നികുതി സർചാർജ്		50106.00	
വസ്തു കൈമാറ്റ നികുതി 75%			
വസ്തു കൈമാറ്റ നികുതി 25%		148023.00	
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ			
സംഭാവന			
ഡെപ്പോസിറ്റ്		20445.00	
മറ്റുള്ളവ		656.50	
ആകെ			

അവലംബം : പഞ്ചായത്ത് രജിസ്റ്റർ

വരവ് സംബന്ധിച്ച വിവരങ്ങൾ 1993-94

ഇനം	ധനാഭ്യർഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി		227598.30	
സർവീസ് ചാർജ്			
തൊഴിൽ നികുതി		146370.00	
വാഹന നികുതി			
വിനോദ നികുതി		5651.57	
അഡീ. വിനോദ നികുതി		3436.95	
പ്രദർശന നികുതി			
പ്രദർശന നികുതിയിൻമേലുള്ള സർചാർജ്		105.00	
ചന്ത വരവ്		7880.00	
ലാൻറ് സെസ്സ്			
ലൈസൻസ് ഫീസ്			
കെട്ടിട നികുതി സർചാർജ്			
വസ്തു കൈമാറ്റ നികുതി 75%		196129.00	
വസ്തു കൈമാറ്റ നികുതി 25%			
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ			
സംഭാവന			
ഡെപ്പോസിറ്റ്		3626.00	
മറ്റുള്ളവ			
ആകെ			

അവലംബം : പഞ്ചായത്ത് രജിസ്റ്റർ

വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

ഇനം	ധനാഭ്യർഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി	248238.40	248238.40	
സർവീസ് ചാർജ്			
തൊഴിൽ നികുതി	219535.00	219535.00	
വാഹന നികുതി			
വിനോദ നികുതി	7547.97	7547.97	
അഡീ. വിനോദ നികുതി	4567.88	4567.88	
പ്രദർശന നികുതി	1697	1697	
പ്രദർശന നികുതിയിൻമേലുള്ള സർചാർജ്	425.50	425.50	
ചന്ത വരവ്	6400.00	6400.00	
ലാൻറ് സെസ്സ്			
ലൈസൻസ് ഫീസ്	10458.50	10458.50	
കെട്ടിട നികുതി സർചാർജ്			
വസ്തു കൈമാറ്റ നികുതി 75%	120778.00	120778.00	
വസ്തു കൈമാറ്റ നികുതി 25%			
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	724146.00	724146.00	
സംഭാവന			
ഡെപ്പോസിറ്റ്	8312.00	8312.00	
മറ്റുള്ളവ	105662.95	105662.95	
ആകെ	1457768.20	1457768.20	

അവലംബം : പഞ്ചായത്ത് രജിസ്റ്റർ

തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്

	വരവ്	ചിലവ്
91-92	750775.50	677180.50
92-93	1014817.15	785211.25
93-94	960930.35	112945.20
94-95	990109.35	899190.85
95-96	1457768.20	571521.30

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
1	2
ഭരണം	435376.30
പൊതുമരാമത്ത്	3955.00
വിദ്യാഭ്യാസം	4900.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	8901.00
തെരുവുവിളക്കുകൾ കത്തിക്കുന്നത്	69132.00
മറ്റുള്ളവ	49257.00
ആകെ	571521.30

അവലംബം : രജിസ്റ്റർ ഓഫ് പേയ്മെൻറ്സ്

ചെലവ് സംബന്ധിച്ച വിവരങ്ങൾ

	പൊതു കണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
1	2	3	4
വരവ്	1433670.00	--- --	24097.80
ചെലവ്	522764.30	35229.00	13528.00

ചെലവ് സംബന്ധിച്ച വിവരങ്ങൾ

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചാ ഫണ്ട്	ആകെ
1	2	3	4	5
റോഡ്	5000		3955	3955
ആകെ	5000		3955	3955

JRY പണി സംബന്ധിച്ച വിവരങ്ങൾ. Ref. JRY ആക്ഷൻ പ്ലാൻ

	പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂ.	SC/ST വിഭാഗം തുക. രൂ.	ആകെ തുക. രൂ
1.	മറ്റക്കുഴി. എച്ച്ർ.ഒ.സി. റോഡ് ടാറിംഗ് - 7	150000.00		
2.	നടുക്കുരിശ് - കുടകുത്തി റോഡ് 1 - പുനർ നിർമാണം	50000.00		
3.	തിരുവാണിയൂർ - ഏഴക്കരനാട് റോഡ് പുനർ നിർമാണം	96500.00		
	ആകെ	296500.00		296500.00
	പട്ടികജാതി / പട്ടികവർഗം			
1.	വീടുനിർമിച്ചു നൽകൽ		110000.00	110000
				406500.00

ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ. Ref. JRY Work Register

പണിയുടെ പേര്	ജനറൽ		SC/ST	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1	2	3	4	5
1. 1-ാം വാർഡിൽ നടുക്കുരിശ് - കുടകുത്തി റോഡ് ടാറിംഗ്	45000.00	45000.00		
2. 2-ാം വാർഡിൽ തിരുവാണിയൂർ - ഏഴക്കരനാട് റോഡ് - പുനർ നിർമാണം	101000.00	---		
3. 7-ാം വാർഡിൽ മറ്റക്കുഴി - എച്ച്.ഒ.സി. റോഡ് റീ ടാറിംഗ്	150000.00	---		
4. എച്ച്.ഒ.സി. - പണിക്കരുപടി റോഡ് 7-ാം വാർഡിൽ പാച്ച്വർക്ക് വേലകൾ (സ്പിൽ ഓവർ)	25000.00			
പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് 5 വീടുകൾ നിർമിച്ചു കൊടുക്കുക. വീടൊന്നിന് 12300 പ്രകാരം			61500.00	61500.00

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ Ref. R.

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ്
	വ്യവസായം വ്യാപാരം	ഹാട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	
I	4	–	4	–	8	209.00
II	4	–	1	–	5	255.00
III	24	4	16	8	52	1517.50
IV	7	–	2	1	10	285.00
V	18	2	5	3	28	1831.00
VI	16	3	–	–	19	2001.00
VII	18	–	5	–	23	1120.00
VIII	16	–	3	–	19	715.00
IX	6	–	1	–	7	490.00
X	19	–	10	6	35	2035.00
ആകെ	132	9	47	18	206	10458.50

അവലംബം : ലൈസൻസ് രജിസ്റ്റർ

എന്നാൽ 1995-96 സാമ്പത്തികവർഷം ധനാഭ്യർഥനപ്രകാരം പിരിച്ചെടുക്കേണ്ട രൂപ 1457768.20 പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചു എന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി, എന്നിങ്ങനെ ലഭിച്ച വരുമാനവും എസ്റ്റാബ്ലിഷ്മെൻറ്, പൊതുമരാമത്ത്, മറ്റു വികസന ചെലവുകൾ എന്നിവയിലൂടെ ചിലവായ തുകയും ഒരു കാര്യം വ്യക്തമാക്കുന്നു. ആകെ ചിലവായ 571521.30 രൂപയിൽ 435376.30 രൂപയും എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ചിലവാകുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇത്തരം ചിലവുകൾ ശാസ്ത്രീയമായി പരിമിതപ്പെടുത്തിയാൽ ആയത് പ്രത്യുൽപാദനപരമായി വിനിയോഗിക്കാവുന്നതാണ്. വ്യവസായശാലകൾ, സിനിമാ ടാക്കീസുകൾ, തുടങ്ങിയവ ഈ പഞ്ചായത്തിൽ നാമമാത്രമായിട്ടേ ഉള്ളു. പഞ്ചായത്തിലെക്കുള്ള വരുമാനം താരതമ്യേന കുറഞ്ഞുപോകുന്നു എന്നത് ഒരു വസ്തുതയാണ്.

ദ്വിതീയ വിവര ശേഖരണം.

ഗാമസഭകളിൽനിന്നും ഉരുത്തരിഞ്ഞ വന്ന സജീവമായ നിർദേശങ്ങളെയും അഭിപ്രായങ്ങളെയും തുടർന്ന് വിവിധ തലങ്ങളിലായി നടത്തിയ വിവര ശേഖരണം ഈ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും വ്യക്തമാക്കുന്നവയാണ്. പഞ്ചായത്തിലും വില്ലേജിലുമായിട്ടുള്ള പല രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൻെറ സാമ്പത്തിക സമാഹരണ, വിനിമയ രീതികൾ ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ചും (1745065) സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ചും സ്ഥാവര സ്വത്തുകൾ സംബന്ധിച്ചും (മതിപ്പുവില : 1292000 × 229.750 - വിസ്തീർണ്ണം) മറ്റും ലഭ്യമായ വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

സാമ്പത്തികനില

പഞ്ചായത്തിൻെറ സാമ്പത്തിക നില കഴിഞ്ഞ അഞ്ച് വർഷങ്ങളിലൂടെ ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ടെങ്കിലും തൃപ്തികരമായ തലത്തിൽ എത്തിയിട്ടില്ല.

ഗ്രാമസഭകളിലൂടെ

നമ്മുടെ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ മുറിച്ചുകടക്കുന്നതിനും, ഒരു സ്വാശ്രയ പഞ്ചായത്തായി മാറുന്നതിനും ജനങ്ങൾക്കുള്ള അഭിവാഞ്ഛ വ്യക്തമാക്കുന്നതായിരുന്നു ഗ്രാമസഭകളിലൂടെ മുഴങ്ങിക്കേട്ട നിർദേശങ്ങളും പരിഹാരമാർഗങ്ങളും.

പഞ്ചായത്തിൻെറ അഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗ്രാമസഭകൾ നൽകിയ ഈടുറ്റ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന കരിങ്കൽ മട, ചെങ്കല്ല് മട, മണ്ണെടുക്കൽ എന്നീ മേഖലകളിൽനിന്നും നിർബന്ധമായും നികുതി പിരിക്കുക.

2. വസ്തു ബ്രോക്കർമാരിൽനിന്നും വസ്തുവാങ്ങൽ എന്നിവയിൽനിന്നുള്ള തുകയുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.

3. പഞ്ചായത്തിലെ യുവജനങ്ങളുടെ അദ്ധ്വാനശേഷി നാട്ടിലെ വികസനപ്രവർത്തനത്തിനു വേണ്ടി സമാഹരിക്കുക.

4. ഉദ്യോഗസ്ഥന്മാരുടെ തൊഴിൽ നികുതി അവരവർ താമസിക്കുന്ന പഞ്ചായത്തുകളിൽ തന്നെ അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

5. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും നികുതി ചുമത്തുകയും ചെയ്യുക.

6. കരിങ്കൽ തൊഴിലാളികൾക്ക് നികുതി ഏർപ്പെടുത്തുക.

7. മാമല എക്സൈസ് റെയ്ഞ്ച് ആഫീസ് വക സ്ഥലത്ത് പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുക.

8. ടാക്സി സ്റ്റാൻറ് നിർമിക്കുക.

9. ശ്രമദാനം വഴി വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക

10. ഭൂമി കൈമാറ്റ നികുതി പഞ്ചായത്തുകൾക്ക് നേരിട്ടു നൽകുക.

11. കടപ്പത്രം ഇറക്കുന്നതിനുള്ള അനുവാദം പഞ്ചായത്തിനു നൽകുക.

12. വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പാദ്യം യുക്തിപൂർവം ഭാവനയോടെ വിനിയോഗിക്കുക.

13. പ്രവൃത്തികൾ നടത്തുന്നതിന് ധനം ലഭ്യമല്ലെങ്കിൽ ആയതിന് വികസന സമിതികൾ രൂപീകരിച്ച് വിഭവങ്ങൾ സമാഹരിക്കേണ്ടതാണ്.

14. ഈ പഞ്ചായത്ത് അതിർത്തിയിൽ സ്ഥിരം സ്വഭാവമുള്ള ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കുക.

15. പരസ്യബോർഡുകൾക്ക് നികുതി പിരിക്കുക.

16. തിരുവാണിയൂർ പഞ്ചായത്തിൽ 10-ാം വാർഡിൽ പുത്തൻകുരിശിനോട് ചേർന്നു കിടക്കുന്ന കോതച്ചിറ നികത്തി ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ സാമ്പത്തിക രംഗത്തെ വികസന പ്രതിസന്ധികൾ വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതാണ്.

1. വരുമാന സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗിക്കപ്പെടാത്ത അവസ്ഥ.

2. വരുമാന സ്രോതസ്സുകൾ ഏതെല്ലാമെന്ന് കണ്ടെത്താൻ സാധിക്കായ്ക.

3. ഭരണച്ചെലവിലെ വർദ്ധനവ്.

4. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭം.

5. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.

6. പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.

7. വായ്പകളുടെ ലക്ഷ്യംവിട്ടുള്ള വിനിയോഗം.

8. പൊതുഫണ്ടുകളുടെ ദുർവിനിയോഗം.

9. സന്നദ്ധപ്രവർത്തനങ്ങളിലെ താത്പര്യക്കുറവ്.

10. വിഭവസമാഹരണ സാദ്ധ്യതകളെക്കുറിച്ചുള്ള കാര്യങ്ങളിൽ ഉണ്ടാകാവുന്ന നിയമപ്രശ്നം.

സാദ്ധ്യതകൾ

1. ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് പഞ്ചായത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഓരോന്നായി കണ്ടെത്തണം.

2. ആഭ്യന്തരവും ബാഹ്യവുമായി പഞ്ചായത്തിനു ലഭിക്കുന്ന വരുമാനം മുൻഗണനാക്രമമനുസരിച്ച് വിനിയോഗിക്കണം.

3. പ്രത്യുത്പാദനപരമായ കാർഷിക മേഖലയിലും തൊഴിൽ സാദ്ധ്യതയുള്ള ചെറുകിട കുടിൽവ്യവസായങ്ങളിലും സാമ്പത്തികം ശാസ്ത്രീയമായി വിനിയോഗിക്കപ്പെടണം.

4. പഞ്ചായത്ത് അതിർത്തിയിലുള്ള ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി നിജപ്പെടുത്തി വിവിധ വികസന തുറകളിൽ അവ വിനിയോഗിക്കപ്പെടണം.

5. ബാങ്കുകൾ അടക്കമുള്ള ധനകാര്യസ്ഥാപനങ്ങളിലെ ക്രഡിറ്റ്, ഡബിറ്റ് അനുപാതം വർദ്ധിപ്പിച്ച് കാർഷിക വ്യാവസായിക രംഗങ്ങളിൽ മുൽമുടക്ക് വർദ്ധിപ്പിക്കുക.

6. നികുതിപിരിവ് കാര്യക്ഷമമാക്കി വെട്ടിപ്പ് തടയുക.

7. നികുതിയുടെ മിനിമം നിരക്ക് ഉയർത്തുക.

8. ഭരണച്ചെലവ് കുറയ്ക്കുക.

9. പഞ്ചായത്ത് നിയമം അനുശാസിക്കുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക.

10. ധനകാര്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.

11. സന്നദ്ധസംഘടനകൾക്ക് ലഭിക്കുന്ന ധനസഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

12. കെട്ടിട നികുതി ശാസ്ത്രീയമാക്കുക.

വികസനറിപ്പോർട്ട് തയ്യാറാക്കിയവർ

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. ശ്രീമതി ഏലിയാമ്മ ചാക്കോ (പ്രസിഡൻറ്)
2. ശ്രീമതി എലിസബത്ത് പൗലോസ് (വൈസ് പ്രസിഡൻറ്)
3. ശ്രീമതി കെ. ഏ. ചെല്ലമ്മ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. ശ്രീ. പി.വി പൗലോസ് (പഞ്ച. മെംബർ)
5. അഡ്വ. ബിജു എബ്രഹാം "
6. ശ്രീമതി ജോളി ജോൺ "
7. ശ്രീ. ഈ. കെ. രവി "
8. ശ്രീമതി മേരി ജോസഫ് ".
9. ശ്രീ.കെ സനൽകുമാർ "
10. ശ്രീ.പി.റ്റി. കൃഷ്ണൻ "
11. ശ്രീ.പി.എം. തങ്കപ്പൻ- കൃഷി ഓഫീസർ
12. ഡോ. എസ്. സതീഷ് - വെറ്റിനറി കോക്കാപ്പിള്ളി
13. ഡോ. ലതാപിള്ള P.H.C തിരുവാണിയൂർ
14. ഡോ. ആനി ജോൺ ഹോമിയോ ഡിസ്പൻസറി മോനപ്പിള്ളി
15. ശ്രീ. കെ.സി. കുര്യൻ - ഹെഡ്മാസ്റ്ററർ, സെൻറ് ഫിലോമിനാസ് ഹൈസ്ക്കൂൾ
16. ശ്രീ. സി.ഡി. വർഗ്ഗീസ്, താലൂക്ക് വ്യവസായ ഓഫീസ് പെരുമ്പാവൂർ
17. ശ്രീ. ഏ. ഐ. ജോസഫ് - K.S .E.B
18. ശ്രീ. ഇബ്രാഹിം കുട്ടി V.E.O
19. Dr. P.V. മാത്യു. മിൽമാ ഏരിയാ മാനേജർ
20. ശ്രീ K.J. ജോയ് ജില്ലാ സഹകരണ ബാങ്ക്
21. ശ്രീ . ടി.കെ. പീറ്റർ D.R.Pകൺവീനർ
22. ശ്രീ. പി. ആർ. രാഘവൻ D.R.P ജോഃ കൺവീനർ
23. ശ്രീ. ശ്രീധരൻ മറ്റക്കുഴി D.R.P
24. ശ്രീ. അഡ്വ. ഏ.സി. ചാക്കോ D.R.P
25. ശ്രീ. ടി.സി. യാക്കോബ് D.R.P
26. ശ്രീ. സാബു വർഗ്ഗീസ് D.R.P
27. ശ്രീ എം. ജി. അരവിന്ദാക്ഷൻ D.R.P
28. ശ്രീ. കെ.എൻ. പരമേശ്വരൻ D.R.P
29. ശ്രീ. കെ. ഗോപാലകൃഷ്ണനുണ്ണിത്താൻ L.R.P
30. ശ്രീ.പി.വി. വർഗ്ഗീസ് L.R.P
31. ശ്രീ. പി.എ. കുറുമ്പൻ L.R.P
32. ശ്രീ.എം.കെ. വേലായുധൻ L.R.P
33. ശ്രീ.കെ.എം. രാജൂ L.R.P
34. അഡ്വ. പി.ആർ. രാജൻ L.R.P
35. ശ്രീ. കെ.എ. ജോസ് L.R.P
36. ശ്രീ. മർക്കോസ് പി. ചാക്കോ L.R.P

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്.
- ആസൂത്രണം താഴെത്തട്ടിൽനിന്നും മുകളിലോട്ട്.
- ആസൂത്രണത്തിലും നിർവഹണത്തിലും വിപുലമായ ജനപങ്കാളിത്തം.
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗങ്ങളിലേക്ക്.
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസന സെമിനാറുകൾ, ചർച്ചകൾ.
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ.
- ഉന്നതതല മാർഗ്ഗനിർദ്ദേശക പദ്ധതി.

കവർ ഡിസൈനിംഗ് - 'സത്കലാ വിജയൻ'
അച്ചടി - വിശ്വഭാരത് ഓഫ്സെറ്റ്, എറണാകുളം. ഫോൺ - 361446